# ആചാരപദ്ധതി



ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ

# ആചാര പദ്ധതി

# ആചാരപദ്ധതി

അഥവാ

## മലയക്ഷത്രിയ നായക സമയപദ്ധതി

രണ്ടാം പതിപ്പ്

ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമി

പ്രസാധനം :

ശ്രീ നീലകണ്ഠ തീർത്ഥപാദാശ്രമം ട്രസ്റ്റ്

അച്ചടി : പ്രിയാ പ്രിൻേറഴ്സ്, ചവറ

കവർ : യൂണിററി ഓഫ്സെററ്, കൊല്ലം

**ACHARA PADHATHI**

Malayalam Prose

Sree Neelakanta Theerthapada Swamy

First Published in 1915 November

Copy 500

Second Edition 1994 February


Copy 1000

Published by :
Sree Neelakanta Theerthapadasramam Trust

Copyright :
Sree Neelakanta Theerthapadasramam Trust
K. S. Puram, Karunagappally

Printed at :
Priya Printers, Chavara

Price Rs. 30



ശ്രീ നീലകണ്ഠതീർത്ഥപാദ സ്വാമികൾ

# രണ്ടാം പതിപ്പിന്റെ മുഖവുര

ആത്മാശ്രമി, പണ്ഡിതാംകാത്യാശ്രമി, നീലകണ്ഠദീക്ഷിതർ എന്നീ പേരുകളിൽ സുപ്രസിദ്ധനായിരുന്ന മഹാപണ്ഡിതയതിവര്യൻ ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ എഴുതിയ 'ആചാരപദ്ധതി' എന്ന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പാണിതു്. കൊല്ലവർഷം 1088ൽ തുടങ്ങി 89 അവസാനം എഴുതിത്തീർത്ത ഈ പുസ്തകം 1090ൽ ആണു് അച്ചടിച്ചതു്. എടയിനേത്തു കുഞ്ചുപിള്ള പ്രസാധകനായി, താഴരേത്തു പത്മനാഭപിള്ള പ്രകാശകനായി, മാവേലിക്കര ജോർജ്ജു് കൊറോണേഷൻ പ്രസ്സിൽ ഈ പുസ്തകം അച്ചടിക്കുകയുണ്ടായി. ശ്രീ. സി. എസ്സ്. സുബ്രഹ്മണ്യൻപോററി എം. എ. യുടെ മുഖവുര, തഹസീൽ മജിസ്ട്രേട്ടു് ശ്രീ. പപ്പുപിള്ള ബി. എ. യുടെ ആമുഖം, മേൽപറഞ്ഞ കുഞ്ചുപിള്ളയുടെ ആശംസ ഇവയോടുകൂടിയാണു് അതു പ്രസിദ്ധീകരിച്ചതു്. അന്നു് ആയിരം കോപ്പി അടിച്ച അതിന്റെ എല്ലാ പ്രതികളും ഏതാനും മാസംകൊണ്ടു് വിററുതീൎന്നു. പിന്നീടും ആവശ്യക്കാർ പലരുണ്ടായിരുന്നിട്ടും രണ്ടാം പതിപ്പിറക്കാൻ ഒത്തതു് ഇപ്പോൾ മാത്രമാണു്. ഇതിനിടയ്ക്കു് പല നായർപ്രമാണികളുടേയും അപേക്ഷയെ പുരസ്കരിച്ചു് മരണാനന്തരകർമ്മംമാത്രം ലഘുവായി വിവരിക്കുന്നതായ 'ലഘു ആചാരപദ്ധതി' എന്ന പേരിൽ 1092ൽ ഒരു ചെറുഗ്രന്ഥവും പ്രകാശിപ്പിക്കുകയുണ്ടായി. അതിന്റെ കോപ്പികളും ഇപ്പോൾ കിട്ടാനില്ല. അതുകൊണ്ടാണു് ഇപ്പോൾ ഇതിറക്കുവാൻ ഞങ്ങൾ നിർബ്ബദ്ധരായതു്.

''കേരളത്തിൽ ഓരോരോ ഭാഗങ്ങളിൽ ഓരേ സംഗതിയെ സംബന്ധിച്ചു് പലവിധത്തിലുള്ള ആചാരഭേദം കാണുന്നുണ്ടു്. ചില ദിക്കിൽ നായന്മാൎക്കു് 12 ദിവസത്തെ പുലയെ ഉള്ളു. മററുചില പ്രദേശത്തു് 14 ദിവസത്തെ കാണുന്നുണ്ടു്. ചില ദിക്കിൽ പിണ്ഡമടിയന്തിരം 15-ാം ദിവസവും ചില ദിക്കിൽ 16-ാം ദിവസവും നടപ്പുണ്ടു്. ചിലദിക്കിൽ പുലയോടുകൂടി പുല പോകുന്നു. മററുചില ദിക്കിൽ പുലയുടെ അവസാനത്തിൽ തളിച്ചു കുളികഴിച്ചു് ബാക്കി വാലായ്മയായി കഴിയുന്നു. ഇങ്ങനെ പലപ്രകാരത്തിലുള്ള ഭേദങ്ങളും കാണുന്നുണ്ടു്. ശ്രാദ്ധത്തിനു് ചിലദിക്കിൽ ഇളയതു്, ചിലദിക്കിൽ നമ്പിടി, ചിലദിക്കിൽ ഇണങ്ങന്മാരു് ഇവർ പൗരോഹിത്യം

വഹിക്കുകയും ചാത്തമുണ്ണുകയും ചെയ്യുന്നു. ഇതിനൊക്കെ ആചാരമെന്നല്ലാതെ ഒരു പ്രമാണവും കാണുന്നില്ല. ഈ നിലയിൽ കേരളം ഒട്ടുക്കു് ഉപയോഗപ്പെടത്തക്കതായി പ്രമാണസഹിതം പുറപ്പെടുവിച്ചിട്ടുള്ള ഈ പുസ്തകം കേരളീയർക്കു് ഉപയോഗപ്രദമായി വരുമെന്നു വിശ്വസിക്കുന്നു'' എന്നു് വിശ്രുത ചരിത്രപണ്ഡിതനും ഗദ്യകവിയുമായ 'കൊച്ചീരാജ്യ ചരിത്ര' കർത്താവു് ഹൈക്കോടതി വക്കീൽ കെ. പി. പത്മനാഭമേനോൻ ബി. എ. ബി. എൽ., എം. ആർ. എ. എസ്., എ. ആർ. എച്ചു്. എസ്. അവർകളുടെ ഒരു കത്തിലെ പ്രസക്ത ഭാഗത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, നായന്മാരുടെ പാരലൗകികക്രിയകൾക്കു് ഒരു പൊരുത്തവുമില്ലാതിരുന്നു. അവരുടെ അജ്ഞാനത്തെ മുതലെടുത്തുകൊണ്ടു് അക്കാലത്തെ ബ്രാഹ്മണമേധാവിത്വം അർത്ഥസമ്പാദനം നടത്തിവന്നിരുന്ന ക്രൂരതയ്ക്കു് ഒരു വിരാമമിടുന്നതിനുപകരിച്ചു ഈ കൃതി.

ഇതിൽ ആറു പദ്ധതികളാണു് ഉള്ളതു്. ആദ്യം, നായന്മാർ മലയാളത്തിലെ ആദിവാസികളായ മലയക്ഷത്രിയർ ആയിരുന്നു എന്നു് വിവിധ പ്രമാണയുക്തികളുടെ വെളിച്ചത്തിൽ സ്ഥാപിക്കുന്ന ഇരുപതു പുറത്തോളമുള്ള ഒരു പ്രാസ്താവികം ഇതിൽ ഉണ്ടു്. പ്രേതവിചാരപദ്ധതി, ശാവപദ്ധതി, ആശൌചപദ്ധതി. ശ്രാദ്ധപദ്ധതി, സംസ്കാരപദ്ധതി, സന്ധ്യാനുഷ്ഠാനപദ്ധതി എന്നിവയാണു് മുൻപറഞ്ഞ ആറുപദ്ധതികൾ. പ്രേതവിചാരപദ്ധതിയിൽ പ്രേതവിവരണം, മരണാനന്തരകർമ്മങ്ങളുടെ ആവശ്യകത എന്നിവയും, ശാവപദ്ധതിയിൽ മരണമടുത്തവർ ചെയ്യേണ്ട കർമ്മങ്ങളും, ശവദാഹം, ദിവസബലി, സഞ്ചയനം, ശുദ്ധപിണ്ഡം, സപിണ്ഡി എന്നീ പന്ത്രണ്ടുദിവസത്തെ കർമ്മങ്ങളും ആശൗചപദ്ധതിയിൽ ചാതുർവർണ്ണ്യക്രമമനുസരിച്ചു് ഓരോ വിഭാഗക്കാർക്കും ഉണ്ടാകുന്ന പുലക്രമത്തെപ്പററിയും, ദുർമ്മരണം സംഭവിച്ചാൽ വരുന്ന ആശൌചത്തെപ്പററിയും മററും, ശ്രാദ്ധപദ്ധതിയിൽ നാന്ദീശ്രാദ്ധം, ബലിയിടൽ, മുതലായവയും സംസ്കാരപദ്ധതിയിൽ വിവാഹം, പുംസവനം, സീമന്തം, ജാതകർമ്മം, നാമകരണം, നിഷ്ക്രമണം, അന്നപ്രാശനം, ചൗളം, ഉപനയനം എന്നിവയും സന്ധ്യാനുഷ്ഠാനപദ്ധതിയിൽ പ്രാതസ്സ്നായം സന്ധ്യോപാസന, ബ്രാഹ്മമുഹൂർത്തോത്ഥാനം, ദിനചര്യ, അതായതു് ആചമന ദന്തധാവന സ്നാനാദി എന്നിവയും വിവരിക്കുന്നു. അതുപോലെ, പുണ്യാഹം, പഞ്ചഗവ്യ ക്രിയാവിധികളും കാണാം. ആംഗിരസ്സ്മൃതി, യാജ്ഞവല്ക്യസ്മൃതി, ബൃഹദ്യമസ്മൃതി, ബൃഹദ്വിഷ്ണുസ്മൃതി, വ്യാഘ്രപാദസ്മൃതി, മുതലായ സ്മൃതികളെയും

നന്ദീശ്വരാദി സംഹിതകളെയും ഭാഗവതഭവിഷ്യാദി പുരാണങ്ങളേയും കൗഷീതക്യാദി ബ്രാഹ്മണങ്ങളേയും മഹാഭാരതത്തേയും അങ്ങനെ ഏതാണ്ട് 35-നുമേൽ ആധികാരിക ഗ്രന്ഥങ്ങളെ ആശ്രയിച്ചാണ് ശാസ്ത്രീയമായി മേല്പറഞ്ഞ പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നതെന്നുള്ളതുകൊണ്ട് ഈ ഗ്രന്ഥത്തിന്റെ ആധികാരികത ചോദ്യാതീതമാണെന്നുകാണാം. ഓരോ ചടങ്ങുകളുടെ മതഭേദങ്ങൾ അവിടവിടെ കൊടുത്തിട്ടുണ്ട്.

നാല്പത്തിഎട്ട് സംസ്കാരങ്ങളാണ് മനുഷ്യനുള്ളതെന്നു പറയപ്പെടുന്നു. അവയിൽ സുപ്രധാനങ്ങളായവ 32 എണ്ണമാണ്. അവയെ പൂർവ്വഷോഡശമെന്നും അപരഷോഡശമെന്നും രണ്ടായി തിരിച്ചിട്ടുണ്ട്. ജാതകർമ്മം, നാമകരണം മുതലായതു് പൂർവ്വഷോഡശവും മരണാനന്തര ഉദകക്രിയതൊട്ട് സപിണ്ഡിക്രിയവരെയുള്ളതു് അപരഷോഡശവും ആകുന്നു. സദ്ഗുണസമ്പന്നനായ മകനെ ഷോഡശസംസ്കാരങ്ങൾകൊണ്ട്, ഷോഡശകലാപൂർണ്ണനായ ചന്ദ്രനൊപ്പം, സമ്പൂർണ്ണനാക്കുന്ന അച്ഛനമ്മമാർ. ആ കടം വീട്ടുന്നതിനുവേണ്ടി പുത്രൻ മാതാപിതാക്കളുടെ മരണശേഷമുള്ള അപരഷോഡശകർമ്മങ്ങൾ ഉദകക്രിയതൊട്ട നടത്തി അവരെ പ്രേതത്വമോചനം വരുത്തി പിതൃവാക്കി ശിവൻ, വിഷ്ണു മുതലായവരോടുചേർക്കുന്നു. ഈ മുപ്പത്തിരണ്ട സംസ്കാരക്രിയകളിൽ പ്രചാരലോപം വന്നവ തള്ളി ഇന്നു നടപ്പുള്ളവയെയാണ് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നതു്.

ഒരു സുപ്രസിദ്ധ സാമുദായികനേതാവും കേരളീയ നായർ സമാജസെക്രട്ടറിയുമായിരുന്ന ശ്രീ. സി. കൃഷ്ണപിള്ള ആചാരപദ്ധതി രചനാരീതിയെപ്പററി സ്വാമികൾക്ക് ഇങ്ങനെ എഴുതിയിരുന്നു... ''നായന്മാരുടെ ഉത്കർഷത്തിനു് എന്തെല്ലാം ആവശ്യമാണെന്നു തോന്നുന്നുവോ, അവകളൊക്കെ പുസ്തകത്തിൽ അടങ്ങിയിരിക്കണം. ഇതു നായകസ്മൃതിയായി സ്വീകരിക്കപ്പെടണം.'' (21-1-1088)

''നായന്മാർ ക്ഷത്രിയരാണെന്നു തെളിയിക്കുന്നതിനു് എന്തെല്ലാം സംഗതികളെയും യുക്തികളെയും ഉപയോഗിക്കാമോ അവകളെയൊക്കെ പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കണം. നായന്മാരുടെ ഉത്പത്തി, അവരുടെ ഉന്നതസ്ഥിതി, അവർ ഒരു സ്വതന്ത്രവർഗ്ഗക്കാരാണ്, ആര്യന്മാരുടെ കീഴടങ്ങിയിട്ടുള്ളവരല്ല, ഭൂസ്വത്തവരുടേതായിരുന്നു, അവരിൽനിന്നുമാണ്... നമ്പൂരിമാർക്കുകിട്ടിയതു്, ആദ്യകാലത്തു് നായന്മാരുടെ മതം ഇന്നതായിരുന്നു, ആര്യമതത്തെ സ്വീകരിക്കയാലാണ് ശൂദ്രത്വം കിട്ടിയതു്, അതിനുമുമ്പ് നായന്മാരും നമ്പൂരിമാരും തുല്യനിലയിലാണിരുന്നതു്, നായന്മാരുടെ ആചാരങ്ങൾതന്നെ നമ്പൂരിമാരും ആചരിക്കേണ്ടിവന്നു എന്നുംമററും. അതായതു് — നായന്മാരുടെ ചരിത്രസംഗ്രഹം കൂടി ഉണ്ടായിരുന്നാൽ

കൊള്ളാം. നായന്മാർ എല്ലാ വിധത്തിലും ഉന്നതിയെ പ്രാപിക്കുന്നതിനുവേണ്ട നടപടികളും ആചാരങ്ങളും മതാനുഷ്ഠാനങ്ങളും സംസ്കാരങ്ങളും പുസ്തകത്തിൽ ഉണ്ടായിരിക്കണം.'' (15-2'88)

ഈ കാര്യങ്ങൾ ഒന്നും വിടാതെതന്നെന്നു പറയാം, നായന്മാർ മലയക്ഷത്രിയരായിരുന്ന നായകന്മാരായിരുന്നു എന്നും മററും പ്രാസ്താവികത്തിൽ അനേക ഗ്രന്ഥങ്ങളുടെയും യുക്തികളുടെയും ദൃഷ്ടാന്തങ്ങളുടേയും തെളിവിൽ സ്ഥാപിക്കുകയും സംസ്കാരങ്ങൾ ശാസ്ത്രീയമായി വിവരിക്കുകയും ചെയ്തിരിക്കുന്നു ഇതിൽ സ്വാമികൾ എന്നു നമുക്കുകാണാം.

ഇതിലെ മന്ത്രങ്ങൾ സംസ്കൃതത്തിലാണെങ്കിലും, സംസ്കാരകർത്താവ് സ്വയം മന്ത്രിച്ച് ചെയ്യാൻ പഠിപ്പില്ലാത്തവനാണെങ്കിൽ, പഠിപ്പുള്ള ഒരാളിനെക്കൊണ്ട് ചൊല്ലിച്ചുകേട്ടുചെയ്താലും മതിയാകും. അർത്ഥമറിഞ്ഞില്ലെങ്കിലും സ്ഫുടമായ മന്ത്രോച്ചാരണം കാര്യസിദ്ധിക്ക് അത്യന്താപേക്ഷിതമാണെന്ന് കരുതപ്പെടുന്നു. അങ്ങനെ ഒരു ശാസ്ത്രീയമായ ആചാരനിഷ്ഠ ജനങ്ങളുടെ ഇടയിലുണ്ടാകാൻ ''മലയക്ഷത്രിയ നായക സമയസ്മൃതി പദ്ധതി''യെന്നുകൂടി നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ഈ അനഘഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പും ശാസ്ത്രീയാചാരശ്രദ്ധാലുക്കളായ എല്ലാവർക്കും ഉപയോഗപ്പെടുമെന്നുള്ള വിശ്വാസത്തോടുകൂടി പ്രസിദ്ധീകരിച്ചുകൊള്ളുന്നു. ഈ പതിപ്പിൽ ചില ദോഷമററ അടുക്കും ചിട്ടയും വിവരണവും അപൂർവ്വമായി ചെയ്തിട്ടുണ്ട് എന്നതാണ് ഒരു വിശേഷമുള്ളത്.

'സഞ്ചരിക്കുന്ന ഗ്രന്ഥശാല'യെന്ന സശിരഃകമ്പം ഭാരതത്തിലും, ഇംഗ്ലണ്ട്, അമേരിക്ക, ജർമ്മനി തുടങ്ങിയ ഇതര ഭൂഖണ്ഡങ്ങളിലുമുള്ള പണ്ഡിതമൂർദ്ധന്യന്മാർ സമ്മതിച്ചിരിക്കുന്ന ശ്രീ നീലകണ്ഠതീർത്ഥപാദ യോഗീശ്വരന്റെ ഈ പുണ്യകൃതി സശ്രദ്ധം ഏററവും ഭംഗിയായി അച്ചടിച്ചുതന്ന ചവറ പ്രിയാ പ്രിന്റേഴ്സ് ഉടമസ്ഥൻ ശ്രീ. ഭാർഗ്ഗവനോടും സഹപ്രവർത്തകരോടും ഞങ്ങൾക്കുള്ള ഹൃദയംഗമമായ കൃതജ്ഞത ഇവിടെ പ്രദർശിപ്പിച്ചുകൊള്ളട്ടെ.

സ്വാമികളുടെ ഒരു ലഘു ജീവചരിത്രം ഇതിൽ അന്യത്ര ചേർത്തിട്ടുള്ളതിൽനിന്നും അദ്ദേഹത്തിന്റെ കൂടുതൽ വിവരം അനുവാചകർക്കറിയാൻ കഴിയും.

കലശേഖരപുരം,
കരുനാഗപ്പള്ളി.
30-5-1993

എന്നു്, ഗുരുചരണ സ്മരണപൂർവ്വം,
ശ്രീ നീലകണ്ഠതീർത്ഥപാദാശ്രമം ട്രസ്റ്റ്
പ്രവർത്തകർ.

# ഒന്നാം പതിപ്പിൻെറ മുഖവുര

## ശ്രീ ബാലാംബികായൈ നമഃ

ലോകത്തിൽ എവിടെ നോക്കിയാലും ഇപ്പോഠം ഒരുണച്ചയും ചലനവും കാണാനുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ ഇതു് പാരത്രിക കാര്യങ്ങളേക്കാഠം ഭൌതികകാര്യങ്ങളിലുള്ള അഭിവൃദ്ധിയെ പുരസ്സരിച്ചാണു് പ്രത്യക്ഷപ്പെടുന്നതു്. എന്നാൽ, നമ്മുടെ ഇൻഡ്യയിലാകട്ടെ പാരത്രികമായ നന്മയ്ക്കുള്ള ശ്രമം പ്രധാനമായിട്ടും, ഭൌതികവിഷയമായ അഭിവൃദ്ധിക്കുള്ള ശ്രമം രണ്ടാമതായിട്ടുമാണു് കണ്ടുവരുന്നതു്. വാസ്തവം പറകയാണെങ്കിൽ, ഭൌതികാഭിവൃദ്ധിക്കു് അത്യാവശ്യമായിട്ടുള്ള വ്യവസായം, കച്ചവടം മുതലായ കാര്യങ്ങഠം നാട്ടുകാരെ സംബന്ധിച്ചിടത്തോളം ഇപ്പോഴും കേവലം ശൈശവാവസ്ഥയിൽ സ്ഥിതിചെയ്യുന്നതെ ഉള്ളൂ.

ആധുനിക വിദ്യാഭ്യാസത്താൽ പാശ്ചാത്യവഴികളെ ഗ്രഹിക്കയാൽ സ്വദേശികളുടെ ദാരിദ്ര്യവും കഷ്ടതകളും താരതമ്യംകൊണ്ടു് വേണ്ടവണ്ണം മനസ്സിലാക്കിയ നാട്ടുകാരിൽ പ്രധാനികഠം ഇപ്പോഠം ഇൻഡ്യയുടെ ഉദ്ധാരണത്തിനു വിവിധ മാർഗ്ഗങ്ങളിൽ പരിശ്രമിക്കുന്നതിൻെറ ഫലമാണു് പൌരസ്ത്യരാജ്യങ്ങളിലെ ഉണച്ചയ്ക്കുകാരണം. ഈ പൌരസ്ത്യരാജ്യങ്ങളിൽ ഇൻഡ്യയുടെ സ്ഥിതി പ്രത്യേകമായ ഒന്നാണു്. എന്തെന്നാൽ, ഇവിടെ ജനങ്ങഠം നാനാജാതിമതസ്ഥന്മാരും മനുഷ്യജാതിയിൽ പലെ ഇനങ്ങളുടെ വംശ്യന്മാരും ആകയാൽ 'ഇൻഡ്യൻ നാട്ടുകാർ' എന്നു് ഏകമായ ഒരഭിമാനത്തിനു് വകയില്ല എന്നുമാത്രമല്ല, ഭരണവിഷയത്തിലും സ്വാതന്ത്ര്യം ഇല്ലാതെ മറെറാരു നാട്ടുകാരുടെ ഇച്ഛയ്ക്കു കീഴടങ്ങിയിരിക്കയാണു്. അതുകൊണ്ടും മററുചില കാരണങ്ങളാലും ജെപ്പാൻ, ചൈന മുതലായ പൌരസ്ത്യരാജ്യങ്ങളെപ്പോലെ അഭിവൃദ്ധിക്കു് ഇവിടെ എളുപ്പമില്ലാതെയാണു് ഇരിക്കുന്നതു്. ജനനേതാക്കന്മാരുടെ ശ്രമം തൻമൂലം വളരെ വളരെ പ്രയാസത്തോടുകൂടിയതായിരിക്കുന്നു. നമ്മുടെ ഭൗതി

കമായ അഭിവൃദ്ധിക്ക രാജ്യതന്ത്ര സംബന്ധമായ പലെ സ്വാതന്ത്ര്യ ങ്ങളും അത്യന്താപേക്ഷിതങ്ങളാണു്. അവ ഇച്ഛയ്ക്കൊത്തവണ്ണമോ എളുപ്പത്തിലൊ ലഭിക്കുന്നതിനു് അനേകം വൈഷമ്യങ്ങൾ ഉണ്ടു്. എന്നാൽ, അവകൂടാതെ നമുക്കു് ഇച്ഛാനുരൂപം പരിഷ്കരിക്കാവുന്നവ യായ ചില കാര്യങ്ങൾകൂടി നമ്മുടെ ഉന്നമനത്തിനു ബാധകമായി നിൽക്കുന്നു. അവയിൽ പ്രധാനമായവ സാമുദായികാചാരങ്ങളും മതാചാരങ്ങളും അത്രെ. ഇൻഡ്യയിലെ ജനപ്രതിനിധികൾ ഇപ്പോൾ മേല്പറഞ്ഞ ആചാരങ്ങളെ പരിഷ്കരിച്ചു അവ നമ്മുടെ ഭൌതികാഭിവൃദ്ധിയെ സഹായിക്കത്തക്ക നിലയിൽ വരുത്താൻ അത്യധികം ശ്രമിക്കുന്നതു ഇതുകൊണ്ടാകുന്നു. അനേക ശതവർഷങ്ങളായി പടർന്നുപിടിച്ചു വേരുകളോടുകൂടി ഉറച്ചുനിൽക്കുന്ന ആ ആചാരങ്ങളെ കാലാനുരൂപമായി പരിഷ്കരിക്കുന്നതൊ, എത്രയും പ്രയാസമായിരിക്കുന്നു. ഇപ്പോൾ ഒരർത്ഥവും ഇല്ലാതെ കേവലം അകം പൊടിഞ്ഞു തോടുമാത്രമായി തീർന്നിരിക്കുന്ന ആചാരങ്ങളെയും മൂലംതെററിമാറി ഇപ്പോൾ 'കണ്ടച്ചാർക്കു മുറിഞ്ഞതിനു കുമരച്ചാർക്കു ധാര' എന്നമാതിരി തീർന്നിട്ടുള്ള ആചാരങ്ങളേയുംപോലും വെടിപ്പാക്കുന്നതിൽ ആളുകൾക്കുള്ള വിരോധവും സങ്കടവും എത്രയെന്നു പറയാനില്ല. ഈ മക്കടമുഷ്ടിമൂലം എത്രയൊ സന്ദർഭങ്ങൾ നഷ്ടങ്ങളായിപ്പോകുന്നു.

ഭൌതികാഭിവൃദ്ധിയും, മതവും ഉത്തരദക്ഷിണ ധ്രുവങ്ങളെപ്പോലെ പരസ്പരവിരുദ്ധങ്ങളാണെന്നും പ്രപഞ്ചകാര്യത്തിൽ ദൃഷ്ടി വയ്ക്കുന്നവർക്കു് ആത്യന്തികസുഖം ലഭിക്കുന്നതല്ലെന്നും പലേടത്തും പറഞ്ഞു കണ്ടിട്ടുണ്ടു്. എന്നാൽ, പ്രപഞ്ചവും ഈശ്വരസൃഷ്ടി തന്നെ ആണല്ലൊ. ഈശ്വരസൃഷ്ടിയിൽ പ്രധാനപ്പെട്ട മനുഷ്യൻ അക്കാര്യം തീരെ ഉപേക്ഷിക്കുന്നതു് ഈശ്വരേച്ഛക്കനുസരണമാകുന്നതെങ്ങനെ? പ്രപഞ്ചത്തിൻെറ രമ്യമായ നടത്തിപ്പിനു് ഈശ്വരൻ ചില നിയമങ്ങൾ നിശ്ചയിച്ചിട്ടുണ്ടു്. ആ നിയമങ്ങൾക്കു ഭംഗം ചെയ്യാതെ തൻെറ നടത്തയെ ഭംഗിയാക്കി ജീവിതം നയിക്കുന്ന ഒരു മനുഷ്യനു് മോക്ഷത്തെക്കുറിച്ചു് ഭയപ്പെടാനില്ലെന്നാണു തോന്നുന്നതു്. പ്രപഞ്ചകാര്യം ഈശ്വരൻേറതാണെന്നും അതു സംബന്ധിച്ചു താൻ ചെയ്യേണ്ട കൃത്യങ്ങളെ വിധിപ്രകാരം ആചരിക്കയേ താൻ ചെയ്യേണ്ടതായിട്ടുള്ള എന്നും, ധരിച്ചു പ്രവർത്തിക്കുന്നതായാൽ അപകടം ഒന്നും വരാനില്ല. നേരെമറിച്ചു്, പ്രപഞ്ചകാര്യങ്ങൾ തൻേറതാണെന്നുള്ള ബോധമാണു് ദോഷകരമായിരിക്കുന്നതു്. ആ ബോധം ഈശ്വരനിയമ

ങ്ങളെ ലംഘിക്കാനിടവരുത്താതെ ഇരിക്കയില്ല. അപ്പോഠം ലോകത്തിൻെറ രമ്യമായ ഗതിക്ക എവിടെയെങ്കിലും ഒരു തടസ്സമോ മാററമോ ഉണ്ടാകയും അതു പരമോദ്ദേശ്യത്തിനു ബാധകമായി തീരുകയും ചെയ്യും. ഗീതയിലെ കർമ്മയോഗോപദേശത്തിൻെറ സാരം ഇതാണു്. തന്നിഷ്ടം ഉണ്ടാകരുതു്. നിഷ്കാമകർമ്മം അതായതു് ഫലോദ്ദേശം കൂടാതെ പ്രാപഞ്ചികധർമ്മാനുഷ്ഠാനം മോക്ഷത്തിനു തടസ്സമായി നിൽക്കയില്ല തന്നെ. ഇവിടെ ഞാൻ പറയുന്നതെന്തെന്നാൽ, മതമല്ല, നമ്മുടെ മതാചാരങ്ങളിൽ പലതുമാണു് നമ്മുടെ ഭൗതികാഭിവൃദ്ധിക്ക ഉപദ്രവമായി നിൽക്കുന്നതു് എന്നത്രെ.

ഒരു പിശകുകൂടി നമ്മെ സംബന്ധിച്ചിടത്തോളം പറയാനുണ്ടു്. നമ്മുടെ സാമുദായികാചാരങ്ങളും മതാചാരങ്ങളും കൂടി കലൎന്നു് ഒന്നായിട്ടാണു കിടപ്പു്. അതുകൊണ്ടു്, സമുദായാംഗങ്ങഠം ഒന്നുചേൎന്നാൽ ഇച്ഛപോലെ ഉപേക്ഷിക്കയൊ മാററിമറിക്കയോ പരിഷ്കരിക്കയോ ചെയ്യാവുന്ന സമുദായാചാരങ്ങളെ സംബന്ധിച്ചും മതസംബന്ധമെന്ന തെററിദ്ധാരണമൂലം കാലാനുരൂപം പ്രവൎത്തിക്കാൻ ജനങ്ങഠംക്കു് തീരെ മനസ്സില്ലാതെയിരിക്കുന്നു. തൻമൂലം നമ്മുടെ ഉൽഗതിക്കവേണ്ടിയുള്ള സകല ചലനങ്ങളും തീരെ നിരോധിക്കപ്പെട്ടിരിക്കുന്നു. ഈ നിലയ്ക്കു് ഒരു ഭേദഗതി വരുത്തുക ജനസ്വാധീനമുള്ളവരുടെ കടമയാണു്. ആകയാലത്രെ സമുദായാചാരങ്ങളുടെ പരിഷ്കാരത്തിൽ നമ്മുടെ നേതാക്കന്മാർ മററുള്ളവയെ അപേക്ഷിച്ചു് കൂടുതലായി ഇപ്പോഠം ശ്രമിച്ചുവരുന്നതു്.

ഇൻഡ്യയിൽ, വിശേഷിച്ച് കേരളത്തിൽ ഉള്ള പലെ ജാതിക്കാരും സാമുദായിക കാര്യങ്ങളിലും മതകാൎയ്യങ്ങളിലും പരസ്പരാശ്രയത്തോടുകൂടിയാണു് ഇരിപ്പു്. ഈ ആശ്രയസ്ഥിതിക്കു് നിദാനം, ഒന്നുകിൽ, അതിൽപ്പെട്ട ആളുകഠം ഒരുകാലത്തു് ഒരേ സമുദായത്തിൽ പെട്ടു് ഒന്നിച്ചു കൂടിനടന്നു, കാലക്രമംകൊണ്ടു് അവരവർ പ്രവേശിച്ച തൊഴിലുകഠംമൂലം ഭിന്നിച്ചുവശായി എന്നുള്ളതായിരിക്കണം; അല്ലെങ്കിൽ, ഇതു് ഒരു ബുദ്ധിമാനായ സമുദായശില്പിവര്യൻെറ കരകൗശലത്തിൻെറ ഫലം ആയിരിക്കണം. ഈ വ്യൂഹനം ഒരുകാലത്തു് കേരളത്തിനു വളരെ ഗുണം ചെയ്തിരിക്കാനും ഇടയുണ്ടു്. ഏതായാലും ഈ അവസ്ഥ മാറേറണ്ടതോ മാറാനുള്ളതോ ആയ കാലം സന്നിഹിതമായിരിക്കുന്നതിൻെറ പൂർവ്വലക്ഷണങ്ങഠം സർവ്വത്ര കണ്ടുവരുന്നു. ഒരു ജനസമുദായക്കാർ മതസംബന്ധവും സമുദായസംബന്ധവുമായ കാൎയ്യങ്ങളിൽ മറെറാരു സമുദായക്കാരെ ആശ്രയി

ക്കാതെ ഇരിക്കയാണു് ഇപ്പോഴത്തെ സ്ഥിതിക്കു് അവരുടെ അഭിവൃദ്ധിക്കു് യോജ്യമായിരിക്കുന്നതു്. അല്ലെങ്കിൽ, സ്ഥിതസ്ഥാപകബുദ്ധിയോടുകൂടിയ ഒരു സമുദായത്തിന്റെ 'മുഴമടിയ' കിടപ്പും ഉൽപതിഷ്ണുബുദ്ധിയോടുകൂടിയ മറെറാരു സമുദായത്തിന്റെ 'എടുത്തുചാട്ടവും' തമ്മിലുള്ള സംഘടനം അത്ര ശുഭകരമായിരിക്കയില്ല. ഈ സ്വാതന്ത്ര്യലാഭത്തിനു കേരളീയ ജനസമുദായങ്ങളിൽ ചിലതു ശ്രമിക്കുന്നതു് എത്രയോ അഭിനന്ദനീയമായിരിക്കുന്നു. നിത്യകൃത്യങ്ങളിൽ അത്യാവശ്യമായിട്ടുള്ളവസ്തുപോലും അന്യസമുദായാശ്രയം ഒഴിച്ചുവസ്സാൻ പാടില്ലാതെ പല വർഗ്ഗക്കാരും നന്നാ കുഴങ്ങുന്നുണ്ടു്. അതിനൊരു പരിഹാരം ഉണ്ടാകേണ്ടതു് ആവശ്യവും ഉണ്ടാക്കുന്നവർ കേരളീയ ജനസമുദായത്തിന്റെ ആകമാനം കൃതജ്ഞതയ്ക്കു് അർഹന്മാരും അത്രെ. നായന്മാർ സാമുദായികാചാരങ്ങൾക്കും മതകൃത്യങ്ങൾക്കും ഉള്ള പരാശ്രയത്വം ഒഴിച്ചുവസ്സുന്നതിനു ശ്രമിച്ചുവരുന്നുണ്ടു്. കേരളീയരിൽ മററു വർഗ്ഗക്കാരും ഇതിനെ അനുഗമിക്കുമെങ്കിൽ ഒരു മഹത്തായ ആശ്വാസസുഖം ഏറിയ നാളത്തേക്കു് കേരളീയക്കു് അനുഭവിക്കാൻ സംഗതിവരും. സ്വാതന്ത്ര്യം ദോഷാവഹങ്ങളായ കാര്യങ്ങളിൽപ്പോലും വലിയ ഒരു മനസ്സുഖദായകമാണല്ലൊ. നായന്മാരുടെ ഈ സ്വാതന്ത്ര്യലബ്ധിക്കായി ഉള്ള ശ്രമത്തിനു് സാഹായ്യം ചെയ്കയാണു് എന്റെ സുഹൃത്തിന്റെ ഈ പുസ്തകനിർമ്മാണ പ്രാവണ്യത്തിനുനിദാനം. ഈശ്വരകാര്യങ്ങളിൽ തന്നെ സ്വബുദ്ധിയെ സ്ഥിരമായി ഇരുത്തത്തക്കവണ്ണം സ്വശക്തികളെ സംസ്കരിച്ചുവച്ചിട്ടുള്ള അദ്ദേഹം ഈവക ലൗകികകാര്യങ്ങളിൽ അപ്പോഴപ്പോൾ പ്രവർത്തിക്കുന്നതു് അദ്ദേഹത്തിന്റെ ജീവകാരുണ്യവിശേഷം എന്നല്ലാതെ ഒന്നും പറയാൻ കാണുന്നില്ല.;

അഥവാ,

'സ ജാതൊ യേന ജാതേന
യാതി വംശസ്സമുന്നതിം'

എന്ന വിശിഷ്ടവാക്യത്തിലെ അളുകളുടെ കൂട്ടത്തിലാണല്ലൊ ഏതാദൃശമഹാന്മാർ ഉൾപ്പെട്ടിരിക്കുന്നതു്. എന്നു മാത്രമല്ല, സർവ്വസംഗപരിത്യാഗത്തോടെ വനാന്തരത്തിൽ കഴിച്ചുകൂട്ടുന്നതിനെക്കാൾ തന്റെ സംസ്കാരവിശേഷങ്ങളുടേയും സിദ്ധികളുടേയും ഫലങ്ങൾ ലോകത്തിനുദാഹരണമായി കാണിച്ചു ലോകോദ്ധാരണത്തിനുവേണ്ടി കൂടി ജീവിതം നയിക്കുന്നതാണല്ലോ അധികം നന്നു്. ഈ

ഗ്രന്ഥകാരനെക്കുറിച്ച ഇത്രയുംതന്നെ ഇവിടെ പറഞ്ഞതു് അദ്ദേഹത്തിനു സഹിക്കയില്ലായിരിക്കാം. പക്ഷെ എനിക്കു് അദ്ദേഹത്തിനെക്കുറിച്ചുള്ള ബഹുമാനം ഇത്രയും പറയാതെ ഇരിക്കാൻ എന്നെ സംമതിക്കുന്നുമില്ല.

ജീവിതഗതിയിലെ ഓരൊ താവളങ്ങളായ ആചാരങ്ങൾ അർത്ഥോദ്ദേശ്യബോധത്തോടുകൂടി അനുവർത്തിക്കാൻ ഈ ഗ്രന്ഥം സഹായിക്കുമെന്നുള്ളതിനാൽ അതു ബഹുജനങ്ങൾക്കു് മഹത്തായ ഉപകാരപ്രദമായി തീരുന്നതാണു്. ഈ അനുഗ്രഹം യഥാവിധി അനുഭവിക്കാൻ കേരളീയർക്കു സംഗതിയാകുമാറാകട്ടെ!!

വെള്ളിമന,
കരുനാഗപ്പള്ളി.
1089 മിഥുനം 13-ാംനു

സി. എസ്. സുബ്രഹ്മണ്യൻപോററി
എം. എ.

# പ്രാസ്താവികം

''മലയക്ഷത്രിയനായക സമയ സ്മൃതി പദ്ധതി'', എന്ന പ്രകൃതഗ്രന്ഥത്തിലെ നായന്മാരുടെ ക്ഷത്രിയത്വപ്രകടനത്തിനു് ഒരു വിമൎശനം വേണ്ടിയിരിക്കുന്നതിനാൽ അങ്ങുമിങ്ങുംനിന്നു് പ്രമാണോപന്യാസഖണ്ഡങ്ങളെ ഉദ്ധരിച്ചു് ക്രോഡീകരിച്ചു് ഈ പ്രസ്താവന എഴുതി സജ്ജന സമക്ഷം സമൎപ്പിച്ചുകൊള്ളുന്നു. ഇതിലെ ഉക്താനുക്തദുരുക്ത വിഷയങ്ങളിൽ ഹൃദയാലു ജനാഗ്രണികൾ ദയാദൃഷ്ടിയെ സംഘടിപ്പിക്കുന്നതിനു് അൎഹന്മാരാകുന്നുവെന്നതിനാൽ അവൎക്കായി ഇതിന്റെ കാൎയ്യഭാരം വിട്ടിരിക്കുന്നു.

സത്യഭാമയെ 'ഭാമ'യെന്നും, 'സത്ത്യ',യെന്നും പറഞ്ഞുവരുന്ന അംശഗ്രഹണരീതിയിൽ, മലയാളത്തിന്റെ ഏതാനു ഭാഗം ചേൎന്നിരിക്കുന്നതുകൊണ്ടൊ, ബുദ്ധിവശാലൊ, 'കേരള'മെന്നുകൂടി പറഞ്ഞു പോരുന്ന ഈ രാജ്യത്തിലെ ആദ്യനിവാസികളെന്നു്—വിചാരശീലന്മാരും നിഷ്പക്ഷപാതികളും ആയ മാന്യരാൽ—സമ്മതിക്കപ്പെട്ടിരിക്കുന്ന നായന്മാർ അഥവാ, നായകന്മാർ, ആകട്ടെ ചാതുൎവൎണ്യവ്യവസ്ഥയ്ക്കു മുമ്പുതന്നെ ലൗകിക വൈദികമാൎഗ്ഗത്തിൽ നിഷ്ണാതന്മാരും കൃത്യവശാൽമാത്രം വല്ല ക്ലാസ്സും ഉണ്ടായിരുന്നിരിക്കാവുന്നവരും, ആ നിശ്ചയത്തിന്നടിപെട്ടിരിക്കാത്ത സ്വതന്ത്രരും ക്രമേണ ആഗന്തുക്കളായ ചില കൂട്ടരുടെ (ആൎയ്യജാതീയരുടെ) തന്ത്രത്തിൽ പെട്ടൊ, ദാൎശനികന്മാരുടെ അഭിപ്രായംപോലെയുള്ള ദശാ(കാലാ)വസ്ഥ വൈഷമ്യത്താലൊ, മനോദോഷ (വശംവദന്മാർ) ദൂഷിതന്മാർ ആയിത്തീൎന്നു,

''ദാമവ്യാളകടന്യായൊ, ന തവ സ്യാല്ലദാചന—
ഭീമഭാസദ്ദൃഢന്യായഃസൎവദാ ത്വേ *f* സ്തു രാഘവ!''

എന്ന പ്രകാരം ദാമാദ്യസുരന്യായത്തെ ആശ്രയിപ്പാൻ ഇടയ്ക്കു സംഗതി വന്നവരെങ്കിലും ഇപ്പോഴും ഭീമാദ്യസുരന്യായത്തെ പുരസ്കരിച്ചുള്ള സ്വരൂപാന്വേഷണംനിമിത്തം പൂൎവവൽ ഔന്നത്യത്തെ പ്രാപിച്ചു വരുന്നവരുമായ ഒരു പ്രത്യേക ഗണക്കാരാകുന്നു.

മലയാളമെന്നതു് സുബ്രഹ്മണ്യംമുതൽ തെക്കൻ കന്യാകുമാരി യോളമാണെന്നു പല പ്രമാണങ്ങളുമുണ്ടു്.

''കുമാരീതീർഥതോ യാവന്മൽസ്ഥാനം മലയാചലം'',
''മലയാചലനാമ് നീ സാ മൽസ്ഥാനോപക്രമംശിവെ!
യാവദ്ദക്ഷിണകന്യാഖ്യം''—

എന്നു മുതലായതാണു്. രണ്ടാമത്തേതിൽ ഗോകർണ്ണം മുതലെ ന്നാണിരിക്കുന്നതു്. കുറെക്കൂടി വടക്കോട്ടുമാററി അതുത്തി പറയുന്ന പ്രമാണവുമുണ്ടു്. (ശൈവതന്ത്രം) 'മലയാചലമഹിമാദി' = ഈ നായന്മാർ കാശ്യപവംശക്കാരും, ഖരവംശക്കാരും മററുമാണു്. അതു കൊണ്ടും ആയ്യദ്വിജാതിക്കു് ഇവരോടു് യോജിപ്പു കുറവാണെന്നു വരുന്നതു കുററമല്ല. ഡാക്ടർ, ഹാഗ് പി. എച്ചു്. ഡി.,യുടെ ഒരു ഉപന്യാസത്തിൽ കാണുന്നതാവിതു്. വൈദികകാലത്തു് ആയ്യാവൎത്തത്തിന്നു പുറത്തും മററു അടുത്ത ജനപദങ്ങളിലും ഉള്ളവരെ 'അദ്ധ്വർയ്യുദ്ഗാതൃ പ്രഭൃതികളായ ദ്വിജന്മാക്കും അസുരരെന്നു വിളിച്ചുവന്നിരുന്നു എന്നാണു്. ഈ ദൃഷ്ടാന്തത്തെ ഏകാംശേന ഗ്രഹി ക്കുന്നതല്ലാതെ, അതു മുഴുവനും പരിണമിച്ചു് മറെറാന്നായിപോയാൽ സ്വരൂപനാശമെന്ന ദോഷം വരുന്നതാകയാൽ ആക്കും അങ്ങിനെ പക്ഷം വരുന്നതല്ലല്ലൊ! ഇവരെ 'നായനാരെ'ന്നും പറയാറുണ്ടു്. മഹാനുഭാവനായി ചെങ്ങന്നൂർ ദിവ്യ ദേവസംസ്ഥാപകനായിരുന്ന 'അരിവാട്ടു നായനാരു'ടെ വഴിക്കാർ ഇപ്പോഴും റാന്നിക്കു സമീപ മുണ്ടു്. അവരെ നസ്രാണികളുടെ ശേഷക്കാരെന്നു് പേരിൻെറ സാദൃശ്യഭ്രമത്താൽ പറയാറുണ്ടു്. ആയതു വിമോഹത്താൽതന്നെ. തെററിദ്ധരിപ്പിൻെറ അംശത്തിലെ ദൃഷ്ടാന്തപൂരണത്തിന്നിതും ഉപ യുക്തമാണു്.

ഒരു ചരിത്ര (പുസ്തക) ത്തിൽ ആയ്യവിഭാഗക്കാരുടെ വരവിനു മുമ്പുതന്നെ ദക്ഷിണദേശത്തെ അധിവസിക്കുന്നവരായി ഒരു കൂട്ടരെ (കുറിച്ചു്) വൎണ്ണിച്ചിട്ടുള്ളതു് ഇവർ തന്നെയെന്നു് സിദ്ധിക്കുന്നു. അതിലും അന്യഘട്ടങ്ങളിൽ ചിലേടത്തും ആയ്യന്മാർ ഇവരെ നാടു വിട്ടോടിച്ചു എന്നാണു്; എങ്കിലും കേരളേതിഹാസങ്ങളാൽ കിട്ടുന്ന തു് ഇവരെ ഭയന്നു് അവർ ഓടിയെന്നാണു്. അതെങ്ങിനെയുമിരി ക്കട്ടെ, ഇവിടെ ആദ്യനിവാസമെന്നുള്ള ഭാഗത്തെ അംഗീകരിക്കുന്ന വിഷയത്തിൽ വിപ്രതിപത്തിയില്ലല്ലൊ. സഗര കുലപ്പെരുമാക്ക ന്മാരായ (ചില) മഹാരാജാക്കന്മാർ ദിഗ്വിജയം ചെയ്തുവന്നകാലത്തു് കേരളീയ പ്രഭുക്കളെ (ആരാദ്ധ്യപാദന്മാർ സമ്പാദിച്ചിട്ടുള്ള ചില ഐതിഹാസിക ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്ന ലക്ഷണലക്ഷിത ന്മാരെ) മ്ലേച്ഛരാക്കിയെന്നു് ഭാരതാന്തിമഘട്ടത്തിൽ പറഞ്ഞിട്ടുള്ളതു്.

പൂർവാപരപര്യാലോചനയാലും മററും, ഇവരെക്കുറിച്ചാണ് എന്നു കിട്ടുന്നു. പക്ഷെ, മ്ലേച്ഛശബ്ദപ്രയോഗംകൊണ്ട് ശങ്കിപ്പാനില്ല. ഓരോരുത്തരുടെ ഇച്ഛയെ അനുവർത്തിക്കാത്തവരെ ഇങ്ങിനെ ഒക്കെ (പാഷണ്ഡികളെന്നും, ദുഷ്ടരെന്നും മററും, ഗ്രന്ഥകാരന്മാരുടെയിടയിലും പൃഥഗ്ജനങ്ങളിലുമാകെ) പറഞ്ഞുപോരുന്നതു് സാധാരണ തന്നെ. ''അശ്രുദ്രനായ ഒരാൾ ശ്രുദ്രശബ്ദംകൊണ്ട് പരാമൃഷ്ടനായി'' എന്നു് പക്ഷാന്തരമുള്ളതെങ്കിലും 'പൂർവാചാര്യന്മാർ സിദ്ധാന്തിച്ചിട്ടുള്ളതറിയാം', പിന്നെ, 'യയാതിഃ ശ്രുക്രകന്യായാം സസ്പൃഹൊ മ്ലേച്ഛതാംഗതഃ' എന്നതിൽ യയാതി മ്ലേച്ഛനായതിന്റെ അർത്ഥവും നമുക്കറിയാവുന്നതല്ലെ? ആകയാൽ യഥാസ്ഥിതിക്കു വിപരീതമായുണ്ടാകുന്ന ഉക്തവിധമായ മറുകക്ഷികളുടെ ദോഷാരോപണം ആക്കും ഹാനികരമല്ലെന്നു് ഏതു സൂചകക്കുപോലുമറിയാം.

ഇനി (യും) നായന്മാരെ ശ്രുദ്രഘട്ടത്തിൽചേർത്തു പറയുന്നതു് കേവലം ദൗരാത്മ്യത്താലല്ലാതെ ഭ്രാന്തിമൂലകമായിട്ടുകൂടി ആണെന്നു് ഒരു ആഖ്യായികകൊണ്ടു ലബ്ധമാകുന്നു. ആയതു് കാശ്മീരദേശത്തിൽനിന്നുംചില ശ്രുദ്രർ തെക്കോട്ടു വന്നുവെന്നും അതിൽ ഏതാനും പേർ, രാജാക്കന്മാരായിരുന്നു് യാഗാദികളിൽ പ്രവർത്തിച്ചുവെന്നും ആ ഗണത്തിൽ അന്തർഭവിച്ച''ചിത്രഗുപ്തൊ ദിവംഗതഃ'' ചിത്രഗുപ്തനാമാവായ ആൾ ദ്യോവിനെ ആശ്രയിച്ചെന്നും അതിൽ ''നാക'' നെന്നൊരാൾ ഉണ്ടായിരുന്നുവെന്നും ആ പരമ്പരയിൽ അധികം ശ്രുദ്രരുണ്ടായി എന്നും മററുമാണ്. ഈ രീതിക്കു് 'നായക'നെന്നുള്ളതു ലോപിച്ചോ ദ്രാവിഡസംപ്രദായത്തിൽ 'നാക'നെന്നു തനിച്ചൊ ഉള്ള നാമധേയത്തിന്റെ സാദൃശ്യത്താൽ 'ശ്യാലസാരമേയ' ന്യായപ്പടിതെററിദ്ധരിച്ചു് ഇങ്ങിനെ പറയുന്നതാകുന്നു. എന്നാൽ കേരളസ്ഥദചിജാതികളിൽ ചിലരിൽ ചിത്ത (ചിത്) പാവനാദി ('മിറാജ്' ദേശീയർ മുതലായ) ജാതിക്കാർ അനേകർ ചേൎന്നിരിക്കുന്നതായി 'സ്കാന്ദാ'ദിയിൽ പറയുന്നതും, വടമൺ, മാര്ഗ്ഗവടമൺ എന്നു ചിലരെക്കുറിച്ചു സുപ്രസിദ്ധമായി അറിയുന്നതുംപോലെ (മലയാള) നായന്മാരിലും മുൻപറഞ്ഞ ആഗന്തുക്കരം വല്ലവരും ചേൎന്നിട്ടില്ലെന്നു തീൎച്ച് പറഞ്ഞുകൂടാ. അങ്ങിനെ ഉണ്ടെങ്കിലുംകൂടി മററു ചിലരിൽ ചേൎന്നവരെപ്പോലെ അല്ലാതെ ചില വ്യത്യാസമുള്ളതായി ആ പക്ഷത്തിലുള്ളവക്കു കിട്ടുന്നുണ്ടല്ലൊ. ഇങ്ങിനെ പറയുന്നതുകൊണ്ടീവൎഗ്ഗത്തിലെ വിഭാഗത്തെ പൂർവവദ്ദൃഢീകരിക്കുന്നു എന്നശേഷമൎത്ഥമില്ല. ഇപ്പോഴത്തെ ഇരിപ്പിന്റെ വാസന പിടിച്ചവരുടെ ഹൃദയത്തെ അനുകരിച്ചു് പറഞ്ഞുവെന്നു മാത്രമെ ഉള്ളൂ.

'ജാതിവർണ്ണാശ്രമാണാംച' എന്നു തുടങ്ങി,
'അഭിമാനാത്മകാഃ ഷംസ്യർ ഭ്രമാ വേദാന്തകീർത്തിതാഃ'

എന്ന പ്രമാണത്താലും മിഥ്യയെന്നല്ലാതെ (അസ്മാദൃശന്മാർ) വിചാരിച്ചുപോകുന്നതല്ല. നമ്മുടെ ലക്ഷ്യം വേറെയാകയാൽ ഈ സംയോഗവിഭാഗങ്ങളും അതിനൊന്നുംതന്നെ അല്ലല്ലൊ. മുൻപു പറഞ്ഞ സഗരവംശീയരാജവിജയ ഘട്ടത്തിൽ ക്ഷത്രിയരെന്നാണു്. പക്ഷെ, ആ വിജയവർണ്ണനയിൽ അവരെയാണല്ലൊ എടുക്കുക യോഗ്യം. വൈദികവിധിയിലെങ്കിൽ മാത്രമല്ലെ 'ആ വൃത്തിയെ ആശ്രയിച്ചിരിക്കുന്ന നായന്മാരെ'ക്കുറിച്ചു പറയേണ്ടതൊള്ളു. ഏതായാലും, എല്ലാംകൊണ്ടും അന്യരുടെ മിഥ്യാരോപണത്തിനു് ഇവർ വിഷയമല്ല-നിശ്ചയം. നായന്മാർ നായന്മാർതന്നെ-പിന്നെ പൂർവ രീതിയിൽ തൊഴിൽ—വല്ലവർക്കുംവേണ്ടി അറിയാതെ വല്ലതും ചെയ്തുപോയിട്ടുണ്ടെങ്കിൽ ആയതുകൊണ്ടു പറവാനിടയില്ല. ഹീനന്മാർ എന്നു അവർ നിരൂപിച്ചിരുന്നവർകൂടി ഉൽക്കൃഷ്ടാവസ്ഥയെ പ്രാപിച്ചതായി ഋഗ്വേദാദികളിലുണ്ടു്. ഇപ്പോഴത്തെ ആരുടെ തൊഴിലും ദോഷാവഹമെന്നു പറയുന്നതിനു് ബഹുജല്പന്മാക്കവസരവുമില്ല. ..........................................................................നായർ എന്ന ശബ്ദംകൊണ്ടു് തജ്ജാതീയരെ കുറിക്കുന്നതു് ജാതിവിഭ്രംശകരമെന്നൊ, ജിഹ്വോൽ ഭേദകമെന്നൊ ഉള്ള വിധത്തിൽ മക്കടമുഷ്ടിയോടെ സൂക്ഷിച്ചുവരുന്നവരും ആ സ്ഥലത്തെല്ലാം ബീജാക്ഷരനിർ വിശേഷമായി വൃദ്ധാഗമസമ്പ്രദായമനുസരിച്ചുപാസിച്ചുപോരുന്ന കപോലകല്പിത 'ശൂദ്ര'ശബ്ദത്തെ സർവ്വഥാ അവ്യഭിചാരേണ ഉപയോഗിച്ചുപോരുന്നവരും ഇവരുടെ മലയാള ഭൂമിയിൽ ആദ്യമായി അടിവെച്ച കാലംമുതല്ക്കു് ഗർഹിതമായ വിധംപോലും സേവാധർമ്മമനുഷ്ഠിച്ചുവന്നു ക്രമേണ,

'യാത്യാശ്രിതഃ കില സമാശ്രയണീയലഭ്യാം
നിന്ദ്യാംഗതിം ജഗതി സർവജനാർച്ചിതാം വാ'

എന്നമട്ടിൽ തലയിലേറിയിരിക്കുന്നവരുമായ ചിലരെക്കുറിച്ചെന്തിനു പറയുന്നു. കഷ്ടം! ഭ്രഷ്ടഗണത്തിൽപെട്ടവർപോലും സ്വരൂപം മറന്നു ഏതാനും സമ്പക്ദാർഢ്യത്താൽ ഇവരിൽ ശൂദ്രസംജ്ഞ ഉപയോഗിക്കുന്നതു് കേട്ടാൽ മതി. ശൂന്യനഗരത്തിലെ അജാതന്മാരായ രാജകുമാരന്മാരുടെ കഥയെ തുടൎന്നുള്ള ബാലകാഖ്യായികപോലെയും ശൂരനായ ഒരു ഭീരുവെന്ന പോലെയും ഇതുതീരെ ഘടിക്കാത്തതാണെന്നു 'നായക-ശൂദ്ര'ശബ്ദങ്ങളുടെ 'ശ്രേഷ്ഠൻ-നേതാവു്',

എന്നും, ''ശുച-ശോകെ'' എന്ന ധാതു നിഷ്പന്നമായ 'ദുഃഖിക്കുന്നവൻ-ദാസൻ' എന്നുമുള്ള സമുദായാവയവാൎത്ഥങ്ങളാംകൊണ്ടു് ശ്രവണമാത്രത്തിൽ ബോധം വരുന്നതാണു്. ഇങ്ങിനെ വരുമ്പോൾ നായന്മാർ, നായകന്മാർ എന്നീ വക ഭിന്ന പുരുഷ വിഷയമാകുന്നു എന്നു പറക തന്നെ എന്നുള്ളതിൽ വിചാരമില്ലാത്തവർ വിചാരിക്കുമായിരിക്കാം. പക്ഷേ സുപ്രജ്ഞന്മാൎക്കു് അങ്ങിനെ തോന്നുകില്ല, നിശ്ചയം.

'നായന്മാർ, നായന്മാർ' തന്നെ എന്നുള്ളതിൽ മുൻപറഞ്ഞപ്രകാരം ഭ്രമമൂലകമായിട്ടു കൂടിയാണീവിധ നാമകരണമെന്നതു് വസ്തുതയായിരിക്കുന്നില്ല. അങ്ങിനെയെങ്കിൽ അറിയുന്നതുവരെ ആയിരിക്കുമല്ലോ ആ വിധ ഗ്രഹണം, ഏതജ്ജാതീയർ മിക്കവരും തന്നെ ശുദ്രനെന്നു പറയുന്നതിനെ ബലമാക്കി വല്ലതും ചിന്തിക്കാമെന്നുവച്ചാൽ അതു സാരമാക്കാനില്ല. എന്തെന്നാൽ,

'ഗതാനുഗതികൊ ലോകൊ ന ലോകഃ പാരമാൎത്ഥികഃ'

എന്ന രീതിക്കു് പരമാൎത്ഥഗ്രഹണപൂർവകമല്ലാത്തതിനാലാകുന്നു. പിന്നെ അംഗീകാൎയ്യമായുള്ളതു് അഭിജ്ഞന്മാരുടെ പക്ഷവും ആയതു് വ്യാധകുലത്തിൽ വളൎന്ന രാജകുമാരന്റെ കഥപോലെ എന്നാൽ

'രാജസൂനോഃസ്മൃതിപ്രാപ്തൌ വ്യാധഭാവൊ നിവൎത്തതെ',

എന്നവിധം ബോധാവസ്ഥയിലുള്ളതുമെ സാരമാക്കാനൊള്ളു. ഇതിലെ ജാതിപോലെ മുൻപറഞ്ഞതിലുള്ളതും ആരോപമാത്രമാകയാൽ ദൃഷ്ടാന്തത്തിനു് വിഷമതയില്ലാത്തതാകുന്നു. ആകൃതിയിലും പ്രകൃതിയിലും ഭേദപ്പെടാത്ത ജാതി ജാതിയോ? പ്രാതിഭാസികം കൂടി അല്ലാതിരിക്കുന്നു, വ്യാവഹാരിക (മായ) ഗോത്വാദി ജാതി ജഗന്നിയന്താവറിഞ്ഞിട്ടുള്ളതുതന്നെ. അല്ലാതുള്ള അന്തർജാതി മനോമയമാകയാൽ ജീവകല്പിതമൊ, ഭ്രമമോ തന്നെ. പിന്നെ ബന്ധുക്കൾ, ദേശക്കാർ മുതലായവരെപ്പോലെ ഒരുമിച്ചുകൂടുന്ന ജാതി എല്ലാ നാട്ടുകാൎക്കുമിരിക്കും. വേദത്തിന്റെ ആദികാലത്തിൽ ജാതി ഇല്ലായിരുന്നു എന്നാണു്. പിന്നെ ഋഗ്വേദത്തിലെ തന്നെ (ഐതരേയ) ബ്രാഹ്മണകാലത്തിൽ ഈ വിഭാഗം ഉള്ളതായി കിട്ടുന്നു.

'ഋഷയൊ വൈ സരസ്വത്യാം സത്രമാസത'

എന്നു തുടങ്ങി അവിടെ ഇലൂഷന്റെ പുത്രനായ 'കവഷനെ'

ധൂൎത്തനായി അബ്രാഹ്മണനായ ദാസീപുത്രനെങ്ങിനെ നമ്മുടെ ഇടയിൽ ദീക്ഷിക്കുന്നെന്ന പറഞ്ഞധിക്ഷേപിച്ച് ബഹിഷ്കരിച്ച് ഒരു മരുഭൂമിയിൽ ദാഹപീഡിതനായി മരിക്കട്ടെന്നു വച്ചാക്കിയെന്നും മററും പറയുന്നു. കൌഷീതകി ബ്രാഹ്മണത്തിലും

'മാധ്യമാഃസരസ്വത്യാംസത്രമാസത—
തദ്ധാപി കവഷൊ മധ്യെ നിഷസാദ'

എന്നാദിയായതിൽ ഗൃൽസമദാദി ഋഷിമാർ ദാസീപുത്രനായ നിന്നോടൊരുമിച്ച് (ഞങ്ങൾ) ഭക്ഷിക്കയില്ലെന്നു കവഷനെ ആട്ടിയിറക്കി എന്നും അദ്ദേഹം 'പ്രദേവത്രാ' എന്ന അപൊനപ്ത്രീയം കണ്ടുപിടിച്ച് സരസ്വതിയെ സ്തുതിച്ച് ദേവതാപ്രസാദത്താലതിവിശിഷ്ടനായി വരികയാൽ ടി ഋഷിമാർ ചെന്ന് 'അല്ലയോ ഋഷിയായുള്ളോവെ' എന്നു പറഞ്ഞു നമിച്ചു ക്ഷമായാചനംചെയ്തു അഗ്ര്യസ്ഥാനം നൽകിയെന്നു പറയുന്നുണ്ട്. അവിടെ കവഷന്റെ ഋഷിത്വം ജന്മബന്ധത്താലുള്ളതല്ലല്ലോ. ഇനിയും ഐതരേയത്തിൽ തന്നെ മററു താഴ്ന്ന ജാതിയായി പറയുന്നവരുണ്ടായതിനെക്കുറിച്ച് അടിയിൽ വരുംപ്രകാരം കാണുന്നു—7-3-13. ''ഹരിശ്ചന്ദ്രോഹ വൈധസ ഐക്ഷ്വാകോ രാജാ അപുത്ര ആസ, — ഇക്ഷ്വാകുവംശത്തിൽ വൈധസനായ ഹരിശ്ചന്ദ്രൻ അപുത്രനായിട്ടുണ്ടായിരുന്നു, എന്നു തുടങ്ങിയതിൽ ഹരിശ്ചന്ദ്രനു വരുണന്റെ പേരിലുള്ള പ്രാർത്ഥനയാലുണ്ടായ പുത്രനെക്കൊണ്ട് വരുണനെ യജിയ്ക്കായ്കയാൽ ജലോദരം പിടിപെട്ട സമയം ആ പുത്രൻ വനത്തിൽനിന്നും വിലയ്ക്കുവാങ്ങി പകരമായി വരുണനു യാഗം ചെയ്‌വാൻ തുടങ്ങിയപ്പോൾ പുറമെ കൈയ്ക്കൂലി വാങ്ങി കത്തിമുറിക്കാനായി കത്തിയും തീക്ഷ്ണമാക്കി അടുക്കുന്ന അജീഗൎത്തനെന്ന പിതാവിനെക്കണ്ട് പശുബന്ധം അടഞ്ഞു് മൃഗാവിശേഷം ഹിംസിക്കപ്പെടാൻ പോകുന്ന ശുനഃശേഫൻ ദേവന്മാരെ ശരണമടയാമെന്നു കരുതി

(1) 'കസ്യനൂനംകതമസ്യാമൃതാനാം'
(2) 'അഗ്നേർവയം പ്രഥമസ്യ'
(3) 'അഭിത്വാദേവസവിതര്'

ഇത്യാദി ഋക്കുകളെക്കൊണ്ട് ദേവാഗ്രനായ പ്രജാപതി, അഗ്നി, സവിതാവ് മുമ്പായ ദേവന്മാരെ പ്രസാദിപ്പിച്ച് ഹരിശ്ചന്ദ്രനോടു കൂടി നിർബാധനായതു കണ്ടിട്ട് ദേവപ്രസാദവിശിഷ്ടനായ ഇദ്ദേഹത്തെ വിശ്വാമിത്രന്റെ പ്രഥമപുത്രസ്ഥാനത്താക്കാമെന്നതിനു പ്രതി

ബന്ധം ചെയ്ത മധുഛന്ദന്റെ അഗ്രജന്മാരായ തന്റെ 50 വരെ പുത്രന്മാരെ വിശ്വാമിത്രൻ ശപിച്ചു, അന്ധ്ര, പുണ്ഡ്ര, ശബര, പുളിന്ദ മുതിബന്മാരാക്കി'', എന്നു് ഇതിലും മുൻപോൽ ആരോപം കൊണ്ടു് ജാതി ഏർപ്പെട്ടതായി വരുന്നു. വേഷപ്പകച്ച് കൂടി ഉണ്ടായി എങ്കിൽ വസ്തുതയാ ധരിക്കാമായിരുന്നു.

''വർണ്ണാശ്രമവിഭാഗം ച ത്രേതായാംകൃതവാൻപ്രഭുഃ
യജ്ഞപ്രവർത്തനം ചൈവ പശുഹിംസാവിവർജിതം''

എന്ന ഗായത്രീതന്ത്രപ്രകാരം നോക്കുമ്പോൾ ത്രേതായുഗംവരെ ജാതി (വിഭാഗം) ഇല്ലായിരുന്നു എന്നായി.
ഇനിയും

''ഏകവർണ്ണമിദംപൂർണ്ണംവിശ്വമാസീദ്യുധിഷ്ഠിര!
കർമ്മക്രിയാവിശേഷേണ ചാതുർവർണ്യം പ്രതിഷ്ഠിതം''—

ലോകമാകെ ഒരുവർണ്ണം (ജാതി) ആയിരുന്നു എന്നും പ്രവൃത്തി ഭേദത്താൽ നാലായി എന്നും കാണുന്നു. മുൻപുപറഞ്ഞ വേദബ്രാഹ്മണത്തിലേതിനും, മുന്നഭിപ്രായമെന്നെ വരാൻ തരമുള്ളു.

''ഹിംസാനൃത ക്രിയാലുബ്ധാഃസർവകർമ്മോപജീവിനഃ
കൃഷ്ണാഃശൗചപരിഭ്രഷ്ടാസ്തേദ്വിജാഃ ശൂദ്രതാംഗതാഃ''—

ഹിംസാവ്യാജാദി ക്രിയാതത്പരരായി ശൗചാചാരവർജിതരായി കൃഷ്ണവർണ്ണമുടയവരായി എന്തും ചെയ്യുന്നവരായിട്ടുള്ള ദ്വിജന്മാർ ശൂദ്രരായി ഭവിച്ചു എന്നതുകൊണ്ടു് വിഭാഗം ഗുണത്താലെന്നതു ദൃഢമായി. ഗുണാനുസാരമുള്ള ജാതി, രത്നങ്ങൾ, ഗജങ്ങൾ, നാഗങ്ങൾ മുതലായി സകലത്തിനും രത്നപരീക്ഷ, ഹസ്ത്യായുർവേദം, നാഗോല്പത്തി മുതലായതിലും പറയുന്നതിനാൽ എല്ലാം വിശദംതന്നെ. തൊഴിൽ കൊണ്ടുണ്ടാകുന്നതു് സകല രാജ്യക്കാർക്കുമുണ്ടല്ലൊ-അതിന്റെ വില പരക്കെ അറിയുന്നതാകയാൽ പറയേണ്ടതില്ല. 'പദ്ഭ്യാം ശൂദ്രൊ അജായത' എന്നപോലെയുള്ള ദിവ്യമന്ത്രം കൊണ്ടു് വൈശ്വാനരന്റെ അംഗമായി ഇവ എന്നല്ല എല്ലാവറെയും ചേർത്തു പറയുന്നു എന്നു തന്നെയാകുന്നു സൃഷ്ടി പ്രക്രിയാനുസാരം നോക്കുമ്പോൾ വിവക്ഷിതമായ അർത്ഥം കിട്ടുന്നതു്.

'അഗ്നിർമ്മൂർദ്ധാ ചക്ഷുഷീചന്ദ്രസൂര്യൗ............
പദ്ഭ്യാം പൃഥിവീ ഹ്യേഷ സർവാന്തരാത്മാ'

ഈ പരമപുരുഷന്റെ മൂർദ്ധാവു് അഗ്നിയും (ദ്യുലോകവും) നേത്രങ്ങൾ ചന്ദ്ര സൂര്യന്മാരും എന്നാദിയായി പാദങ്ങ(ളെ കൊണ്ടു്

പൃഥിവിയുണ്ടായി)ാം പൃഥിവിയുമാകുന്നു എന്നു് ഉപനിഷത്തും ഈ അഭിപ്രായത്തെ തന്നെ പറയുന്നു. ഇതുകൊണ്ടും മുൻപു് പറഞ്ഞ സൂക്താർത്ഥത്തിൽ വിപ്രതിപത്തിയില്ലാത്തതാകുന്നു. പക്ഷപാതം ഇപ്രകാരമുള്ള അർത്ഥത്തെ വെളിവാക്കുന്നതല്ല എന്നേയുള്ളു. എന്നാൽ എല്ലാവരുടെയും ആലോചനയിൽ ഉള്ളതുതന്നെ. ഇങ്ങിനെ അല്ല വേദവചനാഭിപ്രായമെങ്കിൽ മുൻകാണിച്ച പ്രമാണങ്ങാംക്കുടവുതട്ടിയേക്കും.

'ഗുണകർമ്മവിഭാഗശഃ

എന്ന ഭഗവദ്ഗീതോപനിഷത്തിനുമൊക്കുന്നതല്ല. അന്നു ഗുണകർമ്മാനുസാരം ജാതി തിരിച്ച ഋഷിമാക്ക് വലുതായ ലക്ഷ്യമുണ്ടായിരുന്നു. അന്നു് എല്ലാ ജാതിക്കാക്കും യഥായോഗ്യം ഉച്ചനീചസ്ഥിതികാം വരുമായിരുന്നു.

''യോഽനധീത്യ ദ്വിജോ വേദമന്യത്ര കുരുതേ ശ്രമം—
സ ജീവന്നേവ ശൂദ്രത്വമാശു ഗഛതി സാന്വയഃ''

വേദാദ്ധ്യയനാദി കൃത്യനിഷ്ഠയെ വിട്ടു് അന്യത്രശ്രമം ചെയ്യുന്ന ദ്വിജൻ (ബ്രാഹ്മണൻ) ജീവിച്ചിരിക്കവെ കുടുംബത്തോടെ ശൂദ്രനായിത്തീരുന്നു, എന്നു തുടങ്ങി അസംഖ്യം സ്മൃതിവചനങ്ങളെ അനുസരിച്ചു് ജാതിയിൽ കുറയുക പതിവുണ്ടായിരുന്നു. അതൊക്കെ പോയി വന്നു വന്നു വിഷകൃമിന്യായത്തിലായിട്ടു് അന്യായറൂംസായി ജാതി സ്ഥിതി ആകപ്പാടെ ഒരു മട്ടായി.
ഇനി

''കരണസ്യസുതാ ജാതാ നാഗോ നാഥശ്ച ദാസകഃ''

എന്ന കുലദീപികയിലെ നാഗശബ്ദത്തേയും 'നാ(യ)കനാഗ' ശബ്ദത്തേയും ഏകീകരിപ്പാൻ പാടുള്ളതല്ല. അങ്ങിനെയുള്ള പക്ഷത്തിൽ പോലും ഇവരിൽ ചേന്നവർ വൈശ്യരായി ഇവരുമങ്ങിനെ ഒന്നല്ലെ ആകും? മേലേ നാഗനാഥാദികളുടെ സഗോത്രഭ്രാതാക്കളോ ദത്തന്മാരും മററുമാണെല്ലൊ. പേരിൻെറ സാദൃശ്യത്തെക്കാാം ആഗമനത്തിനു തന്നെയാണു് പ്രാമാണ്യം. പ്രമാണപശ്ചാലോചനയിൽ ഇവർ വൈശ്യർ പോലുമല്ല. എന്നാൽ, കൃതയുഗം മുതൽക്കൊ ശേഷമൊ മലയാളമടക്കി വാണിരുന്ന കേരളീയ ഭൂപവംശത്തിലുള്ള ക്ഷത്രിയവർഗ്ഗമാകുന്നു എന്നു് ചില മാന്യന്മാരുടെ അഭിപ്രായത്തിനു പുറമെ പ്രമാണാനുഗൃഹീതമായിട്ടു് കൂടി വരുന്നുണ്ടു്. തച്ചേത്തു മൂന്നാംകൂറു കൈമാം ശങ്കര ക്രോഡരു (ശങ്കരൻ

കൊതക്കൈമഠം) തച്ചുടയ കൈമഠം മുതലായവരുടെ അപരിഛേദ്യങ്ങളായ പ്രാബല്യ വൈശിഷ്ട്യാദികളുടെ അവിഛിന്നശ്രുതിസംപ്രദായങ്ങരം ഇവരുടെ പൂർവാവസ്ഥകരംക്കു ധാരാളം ലക്ഷ്യങ്ങരം തന്നെയല്ലെ? കരകങ്കണദർശനത്തിനു കണ്ണാടി വേണമോ? അലക്സാണ്ഡർ മഹാരാജാവിൻെറ ആക്രമണവേളയിൽ രാജപുട്ടാണാവിൽനിന്നും ഓടിപ്പോന്ന ക്ഷത്രിയരുടെ സന്താനങ്ങളാകുന്നു നായന്മാർ എന്നു ചിറയ്ക്കൽ ഇളയ തമ്പുരാൻ അവർകരം 'മലയാളത്തിലെ നായന്മാർ' എന്ന പുസ്തകത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നതു് താഴെ വരും പോലുള്ള ഉദ്ധൃതിൻെറ ഛായയുള്ള ഉദ്ധേശ്വരാദിശബ്ദാൎത്ഥ പ്രതീതിയാലൊ, വേറെ പ്രമാണത്താലൊ ആയിരിക്കാം. എന്നാൽ അവർ വന്നപ്പോരം ആദ്യനിവാസികളായ ഇവരോടു് ചേൎന്നതായിവരാനെ ഇടയുള്ളു. മുൻകാലങ്ങളിൽ അനേകർ വന്നും പലരിലും ചേൎന്നും പോയിട്ടുണ്ടെന്നും ഇക്കാലമായതു് പ്രയാസമെന്നെയുള്ളു എന്നും പലരേയും കുറിച്ചു് ചിന്തിച്ചാലറിയാം.

''നിഃസ്വാധ്യായവഷരംകാരാഃകൃതാസ്തേന മഹാത്മനാ''
എന്നാദിയായി

''ദാർവാശ്ചോളാഃസകേരളാഃസർവെതെക്ഷത്രിയാസ്താത—
ധൎമ്മസ്തേഷാംബഹിഷ്കൃതഃ''

ഇത്യന്തമായ സഗരരാജകഥയിൽ കേരളീയരെ വേദാധ്യയനാദ്യനധികാരികളാക്കി ബഹിഷ്ക്കരിക്കപ്പെട്ട ക്ഷത്രിയരായിട്ടാണു് പറയുന്നതു്. ഇതു നോക്കുമ്പോരം അക്കാലത്തിനു മുൻപുതന്നെ ആൎയ്യന്മാർ വന്നു് ഇവരേയും ചാതുർവർണ്യവ്യവസ്ഥയിലുരംപ്പെടുത്തിയെന്നോ, അവരിൽ തന്നെ വ്യവസ്ഥ ഏൎപ്പെട്ടിരുന്നു എന്നൊ, അൎത്ഥം കൊണ്ടായിത്തീരുന്നു. അടിയിൽ വരുംപ്രകാരം ആൎയ്യന്മാർ കുടിപാൎപ്പാനായിവന്ന കാലം പിന്നീടെന്നു വെളിവാകുന്നതിനാൽ രണ്ടാമത്തുപക്ഷമാണു് ബലപ്പെടുന്നതു്. അന്നെല്ലാം രാജ്യം ഭരിച്ചിരുന്നവർ ഈ നായന്മാർ തന്നെ ആയിരുന്നതിനാൽ മററു കല്പനയ്ക്കു മിടയില്ല.

'കേരളക്ഷത്രനാകേന്ദ്ര'

എന്നു കാണുന്നതും സോമവംശാദി ആഗന്തുപുരുഷചൂഡാമണികളിൽ നിന്നും സുകരമായി പൃഥക്കരിച്ചു് ഇവരെ അറിയുന്നതിൽ സഹായിക്കുന്നതായി തോന്നുന്നു. ആൎയ്യന്മാർ ദക്ഷിണദേശകോടി കൈവശപ്പെടുത്തിയ സമയം തദ്ദേശവാസികളെ തങ്ങളുടെ മതത്തോടു്മുഴവനും യോജിപ്പിപ്പാനും ഭാഷയെ നിൎമ്മൂലംചെയ്‌വാനു

മൊന്നും സാധിച്ചില്ലെന്നല്ല ഇവരുടെ ദ്രാവിഡാദിഭാഷകളേയും വിദ്യകളേയും അവർ പഠിക്കേണ്ടതായിട്ടു കൂടിവന്നു എന്നു ഡാക്ടർ ഭണ്ഡർക്കർ 'ദക്ഷിണേതിഹാസ'ത്തിൽ പറയുന്നു. ഇതിനാലത്രെ ഉത്തരദേശഭാഷകളുടെ ഛായ ദ്രാവിഡാദി ഭാഷകൾക്കില്ലാതിരിക്കുന്നതു്. അതു നില്ക്കട്ടെ, പൂർവസ്ഥിതിയെ വെളിവാക്കുന്നതായ മലയ(ാ ചല)ഖണ്ഡത്തെ അടിസ്ഥാനമാക്കി അല്പം പറഞ്ഞുകൊള്ളട്ടെ.

''സുബ്രഹ്മണ്യാൽ സുരാഷ്ട്രാന്തമുദ്ധൃത്യ ഭാർഗ്ഗവോമുനിഃ
സ്ഥാപയാമാസ തീർത്ഥാദീംസ്തത്രതത്ര സുപുപുണ്യദാൻ''

എന്നാദിയായി അതിൽ ഭഗവാൻ ഭാർഗ്ഗവരാമൻ സുബ്രഹ്മണ്യം തൊട്ടു്സൌരാഷ്ട്രദേശം വരെ അബ്ധിയിൽ നിന്നുദ്ധരിച്ചിട്ടു് അവിടവിടെ തീർത്ഥാദികളേയും മററും സ്ഥാപിച്ചു എന്നു പറയുന്നു. മററു ചിലതിൽ സിന്ധുനദിവരെയും അതുത്തി പറയുന്നുണ്ടു്. പിന്നീടു് അതിൽ തന്നെ 'നാസിക'വരെ ഒരുത്തി പറയുന്നതിനാലൊരു ന്യൂനതയാവാനില്ല. പുരാണത്തിലല്ല ലോകത്തിലും ഇന്നതിനുമിന്നതിനുമെന്നു പറയാറുണ്ടല്ലൊ. പിന്നീടു് ശ്രീപരശുരാമൻ തപസ്സിനു പോയശേഷം അവിടെ വലിയ ക്ഷാമമുണ്ടായി പ്രജകളെല്ലാം പത്തു ദിക്കിലേക്കും പുറപ്പെട്ടതിൽ ചിലർ യാതൊരിടത്തു് നിളാ, ഫുല്ലാ, കല്ലാ, ഭാർഗ്ഗവീ മുതലായ നദികളുള്ളതായും ക്ഷുത്തൃഷ്ണാദിബാധകൾ ഇല്ലാത്തതായും ഇരിക്കുന്നൊ, അങ്ങിനെയുള്ള മലയാചലമെന്നു പ്രസിദ്ധമായ നാട്ടിലേക്കു് വന്നു എന്നും ആ ആഗന്തുക്കൾ കാശ്മീരികഗോനന്ദൻെറ (പക്ഷേ കാശ്മീരിക രാജാവായ ഗോനന്ദൻ മൂന്നാമൻെറ) സഹജീവിയായി ഖരവംശ്യനായി കേരള ക്ഷത്രനാകേന്ദ്രവായ 'കംകലേന്ദ്രൻ' എന്ന രാജാവിൻെറ ആശ്രയത്തിൻ പേരിൽ വലിയ സ്ഥാനമാനങ്ങളെ ലഭിച്ചുവെന്നും പറയുന്നു. (ഖരനേതെന്നു തീർച്ചയാകുന്നില്ല. നികുംഭൻെറയും ബാണാസുരൻെറയും വംശത്തിലുള്ള നൃപന്മാരുടെ വകയായ പ്രാചീന ലിപികൾ പ്രസിദ്ധം ചെയ്തു കാണുകയാൽ ഇതും രക്ഷഃ പതിയായിരുന്ന ഖരൻ തന്നെ എന്നു തോന്നുന്നു.) മൂന്നാമതു് ഗോനന്ദൻ വ്യാകരണകർത്താവായ ചന്ദ്രാചാര്യൻെറ കാലത്തിനടുത്തുള്ള ആളും ഹേളാരാജീയപ്രകാരം ചന്ദ്രാചാര്യൻ ശ്രീഭർത്തൃഹരിയുടെ ഗുരുവായ വസുരാതൻെറ സതീർത്ഥ്യനും ആകയാൽ ആര്യന്മാർ വന്നതു് ഭർത്തൃഹരിയുടെ സോദരനായ ശ്രീവിക്രമാദിത്യ മഹാരാജാവിൻെറ കാലത്തിനടുത്താകുന്നു എന്നു വരുന്നു.

ദെക്ഷോഢേശ്വരകംദലൻെറ

(തച്ചുടയകൈമളുടെ) വംശത്തിൽ കാർത്തവീര്യ പ്രതിമനായിട്ടും

യാതൊരുവങ്കൽ ക്ഷത്രശബ്ദമംകുരിച്ചതൊ, എന്നിരിക്കുന്നു. അപ്ര കാരമുള്ളതായിട്ടും വീരകംദലനെന്നൊരു നരപതി ഉണ്ടായിരുന്നു വെന്നും ശംഖപാലകുലോത്ഭൂതനായി മുക്താത്മാവായ ആ ഭൂകല്പത രുവിൻെറ വൃത്തി അന്യ ദുർലഭയായിരുന്നു എന്നും പറയുന്നു.

''അനന്തൊ ഗുളികശ്ചൈവ വാസുകിഃശംഖപാലകഃ''

എന്ന നാഗോല്പത്തിപ്രകാരം വാസുകിശംഖപാലനാഗന്മാർ ക്ഷത്രിയാന്വയന്മാരാകയാൽ ശംഖപാലനാഗവംശക്കാരനും ക്ഷത്രി യനാകാൻ തന്നെ ന്യായമുള്ളു.

മൂലം =

''തത്ര കാലേഽധിരാജസ്യ ദക്ഷോദേശ്വരകംദലഃ
വംശേഽഭവന്മഹാമാന്യഃശൂരോ നാക്രാന്തവിക്രമഃ
കാർത്തവീര്യ്യഇവക്ഷ്മാഭൃദ്വീരകംദലഭൂപതിഃ
ക്ഷത്രശബ്ദോ യത്ര നൂനംക്ഷതാത്ത്രായതഇത്യതഃ =
യതിഭൂയംഗതോഭൂത്സബ്രഹ്മരാതസ്സുതോപമഃ
ശംഖപാലകുലോല്പന്നൊ ധരണീകല്പഭൂരുഹഃ''

* കാഷ്മീര മഹാരാജാവിൻെറ ജാമാതാവായിരുന്നു പി ന്നീട് രാജാവായി ഭവിച്ച ദുർലഭവദ്ധനൻ കാക്കോടനാഗപുത്രനാ യിരുന്നതിനാൽ മുൻപറഞ്ഞതു അസംഭാവിതമെന്നു വരാനില്ല. പിന്നീട് വളരെക്കഴിഞ്ഞു മുൻപുവന്ന ക്രോഡവൂരന്മാർ മുതലായവർ

'ശംകരക്രോഡസംശ്രയാഃ'

ശംകരൻ കോതയുടെ (മിക്കവാറും തച്ചേത്തു മൂന്നാംകൂറുകൈ മളുടെ) സഹായത്താലും വേദനാരായണൻെറ ആശ്രയബലത്താലും രാജാക്കന്മാരായി എന്നും പറയുന്നു. പിന്നെ ഇവർ രാജ്യവിച്യുത ന്മാരായി അന്യവംശക്കാർ നൃപന്മാരാകുമെന്നും അപ്പോൾ കാക്കോട വംശ്യനായ ലോല്ലാദിത്യനാൽ ഇവർ പരാജിതരാകുമെന്നും മററും പറയുന്നു. ഈ ലോല്ലാദിത്യൻ (രാജതരംഗിണിയിലെ) കാശ്മീരി കലളിതാദിത്യനായി വരാമെന്നു തല്ലക്ഷണാനകം കൊണ്ടു ഊഹി ക്കേണ്ടിയിരിക്കുന്നു. പേരിൻെറ അല്പമായ രൂപഭേദം സാരമില്ല. വായുപുരാണത്തിലെ പുളോമാവിയാണ് വിഷ്ണുപുരാണത്തിലെ പുളോമാർച്ചിസ്സ് എന്ന് ഡാക്ടർ ഭണ്ഡർക്കർ പറയുന്നു. ഇങ്ങനെ സാധാരണവരുന്നുമുണ്ട്. ലളിതാദിത്യൻെറ ദക്ഷിണദിഗ്വിജയത്തെ ക്കുറിച്ച് താഴെ വരുംപ്രകാരം പറയുന്നു:—

* അനുബന്ധം നോക്കുക.

'ക്ഷിതിട്ടദ്ദാക്ഷിണാത്ത്യാനാം തിശ്ശക്തംജ്ഞാപനായ സഃ
പൃഷ്ഠംമഹീതലസ്പൃശ്ിചക്രെ കൌപീനവാസസി'

ഇതു് മൂകിലന്റെ ചില ദുരാചാരവ്യവസ്ഥാപനം പോലെ വരാവുന്നതെന്ന നമുക്കറിവുള്ളതാണെല്ലോ. കൌപീനവാസസി എന്ന പറഞ്ഞിരിക്കകൊണ്ടു് സ്ഥലം മാററമില്ല. മുൻകാലങ്ങളിൽ ഇങ്ങിനെ അല്ലായിരുന്ന എന്ന പ്രമാണമുണ്ടുതാനം. നായന്മാരുടെ പൂർവാവസ്ഥയേയും മററും കുറിച്ചുള്ള വിശേഷവിസ്താരാദി 'പ്രാചീന മലയാള' മുഖേന അറിയാവുന്നതാകയാൽ ചുരുക്കുന്നു. ഇതിനാൽ, സാമാന്യ വിശേഷാകാരത്തിൽ, 'ഇതുദണ്ഡ്' എന്ന ഗ്രഹിക്കും പോലെയും ബ്രാഹ്മണവസിഷ്ഠന്യായ പ്രകാരവും മററു മാന്യന്മാരെ (ബ്രാഹ്മണാദികളെ) തിരിക്കുംവണ്ണം ഇവരെ ക്ഷത്രിയാംഗങ്ങളെന്ന സാമാന്യമായി വ്യവസ്ഥാപിക്കാവുന്നതും വിശേഷജിജ്ഞാസ ഉള്ള പക്ഷം കേരളക്ഷത്രിയനായകനെന്ന ഖണ്ഡിക്കാവുന്നതും (വ്യവച്ഛേദിക്കാവുന്നതും) ആകുന്ന എന്ന സിദ്ധിക്കുന്നു. ഇങ്ങിനെയുള്ള മലയാള ക്ഷത്രിയരാജാനുയജന്മാരായ നായന്മാരുടെ പൌരോഹിത്യം അവരന്മാരെന്ന സംസ്കൃതത്തിൽ പറയാറുള്ള പുരോഹിതന്മാൎക്കു് ഉണ്ടായിരുന്നില്ലെന്ന പലദൃഷ്ടാന്തങ്ങളാലും തെളിയുന്നുണ്ടു്. ഈ കൃത്യം ഏതാനം ചിലഭേദഗതികളോടു കൂടി അന്നുള്ള നായന്മാരിൽ തന്നെയാണു് സ്ഥിതിചെയ്തിരുന്നതു്. പിന്നീടു് ഇവിടെ വന്നവരായ ബ്രാഹ്മണൎക്കു് സ്ഥിരവാസത്തിനുള്ള സൌകൎയ്യങ്ങളും ആശ്രയസ്ഥാനവും ലഭിച്ചതോടുകൂടി അവർ ആഭിജാത്യമുള്ളവരെന്ന വിചാരിക്കപ്പെടുകയും ഈ പൗരോഹിത്യം അവരിൽ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. ഇണങ്ങർ നടത്തിയിരുന്ന വിവാഹകൃത്യപ്രതികൃതി (ഛായ) യായ (താലി) കെട്ട തൽകൎത്താവിന്റെ ആശൗചദീക്ഷ, പിണ്ഡക്രിയ, മുതലായവ നടത്തിവരുന്നതിനുള്ള അസുകരത നിമിത്തമാകുന്ന ആയതു് എന്ന ഞങ്ങളുടെ ഓൎമ്മയിൽ ചിലർ മാററിച്ചെയ്യതു കൊണ്ടു് ദൃഷ്ടാന്തമായി തീൎന്നിരിക്കുന്നു. ശ്രാദ്ധകാലത്തിൽ ഇണങ്ങന്റെ കൃത്യം (ശ്രാദ്ധഭുക്തി) പുരോഹിതൻ നടത്തിയിരുന്നു. ദൃഷ്ടാദൃഷ്ടഫലങ്ങളാകുന്ന കൃത്യങ്ങളിൽ കൎമ്മധൎമ്മാദിനേതാവായി സ്ഥാപിക്കപ്പെടുന്ന ആ൦ എന്ന പുരോഹിതശബ്ദത്തിനു്അവയവാൎത്ഥമാകുന്നു. ഈ ഭോജനം അവരുടെ മാന്യസഗോത്രൎക്കു പൂർവവൽ രുചിക്കായ്കയാൽ ക്രമപ്രാപ്ത ഗതിഭേദത്തിനു് തല്ക്കാലം അവരെ തിരിച്ചു വെച്ചു പ്രബലജനകൃത്യാനരോധമായി ഭേദപ്പെടുത്തുന്നതിനു് ക്ലിപ്തസമയത്തിൽ ഒരു നിയമവും ഏൎപ്പെടുന്നതാകുന്നു, ആയതു് അഥർവവേദത്തിലെ ശ്യേനയാഗവിധി, മനു മുതലായവരുടെ

'പഞ്ചപഞ്ചനഖാ ഭക്ഷ്യാഃ'

എന്ന പരിസംഖ്യാ വിധി

'ശൂദ്രാദിസ്പർശനേസ്നാനം'

എന്നു തുടങ്ങിയ സ്മാർത്തവിധി എന്നിവപോലെ പൂർവാവസ്ഥയെ ഏറെക്കുറെ സൂചിപ്പിക്കുന്നതായിരിക്കും. എന്നാൽ, ശ്രാദ്ധഭക്ഷണം നിമിത്തമാകുന്ന തിരിച്ചതെന്നാണ് ആ നേതാക്കളുടെ രക്ഷയ്ക്കുവേണ്ടി കേരളമാഹാത്മ്യാദികർത്താക്കൾ പ്രകാരഭേദത്തിൽ പറയുന്നത്. ഇപ്രകാരമല്ലാതെ വിരോധികോടിയിൽ അന്തർഭവിച്ചവർ പറകയില്ലെന്നുള്ളത് ആർക്കും അതീന്ദ്രിയമായ ഒരു വിഷയമല്ല. വടക്കൻ ദിക്കിൽ ചില സ്ഥലത്തു അടുത്ത (80-ാമാണ്ടിനകമുള്ള) കാലങ്ങളിൽ ചില മാടമ്പിമാർ ശ്രാദ്ധം കഴിക്കുന്നതിനോട് അഭിമുഖമായിരുന്നുകൊണ്ട് പുരോഹിതൻ ശ്രാദ്ധഭോജനം ചെയ്യുന്നതും മററും ഗോപ്യമായി നടന്നിട്ടുള്ള സംഗതി അല്ലായിരുന്നു. പണ്ട് ജാബാലനെന്ന ഋഷി ഉപനയനപൂർവം വിദ്യകൾ പഠിക്കുന്നതിനായി ഒരു മഹർഷിയുടെ അടുക്കൽ ചെന്നസമയം തജ്ജനകഗോത്രാദി വിഷയമായുണ്ടായ പ്രശ്നത്തിനു് അവയൊന്നും അറിഞ്ഞിട്ടില്ലാത്തവയാണെന്നും, തൻെറ ജനയിത്രി പലരേയും പരിചരിച്ചിരുന്ന കാലത്തിലുത്ഭവിച്ച താൻ ജാബാലനാകുന്നു എന്നൊന്നല്ലാതെ യാതൊന്നും അമ്മയുംകൂടി അറിയുന്നില്ലെന്നും പറഞ്ഞതിൽ, സത്യം പറകയാൽ സന്തുഷ്ടനായി ഭവിച്ചിരിക്കുന്നു എന്നു പറഞ്ഞ ആ ഗുരുവിൻെറ അടുക്കൽ നിന്നും ദീക്ഷാവിധി പ്രകാരം സകല വിദ്യകളും ലഭിച്ചതായി നമ്മുടെ പരിശുദ്ധമായ വൈദികഗ്രന്ഥങ്ങളുടെ ശിരോഭാഗങ്ങളിൽ കാണുംപോലെ പ്രായമായ ശേഷം ഉത്തരദേശങ്ങളിൽ (ലാഹോർ, വൃന്ദാവനം, കാശി മുതലായ സ്ഥലങ്ങളിൽ) സഞ്ചരിച്ച് രാമാനുജവൈഷ്ണവന്മാരിൽ നിന്നു് വിശിഷ്ട സംസ്കാര (ഉപനയനാദി) പൂർവകം ദ്വിജത്വം പ്രാപിച്ച് ബഹുവിധ വിദ്യാപാരീണനായി വന്നിരുന്ന് ശാസ്ത്രാലോചനയിൽ പല മാന്യന്മാർക്കും ഒരു ഗുരുവായ കൃഷ്ണപണ്ഡിതരെന്ന മാനവമാടമ്പിയുടെ കുടുംബത്തിൽ തന്നെ വച്ച്, വച്ചൊരുക്കി അതിൽനിന്നും ഉപാദ്ധ്യായന്മാർ അടുത്ത കാലം വരെ ഭക്ഷിച്ചിരുന്നു. അക്കാലത്തു രൂപഭേദം വരുത്തിയാൽ കൊള്ളാമെന്ന് ആ വർഗ്ഗക്കാർ ആഗ്രഹിച്ചിരുന്നു എങ്കിലും അന്നു സാധിക്കാതെ ഈയിടക്ക് ഒരു വിധം അവർ സിദ്ധസമീഹിതന്മാരായി വന്നിരിക്കുന്നതു് ക്രമത്തിലെ ഗതി വൈരൂപ്യത്തിനു് ഒരു ദൃഷ്ടാന്തവും, ഇതു വാസ്തവവും ആകുന്നു. മേല്പറഞ്ഞ വൈദിക ലൗകിക വൃത്തങ്ങളിലെ ആചാര്യന്മാർ രണ്ടും മററു ചില 'രൈക്വൻ' മുതലായ ഋഷിമാരെപ്പോ

ലെ എങ്കിലും ദ്രവ്യാദ്യഭിലാഷത്തിന്ന് കേവലമധീനന്മാരാകാതെ ഇങ്ങിനെ ചെയ്കയാൽ

'ഭൃതകാദ്ധ്യാപകർ', 'ഗ്രാമയാജകർ'

എന്ന ആക്ഷേപത്തിന്ന് വിഷയമല്ല. അധികാരവിഷയത്തിൽ നിർബന്ധമില്ലാത്തവർ വേദാഖ്യായികകളിലും ഇന്നും ചിലർ ഉണ്ട്. ഈ കഥകാം വിവരിച്ചെഴുതിയതു് ചില അപൂർവതയെ കാണിക്കാനല്ലാതെ മറ്റൊരഭിനിവേശത്താലും അല്ല. ആകയാൽ, അതിപ്രസംഗശങ്കക്കവസരമില്ലെന്ന വിശ്വസിക്കുന്നു. അക്കാലത്തു് അടുത്ത ഒരു പുരോഹിതനോട്ട് ചോദിച്ചതിൽ 'ഫല്ലാ' നദിക്ക (പാഴൂപ്പുഴക്ക) വടക്കുള്ളവർ അങ്ങിനെ ചെയ്യുന്ന എന്നല്ലാതെ അവർ അപ്രകാരം പ്രവൎത്തിക്കയില്ലെന്ന സമാധാനം പറഞ്ഞുകളഞ്ഞു. ഇതു ഒരു 'കുശകാശാലംബനകല്പ'മാണ്—

ഇങ്ങിനെ താന്താങ്ങാംക്കായപോൽ ഓരോ വൎഗ്ഗക്കാർ പ്രവൎത്തിക്കുന്ന സ്ഥിതിക്ക് ഇവൎക്ക് സ്വാൎത്ഥത്തിൽ ഔദാസീന്യവും, പ്രമാദവും ഒന്നും വന്ന കൂടാത്തതാണ്. മുഖം നോക്കുന്നതു് ഒരാംക്ക മാത്രം അട്ടിപ്പേറാണോ? കഷ്ടം തന്നെ! ഇവരുടെ ദയാബുദ്ധിയോ നിരഭിമാനമോ, എന്തൊ? അവരെ അനുകരിക്കാതിരുന്നാൽ വിഘടിക്കുമായിരിക്കാം.—എന്നാൽ എന്തു്?

''സംയോഗാ വി പ്രയോഗാന്താഃ''

എന്ന പഴമൊഴി പ്രകാരം വന്നതു പോകുന്നതാണ്. അവർ അതു കൊണ്ട്, പിരിയുന്നതാണ് യുക്തതമം............

താഴെ വരുന്ന സംഗതികളെ അടിസ്ഥാനമാക്കി നിരൂപിക്കുന്നതായാലും ഇക്കൂട്ടരുമായുള്ള ദുർദ്ദുരുഢബന്ധജാതമകറേണ്ടതാകുന്നു.

മലയാള ബ്രാഹ്മണസർവസ്വമായ 'കേരളമാഹാത്മ്യ'ത്തിലെ
''ഇത്യേവംകല്പയാമാസ ശ്രീമൂലസ്ഥാനമാഗതഃ
കശ്ചിദ്വിജസ്തു തത്രൈവ ശൂദ്രസ്യഭവനം യയൌഃ
ശ്രാദ്ധംഭുക്ത്വാ സമാഗത്യ ശ്രീമൂലസ്ഥാനമണ്ഡപെ
ബ്രാഹ്മണാനാന്തുമദ്ധ്യേ ച തസ്ഥൌ ച ദ്വിജദൂഷകഃ.....
.........'തല്ലാലെ ഭാൎഗ്ഗവസ്തത്ര ബ്രാഹ്മണാൻവാക്യമബ്രവീൽ'
ശൂദ്രാണാം സ തു നിത്യം ച ശ്രാദ്ധാൻഭുക്ത്വാ ച തിഷ്ഠതു=
അനുജ്ഞാപ്യ ദ്വിജംതസ്മൈ ഗ്രന്ഥം ച പ്രദദൌ തതഃ!
പാതിവ്രത്യഗതാ മാസ്തു തവഭാൎയ്യാ ച പുത്രികാ=

തവഭാൎയ്യാ ച പുത്രാൎത്ഥം ബ്രാഹ്മണാൻ നിത്യമേവ ച-
തൈഃസാകം ച രതിംകൃത്വാ തിഷ്ഠന്താമവനീതലെ= ...''

ഇതിൻപ്രകാരം ശൂദ്രശ്രാദ്ധമുണ്ടു് ശ്രീമൂലസ്ഥാന മണ്ഡപത്തിൽ വരികയാൽ യോഗാചാൎയ്യ സമ്മതിയനുസരിച്ച ഭ്രഷ്ടനാക്കിയ ദ്വിജനെ നോക്കി ശൂദ്രശ്രാദ്ധഭോജനം നിമിത്തം പാപിയായ നീ ശ്രാദ്ധമുണ്ടു് കഴിച്ചുകൊള്ളുക, എന്നും പറഞ്ഞു അതിനു ഒരു ഗ്രന്ഥവും കൊടുത്തു, എന്നും (നിൻെറ ഭാൎയ്യ പാതിവ്രത്യം കൂടാതെ വിപ്രന്മാരെ വരിച്ചു സന്താനവൃദ്ധിവരുത്തി ഇരിക്കട്ടെ എന്നും) വിധിച്ചതായിട്ടും കാണുന്നു. അങ്ങിനെയാകുമ്പോൾ ശ്രാദ്ധം ഉണ്ണുകയും ഊട്ടുകയും വേണ്ടതാണല്ലോ. മുൻപറഞ്ഞതുപോലെ ശ്രാദ്ധഭുക്തി ചില ദിക്കിൽ ഈ അടുത്ത കാലം വരെ ഉണ്ടായിരുന്നു. ഭാൎഗ്ഗവവിധിപ്രകാരമെങ്കിൽ ദേശപരിഛേദമൊ കാലപരിഛേദമൊ അവരുടെ കണക്കു പ്രകാരം വരാൻ ന്യായമില്ല, വരുത്തിയുമിരിക്കുന്നു. ഇനിയും പരശുരാമൻെറ ആജ്ഞപോലെ ആണെങ്കിൽ പാതിവ്രത്യം

''സമ്രാഡാഢ്യോ വിശിഷ്ടശ്ച സാമാന്യോ ജാതിമാത്രകഃ
സാങ്കേതികശ്ച ശപ്തശ്ച പാപീത്യഷ്ടവിധൊ ദ്വിജഃ''

എന്നു എട്ടു വിധത്തിലുള്ള ദ്വിജന്മാൎക്കെ ആകാവൂ എന്നും മററാൎക്കും പാടില്ലെന്നും കേരളമാഹാത്മ്യത്തിൽ മറെറാരിടത്തുണ്ടു്.

''അഷ്ടൗ ഹി വിപ്രാ ദ്വൗ ന്യൂനൌ''

എന്നു ജാതി നിൎണ്ണയപ്രകാരം ഇവർ ആ എട്ടിൽ ചേരാതെ ന്യൂനന്മാരെന്നു പറയപ്പെട്ടിരിക്കുന്ന രണ്ടു വൎഗ്ഗത്തിൽ ഉൾപ്പെട്ടതാകുന്നു. അപ്പോൾ ഭാൎഗ്ഗവശാസനമെന്നു പറയുന്നതിനു് വിരുദ്ധമായി നടക്കയാൽ ഭാർഗവവിധി കൊണ്ടല്ലെന്നാകുന്നു.

'അസമാനഗോത്രപ്രവരൈവിവാഹഃ'-

എന്നു സൂത്രാനനുഗുണമായി ഇവൎക്കു് വിവാഹനടപടിയുമുണ്ടു്. അത്രമാത്രമല്ല, വിവാഹസംപ്രദായം ഇവരെ സംബന്ധിച്ചെടത്തോളം മേൽ കാണിച്ച കേരളമാഹാത്മ്യം പാടേ നിഷേധിക്കയും ചെയ്യുന്നു. ഇതിനെത്താങ്ങി ഒരു കോർട്ടുവിധിയും അടുത്തകാലത്തു് ഉണ്ടായിരിക്കുന്നതായി അറിയുന്നു. ആകപ്പാടെ, അധികം വിസ്തരിക്കാതെ ചുരുക്കുന്നതു യുക്തമെന്നു വിട്ടിരിക്കുന്നു. ഇത്രയും അവരെ ത്താങ്ങിയുള്ള പ്രമാണാദി പൎയ്യാലോചനപ്രകാരം പറഞ്ഞതാണു്. നമ്മുടെ പ്രാചീന മലയാളാദ്യാശയമനുസരിച്ചായാൽ ഭാൎഗ്ഗവൻ വെറും

നിരപരാധിതന്നെയാണു്.

''രാജ്ഞോപവരകെ സ്ഥിതപാ''

എന്നു് മററൊരിടത്തു പറഞ്ഞിരിക്കുകയാൽ ഭാൎഗ്ഗവക്ഷേത്രത്തിൽ നിന്നും തെക്കോട്ടു തിരിച്ച ദ്വിജവൎഗ്ഗക്കാരിൽ ചിലൎക്കു് അടുക്കളവെപ്പു് കിട്ടി മിടുക്കരായി എന്നു പറയുന്നതു് ഇവരെ ഊന്നി ആണെന്നു കിട്ടുന്നു.

''അഥൈക ആഗതാ ശ്രാദ്ധഭോജിനൊ വരജാംശജാഃ
കാരൌല്ലരാദ്വിജാസ്തേത്തു നാഗശ്രാദ്ധേ തു ഭോജിനഃ
നിയുക്താഅഭവംസ്തദ്വന്മഹാനസെ പരത്ര ച
ഗൃഹാൎച്ചനെ ച നാഗാനാമാജ്ഞയാ ക്രോഢനന്ദിനഃ''

ആൎയ്യന്മാരുടെ വരവു കുറെ ആയപ്പോരം കാരോല്ലര ദ്വിജന്മാരായി അവരനെന്ന ഇളയതിന്റെ വംശജരായിരിക്കുന്ന ചിലർ വന്നു ക്രോഢനന്ദിയെന്ന രാജാവിന്റെ അനുമതിയോടെ നാഗന്മാരുടെ ശ്രാദ്ധക്കാരായി എന്നും നാകന്മാരുടെ അടുക്കളയിലും ഗൃഹദേവതാൎച്ചനയിലും സ്ഥാപിതന്മാരായി എന്നും കാപ്യസംഹിതാന്തർഗതമായ മലയാചലവർണനഘട്ടത്തിൽ പറയുന്നു. അങ്ങിനെ ആകുമ്പോരം കൊടുത്തതായി

'സ്വാമ്യർഥെ സ്വേച്ഛയാ ഭൃത്യൈർവേതനാദിപ്രയുക്തയാ
കൎത്തവ്യംകൎമ്മ യദിദമധികാരം പ്രചക്ഷതെ'

എന്നവചനപ്രകാരമുള്ളതായിരിക്കുന്ന അധികാരത്തിൽ പ്രമാദാദി (മനസ്സിരുത്തായ്ക) ഉൽഭാവിതമായി കണ്ടാൽ അപ്പോഴെ ബഹിഷ്ക്കരിക്കേണ്ടതായിരുന്നു. പൂർവന്മാർ ആശ്രിതവാത്സല്യം കൊണ്ടങ്ങനെ ചെയ്യില്ലെന്നിരുന്നാലും ഇപ്പോരം അവരുടെ സ്ഥിതിഭേദത്താൽ അതിനു തക്കസമയമാകുന്നു എന്നു മലയക്ഷത്രിയനായകകണ്ഠീരവന്മാർ ഓൎമ്മിക്കാനർഹന്മാരാകുന്നു.

ഈ പുസ്തകനിൎമ്മാണാവസരത്തിലും മററും ക്രോഢീകരണത്തിനുപയുക്തമായ ഏതെല്ലാം ഗ്രന്ഥങ്ങളെ സമാകലനം ചെയ്യിട്ടുണ്ടെന്നു പ്രകൃതപുസ്തകവാചനക്ഷണത്തിൽ മഹാശയന്മാൎക്കു് മനസ്സിലാകുന്നതാണു്. ഇതിൽ ആദ്യത്തേതായ പ്രേതപദ്ധതിയിൽ വ്യാവഹാരിക ദൃഷ്ടിക്കു് സിദ്ധിക്കുന്ന പ്രേതഭാവവും തന്നിവൃത്തിക്കു് ഔൎദ്ധ്വദേഹികാദികൃത്യത്തിന്റെ ആവശ്യകതയും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തേ പദ്ധതിയിൽ ഒന്നു മുതൽ പന്തി രണ്ടുവരെ

ദിവസങ്ങളിൽ ചെയ്യേണ്ട കർമ്മങ്ങളും മൂന്നാമത്തേതിൽ ആശൌചവിധികളും നാലാമത്തെ പദ്ധതിയിൽ സപിണ്ഡീശ്രാദ്ധാദികളും അഞ്ചാമത്തെ പദ്ധതിയിൽ പുംസവനാദി സംസ്കാരങ്ങളും ആറിൽ സന്ധ്യാനുഷ്ഠാനക്രമവും വിവരിക്കപ്പെട്ടിരിക്കുന്നു.

ഇങ്ങിനെ പ്രസ്താവന ഏതാണ്ടൊട്ടു ചുരുക്കി മാത്രമാണ് പറഞ്ഞതു്; എങ്കിലും വിസ്തൃതമായി എന്നു് അപടുക്കൾക്കു് തോന്നിയേക്കാം. വിസ്തരഭയം നിമിത്തം കുറഞ്ഞൊന്നു് അനുബന്ധത്തിൽ പക്ഷേ ചേർക്കാമെന്നു വിട്ടിരിക്കയാണു്.

അസ്മദാധിജനസുലഭങ്ങളായ ധീചാപലാപാടവാദികളാൽ സമുത്ഭാവിതങ്ങളായി ഇതിൽ വരാവുന്ന സ്ഖലിതങ്ങളെ ശ്രീമന്മഹാശയചക്രവർത്തികൾ ക്ഷമിച്ചനുഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു.

എന്നു്, ഗ്രന്ഥകർത്താ.

# PREFACE

I had much pleasure in listening to the Acharapadhathi written by Pandita Padankathyasrami Neelacanda Theertha Swamikal. The advent of the book at this critical time when social problems are engaging the serious attention of enquirers after truth is most welcome and I am glad to be able to say that it discloses a number of truths supported by the authorities of eminent men. The Swamikal has spared no pains in making the work acceptable to all interested in the study of social problems. The authority referred to in the introduction comes from no less a person than Narahari-Narayana Sarma, a devoted disciple of Rana Soora Sarma of celebrated name, Venugramam, Belgaum. I bear testimony to the manuscript letter on the subject, received by post from the above distinguished personage.

(Sd.)

12-3-1990

**K. Palpu Pillai** B. A.
Thasildar & 1st Class Magistrate,
Karunagappally.

# ആമുഖം

## വിവർത്തനം: M. R. T. N.

പണ്ഡിതപാദാംകാത്യാശ്രമിയായ നീലകണ്ഠതീർത്ഥ സ്വാമികളാൽ വിരചിതമായ 'ആചാരപദ്ധതി' എന്ന ഗ്രന്ഥം വായിച്ചു കേൾക്കാൻ ഇടയായതിൽ അതിയായ ആഹ്ലാദമുണ്ട്. സത്യാന്വേഷകരുടെ ഗൗരവപൂർണ്ണമായ ശ്രദ്ധയ്ക്കു് സാമൂഹികപ്രശ്നങ്ങൾ പാത്രമാകുന്ന ഇപ്പോഴത്തെ നിർണ്ണായകകാലഘട്ടത്തിൽ പ്രസ്തുത കൃതിയുടെ ആവിർഭാവം അങ്ങേയററം സ്വാഗതാർഹമാണ്. പ്രശസ്തരായ ചിന്തകന്മാരുടെ ആധികാരികമായ അഭിപ്രായങ്ങളുടെ പിൻബലത്തോടെ പല തത്വങ്ങളും സത്യങ്ങളും ഈ ഗ്രന്ഥത്തിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നു പറയാൻ കഴിയുന്നതിൽ എനിക്കു് വളരെ സന്തോഷം തോന്നുന്നു. സാമൂഹിക പ്രശ്നങ്ങൾ പഠിക്കുന്നതിൽ തത്പരരായ ഏവക്കും ഇതു് സ്വീകാര്യമായ ഒരു പ്രബന്ധമാക്കുന്നതിൽ സ്വാമികൾക്കു് ഒരു പ്രയാസവും അനുഭവിക്കേണ്ടിവന്നില്ല. അവതാരികയിൽ പരാമൃഷ്ടനായിരിക്കുന്ന അഭിജ്ഞദേഹം, ബൽഗാം എന്ന സ്ഥലത്തുള്ള വേണുഗ്രാമത്തിലെ വിഖ്യാതനായ രണശൂരശർമ്മയുടെ പ്രണത ശിഷ്യനായ നരഹരി നാരായണശർമ്മയാകുന്നു എന്നതു് പ്രത്യേകം പ്രസ്താവ്യമാണ്. വിശിഷ്ടനായ ഇദ്ദേഹത്തിൻെറ പക്കൽ നിന്നും ലഭ്യമായിട്ടുള്ള കത്തിൻെറ കയ്യെഴുത്തു് ഞാൻ നേരിട്ടു കണ്ടിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു.

12-3-1990

കെ. പൽപ്പുപിള്ള ബി. എ.
തഹസീൽദാർ &
ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടു്
കരുനാഗപ്പള്ളി.

# ആശംസ

ഉപക്രമ്യമാണെ പ്രസ്തുത പുസ്തകമുദ്രാങ്കനയോജനെ തദിദമപ്യാജവം ജവീഭാവ ആ മൂലാഗ്രാദനുസന്ധായ പരിഷ്കൃതലോകഹൃദയവേധകം മുഖവിന്യാസമുപന്യസ്യ സാഹായ്യമാരചിതവതി തത്രഭവതി എം. ഏ. ബിരുദശാലി പ്രസിദ്ധസല്ലവി സുബ്രഹ്മണ്യൻ പോററി മഹാശയെ, തഥാംഗ്ളഭാഷീയാവതരണികാം കൃതവതി കരുനാഗപ്പള്ളി സ്ഥലസ്യപ്രഥമശാസന കർത്തൃപദാരൂഢെ ബി.ഏ. ബിരുദാങ്കമാന്യവര കെ. പപ്പുപിള്ള മഹോദയെ ചാനപായിനീം കൃതജ്ഞതാം വഹാമി താഭ്യാം ധന്യവാദം ച ദദാമി.

അന്യച്ച, ഗ്രന്ഥസ്യാസ്യാക്ഷരയോജക പ്രമാദാച്ഛോധയിത്രുനവധാനാദ്വാ യദി ദോഷ ആപതെത്തർഹി തം ഹൃദയാലുജനാഗ്രസരാഃ, 'ഗച്ഛതഃസ്ഖലനം' ഇതിസമാധായ ക്ഷാമ്യന്ത്വിത്യാശാസ്സേ.

പണ്ഡിതാത്യാശ്രമിസ്വാമിപാദാന്തേ വാസീ ഇടയിനേത്തു (കണക്ക കേശവാപരാഖ്യ) കുഞ്ചുപിള്ള.

പ്രകൃടനാധ്യക്ഷഃ.

# ആശംസ

## വിവർത്തനം : P. N. S. K.

ഈ പുസ്തകത്തിന്റെ അച്ചടി തുടങ്ങിയതോടുകൂടി എത്രയും വെട്ടെന്നു്, എന്നാൽ സാവധാനം ആദ്യന്തം ഈ കൃതി വായിച്ചു് പരിഷ്കൃത ജനഹൃദയംഗമമായ ഒരു മുഖവുര എഴുതിത്തന്നു സഹായിച്ച എം. ഏ. ബിരുദധാരിയും പ്രസിദ്ധ സത്കവിയുമായ ശ്രീ. സുബ്രഹ്മണ്യൻ പോററി മഹാശയനും അതുപോലെ, ഇംഗ്ലീഷ് ഭാഷയിൽ അവതാരിക രചിച്ച കരുനാഗപ്പള്ളി ഒന്നാം ക്ലാസ്സ്മജിസ്ട്രേട്ടു് മാന്യവരൻ ശ്രീ. കെ. പൽപ്പപിള്ള ബി. ഏ. യ്ക്കും ഞാൻ അകമററ കൃതജ്ഞതയോടുകൂടി ധന്യവാദം പറഞ്ഞുകൊള്ളുന്നു.

മറെറാന്നു്, ഈ പുസ്തകത്തിനു്, അച്ചുനിരത്തിയവരുടെ തെററുകൊണ്ടോ, പ്രൂഫ് പരിശോധകന്റെ ശ്രദ്ധക്കുറവുകൊണ്ടോ മറേറാവല്ല ന്യൂനതയും ഈ ഗ്രന്ഥത്തിനു സംഭവിച്ചിട്ടുണ്ടെങ്കിൽ അതു് "നടക്കുന്നവനു് അടി തെററും" എന്നു സമാധാനിച്ചു്, സഹൃദയമുഖ്യന്മാർ ക്ഷമിക്കുമെന്നു വിചാരിക്കുന്നു.

പണ്ഡിതാത്യാശ്രമിസ്വാമിയുടെ ശിഷ്യൻ

ഇടയിനേത്തു കണക്കു കേശവപിള്ള കുഞ്ചുപിള്ള

പ്രകാശക മുഖ്യൻ

# അഭിപ്രായങ്ങൾ

1

''നായന്മാർക്ക് അവരുടെ മതാചാരക്രമങ്ങൾക്ക് ശാസ്ത്രീയങ്ങളായ ഉൽകൃഷ്ട നിയമനിർബ്ബന്ധങ്ങൾ ഉണ്ടായിരിക്കണമെന്നുള്ള അഭിലാഷത്തിനാണ് ശരിയായ ഫലസിദ്ധി ഉണ്ടാകേണ്ടതായിരിക്കുന്നതു്. ഇതിലേയ്ക്കു് അഭിജ്ഞന്മാരായ പല നായന്മാരും പരിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിലാണ് പണ്ഡിതനും മഹാമനസ്കനുമായ ബ്രഹ്മശ്രീ നീലകണ്ഠതീർത്ഥപാദസ്വാമി അവർകൾ അവർക്കുവേണ്ടി ''ആചാരപദ്ധതി'' എന്നു പേരോടുകൂടിയ ഒരു ഗ്രന്ഥത്തെ രചിച്ചു നായന്മാരുടെ മതാചാരങ്ങൾക്ക ശരിയായ ശാസ്ത്രീയവ്യവസ്ഥ ഏർപ്പെടുത്തിയതു്. അതനുസരിച്ചു് സപിണ്ഡീകരണം മുതലായ കാര്യങ്ങളിൽ ശരിയായ ഭേദഗതികളോടുകൂടി മദ്ധ്യതിരുവിതാംകൂറിലേയും മററും പല താലൂക്കുകളിലുമുള്ള വളരെ വളരെ . നായർ ഭവനങ്ങളിൽ അടിയന്തിരങ്ങൾ നടത്തുകയും അവയിൽ പലതിലും അഭിജാതന്മാരായ അനേകശതം ബ്രാഹ്മണർകൂടി പങ്കുകൊള്ളുകയും ചെയ്തിട്ടുണ്ടു്. ടി ഗ്രന്ഥനിർമ്മാണത്തിൽ മഹർഷികല്പനായ അദ്ദേഹം ചെയ്തിട്ടുള്ള പരിശ്രമത്തിൻെറ ഗൗരവവും സമഗ്രതയും അത്യന്തം ശ്ലാഘാവഹമായിട്ടുള്ളതാണെന്നു് അതിനെ നല്ലതുപോലെ മനസ്സിരുത്തി വായിച്ചുനോക്കുന്ന വിവേകികൾക്ക് ബോദ്ധ്യപ്പെടുന്നതാണ്. പല തരത്തിലുള്ള പക്ഷാന്തരങ്ങളെ എല്ലാം എടുത്തുകാണിച്ചു വേണ്ടപോലെ വിമർശനം ചെയ്തെഴുതീട്ടുള്ള ആ ഗ്രന്ഥരത്നത്തിലെ സിദ്ധാന്തോപദേശങ്ങളെ അനുസരിച്ചു് സമുദായത്തെ മതാചാരക്രമങ്ങളിലും ശരിയായ വിധത്തിൽ പരിഷ്കരിച്ചു നടത്തിവയ്ക്കുന്നതിനു് ഇപ്പോൾ വളരെ വളരെ നായന്മാർ സന്നദ്ധരായിരിക്കുന്നുണ്ടു്''.

(ചങ്ങനാശ്ശേരിയിലും പരിസരങ്ങളിലും ശ്രീ. മന്നം പ്രഭൃതികൾ, ചെന്നിത്തല, മാവേലിക്കര എന്നിവിടങ്ങളിൽ അമ്പലപ്പാട്ട് രായിങ്ങൻ ശങ്കരനാശാൻ മുതലായവർ, കായംകുളം, താമരക്കുളം തുടങ്ങിയ ഇടങ്ങളിൽ ആറമ്പിൽ ഗോവിന്ദനുണ്ണിത്താൻ ആദിയായവർ ആ പരിഷ്കാരം പ്രചരിപ്പിച്ചവരിൽ പ്രമുഖരാണ്.)

**തീർത്ഥപാദ പരമഹംസസ്വാമി**

2

'പ്രാചീന മലയാളം' എന്ന വിശിഷ്ട ഗ്രന്ഥത്തിൻെറ നിർമ്മാതാവും, ഹിന്ദുമതസാരസർവ്വസ്വ സിദ്ധാന്തമാവും, സകലകലാ വിചക്ഷണനും ആയ 'ബാലരാമസ്വാമി' (ചട്ടമ്പിസ്വാമി) കള ശിഷ്യ

പ്പെട്ടിട്ടുള്ള ശ്രീ നീലകണ്ഠതീർത്ഥസ്വാമി എന്ന സത്വഗുണപ്രധാനി യുടെ ഈ കൃതി ഭാഷാസാഹിത്യവ്യോമകടാഹത്തിലെ ഗദ്യാലംബ കമായ സാമുദായിക വ്യവഹാരസരണിക്കു് മാർഗ്ഗദർശിയായുള്ള പ്രണ വോദ്ദീപസ്തംഭമായി നിലനിന്നു നിത്യം വിളങ്ങട്ടെ. ശാസ്ത്രജ്ഞ ന്മാർ ഇതു കണ്ടു സമുദായസ്ഥിതിയെപ്പററിയും തദ്ഭിവൃദ്ധിക്കുള്ള നി ത്യവൃത്യാചാരങ്ങളെപ്പററിയും സയുക്തികം പ്രതിപാദിക്കുന്ന നല്ല ഗദ്യകൃതികളെ ധാരാളം രചിക്കട്ടെ. പ്രസ്തുത ഗ്രന്ഥത്തിന്റെ ആരംഭ ഘട്ടമായ ''പ്രാസ്താവിക'' ത്തിൽ ''നായന്മാർ'' യഥാർത്ഥത്തിൽ ''മലയക്ഷത്രിയന്മാ''രാണെന്നു ശാസ്ത്രരീത്യാ തെളിയിച്ചിരിക്കുന്നു. വാസ്തവദ്രാവിഡന്മാരും യോദ്ധാക്കളുമായിരുന്ന നായർ, വെള്ളാളർ എന്നീ കൂട്ടരുടെ പൂർവ്വികന്മാർ ദക്ഷിണ ഇൻഡ്യയെ സംക്രമിച്ചു് അവിടെ അന്നുണ്ടായിരുന്ന പ്രാചീന നിവാസികളെ കീഴടക്കി കുടി യുറച്ചു് ഈ രാജ്യം പങ്കിട്ടു് ഭരിച്ചു വരവെ, ഓരോരോ കാര്യവശാൽ ആര്യബ്രാഹ്മണരെ ഉത്തര ഇൻഡ്യയിൽനിന്നു് ഇവർ ക്ഷണിച്ചുവരു ത്തുകയും ഈ ബ്രാഹ്മണർ കാലക്രമേണ ഓരോ തന്ത്രം പ്രയോഗിച്ചു് യജമാനന്മാർ എങ്കിലും അത്യന്തം ആശ്രിതവത്സലന്മാരായ ദ്രാവിഡ ന്മാരെ....കീഴ്പ്പെടുത്തി ഭരിക്കയും ചെയ്തിട്ടുള്ളതാണെന്നു് ദ്രാവിഡ പരിഷ്കാരികൾ ഉദ്ഘോഷിച്ചുവരുന്ന അഭിപ്രായത്തോടു് ''പ്രാസ്താ വികം'' യോജിക്കുന്നുണ്ടു്. പരിഷ്കാരകാംക്ഷികളായ നായന്മാരുടെ ന്യായമായ പ്രഖ്യാപനങ്ങൾക്കും ഉൽക്കർഷപ്രവൃത്തികൾക്കും ശാസ്ത്രീ യനിദാനം സയുക്തികം പ്രത്യക്ഷപ്പെടുത്തുന്ന ഈ പ്രാസ്താവികഭാഗം നായന്മാർക്കെന്നല്ല, മഹാമനസ്കതയുള്ള ഏതു് സമുദായസ്നേഹിക്കും ചരിത്രസംബന്ധമായ മർത്ത്യവർഗ്ഗപര്യടന സ്വഭാവത്തേയും ഗോത്രോ ല്പത്തി പ്രകൃതിയേയും പ്രത്യക്ഷപ്പെടുത്തുന്നതിനാൽ അഭിമാനഹേതു കമായിതീരാതെ മാർഗ്ഗമുള്ള.........ആചാരപദ്ധതിയിലെ പ്രതിപാ ദനരീതി തെല്ലു കഠിനമായിക്കാണപ്പെടുന്നുണ്ടെങ്കിൽ, അതിനുള്ള കാരണം പ്രസ്തുത വിഷയകാഠിന്യത്തിനുപുറമെ, ''ശാസ്ത്രേപ്രതിഷ്ഠാ സഹജശ്ചബോധഃ | പ്രാഗ്ലഭ്യമഭ്യസ്തഗുണാ ചവാണീ'' | എന്നു ള്ളആപ്തവാക്യമനുസരിച്ചു്ആചാരാഗമഹേതുക്കൾ 'ബഹുധാ സപ്രമാ ണം തെളിയിക്കേണ്ടിയിരിക്കുന്നതിനാൽ' അവശ്യം പ്രകാശ്യമായി വന്ന തദ്രചയിതാവിന്റെ ശാസ്ത്രപ്രതിഷ്ഠയും പാരംഗതാവസ്ഥ യാൽ സഹജമായിത്തീർന്നിരിക്കുന്ന അദ്ദേഹത്തിന്റെ പാണ്ഡിത്യവും പ്രാഗല്ഭ്യവും നിത്യപരിശീലനത്താൽ സ്വഭാഷാപ്രായം വശമാ യിരിക്കുന്ന അദ്ദേഹത്തിന്റെ ഗീർവാണവാക് പ്രചുരിമയും തന്നെ യാണെന്നു് നമുക്കു സമാധാനപ്പെടാവുന്നതാണു്.........''

(കെ. ശങ്കരപ്പിള്ള ബി. ഏ.)

## നിരൂപണം, മറുപടി

1) നാം മലയാളികളായിരിക്കെ, അന്യഭാഷയായ സംസ്കൃതത്തിലെ മന്ത്രങ്ങളും തന്ത്രങ്ങളും നമുക്കെന്തിനാണ്? മന്ത്രങ്ങളും മററും ശരിയായ സങ്കല്പങ്ങളാക്കല്ലയോ? അതുകൊണ്ട് മലയാള വാചകങ്ങളെ മന്ത്രങ്ങളായുപയോഗിക്കുന്നതല്ലയോ നല്ലത്? അങ്ങനെയായാൽ മാത്രമെ സങ്കല്പങ്ങൾ സംസ്കൃതപണ്ഡിതന്മാരല്ലാത്ത മലയാളികൾക്ക് ശരിയായി അനുഷ്ഠിക്കുവാൻ സാധിക്കുകയുള്ളു എന്നു തോന്നുന്നു.

(2) ഇതിലെ ആചാരങ്ങൾ വേണ്ടതിലധികം ചടങ്ങുകളോടുകൂടിയവയാണെന്നു തോന്നിപ്പോകുന്നു. സാധാരണ മനുഷ്യർക്ക് മനസ്സിലാക്കാനും അനുഷ്ഠിക്കാനും പ്രയാസമായ ചടങ്ങുകൾ ഏർപ്പെട്ടുപോയതുകൊണ്ടല്ലയോ പഴയ കാലത്തു ബ്രാഹ്മണശക്തിയും ദുസ്സ്വാതന്ത്ര്യങ്ങളും വർദ്ധിച്ചതു്? അതുകൊണ്ട്, ആ രീതിയിലുള്ള അനുഷ്ഠാനങ്ങൾ പൊതുജനങ്ങളുടെ ക്ഷേമത്തിനു് ഉതകുകയില്ലെന്നു തോന്നുന്നു. പുതിയ ഒരുതരം ആചാര്യന്മാർ ജനങ്ങളെ കളിപ്പിച്ചുതുടങ്ങിയേക്കാനാണെളുപ്പം.

(3) കേവലം പഴയ പുസ്തകങ്ങളെമാത്രം അടിസ്ഥാനപ്പെടുത്തി ആചാരങ്ങൾ നിശ്ചയിച്ചാൽപോരെന്നു തോന്നുന്നു. യുക്തിക്കു ചേരാത്തവയേയും ഉപയോഗശൂന്യമെന്നു തോന്നുന്നവയേയും വിട്ടുകളകയാണ് നല്ലതു്.

ഈ സംഗതികളെക്കുറിച്ച് ദയവായി ആലോചിച്ച് സാധാരണ മലയാളികൾക്കു വായിച്ചു മനസ്സിലാക്കത്തക്കവണ്ണം ആചാരപദ്ധതിയെ ഒന്നു മാറിയെഴുതിയാൽ കൊള്ളാമെന്നാണെന്റെ അഭിപ്രായം.

(വിദ്യാഭ്യാസ വിചക്ഷണനും സ്കൂൾ ഡിവിഷൻ ഇൻസ്പെക്റും 'പൗരൻ' പത്രാധിപരുമായിരുന്ന ജി. രാമൻമേനോൻ)

ഇതിനു സ്വാമികളുടെ മറുപടി

.........''സാധാരണ ജനങ്ങളാൽ അനുഷ്ഠേയമായുള്ള ഭാഗം സുഗ്രഹമാകുമാറ് പച്ച മലയാളത്തിലാണെഴുതിയതു്, ദുർഗ്രഹമായുള്ളിടം മനസ്സിലാകാതെ അവക്കും ക്രിയ നടത്താം. പ്രൗഢഭാഗം സന്ദേഹബഹുലാശയന്മാർക്കും ഗൗരവത്തിനുമാകയാൽ ഗ്രന്ഥാദിവിഷയമായുണ്ടാകാവുന്ന അവജ്ഞ കൂടാതെ കഴിയും. ഇതു സ്വയം പഠിച്ചോ എഴുത്തറിയുന്ന (സാമാന്യപാഠം ലഭിച്ച) ഒരയൽവാസിയെകൊണ്ടു് വായിപ്പിച്ചോ കൃത്യം നിർവ്വഹിക്കാമെന്നിരിക്കുന്നതിനാലും ക്ഷ്ണപ്പുരോഹിതനെക്കുറിച്ചൂന്നിയിട്ടോ ചേർത്തുവരുന്നതാ

യിട്ടോ ഇരിക്കുന്നില്ലാത്തതിനാലും, പുരോഹിതവർഗ്ഗക്കാരുടെ ദൗർമനസ്യം, ആരോപം എന്നിവയെ ഗണിക്കാതെ നിവൃത്തിയുള്ളിടത്തോളം അവരെ ദൂരെ നിരസിച്ചു നടത്തിവരുന്നതിനാലും, അതു സംബന്ധമായി അനാവശ്യ ആദായം കൊടുപ്പോ നശിപ്പോ കൂടാതെ കഴിക്കുന്നു. ഈ രണ്ടുമൂന്നു താലൂക്കുകളിൽ പുരോഹിതർ കൂടാതെയെന്നല്ല നായന്മാരിൽപോലും കൌണസ്ഥമായി ആളുവയ്ക്കാതെ ചിലർകൂടി അടിയന്തിരം നടത്തിവന്നിപ്പോൾ ബഹുവർഷമാകുന്നു. ഇരുനാഴി അരി കൊണ്ടു് പിണ്ഡം കഴിച്ചുവരികയാൽ, പാവങ്ങൾ, ആദ്യം ഉണ്ടായിരുന്ന അരുചിവിട്ടു് സന്തുഷ്ടന്മാരായിരിക്കുന്നു. എളയതന്മാർ നടത്തിക്കുന്നിടത്തുപോലും അവർ മുൻപോൽ, 'പിടി' കൂടാതെയുമുണ്ടു്. പൂർവ്വപുരോഹിതന്മാരുടെ ഉപദ്രവവും വെററിലപാക്കു വച്ചു വന്ദിക്കായ്കയാൽ നടത്തുകയില്ലെന്നു പറഞ്ഞുകേട്ടിരുന്ന ശാഠ്യവുമെല്ലാം കുറയുന്നു, 'ഗ്രന്ഥത്തിൽ, പ്രത്യേക ആചാര്യൻ വേണമെന്നില്ല. പ്രസ്താവനയിൽ അവരെ നീക്കണമെന്നു പറഞ്ഞുമിരിക്കുന്നു......മന്ത്രങ്ങൾ തന്ത്രങ്ങൾ ഇവ പഠിക്കാൻ പ്രയാസമായാലും അടുത്തിരിക്കുന്ന ആൾ ചൊല്ലുന്നതു കേട്ടു ചെയ്താൽ മതി. കിട്ടുന്ന സ്വജനങ്ങൾ അന്നന്നു നടത്തട്ടെ. പിന്നെ പൗരോഹിത്യ ഏർപ്പാടിനെന്തുവില.........ദോഷാവഹമെന്നു കാണുന്ന ഭാഗം ഗ്രന്ഥത്തിൽ നിന്നു ബഹിഷ്കരിക്കുകയോ പരിഷ്കരിച്ചു സ്മൃത്യന്തരങ്ങൾപോലെ ഉണ്ടാക്കുകയോ ചെയ്യാൻ താദൃശാശയം ഉപകരിക്കും. എന്നാൽ, കേവലയുക്തിയെ ആസ്തികക്കാശ്രയിച്ചുകൂടാ.

(ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമി ചരിത്രസമുച്ചയം

ഒന്നാം ഭാഗം പുറം 391—393 വരെ)

# ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ

(ഒരു ലഘു ജീവചരിത്രം)

## പന്നിശ്ശേരി ശ്രീനിവാസക്കുറുപ്പ്

ലോകാനുഗ്രഹപരന്മാരായ യതിവര്യന്മാരുടെ പാരമ്പര്യമഹിമകൊണ്ട് വിശ്വവിശ്രുതമാണ് നമ്മുടെ ഭാരതം. വിശേഷിച്ച് ഈ കൊച്ചു കേരളം ആ പാരമ്പര്യത്തിന്റെ അക്ഷയഭാസ്സുതിർത്തുകൊണ്ട് പ്രശോഭിച്ചുപോരുന്നതായി ഈ കാലേയകാലക്കെട്ടതിനട്ടവിലും സൂക്ഷ്മദൃക്കുകൾക്കു കാണാവുന്നതാണ്. ശ്രീ ശങ്കരപരമ്പരതന്നെയാണ് അതിനു മുഖ്യാധാരമായി നിലനിൽക്കുന്നതു്. അതിലെ ഒരു പ്രധാന കണ്ണിയാകുന്നു വിദ്യാധിരാജതീർത്ഥപാദപരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമി തിരുവടികളിൽനിന്നു മുളച്ചു ശാഖോപശാഖമായിപ്പടന്ന് പന്തലിച്ചു തണൽവിരിച്ചു നിൽക്കുന്ന ശ്രീ തീർത്ഥപാദപരമ്പര. ആ ഗുരുകുലകൂടസ്ഥന്റെ വാത്സല്യപാത്രമായ മാതൃകാശിഷ്യനും പ്രസ്തുത പരമ്പരയുടെ ദ്വിതീയാചാര്യനുമായ ശ്രീ നീലകണ്ഠതീർത്ഥസ്വാമികൾ സർവ്വവിജ്ഞാന ജ്ഞാനശേവധിയായ പുരാണർഷിപ്രഭാവനായിരുന്നു. അദ്ദേഹം ആത്മാശ്രമി, പണ്ഡിതാത്യാശ്രമി, ദീക്ഷിതർ എന്നെല്ലാം പ്രസിദ്ധനായി.

## ജനനവും വിദ്യാഭ്യാസവും

ജഗദ്ഗുരുവിന്റെ ജന്മദേശമായ കാലടിക്കു പതിനാറു നാഴിക തെക്കു കിഴക്കു മൂവാററുപുഴ, ''മധുരേശ'' വിഷ്ണുക്ഷേത്രത്തിനടുത്തു മാരവാടി ഗ്രാമത്തിൽ വാളാനിക്കാട്ടെന്ന സുപ്രസിദ്ധ നായർപ്രഭുഗൃഹത്തിൽ ക്രി. വ. 1871 (1047 ഇടവം 13-ാംനു-) തൃക്കേട്ട നക്ഷത്രത്തിൽ സ്വാമികൾ അവതരിച്ചു. അദ്ദേഹത്തിന്റെതന്നെ പിതാവിന്റെ ദേഹഭാവവും ഘനഗാംഭീര്യവും കൃത്യചതുരതയും വിചാരനിപുണതയും കരുണാശീതളിമയും ഈശ്വരഭക്തിയുമെല്ലാം ഈ പുത്രനും സിദ്ധിച്ചിരുന്നു. വാളാനിക്കാട്ട 'കല്യാണി' എന്ന സാത്ഥനാമികയായ മാതാവ് ക്ഷമയോളം ക്ഷമയും മററവശ്യവനിതാ ഗുണങ്ങളും

ചേർന്ന സാദ്ധ്വി ആയിരുന്നു. പിതാവ് പാമ്പാക്കടയിൽ കണി ക്കന്നേൽ 'നീലകണ്ഠപ്പിള്ള'യായിരുന്നു. ആ ദമ്പതികൾക്കുണ്ടായ മൂന്നു പുത്രന്മാരിൽ മൂന്നാമനായിരുന്നു സ്വാമികൾ. നാലു സോദരി കളും അദ്ദേഹത്തിനുണ്ടായിരുന്നു.

വയോധികനായ 'പരമേശ്വരൻപിള്ള' എന്ന മാതുലൻ ഇദ്ദേ ഹത്തിനെ അക്ഷരാഭ്യാസം തുടങ്ങിച്ചു. ബാലപാഠങ്ങൾ പഠിപ്പി ച്ചതു് സ്വപിതാവു് തന്നെയാണ്. സ്വദേശത്തെ പ്രാഥമിക സ്കൂ ളിൽ പഠിച്ചശേഷം, തൃപ്പൂണിത്തുറയും എറണാകുളത്തും ചെന്നു് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടു. ഒരദ്ധ്യാപകൻ എല്ലാവ രേയും തല്ലിയ കൂട്ടത്തിൽ പഴിപോക്കാൻ ഇദ്ദേഹത്തേയും ഒന്നടിച്ചു എന്നല്ലാതെ കർശന ശിക്ഷാനിരതനായ അച്ഛനിൽനിന്നോ മററ ദ്ധ്യാപകന്മാരിൽനിന്നോ ഒരു ശിക്ഷയും ഏററിട്ടില്ല എന്നതു് സ്വാ മികളുടെ വിദ്യാർത്ഥിജീവിതമാതൃക തെളിയിക്കുന്നു. എറണാകുളത്തു നിന്നും മിഡിൽ സ്കൂൾ വിജയപത്രം നേടിയതോടെ ഇംഗ്ലീഷ് വി ദ്യാഭ്യാസം അവിടെ നിർത്തി. ഇതിനിടക്കു് അച്ഛനിൽനിന്നു് കുറച്ചു ജോത്സ്യവും വശമാക്കാതിരുന്നില്ല. അതിരുകടന്ന പിതൃഭക്തിയുടെ വിളനിലമെന്നു പേരുപെററ സ്വാമികൾ സുഖക്കേടായി കിടപ്പി ലായ അച്ഛനെ ശുശ്രൂഷിക്കാനാണു്, മററു മക്കളുണ്ടെങ്കിലും, പഠിപ്പു നിർത്തിപോന്നതു്. സശ്രദ്ധ ശുശ്രൂഷയിൽ അത്യന്തം ജാഗരൂകനാ യി കഴിഞ്ഞ ആ പുത്രനിൽനിന്നും 1887 മദ്ധ്യത്തോടെ അച്ഛന്റെ ജീവനെ ക്രൂരമായ വിധി അപഹരിച്ചുകളഞ്ഞു.

പാഠശാലാവിദ്യാഭ്യാസം തുടന്നില്ലെങ്കിലും, സ്വന്തം ജ്യേഷ്ഠ നിലും ദീർഘമനസ്സുൽ നമ്പൂതിരിയിലുംനിന്നു് വിഷവൈദ്യവും വിഷഹരമന്ത്രവും അഭ്യസിച്ചു് ആ വിഷയത്തിൽ വൈദഗ്ദ്ധ്യം നേടി. 'വേന്ദ്രൻ' എന്ന ഉഗ്രസർപ്പം കടിച്ച ജ്യേഷ്ഠനെയും, അങ്ങനെ പലരേ യും മൃത്യുവക്ത്രത്തിൽനിന്നും രക്ഷിക്കാൻ അതു് പിൽക്കാലത്തു് ഉപകരിച്ചു. സ്വാമികൾക്കു് പള്ളിക്കൽ (തോട്ടുവാ) വേലുപ്പിള്ള എന്ന ഒരു ശിഷ്യനും ആ ശാഖയിൽ ഉണ്ടായിരുന്നു.

പിന്നീടു് സംസ്കൃത ഭാഷാപഠനത്തിലേക്കു് സ്വാമികൾ തിരിഞ്ഞു. ഭാഗവത രാമായണാദികളും ചിന്താരത്നവും ദശപ്രകര ണവും നേരത്തെ അദ്ദേഹം പഠിച്ചിരുന്നു. മാടക്ഷ്മാപതിയുടെയും മററും ഗുരുവായിരുന്ന താർക്കികശിഖാമണി, മഹാമഹോപാദ്ധ്യായ ശങ്കോപാചാര്യനിൽനിന്നു് അദ്ദേഹം തർക്കം, വ്യാകരണം, ന്യായം മീമാംസ മുതലായവ അഭ്യസിച്ചു. കാവ്യനാടകാലംകാരാദികൾ

അതിനുംമുമ്പേ വശമാക്കിയിരുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ ബൃഹജ്ജാതകം, സാരാവലി, ജാതകാദേശം, ഹോരകാ തുടങ്ങിയവയും വൈദ്യത്തിൽ സർവ്വാംഗസുന്ദരീവ്യാഖ്യയോടുകൂടിയ അഷ്ടാംഗഹൃദയം, വൃദ്ധവാഗ്ഭടം, ഭാവപ്രകാശം, സുശ്രുതം, എന്നിവയും കോശഗ്രന്ഥങ്ങളിൽ വിശപ്രകാശം, ശബ്ദവ്യൂഹതരംഗിണി, ഹാരാവലി തൊട്ടവയും പ്രാകൃതനിബന്ധങ്ങളിൽ കാത്യായനസൂത്രവൃത്തി, ഗാഥാസപ്തശതി ആദിയും, രസഗംഗാധരം, ശബ്ദകൗസ്തുഭം എന്നിവയും പല ആചാര്യന്മാരിൽനിന്നും പഠിച്ചു. ശ്രീനിവാസാചാര്യനിൽനിന്നാണ് ഭട്ടികാവ്യം, പദാർത്ഥദീപിക, സംഗ്രഹം, സിദ്ധാന്തകൗമുദി കാവ്യപ്രകാശം എന്നിവ അദ്ധ്യയനം ചെയ്തതു്. ചെറിയാൻ, എം. എസ്. മേനോൻ, അനന്തകൃഷ്ണയ്യർ ഇവരുടെ സഹവാസത്തിൽ നിന്നും ആ വിദ്യാവ്യസനി ഇംഗ്ലീഷിൽ ഉപരിവിജ്ഞാനം സമ്പാദിച്ചു. കൂടാതെ തമിഴ്, മറാത്തി, ഹിന്ദി, ബംഗാളി, കർണ്ണാടകം തെലുങ്ക് എന്നീ ഭാഷകളും അദ്ദേഹം സ്വാധീനപ്പെടുത്തിയിരുന്നു.

## ആദ്ധ്യാത്മികചര്യാ

സ്വാമികാ ചെറുതിലെ ഒരു നല്ല വിഷ്ണുഭക്തനായിരുന്നു. ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേൽക്കുക, നിത്യകൃത്യങ്ങാക്കുശേഷം ജപധ്യാനങ്ങളിൽ മുഴുകുക, ദേവദർശനം നടത്തുക, ഏകാദശ്യാദിവ്രതങ്ങാ വഴിപോലെ അനുഷ്ഠിക്കുക എന്നിവ പതിവായി നിലനിർത്തി. ത്രിപുര, ശ്രീവിദ്യ, വാഗ്ഭവം എന്നീ മന്ത്രങ്ങാ സിദ്ധിവരുത്തുകയും ചെയ്തു.

## ആത്മീയഗുരുലബ്ധി

അങ്ങനെയിരിക്കെ, ഒരു ദിവസം തന്റെ പിതാമഹവംശീയനായ ഒരു ജോത്സ്യന്റെ സഹായത്തോടെ സ്വാമികാക്ക് സകലവിദ്യാവാരവാരാന്നിധിയും യോഗിവരേണ്യനും ബ്രഹ്മവിദ്വരീയാനുമായ പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമി തിരുവടികളെ ദർശിക്കാൻ ഭാഗ്യമുണ്ടായി. സ്വാമികളുടെ ആർജ്ജവബുദ്ധിയും കർമ്മശുദ്ധിയും ശുചിത്വവും മററും മനസ്സിലാക്കിയ തിരുവടികാ അദ്ദേഹത്തിനു ശാസ്ത്രീയമായ മന്ത്രോപാസ്തിക്രമവും യോഗമുറകളും ബസ്തി, ധൗതി, നൗളി മുതലായ പഞ്ചശുദ്ധികർമ്മങ്ങളുടെ അനുഷ്ഠാനരീതികളും ഉപദേശിച്ചനുഗ്രഹിച്ചു. പിന്നീട് അവയുടെ ക്രമികമായ അഭ്യാസത്തിൽ സ്വാമികാ ഏതാണ്ടു മുഴുവൻ സമയവും മുഴുകികഴിഞ്ഞു. ഖേചരീമുദ്രവരെ അക്കൂട്ടത്തിൽ സിദ്ധിവരുത്തിയിരുന്നു. ആയിടയ്ക്കു് വെറും അഞ്ചു മണിക്കൂറേ ഉറങ്ങാറുണ്ടായിരുന്നുള്ളു. പരിപ്പും, പാലും, നെയ്യും മാത്രമായിരുന്നു ആഹാരം. പന്ത്രണ്ടു വർഷം ഇങ്ങനെ കഴിഞ്ഞു

ബഹുവിധ പ്രാണായാമക്രിയകൾകൊണ്ടു് മനസ്സ് യോഗത്തിൽ ലയിക്കാൻ അങ്ങനെ സംഗതിയായി. ഇതു് 1892-ാമാണ്ടിടയ്ക്കായിരുന്നു.

ഇക്കാലത്തു് ശരീരശക്തിക്കുതകുന്ന കല്പസേവയും തുടങ്ങി സ്വാമികൾ. രുദ്രയാമിളോക്തമായ തമിഴാമ, കൂവളം, കടങ്ങൽ മുതലായ പഞ്ചകല്പങ്ങളും ബല, അതിബല, വേപ്പിൻതൊലി, കളായദളം, കാരസ്ക്കരം എന്നിവയും ക്രമത്തിനു സേവിച്ചു. പഞ്ചകായം പാലിൽ വെന്തരച്ചു് തേച്ചായിരുന്നു കുളി. ഇതെല്ലാംകൊണ്ടു് ശരീരകാന്തിയും ഓജസ്സും ശതഗുണീഭവിച്ചിരുന്നു.

## വേദാന്തഗ്രന്ഥ പരിശീലനം

യോഗം അഭ്യസിച്ചതുകൊണ്ടുമാത്രം മുക്തികിട്ടുകയില്ലെന്നും വേദാന്തശ്രവണംകൂടി വേണമെന്നും അരുളിച്ചെയ്തിട്ടു് ആദ്യം വായിക്കേണ്ട ഗ്രന്ഥങ്ങൾ ഗുരുതിരുവടികൾ നിർദ്ദേശിച്ചു. അങ്ങനെ തമിഴിലെ വാസിഷ്ഠം, നിഷ്ഠാനുഭൂതി, നവനീതസാരം എന്നിവ വായിച്ചു ഹൃദിസ്ഥമാക്കി. എന്നാൽ തമിഴിന്റെ ഇഴഞ്ഞ ശീതരീതി ഹൃദ്യമായി തോന്നായ്കയാൽ, ആ വിഷയത്തിലുള്ള സംസ്കൃത ഗ്രന്ഥങ്ങളിലേക്കു് തിരിഞ്ഞു അദ്ദേഹത്തിന്റെ ബുദ്ധി. ശ്രീ. നാരായണ ശർമ്മ, ശ്രീനിവാസാചാര്യർ എന്ന ശ്രീകൃഷ്ണപണ്ഡിതൻ, കുംഭകോണം കൃഷ്ണശാസ്ത്രികൾ, ഹരിദാസൻ എന്നീ പണ്ഡിതാഖണ്ഡലന്മാരായിരുന്നു അതിൽ ഗുരുഭൂതന്മാർ. ഇവരിൽ ശ്രീകൃഷ്ണപണ്ഡിതരോടു് ന്യായമുക്താവലി, വേദാന്തമുക്താവലി, നൈഷ്കർമ്മ്യസിദ്ധി, സ്വാരാജ്യസിദ്ധി, സർവ്വദർശനസംഗ്രഹം, സാംഖ്യകൗമുദി, പാതഞ്ജലസൂത്രവൃത്തികൾ, ഭാട്ടചിന്താമണി എന്നിവയും, കുംഭകോണം കൃഷ്ണശാസ്ത്രികളോടു് സാമാന്യനിരുക്തി, സിദ്ധാന്തലക്ഷണം, ശക്തിവാദം, ഭൂഷണം, ഹരകാരിക, പഞ്ചദശി, ദശോപനിഷദ് ഭാഷ്യങ്ങൾ എന്നിവയും സ്വാമികൾ അഭ്യസിച്ചു. ആചാര്യസ്വാമി തിരുവടികളിൽനിന്നാണു് അദ്വൈതസിദ്ധാന്തവിദ്യോതനം, അദ്വൈത ബ്രഹ്മസിദ്ധി, സംക്ഷേപശാരീരകം, ഗൗഡബ്രഹ്മാനന്ദീയം, ഭേദധിക്കാരം, സിദ്ധാന്തരത്നാകരന്യായസുധ, ഭാമതി, കല്പതരു, പഞ്ചപാദികാവിവരണം, തത്വദീപനം, ശങ്കരഭാഷ്യത്തിന്റെ ബ്രഹ്മവിദ്യാഭരണം എന്ന ബൃഹദ്വ്യാഖ്യാനം, ബൃഹദ്യോഗവാസിഷ്ഠം, ഗുരുജ്ഞാനവാസിഷ്ഠം, തത്വസാരായണം എന്നിവ പഠിച്ചതു്. ലോകപ്രസിദ്ധപണ്ഡിതനായ ആര്യഗുരുസ്വാമിയെ ഗുരുവാക്കി ഖണ്ഡനഖണ്ഡഖാദ്യവും തത്വപ്രദീപികയും പഠിച്ചു. ശാസ്ത്രവിഷയത്തിൽ നോക്കാത്തതായി ഒരു ഗ്രന്ഥവും സംസ്കൃതഭാഷയിൽ ശേഷിക്കരുതെന്ന

ഒരു നിർബ്ബന്ധംമൂലം പലരിൽനിന്നു വാങ്ങിയും വിലകൊടുത്തോ പ്രസിദ്ധ ഗ്രന്ഥശാലകളിൽനിന്നോ നേടിയെടുത്തും അന്നുണ്ടായിരുന്ന മിക്കവാറും എല്ലാ ഗ്രന്ഥങ്ങളും സ്വാമികാം വായിച്ചുറപ്പിച്ചിരുന്നു. വായിക്കുന്ന ഗ്രന്ഥമേതായാലും അവയെപ്പററി നോട്ടുകളും അഭിപ്രായങ്ങളും അപ്പോഴപ്പോാം രേഖപ്പെടുത്താതെ അദ്ദേഹം കടന്നുപോകുമായിരുന്നില്ല. വേദാന്തശാഖയിൽ അദ്വൈതസിദ്ധിയും ഗൌഡബ്രഹ്മാനന്ദീയവുമാണ് ആ പണ്ഡിതകേസരി ഏററവും ഇഷ്ടപ്പെട്ടിരുന്നതു്. ആത്മസാമ്രാജ്യഭരണത്തിനുള്ള തന്ത്രങ്ങളിൽ യാതൊരു ഗ്രന്ഥവും, സൂതസംഹിത, വിശേഷിച്ച് അതിലെ 'യജ്ഞവൈഭവഖണ്ഡം' പോലെ അദ്ദേഹത്തിനു സഹായകരമായിരുന്നില്ലെന്നു ഭക്തിപൂർവ്വം അരുളിച്ചെയ്യുമായിരുന്നു. തന്നെ സമീപിക്കുന്ന ജ്ഞാനഭിക്ഷുക്കളോട് ''ആദ്യം സൂതസംഹിതയിലെ ബ്രഹ്മഗീത പഠിക്കുക, പിന്നെയാകട്ടെ ഭഗവദ്ഗീത'' എന്നായിരുന്നു ഉപദേശിക്കാറു പതിവ്. ജ്ഞാനമാർഗ്ഗമാത്രനിഷ്ഠമായ ബ്രഹ്മഗീത ഉറച്ചിട്ട് ഭഗവദ്ഗീതയിലേക്ക് കടന്നാൽ അതിലെ യോഗത്രയസങ്കലനം അവനെ കുഴക്കുകയില്ലെന്നായിരുന്നു ആ ജ്ഞാനിവരിഷ്ഠൻെറ അഭിപ്രായം.

## ജീവൻ മുക്തിപ്രാപ്തി

ക്രമേണ, സ്വാമികാം ഖേചരീസിദ്ധിക്കുശേഷം ഒരു കൊല്ലക്കാലം ദിവസം അഞ്ചുനേരവും പിന്നെ മൂന്നു നേരവും വീതം സ്വാമികാം നിർഗ്ഗുണ ബ്രഹ്മധ്യാനം നടത്തിവന്നു, അങ്ങനെ മനോലയം നേടി ബാഹ്യപ്പററ ററിരുന്ന യോഗിവര്യനായ സ്വാമികാം ക്രമേണ പരമഭട്ടാരഗുരുപാദരിൽനിന്നു് '' 'തത്പദോപദേശവും' 'അഹം' ബ്രഹ്മപ്രത്യയവും അജ്ഞാന നിവൃത്തിശേഷം തപ്തലോഹപീതാംബുന്യായേന സ്വതോവൃത്തിജ്ഞാനവിലയവും ഏകകാലത്തു് സിദ്ധിച്ചു ജീവന്മുക്തപദാരൂഢനായ ഒരുപൂർണ്ണയോഗിയായിത്തീന്നു'' എന്നു് സഗ്ഗുണസാകാരധ്യാനത്തിൽ തുടങ്ങി നിർഗ്ഗുണനിരാകാര ധ്യാനത്തിലൂടെ മഹാ വാക്യജ്ഞാനലബ്ധിവഴി ലൗകികാപാതബ്ധ തബോധിച്ചു്, സ്വാത്മനിഷ്ഠ നേടി സ്വാമികാം ബ്രഹ്മജ്ഞാന നിഷ്ഠനായിത്തീന്ന വിവരം ശ്രീ നീലകണ്ഠതീത്ഥപാദസ്വാമി ചരിത്രസമുച്ചയം വിവരിക്കുന്നു. സഭകളിൽ സംബന്ധിക്കുക, കലാപരിപാടികാം ആസ്വദിക്കുക, പ്രസംഗിക്കുക തുടങ്ങി യോഗിവജ്ജ്യങ്ങളായ വിഷയങ്ങാം അദ്ദേഹം എന്നേ വജ്ജിച്ചിരുന്നു.

### ദേശസഞ്ചാരം

ഭൂഭാഗവർണ്ണനകാം ഭാഗവതത്തിൽനിന്നും മററും വായിച്ചറിഞ്ഞശേഷം നാനാപുണ്യസ്ഥലങ്ങാം ദർശിക്കാനുള്ള ഉത്സുകത ആ

മഹാത്മാവിനെ ബാധിച്ചു. അങ്ങനെ അദ്ദേഹം രണ്ടു തവണ അഖിലഭാരതപര്യടനം നടത്തി. വിദ്വജ്ജനങ്ങളുടെ സമ്പർക്കവും പുരാവസ്തു ഗവേഷണ താല്പര്യവും അതിന്റെ പിന്നിൽ ഉണ്ടായിരുന്നു. ബാംഗ്ലൂർ, ധർവാർ, മിറാജ്. മദ്രാസ്, ശ്രീരംഗം, രാമേശ്വരം, മധുര, പൂനാ, ദില്ലി, കാഞ്ചി, കാശി, ആഗ്ര, കൽക്കട്ട, വട മധുര, പ്രയാഗ, ബോംബെ, ഹരിദ്വാരം, ഉജ്ജയിനി, വൃന്ദാവനം, ഗ്വാളിയർ, ലക്നൌ മുതലായ മുഖ്യ പുണ്യധാമങ്ങൾ അദ്ദേഹം സന്ദർശിച്ച് 1909-ൽ മടങ്ങിയെത്തി. ആ യാത്രയിൽ പുരാതന ക്ഷേത്രങ്ങളും, വിപുല ഗ്രന്ഥശാലകളും അദ്ദേഹത്തിന്റെ വിജ്ഞാനത്തെ ആളിക്കത്തിച്ചു. ഗണപതിശാസ്ത്രി, ശങ്കരബ്രഹ്മാനന്ദൻ മുതലായ ജീവന്മുക്തന്മാരുമായും ഡോ: ഭണ്ഡാർക്കർ തുടങ്ങിയ വിദ്വത്കേസരികളുമായും പരിചയപ്പെടുവാനും ആശയങ്ങൾ കൈമാറാനും ആ മഹാത്മാവിനു് അതുവഴി കഴിഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ വിദ്യാരത്നപ്രഭ തെളിഞ്ഞുവിലസി.

## ഗ്രന്ഥകരണം

ചെറുതിലെ കവിതാകരണഭ്രമം അദ്ദേഹത്തെ ബാധിച്ചിരുന്നു. വാസനാധനം അതിനു് അനുഗ്രഹമായിരുന്നു. 14-ാം വയസ്സിൽ ഒരു വഞ്ചിപ്പാട്ടും, 'മൌസലപർവ്വം' ശ്ലോകകൃതിയും, 'സുന്ദോപസുന്ദം' നാടകവും അദ്ദേഹം രചിച്ചു. കൂടാതെ, അകാരാദി ക്രമത്തിൽ വിവിധ സ്തോത്രങ്ങളും എഴുതി. ഏതാണ്ടു് 24-ാം വയസ്സോടെ 'വേദാന്തമണിവിളക്കു്' എന്നൊരു കിളിപ്പാട്ടു നിർമ്മിച്ചു. സൃഷ്ടിക്രമം മുതൽ മോക്ഷപദം വരെ വിചാരസാഗരവാസിഷ്ഠാദികളേയും ബൃഹദാരണ്യകാദ്യുപനിഷത്തുകളേയും ഉപജീവിച്ചുടക്കംചെയ്താണതിന്റെ രചന സാധിച്ചിരിക്കുന്നതു്. ഒരു ദിവസം ശിവപഞ്ചാക്ഷരസ്തോത്രവും, ദക്ഷിണാമൂർത്തിഭുജംഗവും ഉണ്ടാക്കി ആചാര്യപാദരെ കാണിച്ചപ്പോൾ, "വിശ്രമാവസരങ്ങളിൽ കുറേശ്ശ കവനം ചെയ്യണ"മെന്നും, "സൗകര്യവും സുഖവുമനുസരിച്ചെങ്കിലും കവിത ചെയ്യേതീരൂ" എന്നും നിർബ്ബന്ധപൂർവ്വം കല്പിച്ചു. അതുപ്രകാരം ഗുരുഭക്തി കേദാരമായ ആ ശിഷ്യമണി സന്ദർഭം കിട്ടുമ്പോഴെല്ലാം കവിതാകരണം തുടരെ തുടർന്നു. സംസ്കൃതത്തിലും മലയാളത്തിലുമായി ഗദ്യപദ്യാത്മകങ്ങളായ ഒട്ടനവധി കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ടു്. ഭക്തിയോഗം, ജ്ഞാനയോഗം എന്നീ മാർഗ്ഗങ്ങളിലാണു് അവയുടെ ഗതി. ആത്മാമൃതം, സ്തവരത്നഹാരം, സ്വാരാജ്യസർവ്വസ്വം, സങ്കൽപകല്പലതിക, യോഗരഹസ്യകൌമുദി, യോഗാമൃത

തരംഗിണി, അദ്വൈതപാരിജാതം, ശ്രീകണ്ഠാമൃതലഹരി എന്നിവ സംസ്കൃതത്തിലും അദ്വൈതസ്തബകം, ബ്രഹ്മാഞ്ജലി മൂന്നു ഭാഗങ്ങളിലെ സ്തോത്രങ്ങളും താത്വിക കൃതികളും കണ്ഠാമൃതം, ഹഠയോഗപ്രദീപിക, വേദാന്തമണിവിളക്കു്, വേദാന്തമാലിക എന്നിവ മലയാളത്തിലും പെടുന്നു. സംസ്കൃതകൃതികൾക്കു് അഖിലഭാരത വിദ്വത്സമ്മതിപത്രങ്ങൾക്കും പ്രശംസകൾക്കും പുറമേ ഇംഗ്ലണ്ടു്, അമേരിക്ക, ജർമ്മനി മുതലായ വിദേശങ്ങളിലുള്ള മഹാ പണ്ഡിതന്മാരുടെ അഭിനന്ദനപത്രങ്ങളും ലഭിച്ചിട്ടുണ്ടു്. വിവിധ വിദ്വത് കേസരികളുടെ പോലും മസ്തിഷ്ക്കങ്ങൾക്കു് ചൂടുപിടിപ്പിക്കത്തക്ക തത്വകോടികളുടെ സുദുർഗ്രഹപ്രതിപാദനരീതിയും അപൂർവ്വ ശബ്ദശാസ്ത്രപ്രയോഗങ്ങളും കൊണ്ടു് കടുകട്ടിയാണു് ആസൂരിമൗലിയുടെ സംസ്കൃതകൃതികൾ മിക്കവാറും എല്ലാംതന്നെ. ''മാസ്തിൻഖലഃഖേലതു'' എന്നാകാം സ്വകൃതികളെപ്പററി സ്വാമികളുടേയും പക്ഷം—പ്രൗഢങ്ങളാണെങ്കിലും കൂടുതൽ ഭംഗിയും മനോജ്ഞതയും സംസ്കൃതകൃതികൾക്കാണെന്നുപറയാം. അങ്ങനെ, ആ കവനങ്ങളാകെ സ്വർഗ്ഗീയ ഭാഷായോഷയ്ക്കു മണികണ്ഠഭൂഷകളായി മിന്നുന്നു എന്നു പ്രസ്താവിക്കുന്നതിൽ ക്ലേശിക്കേണ്ട കാര്യമില്ല. സംസ്കൃതഗദ്യമാകട്ടെ, ബാണഭട്ടപ്രഭൃതികളുടെ ശൈലിയെ അനുസ്മരിപ്പിക്കുന്നവയുമാണു്. ഭാഷാകൃതികളും ഒട്ടും പിന്നിലല്ല. മലയാളത്തിലെ ഭാഷാന്തരീകരണങ്ങളും സ്വതന്ത്രകൃതികളും അക്ലിഷ്ടസുന്ദരഭാഗങ്ങളാൽ പ്രശോഭിക്കുന്നവയും കവിയുടെ വാസനാവൈദുഷ്യങ്ങളെ വ്യക്തമാക്കി വിളങ്ങുന്നവയുമാണെന്നു് വിപഠിഷുക്കൾക്കു് ബോധപ്പെടും. ആദ്യമാദ്യമുണ്ടാക്കിയവയേക്കാൾ പിന്നെപ്പിന്നെയുള്ള കൃതികൾക്കു് ലാളിത്യമേറും.

കൈരളിയിൽ ഗദ്യകൃതികളും പലതുണ്ടു് സ്വാമികളുടേതായി. അജ്ഞരും വെറും ഉദരംഭരികളുമായ സമുദായാചാര്യന്മാരുടെ പിടിയിൽപ്പെട്ടു് ആചാരവിചാരങ്ങളിൽ കാടുകയറി ഉദ്ഗതിപഥമടഞ്ഞുപോയ സാമാന്യജനതയെ നേർവഴിക്കാക്കി പരമപുരുഷാർത്ഥരുചി ജനിപ്പിക്കാൻ ഉദ്ദേശിച്ചു നിർമ്മിച്ചവയത്രെ 'ആചാരപദ്ധതി'യും 'ദേവാർച്ചാപദ്ധതി'യും. പൂർവാപര ഷോഡശദ്വയസംസ്കാരാനുഷ്ഠാനങ്ങൾക്കു് ശാസ്ത്രീയമായി മാനവസമുദായത്തെ വിധേയമാക്കി കർമ്മപഥം ശുദ്ധമാക്കുന്നു 'ആചാരപദ്ധതി'. ബ്രാഹ്മണേതരർക്കും അവശ്യദേവപ്രതിഷ്ഠാ പൂജാദികർമ്മങ്ങൾ നടത്തത്തക്കവണ്ണം ചുരുക്കത്തിൽ വിധിപൂർവം അവ ലളിതരീതിയിൽ പ്രതിപാദിക്കുന്നു ദേവാർച്ചാ പദ്ധതിയിൽ. പരമഭട്ടാര സ്വാമിതിരുവടികളുടെ ഭൂമിക അതിനു് മാറ്റേററിയിട്ടുണ്ടു്. അങ്ങനെ ഉപവീതധാരികളുടെ

അന്യായമായ മുതലെടുപ്പിൽനിന്നു സ്വാമികൾ ഇതര സമുദായത്തെ പരിരക്ഷിച്ചു, ജ്ഞാനഭൂമികാപ്രവേശത്തിനു, കർമ്മവും ഭക്തിയും വഴി ആ ഗ്രന്ഥതല്ലജങ്ങൾ ഏവക്കും ഉപകരിക്കും. ഇവകൂടാതെ പല മാസികകളിൽ വന്ന 'സംന്യാസം സർവാധികാരം', 'മുക്തി വിചാരം', 'സ്വരൂപനിരൂപണം', 'പുരുഷാത്ഥം', 'ഭൂതപിശാചാദിസത്താവിചാരം', 'ആശൌചനിർണ്ണയം', 'മലയക്ഷത്രിയ കേസരി', 'പുനർവിവാഹം', 'ജാതകപരീക്ഷ' മുതലായ അനേകം വിജ്ഞാനപ്രദങ്ങളായ ഉപന്യാസങ്ങൾ ആ വിദ്വത്കേസരിയുടെ നാനാവിഷയാഗാധ പാണ്ഡിത്യത്തെ പ്രസ്ഫുരിപ്പിക്കുന്നതായുണ്ടു്. കൂടാതെ, അദ്ദേഹത്തിന്റെ നിരൂപണനിപുണതയെ വിളിച്ചറിയിക്കുന്നവയാണു് History of Sanskrit Literature, Boswel's Life of Johnson ആദിയായ ഇംഗ്ലീഷ് കൃതികളുടേയും മംഗളമാല, കേരളപാണിനീയം, വിവേകാനന്ദചരിത്രം, കൊച്ചീ രാജ്യചരിത്രം എന്നിവയുടേയും വഞ്ചീശവംശം മുതലായ മഹാകാവ്യങ്ങളുടെയും കുലംകഷമായ നിരൂപണങ്ങൾ. അദ്ദേഹത്തിന്റെ സൂത്രധാരത്വത്തിൽ 1915-ൽ 'സദ്ഗുരു' എന്നൊരു സാംസ്കാരിക മാസിക ഇരിങ്ങാലക്കുടനിന്നും തച്ചുടയ തമ്പുരാന്റെ രക്ഷാകർത്തൃത്വത്തോടെ തുടങ്ങി ഏതാണ്ടു് ഒരു വ്യാഴവട്ടക്കാലം ഭംഗിയായി നടന്നുവന്നു.

ജിജ്ഞാസുക്കളുമായി യോഗവേദാന്താദി വിഷയങ്ങളെപ്പററി നടത്തിയിട്ടുള്ള അമൂല്യമായ സംഭാഷണം ആ ഗുരുദേവന്റെ ശാസ്ത്രപടിമയും യുക്തിശക്തികൾ അനുഭൂതിമഹിമയും പററിയ നിദർശനങ്ങളാണു്. അഹിംസയെക്കുറിച്ചുള്ള ഒററ സംഭാഷണം മതി അതു തെളിയിക്കാൻ. (ശ്രീ നീലകണ്ഠതീർത്ഥപാദ സമുച്ചയം കാണുക.)

## ശിഷ്യവരണം

സ്വഗുരുപാദകല്പനപ്രകാരം ശിഷ്യ സ്വീകാരത്തിനും അദ്ദേഹം മുതിന്നു. സംസാരതാപമുക്തിക്കും വിജ്ഞാനധനാജ്ജനത്തിനും മററുമായി ധാരാളംപേർ അദ്ദേഹത്തെ സമീപിച്ചുവന്നു. പാകംപോലെ അവക്കെല്ലാം വേണ്ട ഉപദേശങ്ങൾ കൊടുത്തു സംതൃപ്തിവരുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ചതുർത്ഥാശ്രമശിഷ്യരിൽ മുഖ്യർ സദാശ്രയൻ, ആത്മയോഗിനിയമ്മ, പരമവിശുദ്ധബോധ സ്വാമികൾ ഇവരായിരുന്നു. എന്നാൽ ഗൃഹസ്ഥ ശിഷ്യരായിരുന്നു അദ്ദേഹത്തിനു കൂടുതൽ. അവരിൽ പ്രഥമംഗണേയർ മംഗളാനന്ദ ദേവി, ചിദ്വിലാസിനി, (ചിന്മഞ്ജരി) ശിവപ്രസാദവിദ്യാഭാരതി, ഗോവിന്ദബ്രഹ്മാനുഭൂതി (ആറമ്പിൽ ഗോവിന്ദനുണ്ണിത്താൻ) സച്ചി

ദാനന്ദബ്രഹ്മേന്ദ്രൻ (കവിദീപൻ ആറന്മുള നാരായണപിള്ളവൈദ്യൻ) അദ്വൈതവിദ്യാപണപരമാനന്ദനാഥൻ (പന്നിശ്ശേരി നാണപിള്ള) ബ്രഹ്മാദ്വയപ്രകാശൻ (താഴത്തോട്ടത്തു വേലുപ്പിള്ള) ചിദ്രസാഭരണൻ (ശ്രീവർദ്ധനത്തു കൃഷ്ണപിള്ള) എന്നിവരത്രേ. തച്ചുടയതമ്പുരാൻ അവരിൽതന്നെ പ്രമുഖനമാണു്. ഏവരും സദാചാരനിഷ്ഠരും ആത്മജ്ഞാനിവരിഷ്ഠരുമായിരുന്നു. ഗോവിന്ദബ്രഹ്മാനന്ദതീർത്ഥയെന്ന ഗോവിന്ദസ്ഥാനേശ്വരൻെറ മഠത്തിൽ വിശ്രമിക്കുമ്പോൾ സ്വാമികൾ പരമഗുരുപാദരുടേയും തൻെറയും ആദ്ധ്യക്ഷ്യോപാദ്ധ്യക്ഷ്യത്തിൽ സ്വശിഷ്യരെ ചേർത്തു് ഒരു ''അദ്വൈതസഭ'' ചിലകൊല്ലം നടത്തി. അതിൽ യോഗജ്ഞാന വിഷയങ്ങൾ ആ ഗുരുപാദന്മാർ വിവരിക്കുകയും ശങ്കകൾ പരിഹരിക്കുകയും ചെയ്തുവന്നു. കൊ: വ: 1089-ൽ പരമഗുരുപാദരുടെ തൃതീയശിഷ്യൻ ശ്രീ തീർത്ഥപാദപരമഹംസസ്വാമിയുടെ ഉത്സാഹത്തിൽ സ്ഥാപിച്ച ഷഷ്ടിപൂർത്തിസ്മാരകമായ എഴുമറ്റൂർ പരമഭട്ടാരാശ്രമത്തിൻെറ ഉദ്ഘാടനം, ഷഷ്ടിപൂർത്ത്യുത്സവം എന്നിവയിൽ കൈമെയ് മറന്നു മുഴുകുകയും ആശ്രമാദ്ധ്യക്ഷപദം സ്വീകരിക്കുകയും ചെയ്തിരുന്നു സ്വാമികൾ.

## സതീർത്ഥ്യർ

പരമഗുരുപാദരുടെ ഇതര ശിഷ്യവര്യന്മാർ രണ്ടുപേർ സ്വാമികളുടെ എടുത്തുപറയത്തക്ക സതീർത്ഥ്യരാണു്. പച്ച മലയാളത്തിലും സംസ്കൃതത്തിലും യോഗജ്ഞാനഭക്തി സംബന്ധികളായ സുന്ദരനിബന്ധങ്ങൾ കൊണ്ടും മിതസാരവചസ്സുകൾകൊണ്ടും ക്ഷേത്രപ്രതിഷ്ഠകൾ, സ്വജനോദ്ഗതി നിമന്ത്രണങ്ങൾ എന്നിവകൊണ്ടും സമുദായോദ്ധാരണം സാധിച്ച ബ്രഹ്മജ്ഞവരിഷ്ഠൻ ശ്രീനാരായണഗുരുസ്വാമികൾ; ഗ്രന്ഥകരണം, പ്രഭാഷണപരമ്പര, മതസംഘടനാനായകത്വം, തീർത്ഥപാദാശ്രമസ്ഥാപനം എന്നിവകൊണ്ടു് കേരളീയരെ ഉദ്ബുദ്ധരാക്കിയ ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾ-ഈ രണ്ടുപേരും സ്വാമികളെ ആദരിച്ചും അനുസരിച്ചും വന്ന സതീർത്ഥ്യരത്നങ്ങളായിരുന്നു-പ്രത്യേകിച്ചു് ദ്വിതീയമഹാനുഭാവൻ.

## മഹാസമാധി

1911-ാമാണ്ടുവരെ ആറമ്പിൽ നിവസിച്ചിരുന്ന കഥാപുരുഷൻ കുടുംബനാഥൻെറ നിര്യാണശേഷം കരുനാഗപ്പള്ളിയിൽ പന്നക്കളത്തു് താഴത്തോട്ടത്തുമഠത്തിലും ആതനാട്ടു കൈതവനമഠത്തിലുമാണു് വിശ്രമിച്ചുവന്നതു്. തിരുവിതാംകൂറിൻെറ വടക്കൻ താലൂക്കുക

ളിൽ പോയി ഭക്തന്മാരേയും സുഹൃത്തുക്കളേയും കണ്ടുമടങ്ങിയ സ്വാമികൾ പിന്നെ ഏറെ താമസിച്ചില്ല ദേഹം വെടിയാൻ. സ്വശിഷ്യഗണങ്ങളേയും സർവ്വസജ്ജനങ്ങളേയും കദനക്കടലിൽ മുക്കിക്കൊണ്ട് ആ സമാധി ഉണ്ടായതു് അദ്ദേഹത്തിന്റെ വെറും 49-ാമത്തെ തിരുവയസ്സിലാണ്. അതായതു് കൊല്ലവർഷം 1096 കർക്കിടകം 23-ാംനു- (1920-ൽ). മാവേലിക്കര ആണ്ടിപ്പിള്ള മജിസ്ട്രേട്ടിന്റെ വസതിയിൽ വിശ്രമിച്ചിരുന്ന ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ ഇതറിഞ്ഞ നിമിഷത്തിൽ പുറപ്പെട്ടു് അവിടെ എഴുന്നരുളി പദ്മാസനസ്ഥമായി ചൈതന്യമററു് സ്ഥിതിചെയ്യുന്ന ആ ശിഷ്യവിഗ്രഹം കണ്ടു്, ''ദുഃഖസത്യജ്ഞ''നായ ആ ധീരാത്മാവുപോലും സജലനേത്രനായിപ്പോയി. അദ്ദേഹം അതിനെ മന്ദംമന്ദം സമീപിച്ചു് അതിന്റെ ശിരസ്സിൽ തലോടിക്കൊണ്ടു് ''അവസാനത്തതു് അവസാനിച്ചു'' എന്നു സ്വയമായും, ''ബ്രഹ്മാവു സൃഷ്ടിച്ചുവച്ച ഒരു മഹാലോകം ഇതാ തകർന്നിരിക്കുന്നു; ഇതു നിങ്ങൾക്കൊരു വലിയ നഷ്ടം തന്നെയാണ്.'' എന്നു അവിടെ കൂടിയിരുന്നോരോടായും അരുളിചെയ്തു. ''തീർത്ഥർ എന്റെ മുന്നിലിരിക്കുന്നതു് ഇതു് രണ്ടാംകുറിയാണ്.'' എന്നു തൊണ്ടയിടറിക്കൊണ്ടു വീണ്ടും തിരുവായ് മൊഴിഞ്ഞു. തുടന്നു് രണ്ടിററു കണ്ണീരും പൊഴിഞ്ഞു. അത്രകണ്ടായിരുന്നു സമാധിസ്ഥനു് ആ ഗുരുദേവനിലുണ്ടായിരുന്ന ഭക്തിപാരമ്യവും അദ്ദേഹത്തിനു് അങ്ങോട്ടുണ്ടായിരുന്ന വാത്സല്യാതിരേകവും. അനന്തരം ആ പരിപാവന ജഡം താഴത്തോട്ടത്തുവക ചെറുവള്ളിമഠത്തിൽ ഉടൻ തയ്യാർചെയ്ത കല്ലറയിൽ ഉപ്പു്, കർപ്പൂരം, തുളസിക്കതിർ മുതലായവയിട്ടു് വിധിപോലെ സംസ്കരിച്ചിരുത്തി മൂടിവച്ചു് അർച്ചനാദിയും നടത്തി. തുടന്നു് മണ്ഡലകാലം മുഴുവൻ പൂജാദികർമ്മങ്ങൾ ഉണ്ടായിരുന്നു. ആ കല്ലറയ്ക്കുമേലേ നിർമ്മിച്ച ശ്രീകോവിലിൽ അടുത്ത 1097 മേടം 12-ാംനു- (1921 ഏപ്രിൽ) അനേക ശിഷ്യപ്രശിഷ്യ ഭക്തജന സാന്നിദ്ധ്യത്തിൽ പരമഭട്ടാരസ്വാമിതിരുവടികൾതന്നെ തന്റെ ആദ്യമായും അവസാനമായുമുള്ള ശിവലിംഗ പ്രതിഷ്ഠ സ്വപ്രേമ സർവ്വസ്വമായ ശിഷ്യന്റെ ശിരോപരി നടത്തി. തിരുവിതാംകൂറിൽ ഒരു യതിവര്യന്റെ സമാധിസ്ഥാനത്തു് ശിവലിംഗ പ്രതിഷ്ഠ ഉണ്ടാകുക അതാദ്യമായിരുന്നു. അന്നുമുതൽ സമാധിപീഠത്തിൽ നിത്യത്രികാല പൂജയും സമാധിദിനമായ ഉത്രംനാൾതോറും വിശേഷാൽപൂജയും ജ്ഞാനയജ്ഞവും മതസമ്മേളനവും മററും കൊല്ലംതോറും വാർഷികാഘോഷവും തുടന്നുവരുന്നു. ഈവക കാര്യങ്ങൾ നിർവ്വിഘ്നം നിറവേററിപ്പോരുന്നതിനു് ഗുരുഭക്തിധന്യനായ ശിഷ്യൻ താഴത്തോട്ടത്തു വേലുപ്പിള്ള നിരവധി സ്വത്തു് തുപ്പടിദാനം

ചെയ്തു് അതിന്റെ ഭരണത്തിലേക്ക ഏഴംഗങ്ങളെചേർത്തു് വേണ്ട വ്യവസ്ഥകളോടുകൂടി ഒരു ട്രസ്റ്റുടമ്പടിയും രജിസ്റ്റർ ചെയ്യിച്ചിട്ടുണ്ടു്. കൂടാതെ മുഖമണ്ഡപം, നടപ്പന്തൽ, ആനപ്പന്തൽ, അറപ്പുര, തിടപ്പള്ളി കളപ്പുര എന്നിവയും തുടൻ നിർമ്മിപ്പിച്ചു. ശ്രീ നീലകണ്ഠ തീർത്ഥ പാദാശ്രമമെന്നറിയപ്പെട്ടുപോരുന്നു ഇന്നു് അവിടം. അദ്ദേഹം പുതിയകാവു് ജംഗ്ഷനു സമീപം നല്കിയ ഒരു വസ്തുവിൽ ശ്രീ നീലകണ്ഠതീർത്ഥപാദവിലാസം സംസ്കൃത സ്കൂളും തത്സ്മാരക മായി പണിയിച്ചു നടത്തിവരുന്നു.

## ആകൃതിപ്രകൃതികൾ

സ്വാമികളുടെ തിരുവുടൽ അല്പം ഇരുണ്ട സാമാന്യാധികം നീണ്ടുനിവൻ പുഷ്ടമായിരുന്നു. പ്രാണായാമ ഫലമായി ഞരമ്പു കൾ എഴുന്നു കാണാമായിരുന്നു. വിസ്തൃത ഫാലഫലകത്തിൽ ഭസ്മം വാരിപൂശിയിരുന്നു. തേജോ ഗോളങ്ങളായ ദൃഷ്ടികൾ, ഏറെ തടിക്കാത്ത, നീണ്ടമുഖം, കുക്ഷിതലോടുന്ന ഇരുണ്ട താടി, കണ്ഠവൃ ഷ്ടവും, സ്കന്ധങ്ങളും, മൂടികിടക്കുന്ന അഗ്രം ചുരുണ്ട കറുത്ത മുടി, വിസ്തൃതവക്ഷസ്സു്, സംകുചിത കടിപ്രദേശം, സുദീർഘ പാണിപാ ദങ്ങൾ, നാഭിക്കമേൽ തൊടുന്ന രുദ്രാക്ഷ തുളസീമാലകൾ, ശുദ്ധ കാ ഷായവേഷം ഇതൊക്കെ ചേർത്തു ചിന്തിച്ചാൽ ആ മഹാപുരുഷന്റെ ഏതാണ്ടൊരു ആകൃതിയായി.

സാധാരണ ആക്കം നടന്നെത്താൻ മേലാത്ത സത്വര നടപ്പും ശീഘ്ര ഗതിയിൽ എന്നാൽ അത്യുച്ചത്തിലുള്ള സംഭാഷണവും അദ്ദേ ഹത്തിന്റെ സാത്വികതയുടെ പ്രത്യേകതയാണു്. ഓർത്തിരിക്കാതെ കേട്ടാൽ ഞെട്ടിപ്പോകുന്ന ഘനശബ്ദമാണതു്. കൃത്യനിഷ്ഠ, സ്ഥൈ ര്യം, ധൈര്യം, ഉപകാരസ്മരണ, സ്വാതന്ത്ര്യബുദ്ധി, ഔദാര്യം, സർ വോപരി ശുചിത്വം, സത്യം, ശ്രദ്ധ എന്നീ വിശിഷ്ടഗുണങ്ങൾ കൂടെ പ്പിറപ്പായിരുന്നു. പുരാണർഷിമാരിലും തദ്ഗ്രന്ഥ സമുച്ചയങ്ങളി ലുമുള്ള സമാദരവു് ഒരുമാതിരി അന്ധമായിത്തന്നെയുണ്ടായിരുന്നു എന്നുപറയാം. അവിടെ അനാദരവു് ആരിൽ കണ്ടാലും സഹിച്ചി രുന്നില്ല. ഗുരുഭക്തിയിൽ പുരാതന മഹർഷിമാർപോലും പിൻനി ല്ക്കേയുള്ളൂ. ഏതു ചെളിവെള്ളത്തിലായാലും സ്വഗുരുസ്വാമി തിരു വടികളെ കണ്ടാൽ അവിടെ പ്രണമിക്കയായി. ''അവിടുന്നെന്റെ ദൈവതമാണു്. അവിടുത്തെ പാദപത്മപരാഗങ്ങളിൽ ഒന്നാണു ഞാൻ'' എന്നൊക്കെയാണു് അദ്ദേഹത്തെ ചേർത്തു തന്നെപ്പററി ആ ശിഷ്യോത്തംസം പറയാറു്. മാതൃഭക്തിയിൽ പരശുരാമനും പരാജ യമടയുകതന്നെ ചെയ്യും. പ്രാപഞ്ചിക ബന്ധങ്ങളുടെ വ്യർത്ഥത നേരേ ബോധിച്ചു ആത്മാരാമനായി കഴിഞ്ഞിരുന്നെങ്കിലും തന്റെ ''മാതൃ

മഹാരാജ്ഞി''യുടെ കൂടെപ്പോയി താമസിക്കുക അദ്ദേഹത്തിനൊരു പതിവായിരുന്നു. 21 വയസ്സു വരെയെ സ്വാമികൾക്കു വിദഗ്ദ്ധ ജ്യൌതിഷികന്മാർ ആയുസ്സു കുറിച്ചിരുന്നുള്ളു. ''യോഗംകൊണ്ടു അതു നീണ്ടി'' എന്നും ''ആത്യന്തികാവിദ്യാനാശം-ദേഹപാതം-വരുന്നതിൽ മേലിൽ യോഗം തടസ്സമെന്നു ശങ്കിച്ചു അടുത്തകാലത്തു അഭ്യാസം ഞാൻ കുറെ വിട്ടിരുന്നു.........പുരുഷസന്താനങ്ങളിൽ ഏകശേഷനായിത്തീരുകയാൽ, ഞാൻ മാതൃഹിതം ആദരിച്ചു അതു വീണ്ടും ആരംഭിച്ചിരിക്കുന്നു'' എന്നു കൊ: വ: 1095 മേടം 17-ാനു-യിലെ ഡയറിക്കുറിപ്പിൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു സ്വഹിതം ബലികഴിച്ചും മാതൃഹിതം ആചരിക്കുന്നതിൽ സ്വാമികൾക്കുള്ള അതിശ്രദ്ധ വെളിവാക്കുന്നു. അതുപോലെയാണു ശിഷ്യവാത്സല്യത്തിൻേറയും സ്ഥിതി. കലാദി വിഷയരസാസ്വാദനങ്ങളിൽ നിന്നു നിവർത്തിച്ചു ബ്രഹ്മാനന്ദപീയൂഷ പാനമാത്രരതനായി പത്തിരുപത്തെട്ടുകൊല്ലംകൊണ്ടേ പ്രവർത്തിച്ചവരുന്നെങ്കിലും, സ്വാമികാം സ്വപ്രിയതര ശിഷ്യന്മാരായ പരമാനന്ദനാഥ പ്രഭൃതികളുടെ അപേക്ഷയാൽ മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കരാശാൻെറ കാലകേയവധത്തിൽ അജ്ജുനനെകണ്ടു അനർഘമായ അഭിപ്രായം രേഖപ്പെടുത്തിയതു ഒരു ആത്മജ്ഞാനിയായ കലാഹൃദയൻെറ വിമർശന പാടവത്തിനു പുറമേ തൻെറ ശുദ്ധ ശിഷ്യ വത്സലതയുമാണല്ലോ ദ്യോതിപ്പിക്കുന്നതു. (1091 മീനം 10ലെ ഡയറികുറിപ്പു ചരിത്ര സമുച്ചയത്തിൽ കാണുക)

സ്വാനുഭൂതിസമ്പന്നതയിൽ സദാ സംമഗ്നനായിരുന്നെങ്കിലും, ചലിക്കുന്ന വിജ്ഞാന മയമഹാ ഗ്രന്ഥശാലയെന്നു വിശേഷിപ്പിക്കപ്പെട്ട ലോകരുടെ ചര്യാമര്യാദകളെ ക്രമപ്പെടുത്തുന്നതിലും അഭിവൃദ്ധമാക്കുന്നതിലും സന്മാർഗ്ഗ നിഷ്ഠയെ സ്ഥേഷ്ഠമാക്കുന്നതിലും, പോരാ അതുവഴി അധികാരികളെ ''മുക്തിപ്പൊൻപുരി''യുടെ പടവുകളിലേക്കു യഥായോഗ്യം നയിക്കുന്നതിലും അവിടെ എത്തിക്കുന്നതിലും സ്വമാതൃകാപരമായ ആചാരങ്ങളാലും ഗ്രന്ഥകരണങ്ങളാലും ഉപദേശങ്ങളാലും സ്വഹ്രസ്വജീവിതകാലം മുഴുവൻ നിസ്തന്ദ്രം പ്രയത്നിച്ച ആ സർവ്വജ്ഞ മഹാത്മാവിൻെറ എങ്ങും നിറഞ്ഞ, ദിവ്യമഹസ്സു നമ്മേ ശ്രേയോമാർഗ്ഗത്തിൽവെളിച്ചംവീശി നയിക്കുമാറാകട്ടെ!

(പാനാർഹമായ ഒരു ബൃഹദ് വിശ്വവിജ്ഞാനകോശമായ ആ ജീവിതത്തെ കാര്യമായി പഠിക്കാൻ ആഗ്രഹിക്കുവർ ശ്രീ നീലകണ്ഠ തീർത്ഥപാദചരിത്ര സമുച്ചയം രണ്ടു ഭാഗങ്ങളും നോക്കട്ടെ.)

''ശ്രീ നീലകണ്ഠകലയാ, ഭുവി യോഽവതീർണ്ണോ
ജ്ഞാന പ്രചാരവിധിനാ പവിത്രം ധരിത്രീ
പ്രജ്ഞാനിധിഃ സ യതിവര്യഗുരുഃ സദാ മേ-
സത്രാകരോത്വഖിലവർത്മസു തീർത്ഥപാദഃ''

# വിഷയവിവരം

| | | പുറം |
|---|---|---|
| 1 | രണ്ടാംപതിപ്പിൻെറ മുഖവുര | 1 |
| 2 | ഒന്നാംപതിപ്പിൻെറ മുഖവുര | 5 |
| 3 | ഒന്നാംപതിപ്പിൻെറ പ്രാസ്താവികം | 10 |
| 4 | ഒന്നാംപതിപ്പിൻെറ Preface | 27 |
| 5 | അതിൻെറ മലയാളം | 28 |
| 6 | ഒന്നാംപതിപ്പിൻെറ ആശംസ–സംസ്കൃതം | 29 |
| 7 | അതിൻെറ മലയാളം | 30 |
| 8 | ഒന്നാംപതിപ്പിനെപ്പററി അഭിപ്രായങ്ങൾ | 31 |
| 9 | ഒന്നാംപതിപ്പിനെപ്പററി നിരൂപണം–സമാധാനം | 33 |
| 10 | ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികൾ | 35 |

ഗ്രന്ഥാരംഭം

| | | |
|---|---|---|
| 1 | പ്രേതവിചാരപദ്ധതി | 49 |
| | i) പ്രേതവിവരണം | |
| | ii) മരണാനന്തരകർമ്മാവശ്യകത | |
| 2 | ശാവപദ്ധതി | 56 |
| | i) മുമൂർഷുകർമ്മം | ,, |
| | ii) ആതുരസന്ന്യാസം | 59 |
| | iii) ശവസ്നാനം | 60 |
| | iv) വായ്ക്കരിയിടൽ | 61 |
| | v) ചുടലയ്ക്കെടുപ്പ് | ,, |
| | vi) ശവദാഹം | 63 |
| | vii) നീർകണ്ണാക്ക് | 65 |
| | viii) സ്നാനതർപ്പണങ്ങൾ | 66 |
| | ix) കടവിൽ ബലി | 67 |
| | x) ദിവസബലി | 68 |
| | xi) സഞ്ചയനം | 71 |
| | xii) പുലകുളി | 75 |
| | xiii) പുലപ്പിണ്ഡം | 76 |
| | xiv) ശുദ്ധപിണ്ഡം xv) ദുർമ്മൃതികൾ | 81 |
| | xvi) നാരായണബലിക്രമം | 86 |

| | | |
|---|---|---|
| 3 | ആശൌചപദ്ധതി | 88 |
| | i) ആശൌചാർത്ഥം ii) ദിവസമാനഭേദങ്ങൾ | ,, |
| 4 | ശ്രാദ്ധപദ്ധതി | 100 |
| | i) നാന്ദീശ്രാദ്ധം | ,, |
| | ii) സപിണ്ഡി | 104 |
| 5 | സംസ്കാരപദ്ധതി | 118 |
| | i) വിവാഹം | ,, |
| | a) ആചാരഭേദം | ,, |
| | b) വർജ്ജ്യസ്ത്രീലക്ഷണം | 119 |
| | ആരംഭക്രിയകൾ : | 120 |
| | c) വരസ്വീകരണം | ,, |
| | d) കന്യാദാനം | 121 |
| | e) സപ്തപദി | 122 |
| | ii) പുംസവനം | 124 |
| | iii) സീമന്തം | 125 |
| | iv) ജാതകർമ്മം | 127 |
| | v) നാമകരണം | 129 |
| | vi) നിഷ്ക്രമണം | 130 |
| | vii) അന്നപ്രാശനം | 132 |
| | viii) ചൌളം | 133 |
| | ix) ഉപനയനം | 136 |
| 6 | സന്ധ്യാനുഷ്ഠാനപദ്ധതി | 144 |
| | i) സന്ധ്യാകർമ്മപ്രാധാന്യം | ,, |
| | ii) സന്ധ്യാപ്പൊരുൾ, അനുഷ്ഠാനം | 146 |
| | iii) ആചമനം | 150 |
| | അനുബന്ധം: | |
| 1 | 12-ാം ദിവസത്തെ സപിണ്ഡിക്രിയാ പ്രാധാന്യം | 163 |
| 2 | ഒരുക്കുകൾ | 166 |
| 3 | പരാമൃഷ്ട ഗ്രന്ഥങ്ങൾ | 167 |

# ആചാര പദ്ധതി

## ഹരിഃ ശ്രീ ഗണേശായ നമഃ

"*f* ഇച്ഛാക്രിയാജ്ഞാനശക്തി-
ബ്രഹ്മഭേദത്രയാതിഗം
വൈഖരീരൂപസദ്ഭാവ-
മുമാർദ്ധംകരണൈര്യജേ". 1
"ഉദഥാ ഹ്യശ്ര്യാര്യ്യഗുരു-
സ്വാമിനമഥ സംപ്രണമ്യ വിബുധജനം
മലയക്ഷത്രിയനായക-
സമയസ്മൃതിപദ്ധതിംവിരചയാമഃ" 2

## 1. പ്രേതവിചാര പദ്ധതി

**i)** പ്രേതവിവരണം :

പ്രേതകൃത്യം* തത്ഫലഭോക്ത്രാദ്യഭാവത്താലും മററും അനാവശ്യംതന്നെ എന്ന് ചിലർ നിരൂപിക്കുന്നതു് നാസ്തികൃകോടിയിൽ

---

*f* ഇച്ഛ, ജ്ഞാനം, ക്രിയ എന്ന മൂന്നുതരം ഭേദത്തോടുകൂടിയ സഗുണ ബ്രഹ്മത്തിന്നപ്പുറം നിൽക്കുന്നതും വാക്കിൻെറ രൂപത്തിൽ വെളിവാകുന്നതുമായ ഉമാദേവ്യാർദ്ധാംഗത്തെ-ശിവനെ-ഞാൻ മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും പൂജിക്കുന്നു.

'കുഞ്ഞൻ' എന്ന പേരുള്ള ശ്രീ ആര്യഗുരു (ശ്രീ കുഞ്ഞൻപിള്ള ചട്ടമ്പി) സ്വാമി തിരുവടികളെയും മററു വിദ്വജ്ജനങ്ങളെയും സ്തുതിച്ചു നമസ്കരിച്ചുകൊണ്ട് 'മലയക്ഷത്രിയനായക സമയസ്മൃതി പദ്ധതി' (ആചാരപദ്ധതി) ഞാൻ എഴുതിക്കൊള്ളുന്നു.

* ആ കർമ്മങ്ങളുടെ ഭോക്താവു മുതലായതില്ലായ്കയാലും മററും.

അന്തർഭവിക്കുന്നതാകയാൽ ക്ഷേമകാംക്ഷികളായ അസ്മാദൃശന്മാക്ക് കൈക്കൊാംവാൻ യുക്തമല്ല. || ഏകജീവവാദമെന്ന മുഖ്യാദ്വൈത സിദ്ധാന്തം വിട്ട് അദ്ധ്യാരോപാപവാദന്യായപ്പടിക്കുള്ള *f* രാദ്ധാന്ത പക്ഷത്തിൽപോലും പാരമാൎത്ഥിക, വ്യാവഹാരിക, പ്രാതിഭാസിക ഭേദത്താൽ സത്താത്രൈവിദ്ധ്യത്തെ അംഗീകരിച്ച് പ്രപഞ്ച ത്തിന്ന് വ്യാവഹാരിക സത്ത്യത്വം സിദ്ധമായി വന്നസ്ഥിതിക്ക് വ്യാവഹാരിക ദൃഗ്വ്യക്തികളായവർ പ്രത്യക്ഷാദിപ്രമാണ ചതുഷ്ടയ ത്തിൽ അവ്യഭിചാരിയായ ശാബ്ദപ്രമാണത്തിനടിപെട്ടിരുന്നും വച നാന്തരങ്ങളാൽ വിമുഖന്മാരായിതീർന്ന തൻമൂലം പിതൃകൃത്യം മുട ക്കുന്നതു യോഗ്യമല്ലെന്നറിയാത്തതു പോരായ്കതന്നെ. മനഃപൂർവ്വ ത്താലോ പ്രതിബന്ധബലത്താലോ പ്രവർത്തിക്കുന്നതിൽ അപ്രാ മാണ്യം പ്രയോജനക്കുറവെന്നിവയെ കൂടി ആരോപിക്കുന്നതു് അനർഹംതന്നെ. ശാബ്ദപ്രമാണമൊഴിച്ചുള്ള മററു മൂന്നിലും ദോഷ ദുഷ്ടമായ ഇന്ദ്രിയത്താലുമൊക്കെ ഗൃഹീതമായിട്ട് വൈപരീത്യം വന്നേക്കാവുന്നതും ശാബ്ദപ്രമാണത്തിനങ്ങിനെ സംഭവിക്കാത്തതുമാ കുന്നു.

ഈ അന്തിമപ്രമാണം ശ്രുതി, സ്മൃതി, ഇതിഹാസ, പുരാണാ ദിരൂപമായിരിക്കും 'അതീന്ദ്രിയാർത്ഥേ വിജ്ഞാനേ മാനംനഃ ശ്രുതി രേവ ഹി'-നമുക്ക് ഇന്ദ്രിയവിഷയമല്ലാത്ത ജ്ഞാനാദിവിഷയത്തിൽ ശ്രുതിസാധുവാകുന്നു എന്നു വ്യാസഭഗവാൻ പറയുന്നു. ശ്രുത്യനുസാ രിയായി തദനുക്തമായിരിക്കുന്ന അർത്ഥത്തെ സ്മൃതിയിൽനിന്നും ഇതുപോലെ ഉത്തരോത്തരവും ഗ്രഹിക്കത്തക്കതാകുന്നു. ഇവ തമ്മിൽ വിരുദ്ധമായി വന്നാൽ അപ്പോഠം ശ്രൌതമായ അർത്ഥം പ്രധാന മെന്നാണ് പ്രമാണം.

'ശ്രുതിസ്മൃതിപുരാണാനാം
വിരോധോ യത്ര ദൃശ്യതേ
തത്ര ശ്രൌതം പ്രധാനംസ്യാൽ'

---

|| ഒരു ചൈതന്യം പ്രപഞ്ചരൂപേണ വിവർത്തിക്കുന്നു (അജ്ഞതയാലെന്ന വാദം). *f* രാദ്ധാന്തം = സിദ്ധാന്തം. അവ്യഭിചാരിത = മാറാത്ത ||| തദനുക്തം = അതിൽ പറയാത്ത ||| ശ്രൌതം = ശ്രുതി പ്രസിദ്ധം (അന്തിമപ്രമാ ണം = ശാബ്ദപ്രമാണം)

ഇത്യാദി(യാകുന്നു) 'ജായമാനൊ വൈ ബ്രാഹ്മണസ്ത്രിഭിർഋണവാൻ, ജായതെ' എന്ന വേദവാക്യത്തിൽ മൂന്നുവിധ ഋണത്തോടെ ബ്രാഹ്മണൻ (മനുജൻ) ജാതനാകുന്നു എന്നു പറയുന്നു. 'കർമ്മണാ പിതൃലോകഃ(ജയ്യഃ)' കർമ്മംകൊണ്ടു് പിതൃലോകം ജയിക്കത്തക്കതു് എന്നു ശ്രുതിവചനമുണ്ടു്.

'ഋണമോചനകർത്താരഃ
പിതുഃ സന്തി സുതാദയഃ

പിതാവിനു് കടമൊഴിക്കുന്നതിനു് പുത്രാദികൾ ഭവിക്കുന്നു എന്നു് ആചാര്യസ്വാമികൾ പറഞ്ഞിരിക്കുന്നു.

'ഋണാനി ത്രീണ്യപാകൃത്യ
മനോ മോക്ഷേ നിവേശയേൽ
അനപാകൃത്യ മോക്ഷം തു
സേവമാനോ വ്രജേദധഃ'

മൂന്നൃണങ്ങളേയും ശോധിച്ചു് പിന്നീടു് മോക്ഷത്തിൽ മനസ്സു വയ്ക്കണമെന്നും ദേവ, ഋഷി, പിതൃസംബന്ധികളായ കടങ്ങളേ പോക്കാതെ മോക്ഷം തേടുന്നവൻ പതിച്ചുപോകുമെന്നും ഈ മനുവചനാർത്ഥമാകുന്നു. ഇങ്ങിനെ പറഞ്ഞിരുന്നാലും ഇതിൽ മനു എല്ലാവരേയും ഗ്രഹിച്ചിരിക്കുന്നതായി വിചാരിച്ചുകൂടാ. എന്തെന്നാൽ, വിരക്തപുരുഷനെ കൂടി എടുക്കുമ്പോൾ 'യദഹരേവ വിരജേത്തദഹരേവ പ്രവ്രജേദ്ഗൃഹാദ്വാ വനാദ്വാ യദി വേതരഥാ ബ്രഹ്മചര്യ്യദേവ പ്രവ്രജേത്' ഏതു സമയം (പ്രപഞ്ചത്തിൽ) വിരക്തി വരുന്നുവോ അപ്പോൾ സന്ന്യസിക്ക, ഗൃഹ(സ്ഥാ)ശ്രമത്തിൽനിന്നോ വനത്തിൽനിന്നോ അല്ലെങ്കിൽ ബ്രഹ്മചര്യ്യത്തിങ്കൽനിന്നുതന്നെയോ സന്ന്യസിക്ക എന്ന ശ്രുതിവാക്യത്തിന്നു വിരുദ്ധമാകയാൽ 'ഋണാനീതിഹ്യപസ്മൃതിഃ' എന്ന സുരേശ്വരാചാര്യരുടെ ബൃഹദ്വാർത്തിക വചനപ്രകാരം മുൻ കാണിച്ച മനുസ്മൃതി അപസ്മൃതി ആകുന്നു എന്നതുപോലെ വരുമെന്നുള്ളതിനാലത്രെ * കർമ്മനിഷ്ഠന്മാർക്കു് ഋണം പ്രതിബന്ധകമാകുമെന്നല്ലാതെ വിരക്തന്മാർക്കിങ്ങിനെ വരികയില്ല. ജന്മസംസാര വൃക്ഷത്തിൻെറ ബീജത്തെ ദഹിപ്പിക്കുന്നതിനുള്ള സമിദ്ധാഗ്നിയായ

---

* വേദവചനത്തിനു് പ്രത്യക്ഷവിരോധമായി വരുന്ന ഇത്യാദി വിഷയങ്ങളിൽ ഇപ്രകാരമാണെന്നു മുമ്പു പറഞ്ഞതിനു് ദൃഷ്ടാന്തവുമായി ഭഗവദ്ഭക്തൻ ഗീതയിലെ ഗുണാതീതൻ, സൂ-സം-യിലെ അതിവർണ്ണാശ്രമി എന്നിവർ ജ്ഞാനികളാകുന്നു.

വൈരാഗ്യം ഉദയം പ്രാപിക്കകൊണ്ടാകുന്നു ഇതെന്നറിയേണ്ടതാകുന്നു. പിന്നെ ഭഗവദ്ഭക്തന്റെ ഗുണബന്ധത്തെ 'നായമൃണീ ച- രാജൻ'-എന്നാദിയായി ശ്രീഭാഗവതത്തിൽ നിഷേധിച്ചിട്ടുമുണ്ട്. ആകയാൽ ഇവിടെ കർമ്മനിഷ്ഠന്മാരെത്തന്നെ ഗ്രഹിക്കേണ്ടതാകുന്നു.

പ്രേതശബ്ദം — ,പ്ര എന്ന ഉപസർഗ്ഗസംയുക്തമായിട്ട് ഗത്യർ- ത്ഥക 'ഇണ്'' ധാതുവിൽനിന്നും 'ക്ത'പ്രത്യയാന്തമായി ഉത്ഭവിച്ചതും നാരകജീവനെന്നും മററും സമുദിതാർത്ഥമുള്ളതും ആകുന്നു. പൂർവ ശരീരം വിട്ടുപോകുന്ന 17 (പതിനേഴ്) തത്വാത്മകനായ ജീവാത്മാവിനു ഭാവിശരീരകാരണഭൂതമായുള്ള ഭൂത (സൂക്ഷ്മ) ത്താൽ സമാരബ്ധമായി തൽക്കാലം ഉത്ഭവിക്കുന്ന ശരീരത്തിനു് ആതിവാഹികമെന്നു് പേരാകുന്നു. ഇതിനെ സമാശ്രയിച്ചാണ് പൂർവ്വദേഹാസ്ഥ പരിത്യജിക്കുന്നതു്. തൃണജളൂകാദിദൃഷ്ടാന്തവും പറഞ്ഞുവരുന്നു. ''തദന്തരപ്രതിപത്തൗ രംഹതി സംപരിഷ്വക്തഃപ്രശ്നനിരൂപ- ണാഭ്യാം'' എന്ന ഉത്തരമീമാംസയിൽ,

'ലോകാന്തരമടയുമ്പോഴം
ജീവനദൃഷ്ടാഖ്യഭൂതസൂക്ഷ്മത്താൽ
വേഷ്ടിതനായ് പോകുന്നു
പ്രശ്നോത്തരദർശനത്തിനാൽ, ശ്രുതിയിൽ'

എന്നു പറഞ്ഞിരിക്കുന്നു. ഇങ്ങനെ പറയുന്നതിനാൽ തൽക്ഷണം ജന്മഗ്രഹണമുണ്ടാകുന്നതായി വരുന്നില്ല. അർച്ചിരാദിമാർഗ്ഗമായ സഗുണബ്രഹ്മനിഷ്ഠന്മാരെ ഊർദ്ധ്വലോകം നയിക്കുന്ന ആധികാരികന്മാർക്കും ആതിവാഹികർ എന്നു് പേരുണ്ട്. മനുഷ്യവ്യതിരിക്തങ്ങളായ പ്രാണികൾക്ക് ആതിവാഹികദേഹമൊ യാതനയോ ഇല്ല. ജനനമരണാത്മകമായ ഒരു ഗതി മാത്രമുള്ളതാകുന്നു.

'തൽക്ഷണാദേവ ഗൃഹ്ണാതി
ശരീരമാതിവാഹികം
ആതിവാഹികസംജ്ഞോസൗ
ദേഹോ ഭവതി ഭാർഗ്ഗവ !
കേവലംതന്മനുഷ്യാണാം
നാന്യേഷാം പ്രാണിനാം കചചിൽ

---

ഭാവിശരീരത്തിന്റെ (ഉപാദാന) കാരണമായ ഭൂതങ്ങളാൽ. സമാരബ്ധം = ഒന്നിൽനിന്നു് മറെറാന്നിന്റെ ഉല്പത്തിരൂപമാകുന്ന ഭാവം (ഭവിപ്പ്) എടുത്തുണ്ടാകുന്നു. അർച്ചിരാദിമാർഗ്ഗം ഭ-ഗീതാ 8-ാം അദ്ധ്യായത്തിൽ കാൺക.

'പ്രേതപിണ്ഡൈസ്തതൊ ദത്തൈ–
ർദ്ദേഹമാപ്നോതി ഭാർഗ്ഗവ!
ഭോഗദേഹമിതിപ്രോക്തം
ക്രമാദേവ ന സംശയഃ'

എന്നു തുടങ്ങി

''പൂർണ്ണെ സംവത്സരെ ദേഹ–
മതോന്യംപ്രതിപദ്യതെ
തതഃ സ നരകെ യാതി
സ്വർഗ്ഗെ വാ സ്വേന കർമ്മണാ''

എന്നു വിഷ്ണു ധർമ്മോത്തരം പറയുന്നു.

ii) മരണാനന്തര കർമ്മാവശ്യകത :

മരണക്ഷണത്തിൽതന്നെ ആതിവാഹിക (ലോകാന്തര പ്രാപണത്തിങ്കൽ നിയുക്തമായുള്ള) ദേഹത്തെ കൈക്കൊള്ളുന്നു. അങ്ങിനെയുള്ള ശരീരത്തിനു് ആതിവാഹികമെന്നു പേർ (മുമ്പു പറഞ്ഞിട്ടുണ്ടല്ലോ) ഇതു് മനുഷ്യർക്കുമാത്രമുള്ളതും മറ്റൊരു ജന്തുക്കൾക്കും ഇല്ലാത്തതും ആകുന്നു എന്നു പറഞ്ഞ അർത്ഥത്തെത്തന്നെയാണു് ശ്ലോകം കാണിക്കുന്നതു്. പിന്നീടു് ദായാദന്മാർ മുതലായവരാൽ സങ്കല്പപൂർവ്വം കൊടുക്കപ്പെടുന്ന പ്രേതപിണ്ഡോദകങ്ങളാൽ ക്രമേണ വൃദ്ധിയെ പ്രാപിച്ചു് ഭോഗദേഹമെന്നു പറയപ്പെടുന്ന ശരീരത്തെ പ്രാപിക്കുന്നു എന്നും സംവത്സരാന്ത്യത്തിൽ സപിണ്ഡിവരെ ആകുമ്പോൾ അഭിനവശരീരനായി സ്വർഗ്ഗത്തിലോ നരകത്തിലോ സ്വകർമ്മാനുസാരം പോകുന്നു എന്നും മേലേശ്ലോകങ്ങൾക്കർത്ഥമാകുന്നു. ഇങ്ങിനേയുള്ള ശരീരം, അപ്പിന്റെ ആധിക്യത്താൽ (അപ്+മയം) അമ്മയമെന്നു വിളിക്കപ്പെടുന്നതും സ്വർഗ്ഗികൾക്കും നാരകികൾക്കും അവിടെയുള്ള ഫലഭോഗാനന്തരം ജന്മഗ്രഹണകാലത്തു് ''ശ്വയോനിംവാ, സൂകരയോനിംവാ, ചണ്ഡാലയോ–നിംവാ''–ശുനീഗർഭത്തിലോ, സൂകരഗർഭത്തിലോ, ചണ്ഡാലജാതിയിലോ പൂകുന്നു എന്ന കൌഷീതകീ ബ്രാഹ്മണപ്രകാരം ഉദരം പ്രവേശിക്കുന്നതും

'ദേഹോപാദാനഭൂതാ, ഹി
വ്യോമാദിദ്വാരതൊ ഭുവം
പ്രാപ്താ ആപ ഇമാ ജീവ–
സ്ത്വാവിശന്ത്യാസി സപ്തമേ'

---

അഭിനവ = പുതുമപൂണ്ട സ്വർഗ്ഗികൾ = സ്വർഗ്ഗാരോഹണം ചെയ്യുന്നവർ.
നാരകികൾ = നരകത്തിൽ വീഴുന്നവർ.

എന്നു തത്ത്വസാരായണത്തിൽ പറയുന്നതും രൂപാന്തരത്തിൽ ശ്രീമദ്രാമായണം പറയുന്നതും, തന്നേ ആകുന്നു. 'കൃതാത്യയെനുശയവാൻ ദൃഷ്ടസ്മൃതിഭ്യാം' എന്നാദിയായ വേദാന്തദർശനസൂത്രം കർമ്മക്ഷയാവസരത്തിൽ പതിക്കുന്നവർക്കുള്ള അവശിഷ്ടകർമ്മസഹിത(മായ) പതനത്തെ പ്രതിപാദിക്കുന്നു.

'സ്വർഗ്ഗംകരുതിച്ചെയ്തോരു
കർമ്മം വിലയിച്ചിട്ടപ്പൊഴവിടുന്നു്
ഭുക്തേതര, സഞ്ചിതമോ
ടിങ്ങുവരുംപോയതിന്നുനേർമറിവായ്'

എന്നു സൂത്രാശയമാകുന്നു. സ്വർഗ്ഗപദം നരകത്തിൻേറയുമുപലക്ഷണമായി ഗ്രഹിക്കേണ്ടതാണെന്നു് ഉപനിഷദ്ദീപികയിൽ പറഞ്ഞിട്ടുണ്ടു്. പതിക്കുന്ന ഘട്ടത്തിൽ സ്വല്പം കാലവിളംബമുള്ളതായി വരുന്നതു ദൈവാദിദിനരാത്രങ്ങളുടെ മാനഭേദത്താൽ മാത്രമാണു്. അമ്മയമാകുന്ന ശരീരത്തിൻെറ വൃദ്ധ്യാദികൾക്കു് തിലോദക പിണ്ഡാദികൾ ഉപയുക്തങ്ങൾതന്നെ. പ്രേതമായിഭവിച്ചു് ഗതിവരാത്തതിനെകുറിച്ചു് ഗാരുഡപ്രേതകല്പത്തിൽ ബഭ്രുവാഹന പ്രേതസംവാദത്തിലും പാദ്മോക്തഭാഗവത മാഹാത്മ്യത്തിൽ ധേനുകസംവാദത്തിലും പറയുന്നുണ്ടു്. ഇങ്ങിനെ വളരെക്കാലം കഴിഞ്ഞശേഷം രാജാവു് മൃത്യുവെ പ്രാപിച്ചു. വൈദികരീതിക്കു് ഔർദ്ധ്വദേഹികകർമ്മം ലഭിയാതെയും വിപ്ര പ്രദ്വേഷത്താലും ബഹുയുഗപര്യന്തം യമയാതനയനുഭവിച്ചു് ആ നൃപൻ ഹിമവല്പാർശ്വത്തിൽ പിശാചായി ഭവിച്ചു എന്നു് പാദ്മത്തിൽ പറഞ്ഞിരിക്കുന്നു. ഇങ്ങിനെയല്ലാതെ ദ്വൈതപ്രപഞ്ചമുള്ള നാൾ അതാതിൻെറ സത്തയോടു് നിലനിൽക്കുന്ന മഹാഭൂതങ്ങളെക്കുറിച്ചു് പാതഞ്ജലവിവൃതികളിലും മററും സവിസ്തരം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

'ഹവിർജ്ജുഹ്വതി നാഗ്നൌ യേ
ഗോവിന്ദംനാർച്ചയന്തി യെ
ലഭന്തേ,നാത്മവിദ്യാംച
സുതീർത്ഥവിമുഖാശ്ചയെ =
നാസ്തികാഃകുഹകാശ്ചൌരാ
യേചാന്യേബകവൃത്തയഃ'

എന്നു തുടങ്ങി പാദ്മോത്തര ഖണ്ഡത്തിൽ പ്രേതമാകുന്നതിനുള്ള ഹേതുക്കൾ വിസ്തരിക്കപ്പെട്ടിരിക്കുന്നു. ഈവകക്കാരുടെ ശരീരങ്ങൾ

---

അവശിഷ്ട (ശേഷമുള്ള) സഞ്ചിത കർമ്മത്തോടുകൂടിയുള്ള

സ്ഥൂലകൃതങ്ങളല്ലാത്തതിനാൽ ദൃഗ്ഗോചരമാകാത്തതു് കുററമല്ല. ഇങ്ങിനെ പ്രബലപ്രമാണസിദ്ധമായ പ്രേതലോകാദികാൎയ്യത്തെ ഹഠാൽ നിരസിക്കുന്നവർ 'അയം ലോകോ; നാസ്തിപര ഇതി മാനീ പുനഃ പുനർവ്വശമാപദ്യതെമെ' ഈ ലോകമുണ്ടെന്നല്ലാതെ പരമില്ലെ ന്നഭിമാനിക്കുന്നവൻ വീണ്ടും വീണ്ടും ജന്മയാതനാദികളെ ഏൽക്കുന്നു എന്നു് ഈ മൃത്യുപ്രോക്തമായ ഉപനിഷത്തിന്നർത്ഥമാകുന്നു. പിന്നെ നാസ്തിക നിരാകരണഘട്ടത്തിൽ നൈയായിക ചക്രവർത്തിയായ ഉദയനാചാൎയ്യൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു—

'സന്ദിഗ്ദ്ധേപി പരേ ലോകേ
ത്യാജ്യമേവാഹിതംബുധൈഃ
യദി ന സ്യാന്ന ഹാനിഃ സ്യാ-
ദസ്തി ചേന്നാസ്തികോ ഹതഃ'—

എന്നു് പരലോക വിഷയത്തിൽ സംശയംതന്നെ എന്നപക്ഷത്തിലും കൂടി അധർമ്മം പരിഹാൎയ്യമാകുന്നു. ആയതില്ലെന്നു വരുന്നു എങ്കിൽ കേടൊന്നുമില്ലെന്നും പരമുണ്ടെന്നാണു് വരുന്നതെങ്കിൽ നാസ്തികൻ ഹതനായി ഭവിക്കുന്നു എന്നും ഈ 'കുസുമാഞ്ജലി' പദ്യത്തിനർത്ഥമാകുന്നു. ആകയാൽ, ദാഹോദപിണ്ഡശ്രാദ്ധാദികൾ അവശ്യമാദരണീയങ്ങൾതന്നെ. ഔൎദ്ധ്വദേഹികമെന്നാൽ മൃതദിവസം ചെയ്യപ്പെടുന്ന ദാനമെന്നും തദ്ദിനാവധിസപിണ്ഡീകരണാന്തമുള്ള കർമ്മമെന്നും താതു്പൎയ്യമാകുന്നു. പ്രസിദ്ധമായ രണ്ടാമത്തു പക്ഷപ്രകാരമുള്ള കർമ്മങ്ങൾ അടുത്ത പദ്ധതിയിൽ കണ്ടുകൊൾക. ശുഭം.

## 2. ശാവപദ്ധതി

i) മുമൂർഷുകർമ്മം :

ഊർദ്ധ്വപുണ്ഡ്ര, ത്രിപുണ്ഡ്ര, തുളസീദളാദി വിഭൂഷിത ഗാത്രനായിട്ടു മുമൂർഷു, ഗോമയാദിയാൽ സംസ്കൃതമായ നിലത്തു ദർഭാസനത്തിന്മേൽ ഇരുന്നുകൊണ്ടോ ഔരസപുത്രന്റെ മടിയിൽ തെക്കു തലയായി കിടന്നുകൊണ്ടോ പരമാത്മാവിനെ ധ്യാനിച്ചു താഴെ പറയുന്ന മന്ത്രങ്ങൾ ജപിക്കയോ മററൊരാൾ മുഖം ശ്രവിക്കയോ ചെയ്യണം. തന്നത്താൻ സങ്കല്പിപ്പാൻ ശക്തിയില്ലാതെ വരികിൽ ശ്രവിപ്പിക്കുന്ന ആൾ 'അമുക (ഇന്ന) നാമകസ്യാസ്യാമൃതത്വരൂപ ഫലാവാപ്ത്യയെ നാനാനംസൂക്തം ശ്രാവയിഷ്യേ'– എന്നു സങ്കല്പിക്കണം.–'നാനാനമിതിസൂക്തസ്യശിശുരാംഗിരസഃ പവമാനഃസോമഃ —അമൃതത്വപ്രാപ്ത്യയെജപേ' (അല്ലെങ്കിൽ–ശ്രവണെ)വിനിയോഗഃ–

''നാനാനംവാഉനൊധിയൊ
വിവ്രതാനിജനാനാം
തക്ഷാരിഷ്ടംരുതംഭിഷഗ്
ബ്രഹ്മാസുന്വന്തമിച്ഛതീന്ദ്രായേന്ദോപരിസ്രവ

ജരതീഭിരോഷധീഭിഃ
പർണ്ണെഭിഃ ശകുനാനാം
കാർമ്മാരൊ അശ്മഭിർദ്യുഭീർ-
ഹിരണ്യവന്തമിച്ഛതീന്ദ്രായേന്ദൊപരിസ്രവ

കാരുരഹംതതൊഭിഷ-
ഗുപലപ്രക്ഷിണീനനാ
നാനാധിയൊവസൂയവൊ–
നുഗാഇവതസ്ഥിമേന്ദ്രായെന്ദൊപരിസ്രവ

അശ്വൊവൊഹ്ളാസുഖംരഥം
ഹസനാമുപമന്ത്രിണഃ

---

മുമൂർഷു = മരണമടുത്തവൻ. ഔരസപുത്രൻ = തനിക്കു പിറന്ന പുത്രൻ എന്നതുകൊണ്ടു ദത്താദിയല്ലെന്നു കിട്ടുന്നു.

ശെപൊരൊമണ്വന്തൊഭേദൌ
വാരിന്മണ്ഡൂകഇച്ഛതീന്ദ്രായെന്ദൊപരിസ്രവ = 1

ശര്യ്യണാവതിസോമ-
മിന്ദ്രഃപിബതുവൃത്രഹാ
ബലംദധാനആത്മനി
കരിഷ്യന്നവീര്യ്യംമഹദിന്ദ്രായെന്ദൊപരിസ്രവ

ആപവസ്വവിശാംപത
ആർജീകാത്സോമമീഢ്വഃ
ഋതവാകേന സത്യേന
ശ്രദ്ധയാ തപസാ സുതഇന്ദ്രായേന്ദൊപരിസ്രവ

പർജന്യവൃദ്ധംമഹിഷം
തം സൂര്യ്യസ്യ ദുരിതാഭരൽ
തംഗന്ധർവ്വാഃ പ്രത്യഗൃഭ്ണന്തം
സോമെ രസമാദധുരിന്ദ്രായെന്ദൊപരിസ്രവ

ഋതംവദന്നൃതദ്യുമ്ന
സത്യംവദൻ സത്യകർമ്മൻ
ശ്രദ്ധാംവദൻ സോമരാജൻ
ധാത്രാസോമപരിഷ്കൃത ഇന്ദ്രായേന്ദോപരിസ്രവ

സത്യമുഗ്രസ്യബൃഹതഃ
സംസ്രവന്തിസംസ്രവാഃ
സംയംതീരസിനൊരസാ
പുനാനൊബ്രഹ്മണാഹരഇന്ദ്രായേന്ദൊപരിസ്രവ = 2

യത്രബ്രഹ്മാപവമാന
ഛന്ദസ്യാംവാചംവദൻ
ഗ്രാവ്ണാ സോമെ മഹീയതെ
സൊമെനാനന്ദംജനയന്നിന്ദ്രായേന്ദൊപരിസ്രവ

യത്ര ജ്യോതിരജസ്രം
യസ്മിംല്ലോകെസ്വർഹിതം
തസ്മിൻ മാംധെഹി പവമാനാ-
മൃതെലോകെ അക്ഷിതഇന്ദ്രായേന്ദൊപരിസ്രവ

യത്ര രാജാ വൈവസ്വതൊ
യത്രാവരോധനം ദിവഃ
യത്രാമൂർയ്യഹ്വതീരാപ-
സ്തത്രമാമമൃതംകൃധീന്ദ്രായേന്ദൊപരി[സ്രവ

യത്രാനുകാമംചരണം
ത്രിനാകം ത്രിദിവെ ദിവഃ
ലോകാ യത്ര ജ്യോതിഷ്മന്ത-
സ്തത്രമാമമൃതംകൃധീന്ദ്രായേന്ദൊപരിസ്രവ

യത്ര കാമാനി കാമാശ്ച
യത്ര ബ്രദ്ധ്നസ്യ വിഷ്ടപം
സ്വധാ ച യത്ര തൃപ്തിശ്ച
തത്രമാമമൃതംകൃധീന്ദ്രായേന്ദോപരിസ്രവ

യത്രാനന്ദാശ്ച മോദാശ്ച
മുദഃപ്രമുദ ആസതെ
കാമസ്യ യത്രാപ്താഃകാമാ-
സ്തത്രമാമമൃതംകൃധീന്ദ്രായെന്ദോപരിസ്രവ= 3

യ ഇന്ദോ പവമാന-
സ്യാനുധാമാന്യക്രമീൽ
തമാഹുഃ സുപ്രജാഇതി
യസ്തെസോമാവിധന്മനഇന്ദ്രായെന്ദോപരിസ്രവ

ഋഷെ മന്ത്രകൃതാംസ്തൊമൈഃ
കശ്യപോദ്വർദ്ധയൻ ഗിരഃ
സോമംനമസ്യരാജാനം
യോ ജജ്ഞേ വീരുധാംപതിരിന്ദ്രായേന്ദൊപരിസ്രവ

സപ്തദിശേ നാനാസൂര്യ്യാഃ
സപ്തഹോതാരഋത്വിജഃ
ദേവാആദിത്യായെസപ്ത
തെഭിഃസോമാഭിരക്ഷനഇന്ദ്രായെന്ദൊപരിസ്രവ

യത്തെ രാജഞ്ശ്രുതം ഹവി-
സ്തെന സോമാഭിരക്ഷതഃ
അരാതീവാമാനസ്താരീ-
ന്മോചനഃകിഞ്ചനാമമദിന്ദ്രായേന്ദൊപരിസ്രവ 4

യത്ര തൽപരമംപദം
വിഷ്ണോർല്ലോകെ മഹീയതെ,
ദെവൈഃസുകൃതകർമ്മഭി-
സ്തത്രമാമമൃതംകൃധീന്ദ്രായെന്ദൊപരിസ്രവ

യത്രതൽപ്പരമായ്യം
ഭൂതാനാമധിപതിഃ
ഭാവഭാവിചയോഗീച
തത്രമാമമൃതംകൃധീന്ദ്രായെന്ദൊപരിസ്രവ

യത്ര ഗംഗാ ച യമുനാ
യത്രപ്രാചീസരസ്വതി
യത്രസോമേശ്വരോദേവ-
സ്തത്രമാമമൃതംകൃധീന്ദ്രായെന്ദൊപരിസ്രവ'' 5

പിന്നീട് ഗീതാസഹസ്രനാമാദികാ ചൊല്ലുക.

മുമൂർഷു, പുത്രൻെറ മുഖംനോക്കി 'ത്വംബ്രഹ്മ, ത്വംയജ്ഞസ്ത്വം ലോകഃ'—എന്നു ജപിക്കയും പുത്രൻ 'അഹംബ്രഹ്മാഹം യജ്ഞോഹം ലോകഃ'-എന്നു (പിതാവിനോട്) പറയുകയും ചെയ്യണം. ഇതിനു സംപ്രത്തികർമ്മമെന്നു പേർ പറയും. ഈ സമയം ആതുരസന്ന്യാസം സ്വീകരിക്കാം.

i. ആതുര സന്ന്യാസം :

ആതുരന്മാർ രണ്ടു പ്രകാരമുണ്ട്. രോഗാദിയാൽ മരിക്കാൻ പോകുന്നവനും, ജലാദി (വ്യാഘ്രാദി) കളാൽ ഗ്രസ്തനായവനും ആകുന്നു ഇവർ. 'യദ്യാതുരഃസ്യാന്മനസാ, വാചാ, വാ സന്ന്യസേത്''-ആതുരനാകിൽ മനസ്സുകൊണ്ടോ വാക്കുകൊണ്ടോ സന്ന്യസിക്ക എന്നു ജാബാലശ്രുതിയിൽ പറയുന്നു.

'ആതുരാണാം ച സന്ന്യാസെ
ന വിധിർന്നൈവ ച ക്രിയാ
പ്രൈഷമാത്രസ്തു സന്ന്യാസഃ'-

എന്നു ഭാരതം—ആതുരസന്ന്യാസത്തിനു വിധിയും ക്രിയയുമി ല്ലെന്നും പ്രൈഷോച്ചാരണ മാത്രമാവശ്യമെന്നും ഇതിനർത്ഥം—ആതുര സന്ന്യാസം ചെയ്തയാൾ ജീവിക്കുന്നതായാൽ മുറയ്ക്കു ദണ്ഡാദി പരി ഗ്രഹിക്കേണ്ടതാകയാൽ വിസ്തരിച്ചുള്ള ആതുരക്രമത്തെ വിട്ടു.

'സംന്യസ്തമിതി യൊ ബ്രൂയാ-
ല്കണ്ഠസ്ഥപ്രാണവാനപി'-

എന്ന ഉപനിഷദ്വചനപ്രകാരമുള്ളതിനെ പറയുന്നു. അതിനു് പ്രണവവ്യാഹൃതികൾ (ഗായത്രിക്കെന്നപോലെ) ചേർത്തു് 'സന്ന്യസ്തം മയാ' എന്നു മൂന്നുച്ചരിക്കുക. അശക്യമെന്നു വരികിൽ 'ഓം സന്ന്യാസഃ- ഓം തത്സദസി- ഓം മുക്തോപസൃപ്യബ്രഹ്മാസി'- എന്നു ഊർദ്ധ്വന്റെ എടുപ്പോടെ ദക്ഷിണകർണ്ണത്തിൽ അഭിമന്ത്രിച്ചു, പരിശുദ്ധസ്ഥലത്തു്, തുളസിമുട്ടിലെ മണ്ണും ദർഭയും വിരിച്ചു കിടത്തി നെല്ലുമരിയും വളച്ചു് തലയ്ക്കൽ നിറനാഴിയും നാളികേരഖണ്ഡങ്ങളും വിളക്കും വച്ചു് വസ്ത്രമിട്ടു് മൂടണം. (നിലത്തിറക്കിയവർ ജീവിക്കുന്നതായാൽ [പൂർവ്വപ്രതിപദമാദിയായി ചന്ദ്രവൃദ്ധിക്രമത്തിൽ ഈ രണ്ടു കബളങ്ങൾ കൂട്ടതൽ ഭക്ഷിച്ചു് പൗർണ്ണമാസി മുതൽ ആ രീതിക്കു് കുറച്ചു് അമാവാസിപര്യന്തമാക്കുന്നതായ] ചാന്ദ്രായണവ്രതം മുതലായ പ്രായശ്ചിത്തം വേണ്ടതിനാൽ ഇതിനു മുൻപായി ഈ കൃത്യം നിർവ്വഹിക്കുന്നതു് വർത്തുളമല്ലാത്തതാണു്).

## ii. ശവസ്നാനം :

അതിന്റെ ശേഷം പുത്രാദിപിണ്ഡകർത്താക്കൾ (പക്ഷേഭ്രാതൃസ്വസ്രീയാദികൾ) കുളിച്ചുവന്നു് പിണ്ഡാർത്ഥമന്നം പചിച്ചു പച്ചമൺകുടത്തിൽ സംഗ്രഹിക്കണം. പിന്നീടു് ശവത്തെ നെട്ടംത്തുശനിലയിൽ തൈലം തേപ്പിച്ചോ പുരാണസമ്മതിയനുസരിച്ചു് ഘൃതം പുരട്ടിയോ, അല്ലാതെയോ കിടത്തണം. ദുർദൈവതരക്ഷഃപിശാചാദികളുടെ ഉത്സാരണത്തിനായി മേന്തോന്നിനീർ തളിക്കുന്ന പതിവു് ചിലരുടെ പക്ഷത്തിലുണ്ടു്. അതിനുശേഷം

'ഗംഗാദീനി ച തീർത്ഥാനി
യെ ച പുണ്യാഃശിലോച്ചയാഃ
കുരുക്ഷേത്രം ച ഗംഗാം ച
യമുനാം ച സരിദ്വരാം

കൌശികീംചന്ദ്രഭാഗാം ച
സർവ്വപാപപ്രണാശിനീം

---

'കണ്ഠസ്ഥപ്രാണവാനപി' എന്നതിന്റെ ശിഷ്ടം 'താരിതാഃപിതരസ്തേനഇതി വേദാനുശാസനം'—എന്നു്. പൂർവ്വപ്രതിപദം = ശുക്ലപക്ഷത്തിലെ പ്രതിപദം. വർത്തുളമല്ല = ഭംഗിയല്ല, ഉചിതമല്ല എന്നർത്ഥം.

ഭദ്രാവകാശാംഗണ്ഡക്യാം
സരയൂംപനസാംതഥാ

വൈണവം ച വരാഹം ച
തീർത്ഥംപിണ്ഡാരകംതഥാ
പൃഥിവ്യാംയാനി തീർത്ഥാനി
സരിതഃസാഗരാംസ്തഥാ'

ഇങ്ങിനെ ധ്യാനിച്ച് കുളിപ്പിക്കണം. അഭ്യംഗസ്നാനമാകിൽ ചെറുപൂള താളിയും, മഞ്ഞൾ തേപ്പിക്കാനുംകൂടി ഉപയോഗിക്കണം.

iii. വായ്ക്കരിയിടൽ :

കുളിപ്പിച്ച് കോടിവിരിച്ച കിടത്തി അതിൽനിന്നും വില ങ്ങത്തിൽ കീറിയെടുത്ത കൌപീനത്തെ (വസ്ത്രത്തിൻെറ വക്ക[കീറി] ചരടുകെട്ടി) ധരിപ്പിച്ച് കർണ്ണനാസാനേത്രദ്വയങ്ങളിലും വായിലു മായി ഏഴ് സുവർണ്ണഖണ്ഡങ്ങളോ ഓട്ടുശകലങ്ങളോ ശക്തിപോലെ നിക്ഷേപിച്ച് കാലിൻെറ പെരുവിരലുകൾ കൂട്ടിബന്ധിച്ച് കൈയ്യു പവിത്രമിടുവിച്ച് ജപാപുഷ്പ (ചെമ്പരത്തി) മാലയോ രാമച്ച മാല യോ കഴുത്തിൽ ചാർത്തി അലങ്കരിപ്പിച്ച് വായിൽ അരിയും പൂവും നനച്ചിട്ട് ജലഗന്ധപുഷ്പങ്ങളും കൊടുത്തു് നെയ്യും തൈരും കൂട്ടി മൂന്നു കൈ അരി വായിൽ കൊടുത്തു് ശവവസ്ത്രത്തിൽനിന്നും ഖണ്ഡം പ്രേതകൃത്യോപയോഗത്തിനായി കണ്ടിച്ചെടുത്തു്, വിരിച്ച കിടത്തി യിരിക്കുന്ന ഒററക്കോടികൊണ്ടു് മൂടി ആറു കെട്ടുകെട്ടി മുറുക്കണം.

(ഈ വായ്ക്കരിയിടുന്ന കൃത്യം പട്ടടയിൽവച്ചാകുന്നു ചില സ്ഥല ങ്ങളിൽ നടത്തിവരുന്നതു്)

പിന്നീടു് പവിത്രപാണിയായി കുടമ്മയഴിച്ചിട്ടുംകൊണ്ടു് ഇട ത്തൂട്ട മൂന്നു ചുററി നെല്ലുമരിയുമിടുക.

iv. ചുടലയ്ക്കെടുപ്പ് :

അനന്തരം പ്രേതഖട്വയിലോ പല്ലക്കിലോ ശ്മശാനത്തിലേക്കു് ശവത്തെ കൊണ്ടുപോകണം. ശവത്തിൻെറ മുൻപെ കൊണ്ടുപോകുന്ന

---

കർണ്ണനാസാനേത്രദ്വയങ്ങളിൽ = ചെവി രണ്ടിലും കണ്ണു രണ്ടിലും മൂക്കിൻെറ ദ്വാരംരണ്ടിലും. പ്രേതഖട്വ = ശവക്കട്ടിൽ, പട്ടടയിലേക്കു് മൂപ്പുമുറയ്ക്കു് മുൻ നടക്കണം.

ദീപത്തിനും (അഗ്നിക്കും) പ്രേതത്തിനും മദ്ധ്യേ ആരും നടന്നുകൂടാ. ശ്മശാനത്തിലേക്കു് വൃദ്ധപുരസ്സരന്മാരായി വേണം പ്രേതത്തെ അനുഗമിപ്പാൻ. വഴിയിൽ പ്രേതമിറക്കിവച്ചു് മുമ്പു് സംഗ്രഹിച്ചിട്ടുള്ള അന്നത്തിൽനിന്നും രണ്ടുരുള (പിണ്ഡം) ഉരുട്ടി 'അതിദ്രവേതിദ്വയൊര്യ്മശ്വാനൊ ത്രിഷ്ടുപ് അദ്ധ്വനി പിണ്ഡദാനെ വിനിയോഗഃ'–

''അതിദ്രവസാരമേയൌ ശ്വാനൌ
ചതുരക്ഷൌ ശബളൌ സാധുനാ പഥാ
അഥാപിതൄൻ സുവിദത്രാം
ഉപേഹിയമേനയേസധമാദംമദംതി''

പ്രേതത്തിന്റെ ദക്ഷിണഭാഗത്തു്

'ശ്യാമായായമുപതിഷ്ഠതു'

എന്നു ചൊല്ലി ഒരു പിണ്ഡംവച്ചു്

'യൌതെശ്വാനൌയമരക്ഷിതാരൌ
ചതുരക്ഷൌപഥിരക്ഷീനൃചക്ഷസൌ
താഭ്യാമേനം പരിദേഹിരാജൻ
സ്വസ്തിചാസ്മാ അനമീവംചധേഹി'

പ്രേതവാമഭാഗത്തു് 'ശബളായായമുപതിഷ്ഠതു' എന്നു മറ്റൊരു പിണ്ഡമിരിക്കുന്നതു് വയ്ക്കുക.

('സാഗ്രൌ വിഗർഭൌ തു കുശൌ
കാര്യ്യംതാഭ്യാം പവിത്രകം
ദ്വാഭ്യാംതൽസ്യാച്ചതുർഭിർ വ്വാ
ഗ്രന്ഥിയുക്തം ന വാ ഭവേൽ=

അന്യാനി ച പവിത്രാണി
കുശദൂർവ്വാത്മകാനി ച
ഹേമാത്മകപവിത്രസ്യ
കലാംനാർഹന്തി ഷോഡശീം')

അഗ്രമുള്ളതായി വേർതിരിഞ്ഞതായിട്ടു് ഇരിക്കുന്ന ഈരണ്ടോ നന്നാലോ ദർഭകൾകൊണ്ടു് പവിത്രങ്ങളുണ്ടാക്കേണ്ടതാണു്.

എന്നാൽ ദർഭകൾകൊണ്ടും ദൂർവ്വാഗ്രങ്ങൾ (കറുകകൾ) കൊണ്ടുമുണ്ടാക്കിയിട്ടുള്ള പവിത്രങ്ങളൊന്നും സ്വർണ്ണനിർമ്മിതമായ

പവിത്രത്തിന്റെ (പവിത്രാംഗുലീയത്തിന്റെ) കലാംശത്തെ (ഷോഡശഭാഗത്തെ) കൂടി അർഹിക്കുന്നില്ല, എന്നാൽ സാധർമ്മ്യം ദൂരെ നിരസ്തമെന്നു പറയപ്പെട്ടിരിക്കുന്നു.

'കുടുമയുമഴിച്ചിട്ടു'' എന്ന ചടങ്ങുപ്രകാരം വിമുക്തകേശബന്ധനായി (നിവീത) താഴ്ത്തിയ ഉപവീതത്തോടു കൂടിയവനായി ശവത്തെ വഹിച്ചുകൊണ്ടു പോകുമ്പോൾ വഴിമദ്ധ്യത്തിൽ കലക്കിവച്ചിരിക്കുന്ന ചാണകപ്പാൽ തട്ടിമറിക്കണം.

മാർഗ്ഗമദ്ധ്യത്തിൽ പിണ്ഡം വച്ചതിന്റെ ശേഷം ചുടലയിൽ പിണ്ഡത്തിനായി സൂക്ഷിച്ചുകൊൾക—ആയതു ശ്മശാനത്തിൽ മെഴുകി ഇടത്തെ മുട്ടുമാട്ടി ഇരുന്നുകൊണ്ടു്

'സവ്യംബാഹുംസമുദ്ധൃത്യ
ദക്ഷിണെ തു ധൃതംഭവേത്
പ്രാചീനാവീതമിത്യുക്തം
പിത്ര്യേകർമ്മണി തൽസ്മൃതം'

എന്ന പ്രമാണപ്രകാരം വലത്തെത്തോളിൽ ഉപവീതം (ഉത്തരീയം) ഇട്ടു് 'അപഹതാ അസുരാരക്ഷാംസി വേദിഷദഃ' എന്നു തെക്കോട്ടു വരച്ചു് ദർഭ വിരിച്ചു് തിലസംഭൃതമായ (എള്ളിട്ട) ജലപാത്രം ഇടത്തുകയ്യിൽനിന്നും വലംകയ്യിൽ പകർന്നു് 'അദ്യകാശ്യപ (സ) ഗോത്രപ്രേതാമുകനാമകാവനെ നിക്ഷ്വ'— എന്നു ജലം വീഴ്ത്തണം— 'ഓം അദ്യാമുക (ഇന്ന) ഗോത്രാമുക (ഇന്ന) നാമക ഏതദന്നമുപതിഷ്ഠതാം'- എന്നു മന്ത്രിച്ചു് ഇടത്തുകയ്യിൽ ആമപാത്രത്തിലുള്ള അന്നത്തിൽനിന്നും പിണ്ഡം എള്ളുംകൂട്ടി ദർഭയിൽ വയ്ക്കണം. ഈ ചുടലയിലെ പിണ്ഡവും ആദ്യത്തേക്കുളിയും നിർബന്ധമുള്ളതല്ല— ചില ആചാര്യന്മാരുടെ പക്ഷത്തിലുമില്ല — ഇങ്ങിനെ ചെയ്താൽ പിന്നീടു് കുളിച്ചു ചിത ചമയ്ക്കണമെന്നു പക്ഷം.

## V. ശവദാഹം :

ചുടലയുടെ അഗ്നി കോണിൽ പ്രേതത്തെ ഇറക്കിവച്ചു് കുടുമ കെട്ടി ആചമിച്ചു് ഉപവീതമിടത്തു പാടിട്ടു് ചുടലയിൽനിന്നൊരു

---

മുക്തകേശബന്ധനായി = തിരെച്ചു കുടുമ അഴിച്ചിട്ടു. ആമപാത്രം = പച്ചമൺകുടം (ചുടാത്തതെന്നർത്ഥം)

പിടി മണ്ണുവാരിക്കളഞ്ഞു് ഗോമയവാരി പ്രോക്ഷിച്ച് (ചാണകവെള്ളം തളിച്ച്) മുക്തകേശപാശനായി ഇടത്തുപാട്ട മൂന്നു ചുററി ശവം കരേററി കുടുമകെട്ടി പവിത്രം കളഞ്ഞു് ശുദ്ധിചെയ്തു് (ദക്ഷിണാഗ്നി സ്ഥാനമായ തലയ്ക്കലെ അഗ്നികുണ്ഡത്തിൽ അല്ലെങ്കിൽ) കുഴിക്കരെ പടിഞ്ഞാറു് തെക്കുമാററി സ്ഥാപിക്കപ്പെട്ടുള്ള അഗ്നിയിൽ 'അഗ്നയേ സ്വാഹാ-കാമായ സ്വാഹാ-ലോകായ സ്വാഹാ, അനുമതയെ സ്വാഹാ'–എന്നു് (നാലു) ആജ്യാഹുതിചെയ്തു് (നെയ്യൊഴിച്ച്) 'അസ്മാദ്വൈത്വമജായഥാ' 'അയം ത്വദധിജായ താമസൌസ്വർഗ്ഗായ ലോകായ സ്വാഹാ'–എന്നു് അഞ്ചാമത്തെ ആഹുതി പ്രേതത്തിന്റെ ശിരസ്സിൽതന്നെ കഴിച്ചുകൊൾക. പിന്നീടു് 'ദേവാശ്ചാഗ്നിമുഖാഃ സർവെ; ഏനം ദഹന്തു' എന്നു് കൊള്ളിയെടുത്തു് പിടിച്ചുകൊണ്ടു് ''ക്രവ്യാദമിത്യസ്യ ദമനോഗ്നിസ്ത്രിഷ്ടുപ് അഗ്നിജ്വലനെ വിനിയോഗഃ''–

'ക്രവ്യാദമഗ്നിം പ്രഹിണോമി ദൂരം
യമരാജ്ഞോഗച്ഛതുരിപ്രവാഹഃ
ഇഹൈവായമിതരൊ ജാതവേദാ
ദേവേഭ്യോ ഹവ്യം വഹതു പ്രജാനൻ'

'കൃത്വാ തു ദുഷ്കരംകർമ്മ
ജാനതാവാപ്യജാനതാ
മൃത്യുകാലവശംപ്രാപ്യ
നരഃപഞ്ചത്വമാഗതഃ

ധർമ്മാധർമ്മ സമായുക്തൊ
ലോഭമോഹസമാവൃതഃ
ദഹ ഏതസ്യ ഗാത്രാണി
സ്വർഗ്ഗലോകം സ ഗച്ഛതു'-

എന്നു് മന്ത്രിച്ച് മൂന്നു ചുററി തെക്കോട്ടു നിന്നു് തലയ്ക്കു് തീയിടുക. സ്ത്രീയ്ക്കു് കാല്ക്കലാണു് തീയിടേണ്ടതെന്നു് ഒരു പക്ഷമുണ്ടു്. നടുമുറിഞ്ഞാൽ ക്ഷൌമവസ്ത്രം *തൈലാദി പ്രക്ഷേപിക്ക (വീഴ്ത്ത)ണം. (പിന്നീടു് കുത്തിക്കൂട്ടി ദഹനമാകുമ്പോൾ ചാൺ നീളമുള്ള ഏഴു കമ്പുകളെടുത്തു് ഓരോന്നായി ഏഴു ചുററി തീയിലിടണം.)

---

മുക്തകേശപാശനായി = തിരിയ്യെ കുടുമ അഴിച്ചു ഇട്ടു. ക്ഷൌമം = പട്ടു്.
*എണ്ണ ചന്ദനമുട്ടി മുതലായ്തിടുക.

അനന്തരം 'നമഃക്രവ്യാദായ'-എന്നു പറഞ്ഞു് കോടാലികൊണ്ടു് വിറകിന്മേൽ മുട്ടി തീകാണാതെ ഇടംതിരിഞ്ഞു് പോരിക. (ഏഴു കമ്പുകരം തീയിലിടുക, കോടാലി മുട്ടുക എന്നിത്രയും പുരാണപ്രയുക്തമെന്നല്ലാതെ സാധാരണ നടപ്പില്ല.)

## vi. നീർകണ്ണാക്കു് :

പിന്നീടു് പട്ടടയുടെ തലയ്ക്കൽ മൺകുടത്തിൽ നിറച്ചുവച്ചിരിക്കുന്ന വെള്ളം ഇടത്തേ തോളിൽ വച്ചു് ശ്മശാനത്തിൽനിന്നു് ഒരു (സാമാന്യം) ചെറിയ കല്ലെടുത്തു് കുടത്തിന്റെ പുറകിൽ കുത്തി ദ്വാരമുണ്ടാക്കി കാല്ക്കൽ നിന്നിടത്തുടുപ്രദക്ഷിണം വച്ചുകൊണ്ടു്

''വാതാസ്തെ വാന്തു പഥി പുണ്യഗന്ധാ
മനഃസുഖാഗാത്രസുഖാന്തലോമാഃ
ത്വചഃസുഖാമാംസസുഖാഅസ്ഥിസൌഖ്യാ
വഹന്തു ത്വാംമരുതഃസുകൃതാംയത്രലോകാഃ''

'ഇമാആപൊ മധുമത്യൊാസ്മിംസ്തെലോക ഉപദ്രുഹ്യന്താമക്ഷീയമാണാഃസ്വധാ നമഃ'.

എന്നു് ജപിച്ചു് പിന്നീടുമിതുപോലെ ജപിച്ചു് വാമപ്രദക്ഷിണം ചെയ്തു (ജലകുംഭം തുളച്ച കല്ലു് ഉദകക്രിയയ്ക്കായി സൂക്ഷിക്കുക) ഇങ്ങിനെ മൂന്നുവട്ടം കഴിഞ്ഞു് കാല്ക്കൽ നിന്നു് (തലയ്ക്കലേക്കു്) പുറകോട്ടു് കുടമെറിഞ്ഞു് 'ഇമേ ജീവാഃസംകസുകൊ മൃത്യുസ്ത്രിഷ്ടുപ്- സവ്യമാവൃത്യ ഗമനെ വിനിയോഗഃ

'ഇമെ ജീവാവിമൃതൈരാവവൃത്ര-
ന്നഭൂദ്ഭദ്രാദേവഹൂതിർന്നൊഅദ്യ
പ്രാഞ്ചോഅഗാമനൃതയെഹസായ
ദ്രാഘീയആയുഃപ്രതരംദധാനാഃ'=

എന്നു് ജപിച്ചു് ഇടത്തുടു തിരിഞ്ഞു് തീകാണാതെ *കനിഷ്ഠാദികളേ മുന്നിട്ടുപോന്നുകൊള്ളണം. 'വെട്ടിക്കൂട്ടിയ ലോകർക്കു് മൂന്നു വാമപ്രദക്ഷിണം'- എന്നുകൂടിച്ചടങ്ങിൽ പറഞ്ഞിരിക്കുന്നു. പിന്നീടു് വെട്ടിക്കൂട്ടിയവർ കോടാലിയും, ത്തമ്പായും കൊണ്ടുവന്നു്

---

*മടങ്ങിപ്പോരുമ്പോരം ഇളയവരെ മുന്നിട്ടു പോരണം.

നടവാതുക്കൽ തെക്കുവടക്കിട്ടു് നെല്ലുമരിയും വിതറി വന്ദിക്കുന്ന പതിവും ചില സ്ഥലങ്ങളിലുണ്ടു്. ആ സ്ഥലങ്ങളിൽ സ്വജനങ്ങളാകുന്ന വെട്ടിക്കൂട്ടുന്നവർ–അതുകൊണ്ടു് ചടങ്ങുപറയുന്നതു് ഘടിക്കുന്നു–പിന്നീടു് പിണ്ഡകർത്താക്കൾ സ്നാനത്തിനായി പോകേണ്ടുന്നതാകുന്നു.

## vii. സ്നാനതർപ്പണങ്ങൾ :

[(സ്നാനം കഴിച്ചു് തീരത്തു് ദർഭ ദക്ഷിണാഗ്രം (തെക്കുതല) ആയി നിരത്തി അതിന്മേൽ ശ്മശാനത്തിൽനിന്നും മുൻപെടുത്തിട്ടുള്ള ശില സ്ഥാപിച്ചു് (വിശ്വാമിത്രഗോത്രമെങ്കിൽ) 'വിശ്വാമിത്രഗോത്രപ്രേതാമുക (ഇന്ന) നാമക—ഏതത്തെ തിലോദകം തൃപ്യസ്വ'-എന്നു് തിലസമേതം.

'അന്തരാംഗുഷ്ഠദേശിന്യോഃ
പിത്ൃണാംതീർത്ഥമുത്തമം'

എന്ന (പ്രമാണ) പ്രകാരം ചൂണ്ടുവിരലിന്റേയും പെരുവിരലിന്റേയും മദ്ധ്യത്തിൽകൂടി കൈമലർത്തി തിരിച്ച വീഴ്ത്തുന്നതായ പിതൃതീർത്ഥമായിട്ടു് തപ്പിക്കേണ്ടതാകുന്നു. 'പിത്ൃൻദക്ഷിണതസ്തഥാ'-എന്നു് ദക്ഷവചനപ്രകാരം തെക്കോട്ടു് തർപ്പിക്കണം.

''സംക്രാന്ത്യാം, നിശി, സപ്തമ്യാം
രവിശുക്രദിനെ, തഥാ
ശ്രാദ്ധെ, ജന്മദിനെ, ചൈവ
ന കുര്യാത്തിലതർപ്പണം''=

എന്നു് മാത്സ്യത്തിൽ പറയുന്നുവെങ്കിലും 'യുഗാദൌ മൃതവാസരെ' എന്നു തുടങ്ങി തദപവാദപരവചനമുള്ളതിനാൽ മരണദിനമെന്നുതന്നെയായാലും തിലസംയുക്തമായിട്ടു തർപ്പണം സുവിഹിതമാകുന്നു. ജലം കോരിവച്ചു് തർപ്പിക്കുന്നതായാൻ തിലമതിലിട്ടു തന്നെ വേണ്ടതാകുന്നു. ഇങ്ങിനെ തർപ്പിക്കുന്നതു് 'സകൃൽപ്രസിഞ്ചത്യുദകം'-എന്നുള്ള സ്മൃത്യനുസാരമായി ഒരിക്കൽ മതിയെന്നാണൊരു പക്ഷം. 'തിഃപ്രസേകംകുര്യുഃപ്രേതസ്തൃപ്യതു'-എന്ന മറ്റു സ്മൃതിപ്രകാരം മൂന്നുവട്ടം തർപ്പിക്കണമെന്നാണു്–രണ്ടു വിധമാകിലും വിരോധമില്ലാത്തതാകുന്നു.)] ദഹനം കഴിഞ്ഞു് സ്നാനം ചെയ്യുന്ന സമയം മഞ്ഞത്തടയും, സ്വർണ്ണവും, നെല്ലുമരിയും, പുററുമണ്ണും

ഗോമയവും (ചാണകവും), സ്പൃശിച്ച് കുളിക്കണമെന്നു് ഗ്രന്ഥങ്ങളിൽ പറയുന്നു.

'ആചമ്യാഗ്ന്യാദിസലിലം
ഗോമയംഗൌരസർഷപാൻ
പ്രവിശേയുഃസമാലഭ്യ'–

എന്നു സ്മൃതിയിൽ പറഞ്ഞിരിക്കുന്നു. ആചമനം കഴിച്ച് അഗ്നി, ജലം, ഗോമയം, വെളുത്ത (വേള) കടുക മുതലായി കറുക, വൃഷഭമെന്നിവയെ സ്പർശിച്ച് 'ബാലപുരഃസരാഃ'-എന്നും 'കനിഷ്ഠ പ്രഥമാഃ'–എന്നും ഉള്ള സ്മൃതിസൂത്രവചനങ്ങളെ അനുസരിച്ച് ഇളയവരെ മുന്നിട്ടു് ഗൃഹം പ്രവേശിക്കണമെന്നു് മറ്റൊരു പക്ഷം.

## viii. കടവിൽ ബലി :

അതിനു് ഒരു നാഴിയിൽ അരിയിട്ടു് അതിന്മേൽ വെററിലയും പാക്കും അതിനുപരി പച്ചവാഴക്കായും വച്ച് അതിനുമുകളിൽ കരിമ്പനഓലകൊണ്ടോ വാഴയിലകൊണ്ടോ പക്ഷാന്തരത്തിൽ പുല്ലുകൊണ്ടോ ദേശാചാരമനുസരിച്ച് അല്ലെങ്കിൽ കർത്താവിൻെറ രുചിയനുസരിച്ച് ത്രിവൃതമാകുന്ന ഒരു വിധത്തിൽ [എന്നാൽ (കഴുത്തിൽ) ചരടിൻെറ തുമ്പുകാം കൂട്ടി ആൺകെട്ടിടുന്ന രീതിക്കു് ഒററ(തുമ്പു) കൊണ്ടു്] കെട്ടവരുത്തിയ കൂർച്ചം (ഉടമ്പു) വച്ച് അതിന്മേൽ നൂലു ചുററി, നിലത്തു തളിച്ചൊരു പുഷ്പമിട്ടു് കിണ്ടി അതിന്മേൽ വച്ച് വെള്ളം മൂന്നുവട്ടം, മഞ്ഞളാംകൊണ്ടു് മൂന്നുനീരു, മൂന്നു പൂവു്, പിന്നീടിവതന്നെ അഞ്ചു്, ഏഴു്, ഒമ്പതു്, പതിനൊന്നു പ്രാവശ്യംവീതം കൊടുത്തു് കീഴ്പോട്ടുമീവിധമാക്കി ഉടമ്പഴിച്ചുവച്ച് മഞ്ഞളുമെള്ളും പൂവും നീരുമെല്ലാം ചേർത്തു സമർപ്പിക്കണം.-അതിനുശേഷം ശ്മശാനത്തിൽനിന്നും കൊണ്ടുപോന്നിട്ടുള്ള ശില (കല്ലു്) സ്ഥാപിച്ച് 'പുല്ലും കയ്യിൽ പിടിച്ചുടൻ' എന്ന പദ്യച്ഛടങ്ങുംപ്രകാരം പുല്ലുപിടിച്ചു് മുഴകി കയ്യിൽ നിറച്ചു ജലവും കോരി എള്ളും പച്ചമഞ്ഞളും പൂവുമിട്ടു് 'വസിഷ്ഠസഗോത്രപ്രേതമലയ (ഗിരി) ക്ഷത്രിയാന്വയജാസ്മദീയാമുക (ഞങ്ങളുടെ ഇന്ന) നാമക ഏതത്തെ പൂർണ്ണോദകം' എന്നു ശിലയിൽ തർപ്പിക്കുക. ഇങ്ങിനെ മൂന്നുവട്ടം മുങ്ങിമുങ്ങി ചെയ്യണം. ആയതു് പിതൃതീർത്ഥക്രമത്തിൽതന്നെ വേണ്ടതാകുന്നു-പിന്നീടു്

---

സ്പർശിച്ച = തൊട്ടു. ഉപരി = മുകളിൽ.

ദഹനജനിതമായുള്ള തൃഷാദിശമനത്തിനായിട്ടെന്നു ഭാവിച്ചു് ഗോത്ര നാമാദി ചൊല്ലി 'ഇദം തെ വാസോദകമുപതിഷ്ഠതാം' എന്നു ടി ശില യിൽ ഹവിശ്ശേഷവസ്ത്രം മുക്കി നീർവീഴ്ത്തണം-ഇപ്രകാരം ചെയ്യാൻ വേണ്ടി അതേ ശില സൂക്ഷിച്ചിടണം-പിന്നെ പ്രേതത്തെ തങ്കൽ ധ്യാനിച്ചു് തോർത്തി കരേറുക-ബലിക്കുമുമ്പു് പറഞ്ഞ തർപ്പണത്തി നുപകരമായി ഇങ്ങിനെ ചെയ്യുന്ന പതിവാണു് സാധാരണയുള്ളതു്. ഈ ഉദകക്രിയ ചില സ്ഥലങ്ങളിലില്ല. കടവിൽ ബലിയേ ഉള്ളു. ചിലർക്കു് ഉദകദാനം മാത്രമേ കടവിലുണ്ടായിരിക്കൂ. വടക്കെല്ലാം രണ്ടും കുറവുകൂടാതെ നടത്തുന്നുണ്ടു്. (തറവാട്ടത്തു് പോകുമ്പോൾ കടവിൽനിന്നു പാഷാണഖണ്ഡം കൊണ്ടുപോയി പട്ടയിൽ സ്ഥാപി ക്കണമെന്നു് ഒരു ചടങ്ങുഗ്രന്ഥം പറയുന്നു. ആചാരം പോലാകാം.

## ix. ദിവസബലി :

മുറ്റത്തു് മുക്കോണായി ഓലകൊണ്ടു് മറച്ചു് മുകളിൽ പന്ത ലിട്ടു് പട്ടയ്ക്കകത്തു് (ചൂളപ്പുരയിൽ) തെക്കുമാറി ഒരല്പം (ചതുരശ്ര മായി) തുരന്നു് കുഴിക്കു വടക്കായി ആ മണ്ണിടുന്നതിന്റെ ചുവട്ടിൽ ഇരുമ്പുകഷണവും, മഞ്ഞളും, കരിക്കട്ടയും, പൂവുമിട്ടു് (കുററിയെന്നു പറയുന്ന) തറയാക്കണം. തെക്കുള്ള കുഴിയിൽ ഒരു കരിക്കു് ഇട്ടിട്ടു ണ്ടായിരിക്കണം. പിന്നീടു് ദക്ഷിണാഭിമുഖമായിരുന്നു ''സദിദം'' എന്നു് നിരൂപിക്കണം. ഈ മുക്കോണായ പട്ട പരമശിവന്റെ തൃക്കണ്ണാണെന്നു ഭാവിച്ചു് പ്രേതത്തെ അതിന്മേലാക്കണം. പിന്നീടാ ത്തറയിൽ കവ്യം (ബലിച്ചോറു്) പചിക്കണം. അതിന്റെ കാടി തെക്കുള്ള കുഴിയിൽ വീഴ്ത്തേണ്ടതാണു്. പിന്നീടു് തറ (കുററി) തളിച്ചു് ശുചിയാക്കി ബലിയിടുക. അതിനു വെള്ളംതന്നെ ആദ്യം നീരുകൊടുത്തു് പിന്നീടു് മഞ്ഞൾകൊണ്ടും എള്ളുകൊണ്ടും നീരുകൊ ടുത്തുകൊൾകയും ഒരു പൂവാരാധിക്കയും ചെയ്ക. പിന്നെ പുല്ലി ന്റെ അഗ്രത്തിൽ ആവാഹിച്ചു വയ്ക്കണം. പുല്ലു കയ്യിൽ പിടിച്ചും കൊണ്ടു് പിതൃവിനെ ധ്യാനിച്ചു് അർഘ്യജലം കൊടുത്തു് പിന്നീടു് പാദ്യം, അനന്തരം ഉഷ്ണശാന്തിക്കു മൂന്നു നീരു്, പിന്നെ ശിഷ്യന്മാർക്കു് ബലിക്കിടം കൊടുക്കുക-അതുകഴിഞ്ഞു് പ്രധാന കർത്താവു് നീരു കൊടുത്തു് സമർപ്പിച്ചാവാഹിച്ചു് കുററിമേൽ വച്ചു് വെള്ളംതന്നെ (നീർ) കൊടുത്തു് പിന്നെ മഞ്ഞൾ കൊടുത്തു് കൂർച്ചംകെട്ടി വച്ചതി ന്റെ മേൽ നൂൽചുററി പൂവാരാധിച്ചു് പന്നീടിലവച്ചു് എള്ളിട്ടു് (പവിത്രമൂരി കിണ്ടി വാലിന്മേലിട്ടു്) പിണ്ഡമുരുട്ടി മൂടിവച്ചു് കൈ കഴുകി പവിത്രം തിര്യെ ഇട്ടു് മൂന്നുപ്രാവശ്യം നീരുകൊടുത്തു് മഞ്ഞൾ

മൂന്നു നീർ വീഴ്ത്തി മൂന്നു വട്ടം പൂവു് (തിലസഹിതം) ഇത്രയും കൊടുത്തു് പിണ്ഡമെടുത്തു് ''അദ്യഅമുക (ഇന്ന) ഗോത്രസ്യാമുക പ്രേതസ്യാദ്യേഹനി ശിരോവയവനിഷ്പത്ത്യർത്ഥം ഏഷപിണ്ഡസ്ഥ വോപതിഷ്ഠതാം''-എന്നു് ചൊല്ലി (ദർഭയിൽ) വച്ചു് പിണ്ഡത്തേൽ തൈരു്, എണ്ണ, പാലു്, തേൻ, അഞ്ജനം എന്നിവ വീഴ്ത്തുക. അനന്തരം ഇടത്തുഭാഗത്തു് നീരുകൊടുത്തു് വേറെ ഒരു പിണ്ഡംകൂടി വയ്ക്കണം. (ഇങ്ങിനെ പ്രധാനിക്കു് രണ്ടുപിണ്ഡമുണ്ടു്). ശേഷം പേരും പിണ്ഡംവച്ചു് കഴിഞ്ഞാൽ പിണ്ഡത്തിൻെറ ഇടത്തുവശം പത്രംവച്ചു് എള്ളും, പൂവും, മഞ്ഞളും, വെള്ളവും കൂട്ടി പിതൃക്കളെ ആവാഹിച്ചു് തലയ്ക്കൽ കവ്യം തൂകണം. പിന്നീടു് പൂവിട്ടു് തൊഴുതു നമസ്കരിച്ചുകൊള്ളുക. പിന്നീടു്,

'അനാദിനിധനോ ദേവഃ
ശംഖചക്രഗദാധരഃ
അക്ഷയ്യഃപുണ്ഡരീകാക്ഷഃ
പ്രേതമോക്ഷപ്രദോസ്തു വൈ' —

എന്നു ജപിക്കുക.

'വലത്തു ഭാഗെ വട്ടത്തിൽ വിശ്വദേവകളേപ്പുനഃ
ധ്യാനിച്ചു തുളസീപുഷ്പം കൂട്ടിത്തൂകേണമാദരാൽ'

എന്ന ചടങ്ങുംപ്രകാരം വലത്തുവട്ടത്തിൽ വിശ്വദേവന്മാരെ ധ്യാനിച്ചു് തുളസികൂട്ടി കമ്പിളിൽ തിലാദികളിട്ടുതൂകണം-പിന്നീടു് നരകസ്ഥപിതൃക്കൾക്കു തൂകണം-പിന്നീടില മൂടിവച്ചു് തളിച്ചിലയെടുത്തു് വററുതൊട്ടു് ഘ്രാണിച്ചു് പിൻനോക്കി പ്രാണനെ അടക്കി ധ്യാനിച്ചു് അതിൽപിന്നെ ഓരോ നീരു കൊടുത്തുദ്വസിച്ചു* തളിച്ചു പിണ്ഡമെടുത്തു് ജലത്തിൽ നിക്ഷേപിച്ചു പോന്നുകൊള്ളുക.

('ഉദകക്രിയ ചെയ്‌വാനും ബലിക്കററികലും തഥാ
മഞ്ഞൾകൊണ്ടഖിലംകർമ്മം, മററുള്ളേടത്തു ചന്ദനം'-

എന്നും

''വിശ്വദേവാർച്ചനത്തിന്നുമാത്രം തുളസി കല്പിതം
മററുള്ള കർമ്മങ്ങൾക്കൊക്കെ ചെറുപൂളബലിക്രമം'—

എന്നും ചടങ്ങിൽ പറയുന്നു. അതിനാൽ കുററിമാററുന്നതുവരെ

---

*ഉദ്വസിക്കയെന്നതു് ആവാഹിച്ചതിനെ തിരിച്ചു സ്ഥാനം പ്രാപിപ്പിക്കയാകുന്നു. അതു് പ്രാണവായു വഴിക്കും സങ്കൽപ്പംകൊണ്ടുമുണ്ടു്. ആത്മകലയിൽ നിന്നെങ്കിൽ പ്രാണൻ വഴിയാണു്.

മഞ്ഞളും പിന്നീട്ട് പിണ്ഡത്തിന്ന് ചന്ദനവും ഉപയോഗിക്കേണ്ട താകുന്നു. ചില സ്ഥലങ്ങളിൽ കടവിൽമാത്രം മഞ്ഞളും കുററിയിൽ ചന്ദനവും ഉപയോഗിക്കുന്ന പതിവുണ്ട്. കറുകയേക്കാൾ കുശക്ക (ദർഭയ്ക്ക്) മഹിമയേറുന്നതാകയാൽ കുശ ഉപയോഗപ്പെടുത്തുന്നതു് ഉത്തമമാകുന്നു.)

രണ്ടാം ദിവസം—'അമുകഗോത്രസ്യാമുകപ്രേതസ്യ ദ്വിതീയേƒഹനി ചക്ഷുഃ ശ്രോത്രനാസാവയവനിഷ്പത്ത്യർത്ഥമയം പിണ്ഡഉപതിഷ്ഠതാം'-

മൂന്നാം ദിവസം —'ഭുജവക്ഷോഗ്രീവാമുഖാവയവനിഷ്പത്ത്യർത്ഥമയം പിണ്ഡഉപതിഷ്ഠതാം'

നാലാം ദിവസം —പാർഷ്ണികുക്ഷികടിനാഭിഗുദലിംഗാവയവനിഷ്പത്ത്യർത്ഥമയം പിണ്ഡഉപതിഷ്ഠതാം'-

പഞ്ചമദിനം — 'ഊരുജാനുജംഘാവയവനിഷ്പത്ത്യർത്ഥമയം പിണ്ഡഉപതിഷ്ഠതാം

ആറാം ദിനം —'ഗുല്ഫപാദാംഗുലിമർമ്മാദ്യവയവനിഷ്പത്ത്യർത്ഥമയം പിണ്ഡഉപതിഷ്ഠതാം'–

ഏഴാം ദിവസം — 'അസ്ഥിമജ്ജാ ശിരാവയവനിഷ്പത്ത്യർത്ഥമയം പിണ്ഡഉപതിഷ്ഠതാം'-

എട്ടാം ദിവസം —'നഖരോമാദ്യവയവനിഷ്പത്ത്യർത്ഥമയംപിണ്ഡഉപതിഷ്ഠതാം'-

ഒൻപതാം നാൾ —'മർമ്മവീര്യാദിസർവ്വാവയവനിഷ്പത്ത്യർത്ഥമയം പിണ്ഡഉപതിഷ്ഠതാം'-

പത്താം ദിവസം—'ക്ഷുല്പിപാസാനിവൃത്ത്യർത്ഥമയം പിണ്ഡഉപതിഷ്ഠതാം'–

എന്ന് ഗോത്രനാമപൂർവ്വകം പത്തുനാൾവരെ ചെയ്യേണ്ടതാകുന്നു.

എല്ലാ ദിവസവും ആദ്യംതന്നെ—

'അമുക ഗോത്രസ്യാമുകപ്രേതസ്യ പ്രേതത്വനിവൃത്ത്യാഉത്തമലോകപ്രാപ്ത്യർത്ഥം—

| | | | |
|---|---|---|---|
| പ്രഥമദിനവിധിം | 1 | ഷഷ്ഠദിനവിധിം | 6 |
| ദ്വിതീയദിനവിധിം | 2 | സപ്തമദിനവിധിം | 7 |
| തൃതീയദിനവിധിം | 3 | അഷ്ടമദിനവിധിം | 8 |
| ചതുൎത്ഥദിനവിധിം | 4 | നവമദിനവിധിം | 9 |
| പഞ്ചമദിനവിധിം | 5 | ദശമദിനവിധിം | 10 |

'കരിഷ്യേ'= എന്ന ക്രമേണ (നാമഗോത്ര പൂർവ്വം) സങ്കല്പിക്കണം.

X. സഞ്ചയനം :

### സഞ്ചയനദിന പ്രമാണം

ഒന്നിലോ, മൂന്നിലോ, ഏഴിലോ, ഒൻപതിലോ അസ്ഥി സഞ്ചയനം ചെയ്യാമെന്ന് സംവർത്തവചനമുണ്ട്. രണ്ടിലോ, നാലിലോ ആകാമെന്ന് വേറെ ഒരു സ്മൃതിയിൽ പറയുന്നു. 'ചതുൎത്ഥദിവസെ ത്വസ്ഥിസംചയനം കുൎയ്യാൽ' എന്ന് വൈഷ്ണവത്തിൽ സ്മരിക്കുന്നു. ഈ ദിവസങ്ങളിൽ കർത്താവിന്റെ ജന്മനക്ഷത്ര, ഭൌമമന്ദാദി ദുർദ്ദിവസങ്ങളൊഴിച്ച് ചെയ്യേണ്ടതാണ്. തെക്കൻ ദിക്കുകളിൽ സാധാരണയായി നാലാം ദിവസംതന്നെ നടത്തിവരുന്നു–അസ്ഥിസഞ്ചയനം കഴിഞ്ഞാൽ അസ്പൃശ്യത്വം (അശുദ്ധി) നീങ്ങുമെന്ന് പ്രമാണമുള്ളതിനാൽ നാലാംദിവസം ചെയ്യുന്നപക്ഷം യുക്തമാകുന്നു. പിണ്ഡകർത്താക്കൾക്ക് ദ്വിതീയദിവസം ക്ഷൌരം സ്മൃതിയിൽ പറയപ്പെട്ടിരിക്കുന്നു. പ്രഥമദിനമോ ബലി തുടങ്ങുന്ന അന്നോ ക്ഷുരകർമ്മം ചെയ്യുന്ന പതിവുമുണ്ട്.

സഞ്ചയനദിവസം ബലികഴിച്ച്, ആ കവ്യത്തിൽനിന്നും കുറച്ച് മിച്ചംവച്ചുകൊണ്ട് ശ്മശാനത്തിനുസമീപം നിരൃതി കോണിലായിട്ട് വറപ്പൊടിയും മൂന്നു പച്ചപ്പാള കുത്തിയതും ഒരു ആമകുംഭ (പച്ചക്കുടം)വും അതു മൂടുവാനൊരു ചട്ടിയും ഒരു ഇടിഞ്ഞിൽവിളക്കും ഒരു ചെറിയ കൂർച്ചവും, വലിയ കൂർച്ചവും, അസ്ഥി മൂടുന്നതിന് മുണ്ടും നവധാന്യങ്ങളും, ഗോമൂത്രവും, പാലും, മൂന്നു കരിക്കും, അസ്ഥി അരിപ്പാനൊരു വസ്ത്രവും, നെല്ലുമരിയും (ചേർത്തതും), ഒന്നേകാൽ ഉണക്കലരിയും, നാളികേരവും, വെററിലപാക്കും, വാഴക്കായും,

---

ജന്മനാൾ, ചൊവ്വാഴ്ച, ശനിയാഴ്ച തുടങ്ങിയ ദുർദിവസം.
പ്രഥമദിനം = ഒന്നാംദിനം. ക്ഷുരകർമ്മം = തലമുടികളയൽ.

ചന്ദനവും, വിളക്കമിത്യാദിയായവ ഒരുക്കിവയ്പിച്ച് ശ്മശാനത്തിലേക്ക് പോകുന്ന സമയം ഒരുകെട്ട് ചൂട്ട കൊളുത്തിയതും ഇരിമ്പിൻ കഷണവും എരിതേങ്ങയും കൊണ്ടുചെന്ന് തെക്ക നോക്കിനിന്ന് അവിടെ ഇട്ട വറയും നെല്ലുമരിയും പൂവും കൂട്ടി 'ശ്മശാനദേവതാഭ്യോ ഹ്രംഫട്' എന്ന് വിതറി കൈകഴുകി അരിയും പൂവുമെടുത്ത്

'ഭൂതാനി രാക്ഷസാ വാപി
യേത്ര തിഷ്ഠന്തി കേചന
സർവ്വൈതദ്വ്യപഗച്ഛന്തു
സ്ഥാനം കുര്യാൽ കപർദ്ദിനഃ'

എന്ന ചൊല്ലി വീഴ്ത്തി മൂന്ന പ്രദക്ഷിണംവച്ച് പിന്നീട് ശീതികേശീതിദമനോഗ്നിസ്ത്രിഷ്ടപ് ചിതിപ്രോക്ഷണെ വിനിയോഗഃ

'ശീതികേശീതികാവതി
ഹ്ലാദികെഹ്ലാദികാവതി
മണ്ഡൂക്യാ, സുസംഗമ
ഇമംസ്വഗ്നിംഹർഷയ'–

എന്ന ചൊല്ലി പാദമാദിയായി ശിരഃപര്യന്തം പഞ്ചഗവ്യം പ്രോക്ഷിക്കണം. ഇങ്ങിനെ മന്ത്രാവൃത്തി പൂർവ്വകം മൂന്നവട്ടംവേണം. —പിന്നീട് (ജലം തളിച്ച് തീകെടുത്ത്) പുഷ്പമർച്ചിച്ച് വന്ദിച്ച് നാലുകോണിലും നടുവിലുമായി ഒൻപതു സ്ഥാനംകല്പിച്ച് തളിച്ച മെഴുകി ഇലക്കഷണങ്ങൾ വച്ച്, തേങ്ങാമുറി, അക്ഷതം, വെററില അടയ്ക്ക എന്നിവ വച്ച്, അപ്രദക്ഷിണമായി ജലവും വച്ച്, മുമ്പ് സംഗ്രഹിച്ചിരിക്കുന്നതിൽനിന്നും ഈരണ്ടുരുളയും ഈരണ്ട വാഴക്കാനുറുക്കും വച്ച്, ധൂപദീപങ്ങൾ കാണിച്ച്, ഈരണ്ട കോൽത്തിരിയും കൊളുത്തിനാട്ടി, പ്രത്യേകം പൂവിട്ട തൊഴുത്, ചന്ദനം തൊട്ടുതെറിപ്പിച്ച വെള്ളം വളച്ച കൈകഴുകി, ഒമ്പതിലും ചുററി വറുകി ജലഗന്ധപുഷ്പാർച്ചന ചെയ്ത്, പിന്നീടും വെള്ളമെടുത്ത് വളച്ച് നെല്ലുമരിയും പൂവും ചന്ദനവും വറയും നീരും കൂട്ടി 'അവസരന്തുരക്ഷാംസി ഹ്രംഫട്'–എന്ന ചൊല്ലി ഉഴിഞ്ഞിട്ട് പിന്നെയും അക്ഷതവും ചന്ദനവും പൂവും വറയും അന്നവുമെടുത്ത് ജലംകൂട്ടി 'ശ്മാശാനികദേവതാഃ

---

അക്ഷതം = നെല്ലുമരിയും കൂട്ടി, ഉണക്കലരി തനിച്ചും.
അപ്രദക്ഷിണമായി = എടത്തുപാട്.

സർവ്വാ ബലിഃഗൃഹ്ണന്തോപയാന്തു ഹ്ംഫാം സ്വാഹാ'- എന്നു് ചൊല്ലി അപ്രദക്ഷിണമായി ബലിതൂകി കാല്ക്കൽ വന്നുനിന്നു് ശ്മശാനത്തിൽ പുഷ്പമിട്ടു് വന്ദിക്കുക-അതിനുശേഷം, വലത്തുകാലി ന്മേൽ പാളച്ചെരിപ്പും ഇടത്തുകാതിൽ വെള്ളച്ചുണ്ടയ്ക്കാ കടുക്കനുമിട്ടു കൊണ്ടു് പുഷ്പമാരാധിച്ചു് കൊള്ളിനീക്കി അത്തിച്ചമതയെടുത്തു് പാദം, മദ്ധ്യം, ശിരസ്സെന്നീ സ്ഥാനങ്ങളിലായി മൂന്നു കമ്പുകാം കുത്തി, മൂന്നു കുത്തുപാളയും പാളച്ചട്ടുകവുംവച്ചു്, ആദ്യംതന്നെ പാദാ സ്ഥിയും പിന്നെ മദ്ധ്യാസ്ഥിശിരോസ്ഥികളും ക്രമേണ ഓരോന്നെ ടുത്തു് അതാതു സ്ഥലത്തെ പാളകളിലിട്ടു് പിന്നെ ഉള്ളവയും സ്ഥാനംതെററാതെ പെറുക്കിയിട്ടുവച്ചു് ശ്മശാനം വെട്ടിമൂടണം. (ശ്മശാനത്തിലെ വെണ്ണീറെല്ലാം ഗംഗയിൽ ഇട്ടാൽ കൊള്ളാം.) പിന്നീടു് നവധാന്യങ്ങാം വിതച്ചു് വാഴയും തെങ്ങും മഞ്ഞളും മാറാ (ൻ ചേ)മ്പുംവച്ചു നനച്ചു് പാളയിലെ അസ്ഥികാം പടിഞ്ഞാറുവച്ചു് തെക്കോട്ടുനിന്നു് നിരത്തി അവയെല്ലാം പ്രത്യേകം കഴുകി മണ്ണും കരിയും കളഞ്ഞു് ശുചിയാക്കി കിഴക്കോട്ടിരുന്നു്

'ഗംഗായൈനമഃ'-എന്നു ശുദ്ധജലംകൊണ്ടും
'യമുനായൈനമഃ'-എന്നു ഗോമൂത്രംകൊണ്ടും
'അളകനന്ദായൈനമഃ'-എന്നു പാൽകൊണ്ടും
'സരസ്വത്യൈനമഃ-എന്നു കരിക്കിൻവെള്ളംകൊണ്ടും

കഴുകി വടക്കുവശത്തു കൊണ്ടുവന്നുവച്ചു് ദക്ഷിണാഭിമുഖം (തെക്കോട്ടു) ഇരുന്നു് കൈകഴുകി അവിടെ തളിച്ചുമെഴുകി ശുദ്ധിചെയ്തു് പുഷ്പമിട്ടു് കുടം മലർത്തിവച്ചു് വെള്ളം തളിച്ചു് ശുത്തു പൂവിട്ടു് അതിനകം ധൂപിച്ചു് കുടം കമത്തി ജലഗന്ധപുഷ്പാർച്ചന കഴിച്ചു് പിന്നീടു് മലർത്തി വച്ചുപസ്തരിച്ചു് നെല്ലുമരിയുമിട്ടു് കൂർച്ചമോ ദൂർവ്വാഗ്രമോ എടുത്തു് 'അസ്യ അമുക (ഇന്ന) സഗോത്രസ്യ അമുക (ഇന്ന) നാമക സ്യ കായ സംസ്ക്കാരേണാസ്ഥിസംചയനാദൂർദ്ധ്വമാലോക്യപൃഥി- വീംസംയോജയാമി'-എന്നു് ആവാഹിച്ചുവച്ചു് ആരാധിക്കുക.

'പാദൌപൂർവ്വംശിര ഉത്തരം'-എന്നു് സൂത്രകാരനും
'പാദാസ്ഥിമുന്നം, മദ്ധ്യാസ്ഥിശിരോസ്ഥികളനന്തരം -

എന്നു് ചടങ്ങുകാരനും പറഞ്ഞിരിക്കുന്നതിനാൽ

---

മദ്ധ്യാസ്ഥി = നടുവെല്ലു്. ഉപസ്തരിക്കുക = നെയ്യു് തൊട്ടു തെറിപ്പിക്കുക.

'പൃഥിവ്യൈ നമഃ'–എന്നു് കാല്ക്കലെ അസ്ഥിയും
'അന്തരീക്ഷായ നമഃ'–എന്ന (പിന്നീട) മദ്ധ്യാസ്ഥിയും
'സ്വർഗ്ഗായ നമഃ'–എന്നു് ഒടുക്കം തലയ്ക്കലെ അസ്ഥിയും
ശബ്ദം കേൾക്കാത്തവിധം കുടത്തിലിടണം. പിന്നെ, ജലഗന്ധ പുഷ്പാദ്യർച്ചന കഴിച്ചു് ഇടിഞ്ഞിൽ വിളക്കുംവച്ചു് കോടികൊണ്ടു് മൂടിയെടുത്തു്, സ്ഥാപിക്കുന്ന സ്ഥലത്തുചെന്നു് കോടിനീക്കി

ഉപസർപ്പേതിസംകുസുകഃപൃഥിവീമൃത്യുഃപിതരൊ വാ ത്രിഷ്ടുപ് ഗർത്തേസ്ഥികുംഭനിക്ഷേപണെവിനിയോഗഃ–

'ഉപസർപ്പമാതരംഭൂമിമേതാ
മുരുവ്യചസംപൃഥിവീംസുശേവാം
ഊർണമ്രദായുവതിർദക്ഷിണാവത
ഏഷാ ത്വാ പാതുനിരൃതെരുപസ്ഥാൽ' =

എന്ന ചൊല്ലി കുഴിയിൽ (ഘടം) സ്ഥാപിച്ചു്
ഉച്ഛ്വം ചസ്വേതിസംകുസുകൊമൃത്യുഃ പിതരഃ പൃഥ്വീവാപ്രസ്താര പംക്തി,
ഗർത്തെ പാംസുക്ഷേപണെ വിനിയോഗഃ

'ഉഛ്വംചസ്വപൃഥിവിമാനിബാധഥാഃ
സൂപായനാസ്മൈ ഭവസൂപവഞ്ചനാ
മാതാപുത്രം യഥാസിചാഭ്യേനം ഭൂമഊർണുഹി'

എന്നു് ഘടത്തിന്റെ കഴുത്തററം മണ്ണിട്ടു് 'ഉഛ്വംചമാനേതി സംകുസുകഃപൃഥ്വീമൃത്യുഃ പിതരൊവാത്രിഷ്ടുപ് - അസ്ഥികുംഭസമീപെ ജപേ വിനിയോഗഃ-

'ഉഛ്വഞ്ചമാനാപൃഥിവീസുതിഷ്ഠതു
സഹസ്രംമിതഉപഹിശ്രയംതാം
തെ ഗൃഹാസോഘൃതശ്ചുതൊ ഭവന്തു
വിശ്വാഹാസ്മൈ ശരണാഃസംത്വത്ര'

എന്നു് തൊഴുതുകൊണ്ടു് ജപിക്കണം-പിന്നീടു് 'ഉത്തെസ്തഭ് നാമീതിസംകുസുകഃപൃഥ്വീപിതരൊ മൃത്യുർവ്വാ ത്രിഷ്ടുപ്-ഘടമുഖ പിധാനെ ജപെ വിനിയോഗഃ–

ഉത്തെസ്തഭ്നാമിപൃഥിവീംത്വല്പരീമം
ലോഗംനിധന്മോഅഹംരിഷം

ഏതാംസ്ഥൂണാംപിതരൊ ധാരയന്തു
തെ ത്വാ യമഃസാദനാതെമിനോതു'

എന്ന ചൊല്ലി ചട്ടികൊണ്ടടച്ച് മണ്ണിട്ട് മുഴവൻ മൂടി ആ സ്ഥലം ജലഗന്ധാദികളെക്കൊണ്ട് പൂജിച്ച് പുഷ്പമിട്ട് നമസ്കരിച്ച് ''അഥാനവേക്ഷൻ പ്രത്യാവ്രജ്യ''

എന്ന സൂത്രപ്രകാരം തിരിഞ്ഞുനോക്കാതെ പോരേണ്ടതാകുന്നു. പിന്നീട് പോയി സ്നാനം കഴിച്ചുകൊള്ളേണം.

ഇങ്ങിനെ അസ്ഥിസ്ഥാപനം കഴിഞ്ഞശേഷം ആ തറയിൽ തുളസിനട്ടു നനയ്ക്കുന്നതു് വളരെ ഗുണകരമാകുന്നു എന്നു് ശിഷ്ടജനാചാരംകൊണ്ടും പ്രമാണംകൊണ്ടും അറിയുന്നതാകയാൽ അങ്ങിനെ ചെയ്യണം. സാധാരണ ഇപ്രകാരം ചെയ്യുന്നതു് ആചാരത്തിനും ശാസ്ത്രത്തിനും ഇണങ്ങിയതെന്നുവരികിലും വിശേഷമായി ബഹുപ്രകാരേണ ഘോഷിക്കപ്പെട്ടിരിക്കുന്ന

'യാവദസ്ഥി മനുഷ്യസ്യ ഗംഗാതൊയെ നിമജ്ജതി
താവൽസ്വർഗ്ഗമവാപ്നൊതി'

ഇത്യാദി പാരമർഷവചനപ്രകാരം ഗംഗാദികളിൽ നിക്ഷേപിക്കുന്നതത്യുത്തമമാകുന്നു.

'ശേഷാംച ഗംഗാംഭസി പ്രക്ഷേപഃ'

എന്നു് വൈഷ്ണവധർമ്മശാസ്ത്രത്തിലും പറഞ്ഞിട്ടുണ്ട്. സഞ്ചയനം കഴിഞ്ഞു് പുറവുമണ്ണു് മുതലായതു് തൊട്ടുകുളിച്ചുകൊൾക. (ഇങ്ങനെ വിസ്തരിച്ചു് സഞ്ചയനം കഴിക്കുന്നതു് ശക്യമല്ലെന്നുള്ളവർക്കു് മേൽകാണിച്ച വൈദിക മന്ത്രങ്ങൾകൊണ്ടുള്ള ക്രിയകളെ ചെയ്യും നിർവ്വഹിക്കാം.)

xi. പുലകുളി:

പത്തു ദിവസംവരെ ഉദകക്രിയ നടത്തിയശേഷം (അതിനുപയോഗിച്ച) ശിലയിന്മേൽ തിലതൈലം പുരട്ടി ജലത്തിലിടണം. നെല്ലുമരിയും (ഇടങ്ങഴിയും നാഴിയും നിറച്ചു) വച്ചു് പട്ടപറിച്ചു്

---

പട്ട എന്നതു് ബലിക്കററിയും അതു മറയ്ക്കുന്ന ഓലപ്പുരയുമാകുന്നു.

ദഹിപ്പിക്കണം. പിന്നീടു് ബലിയിടുന്നതു് തറ മെഴകി വേണ്ട താകുന്നു.*

xii. പുലപ്പിണ്ഡം : പതിനൊന്നാം ദിവസം

മന്ത്രപൂർവ്വം പഞ്ചഗവ്യം മേളിച്ചു്

'ദേവസ്യ ത്വാ സവിതുഃപ്രസവെ
നിശ്വൊർബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാം'.

എന്നു കുശോദകം ചേർത്തു സേവിക്കണം. തട്ടിനെ, പിണ്ഡം മുഴകലെന്ന ക്രിയ നടത്തുന്നതിനായി കുളിച്ചുവന്നു്

'അരിവാരിയുടൻകയ്യാലിടണംതത്രശീതികൻ'

എന്ന ചടങ്ങുംപ്രകാരം കഴിപ്പിക്കുന്ന ആാം (ഉപാദ്ധ്യായൻ) പവിത്രപാണിയായി മൂന്നു കുടന്ത അരിവാരിയിട്ടുതരുന്നതു വററിച്ചു വച്ചു് തററുടുത്തു് കാലും കരവും കഴുകി നിലം പ്രോക്ഷിച്ചു് തെക്ക തിരിഞ്ഞു്

'ഇതരംപാതയെജ്ജാനു പിത്റൂൻപരിചരംസ്ഥധാ'

എന്ന പ്രകാരം ഇടത്തെ മുട്ടിട്ടിരുന്നു് ക്രമംപോൽ പവിത്രമിട്ടു നിലത്തു തളിച്ചു് മെഴകി പുല്ലും പുഷ്പവുമിട്ടു് കിണ്ടിവച്ചു് ചന്ദനവും അരിയും പൂവും കിണ്ടിക്കകത്തിട്ടു് വാലിൽക്കൂടി ജലം മൂന്നുവട്ടം പകന്നു് അകത്തു വീഴ്ത്തി അതിനകത്തു്, ശ്രീഃ, എന്നെഴതി അടച്ചു പിടിച്ചു് മൂന്നുവട്ടം ഉയർത്തിത്താഴ്ത്തി ഗംഗാദിതീർത്ഥങ്ങളെ സ്മരിച്ചു്

'ഓം നമഃശിവായ' 'ഓംഇമം മെ ഗംഗെ, യമുനെ,
സരസ്വതി,
ശുതുദ്രി, സ്തോമം, സചതാപരുഷ്ണ്യാ,
അസിക്ന്യാ, മരുദ്വൃധെവിതസ്തയാർജ്ജീകീയെശ്രു-
ണഹ്യാസുഷൊമയാ'

എന്നു ജപിച്ചു് തീർത്ഥമാക്കി ശരീരത്തിൽ പ്രോക്ഷിച്ചു് വിള

---

*പുലയുള്ളവരെ ഇലയോ പലകയോ ഇട്ടു് കിഴക്കോട്ടുനോക്കി പുലാധിക്യ ന്യൂനതാ ക്രമത്തിനു് തെക്കുനിന്നു് നിരത്തിയിരുത്തി കാർമികൻ ഓരോരുത്ത രുടെ തലയിൽ എണ്ണ, നെല്ലു്, നീരു് ഇവ അല്പംവീതം ഒഴിച്ചു് തോർത്തുമായി കുളിക്കാനയയ്ക്കുക.

ക്രമംപോൽ എന്നാൽ ശ്രാദ്ധപദ്ധതിയിൽ പവിത്രം ധരിക്കാൻ പറഞ്ഞ മന്ത്ര ജപാദിയോടെ എന്നർത്ഥം.

ക്കത്തു് ഗണപതിയെ ആരാധിച്ചു് കിണ്ടിക്കിടത്തുനിന്നും ദർഭയും മണ്ണും വാരിക്കൊണ്ടു്

'ഗംഗാമൃത്സംപാദയാമി'.

എന്നു സങ്കല്പിച്ചു് മുമ്പിൽ നിരത്തണം. (പിന്നീടു് കിണ്ണം കമഴ്ത്തി അതിന്മേൽ കൂച്ചം വച്ചൊന്നർച്ചിച്ചു്) നെല്ലും അരിയും പൂവുമെടുത്തു പിടിച്ചു് തളികഎടുത്തു തന്നെ നോക്കി മലർത്തി അരിയും പൂവും തകലിട്ടു പുല്ലിലരിച്ചു് ജലംവീഴ്ത്തി പുല്ലുകളഞ്ഞു് കൈ കഴുകി ചന്ദനം സ്പർശിച്ചു് നെയ്യെടുത്തു് 'ഗന്ധാമൃതം പ്രേതായ ഗൃഹ്ണാമി' എന്നു പാത്രത്തിൽ കലക്കി ജലഗന്ധപുഷ്പങ്ങളെക്കൊണ്ടു് പൂജിച്ചു് ഒരു പുല്ലെടുത്തു്

'ഗംഗെ, ച, യമുനെ, ചൈവ
ഗോദാവരി, സരസ്വതി,
നർമ്മദെ, സിന്ധു, കാവേരി,
ജലെƒസ്മിൻ സന്നിധിംകുരു'

എന്നു ചൊല്ലി അതുകൊണ്ടിളക്കി പുല്ലുകളഞ്ഞു കൈകഴുകി നെല്ലുമരിയും കിണ്ണവും കൂടി എടുത്തു്

'അദ്യ അമുക സഗോത്രായാ അസ്മന്മാതൃമഹാരാജ്ഞ്യാ (എന്നോ മറോറാ വേണ്ടതു) അമുക (ഇന്ന) നാമികായാ ഏകാദശദിവസ പിണ്ഡകാര്യെ ഗംഗാജലാൽ തീർത്ഥമാവാഹയാമി' എന്നാവാഹിച്ചു് ആ തീർത്ഥം കിണ്ടിയിൽ പകർന്നു വയ്ക്കുക. [(പിന്നീടു് പുല്ലും മണ്ണുമെടുത്തു്

'അപയന്തുമഹാഭൂതാ യേ ഭൂതാ ഭുവി സംസ്ഥിതാഃ
തെഷാമുത്സാരണാർത്ഥായ മണ്ഡലംവർത്തയാമ്യഹം'

എന്നു ചൊല്ലി മുമ്പിൽ വിതറി പിന്നീടു് ദുത്തുകളഞ്ഞു് തളിച്ചു്,

'അപഹതാ അസുരാരക്ഷാംസിപിശാചാ യെ ക്ഷയന്തി
പൃഥിവീമനു അന്യത്രെതൊ ഗഛന്തു യത്രൈതേഷാം
ഗതംമനഃ'

എന്നു തിലം വിതറി പിന്നീടു്

'പൃഥിവീമിമാംക്ഷേത്രംഗൃഹ്ണാമി'

---

കിണ്ടിക്കിടത്തുനിന്നും എന്നാൽ അവിടെ സംഗ്രഹിച്ചിട്ടുള്ള.

എന്നു പുല്ലു കീറിയിട്ടു് പ്രോക്ഷിച്ചെടുത്തു കളഞ്ഞു കൈകഴുകി രണ്ടു കുശങ്ങളെടുത്തു്

'ഖനനമസ്തു'

എന്നു ചൊല്ലി ഇട്ടെടുത്തുകളഞ്ഞു്, പിന്നെ ഒരു പുല്ലു്

'ദഹനമസ്തു'

എന്നു് വിളക്കത്തു കാണിച്ചു് കത്തി തളിച്ചെടുത്തു കളയുക. പിന്നീടഞ്ചെണ്ണമെടുത്തു്

'അഗ്നിസ്ത്വംഭാസ്തിഷ്ഠന്തു പ്രാസാദം തഥാ രചയാമി'–

എന്നു നാലു മൂലകളിലും നടുക്കും നാട്ടിത്തളിച്ചെടുത്തു കളഞ്ഞു, മൂന്നു പുല്ലെടുത്തു്

'ഭൂർലോകഃ'

എന്നു് വലത്തു കീറിയിട്ടു്

'ഭുവർലോകഃ'

എന്നിടത്തു കീറിയിട്ടു്

'സ്വർലോകഃ'

എന്നു് നടുക്കു കീറിയിട്ടു് തളിച്ചെടുത്തു കളയുക)].

പിന്നീടു് മണ്ണുവാരി ജലസമേതമെടുത്തു്

'ഗംഗാമൃത്സംപാദയാമി-സരസ്വതീമൃത്
സംപാദയാമി-യമുനാമൃത്സംപാദയാമി'–

എന്നു് തെക്കും നടുവിലും വടക്കും ക്രമത്തിൽ നിരത്തി മണ്ണും ജലവും കൂട്ടി എടുത്തു് അഗ്നികോണിലിട്ടു് നിരത്തി പുല്ലിട്ടു് ഒരു കൂർച്ചംവച്ചു് പൂവിട്ടർച്ചിച്ചു കൂർച്ചമെടുത്തു് തളിക മലർത്തി നെല്ലുമ രിയും പൂവും കൂർച്ചവും തളികയിലിട്ടു് പുല്ലു പിടിച്ചു് മുമ്പോൽ ജലമരിച്ചു കിണ്ണത്തിൽ വീഴ്ത്തി കൈകഴുകി എള്ളുവാരി

'തിലോസി സോമദേവത്യോ
ഗോസവേ ദേവനിർമ്മിതഃ
പ്രത്നവദ്ഭിഃപൃക്തഃസ്വധയാ
പിതൄൻലോകാൻപ്രീണാഹി സ്വാഹാ'-

എന്നുചൊല്ലി പാത്രത്തിലിട്ടു തൈരു വീഴ്ത്തി പുല്ലുകൊണ്ടു്

മഥിച്ച് കൈകഴകി പുഷ്പമിട്ടർച്ചിച്ച അക്ഷതവും പൂവും കിണ്ണവു മെടുത്ത് കയ്യിൽവച്ചുകൊണ്ട്

'അദ്യാമുകഗോത്രെ അമുകനാമാസ്സൽ (ഇന്ന) പ്രേതായ ഏകാ ദശദിവസീയപിണ്ഡകായ്യ്യെ ഗംഗാജലാൽ തിലോദകതീത്ഥം സംപാദയാമി'

എന്ന ചൊല്ലി ഉയർത്തി ആവാഹിച്ച

'തിലോദകതീർത്ഥം രക്ഷതു'

എന്നഭിമന്ത്രിച്ച് ഒരു പുല്ല് അതിന്മേൽ വയ്ക്കുക. പിന്നീട് പിണ്ഡം വയ്ക്കുന്ന സ്ഥലം ശുദ്ധിചെയ്ത് പുല്ല കഴകി നിരത്തി രണ്ട വശത്തും ഈരണ്ട പുല്ല് വെവ്വേറെ വച്ചുച്ചിച്ച് കൂച്ച്മെടുത്ത് ശുദ്ധോദകംകൊണ്ടും തിലോദകംകൊണ്ടും കഴകി നൂലുചുററി തലയ്ക്കൽ ഗന്ധപുഷ്പം ചാർത്തി, എള്ളും പൂവും ചന്ദനവും കൂർച്ചവും കൂടി വലം കയ്യിലെടുത്ത് വലത്തുമൂക്കിലെ ശ്വാസം അതിന്മേലേററി ഇടത്തുടെ നിരത്തിയിരിക്കുന്ന പുല്ലിന്മേൽവച്ച്, കയ്യിലിരിക്കുന്ന തിലപുഷ്പാ ക്ഷതങ്ങരം രണ്ട കയ്യിലുമാക്കി

'അദ്യ (ഇന്ന) ഗോത്രെ അമുക (ഇന്ന) പ്രേതായ ഏകാദശദി വസനിർവ്വർത്ത്യ പിണ്ഡകാ(ര)യ്യ ഊദ്ധ്വലോകാദ് ഭൂലോക ആവാഹയാമി'-

എന്നാവാഹിച്ച തലയ്ക്കലിട്ട

'പാദക്ഷാളനാർത്ഥംതിലോദകതീർത്ഥംതൃപ്തിരസ്തു'

എന്ന് കാൽക്കൽ തിലോദകം കൊടുത്തു

ആചമനാർത്ഥംഗംഗാജലാൽശുദ്ധോദകതീർത്ഥംതൃപ്തിരസ്തു'

എന്ന് തലയ്ക്കൽ ശുദ്ധോദകം കൊടുത്ത് പുഷ്പമർച്ചിച്ച് വന്ദിക്കുക. പിന്നെ പൂവും ചന്ദനവും ജലവും കൂടിയെടുത്ത് പൊത്തിയടച്ച് വ്യാപകംചെയ്ത് പുഷ്പമിട്ട്, ജലഗന്ധപുഷ്പങ്ങളെക്കൊണ്ട് പിന്നീട് മൂന്നും, അഞ്ചും, ഏഴും, ഒൻപതും, പതിനൊന്നും വീതം ക്രമത്താലെ നീരുകൊടുത്ത് അർച്ചിച്ച തലയ്ക്കൽ അരിയും പൂവും വാരി നനച്ചിട്ട് പിണ്ഡമുരുട്ടി ഉപസ്തരിച്ച് എള്ളുവിതറി മൂടിവയ്ക്കുക. പിന്നീട് ചന്ദനവും പൂവുമെടുത്ത് ദർഭയിൽവച്ച് പിണ്ഡമെടുത്ത്,

'അദ്യാമുകഗോത്രെ (എന്നാൽ വിശ്വാമിത്ര ഗൊത്രേ അല്ലെ ങ്കിൽ വസിഷ്ഠഗോത്രെ, നിശ്ചയമില്ലെങ്കിൽ കാശ്യപഗോ ത്രെ) അമുക (ഇന്ന) വാസുദേവനാമക പ്രേതായായം പിണ്ഡ

ഉപതിഷ്ഠതാംസ്വധാ'–

എന്ന വച്ച് തൈരു വീഴ്ത്തി

'പിതൃഭ്യഃസ്വധാ, പിതൃസഖിഭ്യഃസ്വധാ'–

എന്നു് രണ്ടു നീരിരുപുറത്തും കൊടുത്തു തൂകുക. അതിനുശേഷം പിണ്ഡത്തേൽ പൂവെടുത്തിട്ട് മുമ്പോൽ ഒൻപതുമേഴും അഞ്ചും മൂന്നും ജലഗന്ധപുഷ്പങ്ങൾ ക്രമേണ കൊടുത്തു് കവ്യം വാരി നനച്ച് തലയ്ക്കിട്ടു് പൂവാരാധിച്ച് തൊഴുക. പിന്നെ അഞ്ജനക്കല്ലുകൊടുത്തു് നൂല പിണ്ഡത്തേലിട്ടു് പിന്നീടു് തൈലം കൊടുത്തുകഴിഞ്ഞാൽ ക്ഷീര–ഘൃത–മധു–ഗന്ധാദി, ഉപകരണജാതമാകെ കൂട്ടി

'ആബ്രഹ്മസ്തംബപര്യന്തംയൽ കിഞ്ചിൽ സചരാചരം
മയാ ദത്തേന തോയേന തൃപ്തിമേവാഭിഗഛതു'-

എന്ന ചൊല്ലിച്ചുററിച്ച്, പിന്നീടു് ഇലകോട്ടി എള്ളും പൂവും ചന്ദനവുമിട്ടു്

'പിതരസ്തൃപ്യന്തു സ്വധാ'-

എന്ന ചൊല്ലി ഇടത്തൂടെ തൂകി പവിത്രമൂരി കിണ്ടി വാലിന്മേലിട്ടു് വലംതിരിഞ്ഞു് പ്രാണനെ അടക്കി ധ്യാനിച്ച് പിന്നീടിലയിൽ പ്രോക്ഷിച്ച് വറെറടുത്തു് ഘ്രാണിച്ച് ഇടത്തിട്ടു് കൈകഴുകി മുഖത്തു ജലം പ്രോക്ഷിച്ച് ജലഗന്ധപുഷ്പങ്ങൾ കൊടുത്തു് ചന്ദനവും പൂവും നീരും കൂടിയെടുത്തു്

'ഓം ഊർജ്ജംവഹന്തീരമൃതംഘൃതംപയഃകീലാലംപരിസ്രുതം സ്വധാ'–

'അദ്യ (അമുക) ഗോത്രേകേരള (മലയ) ക്ഷത്രിയാന്വയജ (അമുക) പ്രേതസ്യ ('ഏകാദശാഹികെ' എന്നും പിറേറന്ന ശുദ്ധപിണ്ഡത്തിനു് 'ദ്വാദശാഹികെ' എന്നും വേണം) 'പിണ്ഡകാര്യേ ഭൂലോകാദൂർദ്ധ്വലോകംഗമയിഷ്യാമി'–

എന്നു് സങ്കല്പിച്ച് തലയ്ക്കലിട്ടു് ഉദ്വസിച്ച ദർഭകൊണ്ടുള്ള കൂർച്ചമഴിച്ച വച്ച് ഒരുപ്രാവശ്യം ജലഗന്ധപുഷ്പങ്ങളർച്ചിച്ച് നമസ്കരിച്ച് പിണ്ഡമെടുത്തു (കോടിയിട്ടു മൂടി) കൊണ്ടുപോയി നദിയിൽ തലയ്ക്കുമീതെ വച്ചൊഴുക്കി മുങ്ങുക–

മേലെഴുതിയതിൽ ഇരട്ടബ്രാക്കററുകൾക്കുള്ളിലെ ഭാഗങ്ങൾ സാധാരണയല്ലെന്നുവരികിലും ചെയ്യുന്നതിനു് ഉപയുക്തമാകയാൽ, പ്രാചീനാചാരഗ്രന്ഥാനുരോധേന സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

xiii. ശുദ്ധപിണ്ഡം : പന്ത്രണ്ടാം ദിവസം

കുളിച്ചുവന്നു് പുണ്യാഹമേററു് ശുദ്ധപിണ്ഡക്രിയ നടത്തേണ്ട താകുന്നു. അതിന്നു്, ഡബിൾ ബ്രാക്കററിലെ ഭാഗമൊഴിച്ചു് പതി നൊന്നിലെപ്പോലെ ആസകലാൽ ചെയ്തു്, ശ്രാദ്ധക്രമത്തിൽ പിണ്ഡങ്ങൾ തെക്കവെച്ചു് കൈകൊട്ടിപ്പോരേണ്ടതാകുന്നു. ശ്രാദ്ധ ക്കാരുള്ള പക്ഷം, പിണ്ഡം ഉരുട്ടി മൂടിവെച്ചശേഷം, വടക്കോട്ടു് ഒരാളെ ഇരുത്തി കൈക്കു് ജലംകൊടുത്തു്, ജലഗന്ധപുഷ്പാർച്ചന കഴിച്ചു് തിലമുഷ്ടി കയ്യിലെടുത്തു്, അയാളുടെ തലയിലും നെററി യിലുമിട്ടു് (തൊടീച്ചു്) അലങ്കരിച്ചു് യഥാശക്തി ദ്രവ്യവും നെല്ലും അരിയും പൂവും കൂട്ടി എടുത്തു് മുമ്പോൽ ഗോത്രനാമാദികൾ ചേർത്തു് സങ്കല്പം ചൊല്ലി, 'ഏകോദ്ദിഷ്ടമിദം' എന്നു ദക്ഷിണ ചെയ്തു്, വെററില, പാക്കു്, നാളീകേരം എന്നിവയും കൊടുത്തു് ഗന്ധപുഷ്പാ ദ്യർച്ചന കഴിച്ചു് പുഷ്പം ശിരസ്സിലിട്ടുവേണം പിണ്ഡമെടുത്തു വയ്ക്ക ലാദിയായി ശേഷമുള്ളവ നടത്തുവാനെന്നോർത്തുകൊള്ളേണ്ടതാകുന്നു.

xiv. ദുർമ്മൃതികൾ :

സൂതിക (പേററുകാരി) രജസ്വല (തീണ്ടാരിവർ) എന്നിവരെ ചാന്ദ്രായണാദി പ്രായശ്ചിത്തദാനം കഴിച്ചു് വസ്ത്രാന്തരങ്ങളേക്കൊ ണ്ടു് അലങ്കരിച്ചു് യവപിഷ്ടം (യവം പൊടിച്ച മാവുകൊണ്ടു്) ശരീരത്തേൽ മൂടിത്തേപ്പിച്ചു് ശൂർപ്പം (മുറം) കൊണ്ടു് നൂററെട്ടു വാരമ ഭിഷേകംചെയ്തു് ഭസ്മം, ഗോമയം, മണ്ണു്, കുശോദകം എന്നിവ കൊണ്ടു് സ്നാനം കഴിപ്പിച്ചു്, പിന്നീടു് പഞ്ചഗവ്യം നിറച്ച ഘടം താഴെപ്പറയുന്ന മന്ത്രങ്ങളെക്കൊണ്ടഭിമന്ത്രിച്ചു് അഭിഷേകം കഴിച്ചു് ദഹിപ്പിക്കണം.

(പഞ്ചഗവ്യം ചേക്കുന്നതിന്നു്—പ്രണവവ്യാഹൃതിപൂർവ്വകമായി ഗായത്രികൊണ്ടു് ഗോമൂത്രവും

'ഓം ഗന്ധദ്വാരാം ദുരാധർഷാം
നിത്യപുഷ്ടാം കരീഷിണീം
ഈശ്വരീംസർവ്വഭൂതാനാം
താമിഹോപഹ്വയേ ശ്രിയം' =

*ഗോമൂത്രം ചേർപ്പാൻ 'ഓം ഭൂർഭുവഃസ്വഃ, തൽസവിതുർവ്വരേണ്യം ഭർഗ്ഗോ - ദേവസ്യധീമഹി, ധിയൊ യൊ നഃപ്രചോദയാത്'.

എന്നു് ഗോമയവും

'ഓം ആപ്യായസ്വ സമേതു തെ
വിശ്വതഃസോമവൃഷ്ണിം
ഭവാവാജസ്യ സംഗധെ'–

എന്നു് പാലും

ഓം ദധിക്രാവെ്ണാഅകാരിഷം
ജിഷ്ണോരശ്വസ്യ വാജിനഃ
സുരഭിനൊ മുഖാകരൽ
പ്രണആയൂംഷിതാരിഷതു്' =

എന്നു് തൈരും

'ഓം ശുക്രമസി, ജ്യോതിരസി, തേജോസി'–
എന്നു് നെയ്യും യോജിപ്പിക്കേണ്ടതാകുന്നു.)

പഞ്ചഗവ്യഘടം ജപിപ്പാൻ മന്ത്രം,

'ഓം ആപൊഹി-ഷ്ടാ-മയൊ-ഭുവ-
സ്താന-ഊർജേദധാതന
മഹേരണായചക്ഷസെ =
ഓം യോവഃശിവതമൊരസ–
സ്തസ്യഭാജയതെഹ–നഃ
ഉശതീരിവമാതരഃ
ഓം തസ്മാഅരംഗമാമ–വൊ
യസ്യക്ഷയായ–ജിന്വഥ
ആപോ ജനയഥാച-നഃ'=
'ഓം ശംനൊംദേവീരഭിഷ്ടയ
ആപൊ ഭവന്തു പീതയേ
ശംയൊരഭിസ്രവന്തു നഃ'-
'ഓം ആപഃ-പുനാതു പൃഥിവീം
പൃഥിവീപൂതാ പുനാതു മാം
പുനന്തു ബ്രഹ്മണസ്പതിർ
ബ്രഹ്മപൂതാ പുനാതു മാം'=
'ഓംദധിക്രാവ്ണൊ അകാരിഷം
ജിഷ്ണോരശ്വസ്യവാജിനഃ
സുരഭിനൊ മുഖാകരതു്
പ്രണആയൂംഷിതാരിഷതു്'=

(ഇത്രയും പുണ്യാഹത്തിനും മതിയാകും)

ഇവയ്ക്കുപുറമെ പൌരുഷം, നതമംഹൊ സൂക്തം മുതലായതും ഉപയോഗിക്കാവുന്നതാണ്.

ഗർഭിണ്യാദി ശാവകർമ്മം—ഗർഭിണി ആയിരുന്നാൽ ഗർഭം വേർപെടുത്തി പ്രായശ്ചിത്തദാനങ്ങൾ കഴിച്ച് ഇപ്രകാരം അഭിഷേകാദിയാൽ ശുചിയാക്കി ദഹിപ്പിക്കണം. രണ്ടു വയസ്സ് തികയാത്ത കുട്ടികളെ ദഹിപ്പിക്കേണ്ടതായിട്ടില്ല. നെയ്യ് തേപ്പിച്ചോ അല്ലാതെയോ കുഴിച്ചിടണം. അസ്ഥിസംചയനാദി ഈ ശിശുക്കൾക്കില്ല.

'നാസ്യ കാര്യോഗ്നിസംസ്കാരോ
നാപി കാര്യോദകക്രിയാ'

എന്ന് നിഷേധിക്കപ്പെട്ടിട്ടുണ്ട്.

'ഊനദ്വിവാർഷികംപ്രേതം
ഘൃതാക്തംനിഖനേദ്ഭുവി'

ഘൃതം തേപ്പിച്ച് മൂടണമെന്നതിന് മേൽ കാണിച്ച യമസ്മൃതി, പ്രമാണമാകുന്നു. (പക്ഷെ, യമസൂക്തമോ, കഠവല്ലി ഉപനിഷത്തിലെ ആദ്യ ത്രികമൊ ഉച്ചരിച്ച് സ്ഥാപിക്കുന്നത് വിശേഷമാകുന്നു.) പൂർണ്ണദ്വിവർഷന്മാർ (രണ്ടു വയസ്സായവർ) എങ്കിൽ അഗ്നിസംസ്കാരവും ഉദകക്രിയയും അമന്ത്രകമായി ചെയ്യാം.–'നഗ്നദേഹം ദഹേന്നൈവ'–എന്ന പ്രചേതഃസ്മൃതി പറയുന്നു–നഗ്നശരീരം ദഹിപ്പിക്കരുതെന്ന് ഇതിനർത്ഥമാകുന്നു. ദേശാന്തരങ്ങളിൽ മരിച്ച്, ശവം കിട്ടാതെപോകിൽ ദർഭാദികളെക്കൊണ്ട് പ്രതികൃതി (കെട്ടി) ഉണ്ടാക്കി 'അസൌ സ്വർഗ്ഗായ ലോകായ സ്വാഹാ'–എന്ന് ദഹിപ്പിക്കണം.-ആശൌചം-ശാവാശൌചക്രമത്തിൽ വർജ്ജിക്കേണ്ടതാകുന്നു–ആശൌചമുള്ളിടത്തോളം ഉദപിണ്ഡാദികളും നൽകണം.-താല്പര്യംപോലെ മിത്രാദികൾക്കുവേണ്ടിയും ഉദകം കൊടുക്കാവുന്നതാണ്. പതിതന്മാർ (വിഹിതപ്രായശ്ചിത്തമനുഷ്ഠിക്കാത്തവർ) ഉദകപിണ്ഡാദികൾ ചെയ്തുകൂടാ.-ഷണ്ഡസ്തേനാദികൾ ഭ്രൂണഹത്യാദികർത്താക്കൾ എന്നിവരും തിലപിണ്ഡാദി ചെയ്തുകൂടാ. 'ക്ലീബാദ്യാ, നൊദകംകുര്യുഃ' എന്ന് നിഷേധവചനമുണ്ട്.

'പാഖണ്ഡ്യനാശ്രിതാഃസ്തേനാ
ഭർത്തൃഘ്ന്യഃ കാമഗാദികാഃ

സുരാപ്യആത്മത്യാഗിന്യോ
നാശൌചോദകഭാജനാഃ' =

ഈ പറഞ്ഞവർക്കവേണ്ടി ഉദകക്രിയാദികാം പാടില്ലെന്നു യോഗീശ്വരവചനമുണ്ട്-ശംഖചക്രാദി, ശൂലപരശ്വാദിതപ്തമുദ്രാധാരണം ചെയ്യുന്നവർ പാഖണ്ഡികളെന്നു പരസ്പരം വൈഷ്ണവ, ശൈവന്മാരും നൃമുണ്ഡാദിധാരികാം പാഷണ്ഡികളെന്ന സ്മാർത്താദികളും മററുമിങ്ങനെ ഓരോവിധം പറയുന്ന എങ്കിലും വേദോക്തമായ ധർമ്മം, ഈശ്വരൻ എന്നിത്യാദിയെ ദൂഷിക്കുന്നവനെന്നു ഈ ശബ്ദത്തിന്റെ (യോഗ) രൂഢാർത്ഥമാകുന്നു-അനാശ്രിതനെന്നാൽ ആശ്രമധർമ്മാദികളെ ശക്ത്യപേക്ഷയാ സ്വീകരിക്കാത്തവൻ-പിന്നെ; സ്തേനന്മാർ, ഭർത്താവിനെ ഹിംസിക്കുന്ന യോഷിത്തുകാം, പ്രത്യക്ഷസുരാപാനം ചെയ്യുന്ന നാരിമാർ, തന്നെത്താൻ മരിക്കുന്ന സ്ത്രീകാം എന്നിവരാകുന്നു ശ്ലോകത്തിൽ സംഗ്രഹിക്കപ്പെട്ടവർ.

'അഥ കശ്ചിത്പ്രമാദേന
ക്രിയേതാഗ്ന്യുദകാദിഭിഃ
തസ്യാശൌചം വിധാതവ്യം
കർത്തവ്യാ ചോദകക്രിയാ'

എന്ന അംഗിരഃസ്മൃതിവചനമുണ്ട്. ഒരുത്തൻ പ്രമാദത്താലേ അഗ്ന്യുദകാദി സംബന്ധത്താൽ മൃതിപ്പെടുന്നതായാൽ ആശൌചോദകക്രിയാദികാം ചെയ്യണമെന്നു ശ്ലോകാർത്ഥമാകുന്നു. ബുദ്ധിപൂർവ്വം സംഭവിക്കുന്നതെങ്കിൽ യാതൊരു കർമ്മവും ചെയ്തുകൂടാ.

'ചണ്ഡാലാ, ദുദകാൽ, സർപ്പാദ്,
ബ്രാഹ്മണാ, ദ്വൈദ്യുതാദപി
ദംഷ്ട്രിഭ്യശ്ച പശുഭ്യശ്ച
മരണം പാപകർമ്മിണാം =

ഉദകം, പിണ്ഡദാനം, ച
പ്രേതേഭ്യോ യൽ പ്രദീയതെ
നോപതിഷ്ഠന്തി തത്സർവ്വ-
മന്തരിക്ഷെ വിനശ്യതി' =

മുഷ്ക്കനിമിത്തമായി ചണ്ഡാലനോടും വ്യാഘ്രവൃകാദിഹിംസ്രപശുക്കളോടും എതിർത്തും മററും മൃതിപ്പെട്ടാൽ യാതൊന്നും ചെയ്യേണ്ടതായിട്ടില്ല. ബ്രാഹ്മണൻെറ കയ്യാലെങ്കിൽ സദ്യഃശൌചമെന്നും വത്സരത്തിനുശേഷം ക്രിയകളെന്നും പക്ഷങ്ങാം ഉണ്ട്. വിഷം

കടിച്ചു മരിക്കുക, തൂങ്ങിമരിക്കുക മുതലായതിലും ദഹനാദികർമ്മം അനുവദിച്ചിട്ടില്ല. ഇടിവെട്ടി മരിച്ചാലും ദാഹാദിക്കു് ശാസ്ത്രസമ്മതിയില്ല. പാമ്പുകടിച്ചു മരിക്കുന്നതായാലും ഇതുപോലെയാകുന്നു. ഇങ്ങിനെ ഉള്ളവർക്കുവേണ്ടി ചെയ്യുന്ന ഉദകപിണ്ഡാദികൾ പ്രയോജനമാകാതെ വഴിയിൽ (അന്തരീക്ഷത്തിൽ) നശിച്ചുപോകുന്നു എന്നു സ്മൃത്യർത്ഥമാകുന്നു. സ്നേഹവശാലിവർക്കുവേണ്ടി വല്ലതും ചെയ്യുന്നതാകിൽ (ചൂടുള്ള ജലം, ക്ഷീരം, ഘൃതം ഇവ ഓരോ ദിവസം സേവിച്ചു് നാലാം ദിനമുപവാസം ചെയ്ക രൂപമായ) തപ്തകൃഛ്രം പ്രായശ്ചിത്തമനുഷ്ഠിക്കണമെന്നു പറഞ്ഞിരിക്കുന്നു. 'കൃത്വാഗ്നിമുദകം സ്നാനം.........തപ്തകൃഛ്രേണശുദ്ധ്യതി' എന്നു് പ്രമാണം.

'വൃദ്ധഃശൌചസ്മൃതെർല്ലുബ്ധഃ
പ്രത്യാഖ്യാതഭിഷക്ക്രിയഃ
ആത്മാനംഘാതയെദ്യസ്തു
ഭൃഗ്വഗ്ന്യനശനാംബുഭിഃ =

തസ്യ ത്രിരാത്രമാശൌചം
ദ്വിതീയേ ത്വസ്ഥിസംചയഃ
തൃതീയെ തൂദകം ദത്വാ
ചതുർത്ഥെ പിണ്ഡമാചരെൽ' =

ശൌചാചമനാദി സ്മൃതി കെട്ടു് വയസ്സായി വൈദ്യൻ ഉപേക്ഷിച്ചു എന്നായാൽ ജലാശയം, മലഞ്ചരിവു്, തീക്കുണ്ഡം മുതലായതിൽ പതിച്ചും അനശനം ദീക്ഷിച്ചും മരിക്കുകിൽ മൂന്നു പുല കൊണ്ടു് രണ്ടാംദിവസം സഞ്ചയനവും, മൂന്നാം ദിവസം ഉദകവും കഴിച്ചു് പിറേറന്നു് പിണ്ഡം വയ്ക്കണം. എന്നർത്ഥം—പാമ്പു കടിച്ചു മരിച്ചതെങ്കിൽ വത്സരത്തിനുശേഷം നാരായണബലി കഴിച്ചു് സുവർണ്ണനാഗപ്രതിമയെ ദാനം ചെയ്യണം എന്നൊരു പക്ഷം.

'സുവർണ്ണഭാരനിഷ്പന്നം
നാഗംകൃത്വാ തഥൈവ ഗാം
വ്യാസായ ദത്വാ വിധിവൽ
പിതുരാനൃണ്യമാപ്നുയാൽ' =

എന്നു് സ്മൃതി പറയുന്നു. സ്വർണ്ണംകൊണ്ടു് നാഗപ്രതിമയും

---

സ്മൃതികെടുക = ഓർമ്മ ഇല്ലാതാകുക. ഉദകം = ഉദകക്രിയ.

ഗോപ്രതിമയും നിർമ്മിച്ച് ദാനം ചെയ്യണമെന്നുള്ള പക്ഷാന്തരത്തെ ഈ വാക്യം കാണിക്കുന്നു. വിപ്ര, ഗൊ, ഹതന്മാർക്കും പതിതന്മാർക്കും സംവൽസരത്തിനുശേഷമേ ക്രിയചെയ്യേണ്ടതുള്ളൂ എന്നതിനു് പ്രമാണം—

'ഗോബ്രാഹ്മണഹതാനാം ച
പതിതാനാം തഥൈവ ച
ഊർദ്ധ്വം സംവത്സരാൽ കുര്യാൽ
സർവമെവൊർദ്ധ്വദേഹികം' = എന്നു്.

## XV. നാരായണ ബലിക്രമം :

പൂർവ്വപക്ഷത്തിലെ ഏകാദശിദിവസം വിഷ്ണുവിനെയും, വൈവസ്വതനെയും, യമനേയും മുറയ്ക്കാരാധിച്ച് തത്സമീപത്തു് തേൻ, നെയ്യ്, എള്ളു് ഇവ മൂന്നുംചേർത്തു് പത്തു പിണ്ഡങ്ങളുരുട്ടി പ്രേതത്തെ വിഷ്ണുരൂപമായി സങ്കല്പിച്ച് (പ്രേത) നാമഗോത്രങ്ങൾ ചൊല്ലി എള്ളും പൂവും ചന്ദനവും, നീരുംകൊടുക്കുക മുതലായതും ചെയ്തു് എടുത്തു് ആററിൽ ഇടുക. അന്നരാത്രി ഉപവാസം ചെയ്തു് പിറേറന്നു് വിഷ്ണുവിനെ പൂജിച്ച് ഏകോദ്ദിഷ്ടവിധിപ്രകാരം (ശ്രാദ്ധക്കാരുടെ) പാദപ്രക്ഷാളനാദി തൃപ്തിപ്രശ്നാന്തം നടത്തി പിന്നീടു് വിഷ്ണുവിനും, ബ്രഹ്മാവിനും, ശിവനും, യമനുമായി നാലു പിണ്ഡങ്ങൾവച്ച് പ്രേതനാമഗോത്രസ്മൃതിയോടെ എള്ളും പൂവും ചന്ദനവും ചേർത്തു് വിഷ്ണുവിന്റെ ദിവ്യനാമസ്മരണപൂർവ്വകം മാതൃപിണ്ഡം പ്രേതത്തിനു വയ്ക്കണം. പിന്നെ, ശ്രാദ്ധക്കാർക്കു് ദക്ഷിണചെയ്തു് പ്രധാനപ്പെട്ട (വിശിഷ്ടനായ) ഒരാളെ പ്രേതത്തിന്റെ പ്രതിപുരുഷനായി സങ്കൽപ്പിച്ച് ഗോ, ഭൂമി, സുവർണ്ണാദി ദക്ഷിണയാലേ തൃപ്തിപ്പെടുത്തി പവിത്രപാണികളായ മററുള്ളവരെക്കൊണ്ടു് പ്രേതതർപ്പണം കഴിപ്പിച്ച് സ്വഭൃത്യ(സ്വ)ജനസമേതം ഭക്ഷണം കഴിക്കുക.

ശവദാഹാനന്തരം, 'നൈതസ്യാം രാത്ര്യാമന്നംപചേരൻ'- അന്നേദിവസം അന്നം പാകംചെയ്തു ഭക്ഷിക്കരുതെന്നു് ഗൃഹ്യസൂത്രകാരൻ പറഞ്ഞിരിക്കുന്നു. അന്നുപവാസം ചെയ്യുന്ന പതിവു് ചില

---

വിപ്രഗോഹതന്മാർ = വിപ്രന്മാരാലും ഗോക്കളാലും കൊല്ലപ്പെട്ടവർ. പാദപ്രക്ഷാളനം തുടങ്ങി തൃപ്തിപ്രശ്നംവരെ (സപിണ്ഡിയിൽ പറഞ്ഞപോൽ) നാമഗോത്രസ്മൃതിയോടെ പേരും ഗോത്രവും സങ്കല്പിച്ച്.

സ്മരണപൂർവ്വം = ഭഗവാനു് നാമസങ്കല്പത്തോടെ. സ്വജനസമേതം = സ്വജനങ്ങളോടൊത്തു്.

ദിക്കുകളിലുണ്ട്. അയാചിതോപനതം ഭക്ഷിക്കാമെന്നുള്ള സ്മൃതി പ്രകാരം ബന്ധുക്കൾ വെള്ളം കുടികൊണ്ടുവരുന്നവ ഉപയോഗിക്കുന്നതിന്ന് വിരോധമില്ല. അന്ന് കട്ടിലുകൂടാതെ നിലത്തു ശയിക്കണം.

'ത്രിരാത്രമക്ഷാരലവണാശിതഃ
സ്യുർദ്ദ്വാദശരാത്രംവാ മഹാഗുരുഷു'

എന്ന ഗൃഹ്യസൂത്രപ്രകാരവും

'അക്ഷാരലവണാന്നാഃസ്യുഃ'

എന്ന സ്മൃതിവചനപ്രകാരവും ഉപ്പും മുളകും ഒന്നും കൂടാതെ മൂന്നു നാൾ ഭക്ഷിക്കണം. മഹാഗുരുക്കളുടെ, എന്നാൽ,

'ത്രയഃ പുരുഷസ്യാതി ഗുരവോ ഭവന്തി,
മാതാപിതാചാര്യശ്ചേതി'

എന്ന സ്മൃതി പറയുംപ്രകാരമുള്ള മാതാവ്, പിതാവ്, ആചാര്യൻ മുതലായവരുടെ ആശൌചത്തിൽ പന്ത്രണ്ടുദിവസം ഇങ്ങനെതന്നെ വേണമെന്ന് പ്രത്യേകിച്ച് സൂത്രം കാണിക്കുന്നു. അന്നമോ, മാവോ മറ്റെന്തോ ആയാലും ആദ്യം ആരംഭിക്കുന്ന ദ്രവ്യം കൊണ്ട് പിണ്ഡസമാപ്തിപര്യന്തം ക്രിയ ചെയ്യേണ്ടതാകുന്നു.

'പ്രഥമേഹനി യദ്ദ്രവ്യം
തദേവസ്യാദ്ദശാഹികം'

എന്ന് ഇതിന്നു പ്രമാണമുണ്ട്. പുത്രനുള്ള പക്ഷമെങ്കിൽ ഉദകംപോലെ പിണ്ഡമാരെങ്കിലും ദാനം ചെയ്താൽ പോരാത്തതും അയാൾതന്നെ ചെയ്യേണ്ടതുമാകുന്നു. അതിലും ജ്യേഷ്ഠൻതന്നെ വേണ്ടതാകുന്നു. മൃതദിവസം ഒരു പാത്രത്തിൽ ജലവും, മറ്റൊന്നിൽ ക്ഷീരവും കെട്ടിത്തൂക്കി, 'പ്രേതാത്രസ്നാഹി' എന്ന ജലപാത്രം തൊട്ടും 'പിബേദംക്ഷീരം' എന്ന പാൽപാത്രം തൊട്ടും സങ്കല്പിക്കുന്നതു കൊള്ളാമെന്ന് ശാസ്ത്രീയമായ ഒരു പക്ഷമുണ്ട്.

## 3. ആശൌച പദ്ധതി

### i. ആശൌചാർത്ഥം :

ആശൗചത്തിനു് അശൗചമെന്നും പറയാം. ശുചിത്വാഭാവമെന്നും വിഹിതകർമ്മവിരോധിയായ അദൃഷ്ടവിശേഷമെന്നും കാലസ്നാനാദിയാൽ മാറേറണ്ടതായും പിണ്ഡോദകദാനവിധിക്കു് നിമിത്തഭൂതമായും ഉള്ള അദൃഷ്ടവിശേഷമെന്നും ഇതിനാചാര്യന്മാർ അർത്ഥം കല്പിച്ചിരിക്കുന്നു. പ്രസവാശൗചത്തിനു് സൂതകമെന്നും പറയും. ഈവക ആശൗചങ്ങൾ ഏഴു തലമുറവരെ പൂർണ്ണാശൗചങ്ങൾതന്നെ.

### ii. ദിവസമാനഭേദങ്ങൾ

ദിവസവിഷയമായി പക്ഷങ്ങൾ ബഹുപ്രകാരേണ വികല്പിച്ചു കാണുന്നു. ആയതു് വിപ്രനു പത്തും, ക്ഷത്രിയനു പന്ത്രണ്ടും, വൈശ്യനു പതിനഞ്ചും, ശൂദ്രനു മുപ്പതും ദിവസം അഭിവ്യാപിച്ചാകുന്നു എന്നു് രഘുനന്ദനഭട്ടാചാര്യ പ്രഭൃതികൾ പറയുന്നു.

''ക്ഷത്രസ്യ ദ്വാദശാഹാനി,
വിശഃപഞ്ചദശൈവതു,
ത്രിംശദ്ദിനാനി ശൂദ്രസ്യ,
തദർദ്ധം ന്യായവർത്തിനഃ''

എന്നു് ആചാര്യയാജ്ഞവല്ക്യനും പറയുന്നു. ദ്വിജശുശ്രൂഷാരതനായ ശൂദ്രനമാത്രം അരമാസം എന്നാണു് അന്ത്യപാദാർത്ഥം. ഇനി, വസിഷ്ഠരുടെ പക്ഷത്തിൽ പതിനഞ്ചു നാൾ ക്ഷത്രിയനും ഇരുപതു വൈശ്യനുമാകുന്നു.

'സർവേഷാമേവ വർണ്ണാനാം
സൂതകേ, മൃതകേ തഥാ
ദശാഹാച്ഛുദ്ധിരേതേഷാ-
മിതി ശാതാതപോഽബ്രവീത്''-

എന്നു് ആംഗിരസ്മൃതി. ഇതിൽ എല്ലാവർക്കും (നാലു വർണ്ണക്കാർക്കും) പത്തു ദിവസംകൊണ്ടു് വാലായ്മയും പുലയും പോകുമെന്നു പറയുന്നു.

'ക്ഷത്രിയസ്തു ദശാഹേന സ്വകർമ്മനിരതഃശുചിഃ
തഥൈവ ദ്വാദശാഹേന വൈശ്യഃശുദ്ധിമവാപ്നുയാൽ'

സ്വകർമ്മനിരതനായിരിക്കുന്ന ക്ഷത്രിയൻ പത്തു ദിവസം കൊണ്ടും വൈശ്യൻ പന്ത്രണ്ടു ദിവസംകൊണ്ടും ശുദ്ധമാകുമെന്നു് പരാശരൻ പറയുന്നു. ഇവയിൽ ക്ഷത്രിയനു് പത്തും പതിനഞ്ചും വൈശ്യനു പതിനഞ്ചുമിരുപതും, ശൂദ്രനു മാസവും എന്ന പക്ഷങ്ങൾ സഹജം നടപ്പില്ലാതെ ശാസ്ത്രമാത്രഗോചരങ്ങളാകുന്നു. എന്നാൽ, ഈ സ്മൃതികാരന്മാർക്കു് പ്രാമാണികത, സ്വതഃസിദ്ധരീതിയിൽ ഉള്ളതുകൊണ്ടും പക്ഷാന്തരമുള്ള കാര്യങ്ങളിൽ ആർഷവചനങ്ങൾ ദേശകാലൌചിത്യംപോലെ ഗ്രാഹ്യങ്ങളാകകൊണ്ടും ഒന്നിനും വിരോധമില്ല. നടപ്പിലില്ലെന്നേയുള്ളു. എല്ലാവർക്കും പത്തു ദിവസം മതിയെന്നു പറയുന്നതു നോക്കുമ്പോൾ അത്രയുംകൊണ്ടു് വൈദികകർമ്മാർഹരാകുമെന്നും ശേഷമാചാരമെന്നും വരുന്നു. ഏതായാലും ആചാര്യപക്ഷക്കാരെക്കുറിച്ചു് വികല്പമേർപ്പെട്ടിട്ടില്ലല്ലൊ. ആചാരമെല്ലാം ശാസ്ത്രീയമായിട്ടായിരിക്കയില്ലെന്നുള്ളതു് അശാസ്ത്രീയമെങ്കിലും ശിഷ്ടാചാരഗുണമായുള്ള ചിലരുടെ വിവാഹാദിമൂലം വെളിപ്പെടുന്നു. നായന്മാർ ആര്യസമകക്ഷന്മാരായിരുന്ന ഒരു പ്രത്യേക വർഗ്ഗക്കാരാണെന്നും,

'ഭൂയസ്ത്വാദ്വ്യവഹാരഃ'

എന്ന പ്രകാരം കുലാചാരക്രമമനുസരിച്ചു് (ബഹുധാ സപ്രമാണം കാണിക്കപ്പെട്ട) കേരള (മലയ) ക്ഷത്രിയരാണെന്നും ഇനിയും ഇവിടെ എടുത്തുപറയേണ്ട ആവശ്യമില്ലെന്നു് വിശ്വസിക്കുന്നുവെങ്കിലും, ഒരു വാക്യംകൂടി പറയുവാൻ വിചാരിക്കുന്നു. ആയതു് നായന്മാരുടെ പ്രാചീനകാലസംബന്ധമായ ജാത്യാചാരാദിപ്രമാണസമ്മതിയേയും ഏതല്പകാലാവച്ഛേദമായുള്ള അന്യാരോപിതാഹ്വാനാചാരാദിയേയും മുന്നിട്ടുപര്യാലോചിക്കുമ്പോൾ വിരുദ്ധങ്ങളായി തന്നെ തോന്നുമെന്നാലും, ഏതാനും ചില ധർമ്മകർമ്മാദി വൈരൂപ്യങ്ങൾ നിമിത്തം മറ്റുള്ളവർക്കുണ്ടാകാത്ത കുലപാതം (ജാതിവിഭ്രംശം) ഉണ്ടെന്നു വിചാരിപ്പാൻ ന്യായസാധാരണമനമതി നൽകുന്നില്ലാത്തതിനാൽ,

---

അന്യാരോപിതാഹ്വാനാദി = അന്യവർഗ്ഗക്കാർ ജാതിസാങ്കര്യം അദ്ധ്യാരോപിച്ചു നീചജാതിപ്പേർ ചൊല്ലി വിളിക്കൽ തുടങ്ങിയവ. (ജാനശ്രുതിയെ വിളിച്ചപോൽ)

'വിരുദ്ധധർമ്മസമവായെ
ഭൂയസാം സ്യാൽ സധർമ്മകത്വം'

(എന്നാൽ) വിരുദ്ധധർമ്മകോടികളുടെ സംബന്ധാവസ്ഥയിൽ ബഹുക്കാംക്കാകുന്നു സധർമ്മകത്വം എന്ന പൂർവ്വമീമാംസാസൂത്രം പോലെ അനേകവിധപ്രമാണാദ്യനുഗൃഹീതമായ (ഇവരുടെ) ക്ഷത്രിയത്വം ദുർഭേദമാകുന്നു എന്നാണ്. നായന്മാരുടെ ആശൌചം പതിനഞ്ചു നാളാക്കിയതു് ജനദൃഷ്ട്യാ അല്പം കുറഞ്ഞ നിലയിൽനിന്നും ലോകോത്തരവിദ്വത്വത്താൽ ഉയർന്ന പദവിയെ പ്രാപിച്ച ഒരു ആഗന്തുദ്വിജാതൻ തദ്ദേശാധിപതിയെ കൈവശപ്പെടുത്തി തദനുരോധേന കൂട്ടിവച്ചാണെന്നും ഒരേ മലയ(ഗിരി)ക്ഷത്രിയനായന്മാരിലും (മിഥ്യാരോപിത) വർണ്ണവിഭാഗമേർപ്പെട്ടപ്പോൾ, (ചില ദിക്കുകളിൽ ഭേദത്തോടും മററു സ്ഥലങ്ങളിൽ അഭേദഭാവത്തോടും ഇരിക്കുന്നതും ഇരുന്നതുമായ) കിരിയം, ഇല്ലം എന്ന രണ്ടൊന്നായ വൈദികരും സ്വരൂപമെന്ന രാജന്യചൂഡാമണികളും എന്നീ ക്രമത്തിൽ ഇവരിലും വിഭാഗം നാലായി തീൎന്നു എന്നും ഉള്ളതു് ശ്രീമദ് ഭട്ടാരായ്യ്ഗുരുസ്വാമി തിരുവടിയുടെ സംഗ്രഹത്തിൽനിന്നും കിട്ടിയതാകുന്നു. ജാതിവിഭാഗം ആരോപമാത്രമാകുന്നു എന്നു് നിരൂഢപ്രമാണയുക്ത്യവഷ്ടംഭബലേന സാധിച്ചിട്ടുള്ളതാകയാൽ അതിപ്രസംഗം വിട്ടു് പ്രകൃതത്തെ തുടരാം.

'സർവ്വേഷാമേവ......ദശാഹാച്ശുദ്ധിരേതേഷാം'

എന്നു് മേൽ കാണിച്ച അംഗിരഃസ്മൃതിയേയും

'കലൌ പാരാശരഃ സ്മൃതഃ'–

എന്ന പ്രമാണപ്രകാരം കലിയിലെ ധർമ്മശാസ്ത്രമായ പരാശരസ്മൃതിയേയും ആശ്രയിച്ചു് പത്തു ദിവസംകൊണ്ടു് ശുദ്ധി ആകുമെന്നു് നിസ്സംശയം സ്ഥിരീകരിക്കാവുന്നതാകയാലും ചില സ്ഥലത്തെ ആചാരത്തിൽ കുററിബലി പഞ്ചഗവ്യപ്രോക്ഷണമെന്നിത്യാദി അത്രയും മാത്രംകൊണ്ടു് പയ്യവസാനിച്ചു കാണുകയാലും ദശാഹപക്ഷം ഇത്രത്തോളമെങ്കിലും അന്യദീയവ്യവസ്ഥയിൽ കൂടി അവകാശം തരുന്നതിനാൽ ഗ്രാഹ്യമായി വരുന്നുണ്ടു്. ഇവരുടെ കൂടസ്ഥനില ക്ഷത്രിയാകൃതിയിൽതന്നെ ആകയാൽ താദൃഗ്ജനാ

ചാരമനുസരിച്ച് പതിനൊന്നിലും*പന്ത്രണ്ടിലുമായി പിണ്ഡം മുഴകൽ, ശുദ്ധപിണ്ഡസമാപ്തിചെയ്യൽ എന്നിവ കഴിച്ച് പൂർണ്ണശുദ്ധി വരുത്തേണ്ടതാകുന്നു.

'ആനന്ത്യാൽ കുലധർമ്മാണാം
പുംസാം ചൈവായുഷഃ ക്ഷയാൽ
അസ്ഥിതേശ്ച ശരീരസ്യ
ദ്വാദശാഹഃപ്രശസ്യതെ'–

എന്ന വ്യാഘ്രസ്മൃതിപ്രകാരം ഐച്ഛികമായിട്ടെന്നു വച്ചാൽ വത്സരാന്തം ദീക്ഷിച്ച് സപിണ്ഡിവീടുകയെന്നത് ദുഃസമ്പാദമെന്നുള്ളവർക്ക് പന്ത്രണ്ടാം ദിവസംതന്നെ സപിണ്ഡീകരണവും വിഹിതമാകുന്നു. (ജ്യൌതിഷികവചനാനുസാരമുള്ള ആയുർഹ്രാസാവഗതി വൃദ്ധിപ്രാപ്തി മുതലായതിനെ ഗർഭീകരിച്ചാണീവചനമെന്നു ചിലർ (ആചാര്യന്മാർ) അഭിപ്രായപ്പെടുന്നു എങ്കിലും ഈദ്വാദശദിനനിർവ്വർത്യമായിട്ടുള്ള സപിണ്ഡീകരണം

'ബഹൂനാമനുഗ്രഹോ ന്യായ്യഃ'

എന്ന ആഭാണകവചനപ്പടി അന്യത്രസർവ്വസാധാരണമാകയാൽ അങ്ങിനെ വിചാരിപ്പാനില്ല.)

'സംവത്സരാന്തെ ദ്വാദശാഹേ വാ'–

എന്നു് ആശ്വലായനനും ഗൃഹ്യസൂത്രത്തിൽ പറഞ്ഞിട്ടുണ്ട്. ആകയാൽ മലയ(ഗിരി)ക്ഷത്രിയനായകന്മാർ ഇനിമേൽ

'താതസ്യ കൂപോയമിതി ബ്രുവാണാഃ
ക്ഷാരംജലം കാപുരുഷാഃപിബന്തി'

എന്നപടി ഇടസ്ഥവന്ന മൂഢോപജ്ഞമാർഗ്ഗത്തേ (തന്നെ) ആശ്രയിച്ചിരിക്കാതെ വ്യാധകുലത്തിൽ വളർന്ന രാജകുമാരന്റെ പദ്ധതിയെ ശീഘ്രം തുടർന്നു ഗമിക്കുമെന്നു് നിർവ്വിശംകം പറയാവുന്നതാണു്.

---

*പുരാതനകാലം മുതൽ അദ്യാവധി പന്ത്രണ്ടുവരെ പുല വാലാമ്മയുള്ള നായർ വർഗ്ഗത്തിൽ പെട്ട പ്രഭുകുടുംബങ്ങളുമുണ്ട്.
ആയുർഹ്രാസം = മരണം (സമീപിച്ചിരിക്കൽ).

ഏഴുമുതൽ പതിനാലു തലമുറവരെ ('സർവ്വേഷാമേവവർണ്ണാനാം ത്ര്യാഹഃ'-എല്ലാ വർണ്ണക്കാർക്കും എന്നു പറയപ്പെട്ടിരിക്കുകയാൽ) മൂന്നു നാളാശൌചം. വർണ്ണത്രയത്തിനുമെന്നും മററും എടുത്തുകാട്ടുന്നതിനാൽ സർവ്വേഷാമെന്ന ദിക്കിൽ എല്ലാവർക്കുമെന്നു് ഗ്രഹിക്കേണ്ടതാകുന്നു. ഇരുപത്തൊന്നു തലമുറവരെ പക്ഷിണി, (എന്നാൽ പിറേറന്നു് പകലുംപ്പെടെ ഒന്നര ദിവസമെന്നർത്ഥം)-ഉപാദ്ധ്യായ ശിഷ്യന്മാർ തമ്മിൽ ഐച്ഛികമായി അഹോരാത്രമാശൌചം സ്വീകാര്യമാകുന്നു-(മകളുടെ മകൻ ഉപരതനാകിൽ എല്ലാവർക്കും ഒന്നര ദിവസം-പിതൃസ്വസൃപ്രഭൃതികളെ സംസ്കരിക്കാൻ കൂടുകിൽ ത്രിരാത്രം. സപിണ്ഡനല്ലാത്തവനെ സംസ്കരിക്കാൻ കൂടുന്നതായാൽ ത്രിരാത്രം-

'നിർഹൃത്യാന്യം പ്രമീതം ദിവസമശുചികഃ'-

എന്ന ആശൌച നിർണ്ണയപ്രകാരം ഒരു ദിവസം മതിയെന്നു് പക്ഷം) ഉടമസ്ഥനില്ലാത്തവനെങ്കിൽ സദ്യഃശൌചം (കുളിമാത്രം).

'ശൌചോഥാനാഥമാദ്യക്രതുശതഫലഭാ ഗാപ്നുവേനൈവ ശുദ്ധ്യേത്'

എന്നു് ത്രിംശച്ഛ്ളോകിയിൽ പറയുന്നു-സ്നേഹവശാലൊരുവനെ സംസ്കരിച്ചു് തത്സപിണ്ഡരോടൊരുമിച്ചു് (സഹശയ്യാശനാദി ചെയ്തു്) താമസിക്കിൽ ദശാഹം.

ഇതെല്ലാം സൂതകംപോലെ മതിയാകുന്നതാണു്.

കുറഞ്ഞവൻ കൂടിയ വർണ്ണജാതനേയും കൂടുതൽകാരൻ കുറഞ്ഞവനേയും സംസ്കരിക്കിൽ ആപ്രേതജാതീയാശൌചക്രമത്തിൽ ആശൌചം വർജ്ജിക്കേണ്ടതാകുന്നു.

'വിപ്രസ്യ ശൂദ്രനിർഹരണെ മാസമാശൌചം ശൂദ്രസ്യ തു
വിപ്രനിർഹരണെ ദശരാത്രം'- എന്നു പറയുന്നു.

ബ്രഹ്മചര്യം മുതലായ മഹാവ്രതമനുഷ്ഠിക്കുന്നവർക്കു് ആശൌചക്കാരോടൊത്തു് ശയനാശനാദി ചെയ്യാത്തപക്ഷം മാതാപിതാക്കളെ സംസ്കരിക്കുന്നതിൽവച്ചു് വ്രതഭംഗമുണ്ടാകുന്നതല്ല.

പത്തു ദിവസം കഴിഞ്ഞു് (പുല) അറിയുന്നതായാൽ മൂന്നു പുല മതിയാകുന്നതും ദ്രവ്യങ്ങൾക്കു് തല്ക്കാലാശുദ്ധിയില്ലാത്തതുമാകുന്നു.

'വിഗതം തു വിദേശസ്ഥം
ശൃണുയാദ്യോഹ്യനിർദശം.
യച്ഛേഷം ദശരാത്രസ്യ
താവദേവാശുചിർഭവേത്''–

പ്രോഷിത(പുറപ്പെട്ടുപോയവ)രും ദൂരത്തു് പാക്കുന്നവരും മരിച്ചതായി പത്തിനകം അറിവുകിട്ടിയാൽ ശേഷമുള്ള ദിവസംകൊണ്ടു് ശുദ്ധി വരുന്നതാണു്.

കുറഞ്ഞ പുലയ്ക്കിടയിൽ ദീർഘാശൌചം വന്നാൽ പരിശിഷ്ട ദിവസമാത്രത്താൽ ശുദ്ധിയാകുന്നതല്ല. എന്നാൽ, സമാനാശൌചമായിരുന്നാൽ ശേഷദിവസങ്ങളാംകൊണ്ടു് ശുചിയായി ഭവിക്കുന്നു.

ഇതിനു്

'–സ്വല്പാശൌചസ്യ മദ്ധ്യേ തു
ദീർഘാശൌചം ഭവെദ്യദി
ന പൂർവ്വേണ വിശുദ്ധിഃസ്യാൽ
സ്വകാലെനൈവ ശുദ്ധ്യതി'– എന്നു് പ്രമാണമുണ്ടു്.

ശാവാശൌചമദ്ധ്യത്തിൽ സൂതകം (പ്രസവാശൌചം) വന്നാലും സൂതകത്തിൽ പുലവന്നാലും ആ, ശാവാശൌചമവസാനിക്കുന്നതോടെ മാത്രമേ ശുദ്ധിയാകുന്നുള്ളു.

എന്നാൽ പ്രസവിച്ചു് പത്തിനകമായി മരിക്കുന്നതായാൽ പേററുപുല പോകുന്നതോടെ തന്നേ ശുചിയാകുമെന്നാണു് ശാസ്ത്രസമ്മതി. ഇതു് സർവ്വവർണ്ണസാധാരണമാകുന്നു എന്നു് സ്മൃതി പറയുന്നു.

'ശാവേന ശുദ്ധ്യതെ സൂതി–
ന്നസൂതിഃശാവശോധിനി'

എന്നീ അത്ഥത്തിൽ വേറേയും പ്രമാണമുണ്ടു്.

പുലകൊണ്ടു് വാലായ്മ പോകുന്നതല്ലാതെ സൂതകംകൊണ്ടു് ആശൌചം (പുല) പോകുന്നതല്ല.

---

പരിശിഷ്ട ദിവസം = ശേഷമുള്ള ദിവസം (മാത്രം പുലകൊണ്ടാൽ).
ശാവാശൌചം = പുല. സർവ്വവർണ്ണസാധാരണം = എല്ലാവർക്കും സമം.

പ്രസവാശൌചത്തിൽ മരിച്ചാലും ആശൌചമദ്ധ്യത്തിൽ സൂതകം വന്നാലും പ്രേതകൃത്യത്തിനു് മുടക്കമില്ലാത്തതാകുന്നു.

''പ്രാരബ്ധേ പ്രേതപിണ്ഡേ തു
മദ്ധ്യേ ചേജ്ജനനം ഭവേത്
തദൈവാശൌച പിണ്ഡാംസ്തു
ശേഷാൻ ദദ്യാദ്യഥാവിധി''– എന്നു് പ്രമാണമുണ്ടു്.

(ആകയാൽ ശേഷകൃത്യം നടത്തിക്കൊള്ളേണ്ടതാണു് എന്നു് ശാതാതപസ്മൃതിയിൽ പറഞ്ഞിരിക്കുന്നു.)

ഒരാശൌചം തീരാനൊരു രാത്രി മിച്ചമുള്ളപ്പോൾ മറ്റൊന്നു വരുന്നതാകിൽ പിന്നെ രണ്ടു ദിവസംകൊണ്ടും യാമാവശിഷ്ടസമയത്തു് വരുന്നതായാൽ മേൽ മൂന്നു ദിവസംകൊണ്ടും ശുദ്ധിവരുമെന്നു് ഗൌതമൻ പറയുന്നു.

ഗർഭത്തിൽ കുട്ടി മൃതിപ്പെട്ടാൽ മാതാവിനുമാത്രം പത്തുനാളാശൌചം.

നാമകരണം കഴിഞ്ഞാൽ സോദരാദിസപിണ്ഡന്മാർക്കും കൂടി ഒരു നാൾ.

ആറു മാസത്തിനകം പല്ലുവരാതെ മരിക്കിൽ മാതാപിതാക്കൾക്കൊരു ദിവസം ശാവാശൌചം.

പല്ലു വന്നതു് ആറു മാസത്തിനകം മൃതിപ്പെട്ടാൽ മൂന്നു ദിവസം.

ശൂദ്രനെങ്കിൽ 'അജാതദന്തമരണെ' എന്നു തുടങ്ങി ത്രിരാത്രം വിധിക്കപ്പെട്ടിരിക്കുന്നു.

'ഊനദ്വിവർഷെ പ്രേതേ മാതാപിത്രോരേവ നേതരേഷാം'

രണ്ടു വയസ്സിൽ കുറഞ്ഞതാകിൽ മാതാപിതാക്കൾക്കു മതിയെന്നും പക്ഷാന്തരമുണ്ടു്.

'ജാതേ പുത്രേ പിതുഃസ്നാനം
സചേലം തു വിധീയതെ.

---

യാമാവശിഷ്ടസമയത്തു് = ദിവസം തീരാൻ ഏഴരനാഴിക ഉള്ളപ്പോൾ.
ത്രിരാത്രം = മൂന്നു നാൾ.

മാതാ ശുദ്ധ്യേദ്ദശാഹേന
സ്നാനാത്തു സ്പർശനം പിതുഃ'–

പുത്രൻ ജനിച്ചാൽ അടിച്ചുനനച്ചു കളിച്ചാൽ അച്ഛനു തൊടാറാകുമെന്നും മാതാവിനു പത്തുനാറം കഴിഞ്ഞാൽ അസ്പൃശ്യത്വം (തൊട്ടുകുളി) പോകുമെന്നും സംവർത്തവചനമുണ്ടു. വൈദിക കർമ്മാർഹത (നാക്ഷത്ര) മാസംകൊണ്ടേ സിദ്ധിക്കൂ.

'ശൂദ്രായാഃകന്യാപുത്രജനനെ ത്രയോദശാഹോരാത്രോത്തരം
ലൌകികകർമ്മാധികാരഃ'

എന്നു ശുദ്ധിതത്വകാരൻ പറയുന്നു. (ഇതിൽ ശൂദ്രർക്കപോലും പതിമൂന്നു ദിവസം മതിയെന്നു കാണുന്നു. ഏതാനും ചിലർക്കുമാത്രമായിരുന്നാൽ തിരിച്ചു കാണിക്കമെന്നതിനായി സാക്ഷീകരണമാത്രമാകുന്നു മേൽ കാണിച്ച പംക്തിയുടെ ആവശ്യകത) കന്യകാമരണത്തിൽ രണ്ടു വയസ്സോളം സർവ്വവർണ്ണങ്ങൾക്കും പുത്രാദിസപിണ്ഡാന്തംസദ്യഃശൌചം എന്നു ഭട്ടാചാര്യൻ പറയുന്നു. രാജാവിനുവേണ്ടി യുദ്ധത്തിൽ വെട്ടേററു മരിച്ചാൽ സ്നാനമാത്രം.

'യുദ്ധവിദ്ധേ തു സദ്യഃ' എന്നാശൌചനിർണയം.

പ്രഭുവിനുവേണ്ടി അല്ലാതെയും (യുദ്ധത്തിൽ) പരാങ്മുഖനായും മരിക്കുകിൽ മൂന്നു ദിവസം.

''യോഷിദ്, ഗോ, വിപ്രഗ്ലൈഹ്യർമൃതവതി ച ദിനം''

എന്നു പറഞ്ഞിട്ടുള്ളതിനാൽ ഇവരെ രക്ഷിക്കാൻവേണ്ടി യത്നിച്ചു മൃതിപ്പെട്ടകിൽ ഒരു ദിവസം. ശൃംഗിദംഷ്ട്ര്യാദിയാൽ മൃതിപ്പെട്ടതു മൂന്നു ദിവസത്തിനിടയിലറിയുന്നതാകിൽ ആ മൂന്നുനാറം മാത്രം. പിന്നീടറിവുകിട്ടിയാൽ വേറെ മൂന്നു ദിവസംകൂടി ആശൌചം. പൂർണ്ണാശൌചം വേണ്ടയാറം മരിച്ചതായി ആണ്ടടുത്തു (മുക്കാൽ വർഷംചെന്നു) അറിയുന്നതാകിൽ മൂന്നുനാറം. സംവത്സരം കഴിഞ്ഞാണെങ്കിൽ സ്നാനമാത്രം. മാസനിശ്ചയമില്ലാതെ മരണമാത്രശ്രവണമുണ്ടായാൽ, പൂർണാശൌചം. പൂർണാശൌചിമരണത്തിൽ ബ്രാഹ്മണനു നാലും, ക്ഷത്രിയനു ആറും, വൈശ്യനെട്ടും ശൂദ്രനു പത്തും ദിനങ്ങൾ ചെന്നാൽ അസ്പൃശ്യത്ത്വം (തൊട്ടു

---

നാക്ഷത്രമാസംകൊണ്ടെന്നാൽ 28 ദിവസംകൊണ്ടു (എന്നു താല്പര്യം).

കൂടായ്ക) നിവൃത്തിയാകുമെന്നു് സ്മൃതിതത്ത്വം പറയുന്നു. മാതാ പിതാക്കന്മാർ മരിച്ചതായി എത്രനാളം കഴിഞ്ഞറിയുന്നതായാലും പൂർണ്ണാശൌചംതന്നെ വേണ്ടതെന്നു് നിർബ്ബന്ധമാകുന്നു.

''അതീതേഽബ്ദേപി കർത്തവ്യം പ്രേതപിണ്ഡംയഥാവിധി''

സംവത്സരം കഴിഞ്ഞാലും പ്രേതകൃത്യം വിധിപോൽ വേണ്ടതാണെന്നു് ഇതിനർത്ഥമാകുന്നു.

''മാതര്യഗ്രേ പ്രമീതായാമശുദ്ധൌ മ്രിയതെ പിതാ-
പിതുഃശേഷേണശുദ്ധിഃസ്യാന്മാതുഃകുർയ്യാത്തുപക്ഷിണീം''

എന്നു് സ്മൃതി പറയുന്നു. മാതാവിന്റെ ആശൌചമദ്ധ്യത്തിൽ പിതാവു് പരേതനാകിൽ അമ്മയുടെ പുലകൊണ്ടു് അച്ഛന്റേതു് നിവൃത്തിയാകുന്നതല്ലെന്നും അച്ഛന്റെ ആശൌചശേഷംകൊണ്ടേ ശുദ്ധിയാവൂ എന്നും, പിതാവിന്റെ ആശൌചകാലത്തിൽ മാതാവു് മരിക്കുന്നതായാൽ അച്ഛന്റെ പുലകഴിഞ്ഞു് ഒന്നര ദിവസം കൂടി വർജ്ജിക്കണമെന്നും വിജ്ഞാനേശ്വരീയത്തിൽ കാണുന്നു. അമ്മയുടെ ആശൌചാന്തിമദിവസമോ തത്പ്രഭാതവേളയിലോ പിതാവു് പരേതനാകിൽ പ്രഥമാശൌചം കഴിഞ്ഞു് മേൽ രണ്ടു ദിവസവും അച്ഛന്റെ മരണശേഷമായി മേൽപ്പറഞ്ഞ കാലങ്ങളിൽ അമ്മ മരിക്കുകിൽ ആദ്യത്തെ ആശൌചാനന്തരം മൂന്നു ദിവസവും കൂടി വർജ്ജിക്കേണ്ടതാകുന്നു എന്നു് ഭട്ടാചാര്യരഘുനന്ദനൻ പറയുന്നു. എന്നാൽ, വിജ്ഞാനേശ്വരഭട്ടാരകവിവൃതി അനുസരിച്ചുള്ള ഒരു നഞ്പദം ശ്ലോകത്തിൽ കാണപ്പെടായ്കകൊണ്ടും 'ദ്വെഷ്ടസതി' എന്നുള്ള ന്യായപര്യാലോചനകൊണ്ടും തദുക്തി ചിന്ത്യയാകുന്നു.

''സഹസ്രം തു പിതൄൻ മാതാ ഗൌരവെണാതിരിച്യതെ''

ആയിരമച്ഛനേക്കാളും ഗുരുത്വംകൊണ്ടു് മാതാവധികയാകുന്നു എന്നു് ഈ സ്മൃതി പറയുന്നു. അച്ഛന്റെ പുലകഴിഞ്ഞു് മൂന്നുദിവസംകൊണ്ടു് അമ്മയുടെ ആശൌചം നിവൃത്തിയാകുന്ന പതിവിവിടെ ഇല്ല. ആകയാൽ, വിശിഷ്ട ജനാചാരമനുസരിച്ചു് അമ്മയുടെ ആശൌചനിവൃത്തിയോടെ പിതാവിന്റെ ആശൌചം പോകുന്നതും മറിച്ചാകിൽ മാതാവിന്റെ ആശൌചം ഹ്രാസം(കുറവു)കൂടാതെ അന്നു

---

പരേതൻ; ഉപരതൻ=(മരിച്ചവൻ) മൃതൻ എന്നർത്ഥം.

മുതൽ ആവർത്തിക്കേണ്ടതുമാകുന്നു എന്നു് സിദ്ധാന്തമായി കൈക്കൊള്ളേണ്ടതുമാകുന്നു.

'ആചതുർത്ഥാദ് ഭവേത് സ്രാവഃ
പാതഃ പഞ്ചമഷഷ്ഠയോഃ
അത ഊർദ്ധ്വംപ്രസൂതിഃ സ്യാത്''

എന്ന സ്മൃതിപ്രകാരം നാലു മാസംവരെ ഗർഭസ്രാവമെന്നും അഞ്ചിലുമാറിലും പാതമെന്നും ശേഷമുള്ള മാസങ്ങളിൽ പ്രസവമെന്നും പറയുന്നു. സ്രാവമാകിൽ മാതാവിനു് മൂന്നുനാളശുദ്ധിയുള്ളതാകുന്നു. പാതമാസമായിരുന്നാൽ ചെന്നമാസസംഖ്യയ്ക്കൊത്ത ദിവസവും പിന്നീടായാൽ സൂതകാശൌചത്തോളവുമശുദ്ധി. നാലാം ദിവസം ഋതുസ്നാനം കഴിഞ്ഞാൽ രജോനിവൃത്തിയെ പ്രതീക്ഷിക്കാതെതന്നെ ലൌകികകാര്യങ്ങളിൽ സ്ത്രീ, വിശുദ്ധയാകുന്നു.

'ദൈവെ കർമ്മണി പിത്ര്യേ ച പഞ്ചമേഽഹനി ശുദ്ധ്യതി'

പിതൃദേവാരാധനകളിൽ അഞ്ചാം ദിവസമർഹയാവുമെന്നീ സ്മൃതി പറയുന്നുവെങ്കിലും രജോനിവൃത്ത്യുപലക്ഷണപരമാണീ വചനമെന്നു് ഒരാചാര്യന്റെ പക്ഷമുണ്ടു്. എന്നാൽ, മൂന്നാം നാളം ശുദ്ധോപവാസം ചെയ്തു് പിറേറന്നു് ശ്രാദ്ധമൂട്ടുന്ന ആചാരമാകുന്നു ലബ്ധപ്രചാരമായിട്ടുള്ളതു്. വൈകല്പിതപക്ഷത്തിൽ ദേശാചാരപ്രകാരമാകാവുന്നതാണു്. ഉദയംവരെയ്ക്കുമുള്ള കാലം തലേദിവസത്തേതായി ഗണിക്കണമെന്നൊരു പക്ഷവും അർദ്ധരാത്രിവരെ തലേദിവസത്തേതെന്നു് മറെറാരു പക്ഷവും രാത്രിയെ മൂന്നാക്കി ഭാഗിച്ചു് രണ്ടുഭാഗം തലേനാളത്തേതായി ഗണിക്കേണ്ടതെന്നു് വേറൊരു പക്ഷവും, അശുദ്ധി കണക്കാക്കുന്നതിലുള്ളതാകുന്നു. ഇതിൽ ഒടുവിൽ പറഞ്ഞ പക്ഷമാകുന്നു ഇവിടങ്ങളിലെല്ലാം നടപ്പുള്ളതു്. ദേശാചാരംപോലെ വേണ്ടതെന്നു മിതാക്ഷരയിലും മററും പറഞ്ഞിരിക്കുന്നു. അതാതു ദേശത്തു് പരമ്പരയായി നടപ്പുള്ള സംഗതി സദാചാരമാകുന്നു എന്നും അതിനെ നിന്ദിക്കത്തക്കതല്ലെന്നും പ്രമാണമുണ്ടു്.

''യസ്മിൻദേശേ യ ആചാരഃ
പാരംപര്യക്രമാഗതഃ

---

ലബ്ധപ്രചാരം = നടപ്പു് (പ്രചാരമുള്ളതു്).

തത്ര തം നാവമന്യേത
ധർമ്മസ്തത്രൈവ താദൃശഃ''

ഇത്യാദിയാകുന്ന ആയത്ു്. അശുദ്ധിയുള്ളവരെ സ്പർശിച്ചാൽ സ്നാനം വിഹിതമാകുന്നു. തൊട്ടവരെ സ്പർശിക്കുന്നതായാൽ ആചമനം ചെയ്തു് 'ആപോഹിഷ്ഠാ' എന്നു തുടങ്ങിയ ഋങ്മന്ത്രത്രയം ജപിച്ച് പ്രോക്ഷിച്ചാൽ ശുദ്ധിയാകുന്നു.

'ആപോഹിഷ്ഠേതി ച ബ്രാഹ്മം'

എന്ന പ്രമാണാനുസാരം ഇതു് ബ്രാഹ്മസ്നാനമാകുന്നു. നിയമേന അന്നസത്രാദി നടത്തുന്നവർക്കും ചാന്ദ്രായണാദിവ്രതാനുഷ്ഠാനനിഷ്ഠന്മാർക്കും ബ്രഹ്മചാരിക്കും വൈഖാനസനും ബ്രഹ്മവിത്തിനും മററും പുലയില്ലെന്നുള്ളതിനു്

''സത്രി, വ്രതി, ബ്രഹ്മചാരി, ദാതൃ ബ്രഹ്മവിദാംതഥാ''

ഇത്യാദി സ്മൃതി പ്രമാണമാകുന്നു.

''ന വിധിർ ന നിഷേധശ്ച
ന വർജ്യാവർജ്യകല്പനാ
ബ്രഹ്മവിജ്ഞാനിനാമസ്തി
തഥാന്യച്ച സുരർഷഭാഃ''

എന്നുതുടങ്ങി സൂതസംഹിതയിൽ, ബ്രഹ്മജ്ഞനു് പുലയെന്നല്ല യാതൊരു വിധിനിഷേധവുമില്ലെന്നു് സവിസ്തരം, പ്രതിപാദിക്കപ്പെട്ടിട്ടുള്ളതിനാൽ ഇവിടെ പറഞ്ഞതായ ബ്രഹ്മവിത്തു യതിയാകുന്നു.

''സർവ്വാശൌചം സദാ നോ ഭവതി യതി വനീ
ബ്രഹ്മചര്യസ്ഥിതാനാം''

എന്നു് ആശൌചനിർണ്ണയത്തിലും പറഞ്ഞിട്ടുണ്ടു്. വിവാഹം, യാഗം, ഉൽസവം മുതലായതു് നടക്കുന്ന മദ്ധ്യത്തിൽ ആശൌചം സംഭവിക്കുന്നതായാൽ അതിനായി സങ്കല്പിച്ചിട്ടുള്ള ദ്രവ്യംകൊണ്ടു് ആ കൃത്യനിർവ്വഹണം നിർദ്ദോഷകമാകുന്നു എന്നു് ബൃഹസ്പതി മുതലായവർ പറഞ്ഞിരിക്കുന്നു. ''യജ്ഞെ സംഭൃതസംഭാരെ വിവാഹെ ശ്രാദ്ധകർമ്മണി'' എന്നു സ്മൃതിയിലും സദ്യഃശൌചം (സ്നാനമാത്രം) പ്രകൃതാർത്ഥം (ഉദ്ദിഷ്ടം) ആകുന്നു.

''ന ദേവപ്രതിഷ്ഠോത്സവ്വവിവാഹേഷു ന ദേശവിഭ്രമെ നാപദ്യപിച കഷ്ടായാമാശൌചം''

എന്നു് വിഷ്ണുസ്മൃതി പറയുന്നു. ദേവപ്രതിഷ്ഠാ, വൃഷോൽസർഗം, വിവാഹം, ദേശവിഭ്രമം, കഷ്ടദശയെന്നിത്യാദികളിൽ ആശൌചമില്ലെന്നു് ഇതിനർത്ഥമാകുന്നു. രാഷ്ട്രവിപ്ലവം (രജഭടാക്രമണം) മസൂര്യാദിവസന്തമായ പീഡ മുതലായ അത്യാപത്തിൽ ആശൌചമില്ലെന്നും സ്നാനം മാത്രം മതിയെന്നും സ്മൃതിയുണ്ടു്. ആചാരംപോൽ വേണ്ടതാകുന്നു. ദീർഘയാത്രയിലും തീർത്ഥശ്രാദ്ധാദികളിലും ആശൌചം വർജ്ജിക്കേണ്ടെന്നു് വേറൊരു സ്മൃതി പറയുന്നു.

''ആതുരെ സ്നാന ഉല്പന്നെ
ദശകൃത്വൊഹ്യനാതുരഃ
സ്നാത്വാ സ്നാത്വാ സ്പൃശേദേനം
തതഃശുദ്ധ്യേത്സ ആതുരഃ''

രോഗാദിപീഡിതനു് കുളിക്കേണ്ടിവന്നാൽ വേറൊരാൾ തൊട്ടുകളിച്ചാചമിക്കുക. പിന്നെയും പിന്നെയും ഈ ക്രമത്തിൽ പത്തു വട്ടമായാൽ ശുദ്ധിയാകുമെന്നു് പരാശരസ്മൃതി പറയുന്നു. ജ്വരാക്രാന്തയായ രജസ്വലയുടെ ശുദ്ധിക്കും ഈ വിധിയനുഷ്ഠിച്ചു് പുണ്യാഹദാനാദി ഔശനസധർമ്മശാസ്ത്രത്തിലും പറഞ്ഞിരിക്കുന്നു.

*

## 4. ശ്രാദ്ധപദ്ധതി

1. നാന്ദീശ്രാദ്ധം :

ഹരിഃ—അഭ്യുദയാർത്ഥമായുള്ള നാന്ദീശ്രാദ്ധമിപ്രകാരമാകുന്നു. ഇതിന്ന് † പിതൃശ്രാദ്ധരീതിയിൽ ഒന്നുമില്ല. ‡പൂർവ്വാഭിമുഖമിരുന്ന് പൂർവ്വാഗ്രമായി ദർഭ വിരിച്ച് വലത്തുടെ ഉപവീതമിട്ട് വലത്ത് മുട്ടിട്ടിരുന്നുകൊണ്ട്

''അംഗുല്യഗ്രെ ബ്രാഹ്മംതീർത്ഥം''

എന്ന മട്ടിൽ കരാഗ്രസ്ഥമാകുന്ന ദേവതീർത്ഥ ക്രമത്തിൽ തേനും യവവും കൂട്ടി നമസ്കാരാന്തമായിത്തന്നെ ചെയ്യേണ്ടതാകുന്നു.

''സദാ പരിചരേത്തത്ര പിത്രൂനപ്യത്ര ദേവവത്''

എന്ന് സ്മൃതിയും

''പ്രദക്ഷിണോപചാരെണ ദധ്യക്ഷതഫലൊദകൈഃ—
പ്രാങ്മുഖൊ നിനയേല്പിണ്ഡാൻ''

എന്ന് പുരാണവും പറയുന്നു. അരിയും, പഴവും, തൈരും കൂട്ടി പിണ്ഡമാകാമെന്നിതുകൊണ്ട് സിദ്ധിക്കുന്നു.

''ദധിബദരാക്ഷതാജ്യമിശ്രാഃ പിണ്ഡാഃ''

എന്ന് സൂത്രവുമുണ്ട്. (ഇലന്തപ്പഴവും യവവും കൂടെ നെയ്യും തൈരും ചേർത്തു കുഴച്ച് പിണ്ഡമാകാമെന്ന് താല്പര്യം)

'ഋജുദർഭാനാസനെ ദദ്യാൽ'

എന്നു വിധിയുള്ളതിനാൽ നീളത്തിൽതന്നെ ഉള്ള ദർഭകൾ ആസനത്തിനു വേണ്ടതാകുന്നു.

---

†പിതൃശ്രാദ്ധം = പിതൃക്കൾക്കുള്ള ബലി. ‡പൂർവ്വാഭിമുഖം = കിഴക്കുനോക്കി.

[ഒന്നാമതു് മാതൃപാർവ്വണം, പിന്നീടു് പിതൃപാർവ്വണം, അനന്തരം സപത്നീക മാതാമഹ(അമ്മവഴി മുത്തച്ഛ)ന്റെ പാർവ്വണം ഇങ്ങിനെ ക്രമം. ഇവ മൂന്നും ചേർന്നതാകുന്നു നാന്ദീശ്രാദ്ധം. ഈ *വർഗ്ഗത്രയത്തിൽ ജീവിച്ചിരിക്കുന്നവരെ ഒഴിച്ചു് മററുള്ളവരുടെ പാർവ്വണം ചെയ്തുകൊള്ളേണ്ടതാകുന്നു. ഈ മൂന്നു് വർഗ്ഗക്കാരും ജീവിച്ചിരിക്കിൽ നാന്ദീശ്രാദ്ധലോപം (വർജനം) തന്നെ ഉചിതമാകുന്നു.]

''പൂർവ്വാഹ്നെ ദൈവികം കർമ്മ
ചാപരാഹ്നേ തു പൈതൃകം
ഏകോദ്ദിഷ്ടം തു മദ്ധ്യാഹ്നെ
പ്രാതർവൃദ്ധിനിമിത്തകം''

എന്ന ദേവല സ്മൃതിപ്രകാരം ഈ വൃദ്ധിശ്രാദ്ധം രാവിലെ വേണ്ടതാകുന്നു. ഏകൊദ്ദിഷ്ട ശ്രാദ്ധങ്ങൾ ക്രമേണ മദ്ധ്യാഹ്നത്തിലും ഉച്ചതിരിഞ്ഞും അനുഷ്ഠിക്കപ്പെടണം. അഭ്യുദയ ശ്രാദ്ധാദികൾക്കു് മുട്ടിടുന്നപക്ഷം വലത്തേ മുട്ടും പിതൃകൃത്യത്തിനു് ഇടത്തേ മുട്ടും വേണമെന്നു് താഴെ വരുന്ന പ്രമാണം പറയുന്നു.

'നിപാത്യ ദക്ഷിണംജാനു ദേവാൻപരിചരേൽസദാ
പിതൄണാംപരിചര്യാ തു വാമജാനുനിപാതനാൽ'
മാതുഃശ്രാദ്ധം തു പൂർവ്വംസ്യാൽ പിതൄണാം തദനന്തരം
തതൊ മാതാമഹാനാം ച വൃദ്ധൌ ശ്രാദ്ധത്രയം സ്മൃതം'

എന്നതിനാൽ മുൻപറഞ്ഞ മാതൃശ്രാദ്ധ‡പൂർവ്വകത സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രാദ്ധത്തിനു് സ്നാനാദി കഴിച്ചു് ദൂർവ്വാദി നിർമ്മിതമായ പവിത്രം ധരിച്ചു് ദർഭ വിരിച്ചു് 'ഓം അവനെനിക്ഷ്വ' എന്നു് ദർഭയുടെ ചുവട്ടിലും മദ്ധ്യത്തിലും തലയ്ക്കലും നീർകൊടുക്കുക. ('നിസ്തിലാഃ' എന്ന വചനബലത്താൽ ഈ വൃദ്ധിശ്രാദ്ധത്തിനു് തിലം നിഷിദ്ധമാകുന്നു). 'അദ്യാസ്മദീയഅമുക (ഇന്ന വിധമുള്ള) വൃദ്ധൌ അമുക (ഇന്നഗോത്രമെന്നു) ഗോത്രാണാമസ്മന്മാതൃപിതൃമാതാമഹാനാം അമുക (ഇന്ന) പിതൄണാം നാന്ദീമുഖാനാം ശ്രാദ്ധെ കർത്തവ്യെ വസുസത്യസംജ്ഞകാനാം വിശേഷാം ദേവാനാം ശ്രാദ്ധം

---

*വർഗ്ഗത്രയം = മൂന്നുകൂട്ടരും. ‡പൂർവ്വകത = (മാതൃശ്രാദ്ധത്തെ) മുന്നിട്ട ചെയ്യണമെന്നതു്.

സിദ്ധാന്നേന യുഷ്മാസു മയാ കർത്തവ്യം' എന്നു് വിശ്വദേവ ശ്രാദ്ധക്കാർ രണ്ടിന്റെ ആമന്ത്രണം (ക്ഷണനം) 'കുരു' എന്നനുജ്ഞ കിട്ടിയ ശേഷം

''ഓം വിശ്വെദെവാ സ ആഗത
ശൃണുതാമ ഇമം ഹവം
ഏദം ബർഹിന്നിഷീദത —
ഓം വിശ്വെദേവാഃശൃണുതെമം ഹവം
യെ മെന്തരീക്ഷ യ ഉപദ്യവിഷ്ഠ
യെ അഗ്നിജിഹ്വാ ഉത വാ യജത്രാ
ആസദ്യാസ്മിൻബർഹിഷി മാദയദ്ധ്വം —
ഓം ആഗച്ഛന്തു മഹാഭാഗാ വിശ്വെദേവാ മഹാബലാഃ
യെ യത്ര വിഹിതാഃശ്രാദ്ധെ സാവധാനാ ഭവന്തു തെ.''

എന്നു വിശ്വദേവന്മാരെ ആവാഹിക്കുക.

'ഓം യവോസി സോമദേവത്യോ ഗോസവെ ദേവനിർമ്മിതഃ-
പ്രത്നവദ്ഭിഃപ്രത്തഃപുഷ്ട്യാ നാന്ദീമുഖാൻ പിതൄൻ പ്രീണ-
യാഹി നഃസ്വാഹാഃ'—എന്നു് യവം വിതറുക.

പിന്നെ, 'വസുസത്യസംജ്ഞകാ വിശ്വെദേവാ നാന്ദീമുഖാ-
ഭൂർ, ഭുവഃ സ്വഃ; ഇദം വോഘ്ല്യം'—എന്നു് അഘ്ല്യദാനം.

പിന്നെ, ഇതുപോലെ 'വസുസത്യ.........സ്വഃ, ഇദംവഃ
പാദ്യം'—എന്നു് പാദ്യം.

പിന്നീടു്, 'വസുസത്യ.........സ്വഃ, ഇദംവആസനം' എന്നു്
ആസനദാനം. അനന്തരം, ഗന്ധാദിദാനം.

അനന്തരം ശ്രാദ്ധക്കാരുടെ ഹസ്തത്തിങ്കൽ 'അഗ്നയെ കവ്യവാഹനായ സ്വാഹാ-സോമായ പിതൃമതെ സ്വാഹാ' എന്നു് ഹോമം (വിസർജനമാത്രം)

പിന്നെ 'ഗന്ധാദിദാനമച്ഛിദ്രവസ്തു' 'സങ്കല്പസിദ്ധിരസ്തു' എന്നുച്ചരിക്കുക.

പിന്നീടു്, പിതൃശ്രാദ്ധക്കാരോടഭ്യനുജ്ഞ (മുമ്പോൽ) വാങ്ങി

'ഓം ആയാന്തു നഃപിതരഃസൌമ്യ സോമാ
അഗ്നിഷ്വാത്താഃപഥിഭിർദ്ദേവയാനൈഃ
അസ്മിൻയജ്ഞെ സ്വധയാ മദന്തൊ
ധിബ്രുവന്തു തേവന്ത്വസ്മാൻ'

എന്നു ചൊല്ലി ഗോത്രനാമാദി കൂട്ടി മാതൃ, പിതൃ, മാതാമഹാദ്യാവാഹന കഴിച്ച് 'മാതൃപിതാമഹീപ്രപിതാമഹ്യഃ നാന്ദീമുഖാ ഭൂർഭുവഃസ്വഃ, ഇദം വോർഘ്യം', 'പിതൃപിതാമഹപ്രപിതാമഹാ നാന്ദീമുഖാഭ്രൂർഭുവഃസ്വഃ, ഇദംവോര്ഘ്യം', 'മാതാമഹമാതൃപിതാമഹ മാതൃപ്രപിതാമഹാഃപത്നീസഹിതാ നാന്ദീമുഖാഃ, ഇദം വോർഘ്യം' എന്നു് അർഘ്യം കൊടുക്കുക.

പിന്നീടിതുപോലെ പ്രത്യേകം പാദ്യം, ആസനം, അനന്തരം ഗന്ധാദിദാനം 'ഗന്ധാദിദാനമഛരിദ്രമസ്തു' 'സങ്കല്പസിദ്ധിരസ്തു' എന്നു് മുമ്പോൽ—

പിന്നീടു്, 'വസുസത്യസംജ്ഞകേഭ്യോ വിശേഭ്യോ ദേ വേഭ്യ ഏതദന്നം, സഘൃതം സപാനീയം, സവ്യഞ്ജനം സബദരം സദധി പ്രതിഷിദ്ധവർജ്ജിതം നമഃ,' എന്നു് പിണ്ഡദാനം.

പിന്നീടു്, 'ഓം അമുക (ഇന്ന) ഗോത്രെ മന്മാതഃ (അല്ലെങ്കിൽ വേണ്ടതു്) അമുക (ഇന്ന) ദേവീനാന്ദീമുഖി ഏതദന്നം സബദരം സദധിനമഃ' എന്നു് പ്രത്യേകം മററുള്ളവർക്കുമിപ്രകാരം ഒടുവിൽ പാത്രം കഴുകി നീരൊഴിക്കണം.

പിന്നീടു്, "മാതാപിതാമഹീചൈവ തഥൈവ പ്രപിതാമഹീ
പിതാപിതാമഹശ്ചൈവ തഥൈവ പ്രപിതാമഹഃ
മാതാമഹസ്തൽ പിതാ ച പ്രമാതാമഹകാദയഃ
ഏതെ ഭവന്തു സുപ്രീതാഃപ്രയഛന്തു ച മംഗലം
അനേന നാന്ദീശ്രാദ്ധേന പ്രീയന്താം വൃദ്ധിഃ"

എന്നു് ജപിക്കുക.

അതിനുശേഷം

'ഓം ഉത്തിഷ്ഠ ബ്രഹ്മണസ്പതെ
ദേവയംതസ്ത്വേമഹെ
ഉപപ്രയന്തു മരുതഃ
സുദാനവഇന്ദ്രപ്രാശൂർഭവാസചാ —
ഓം അഭ്യാരമിദദ്രയൊ
നിഷിക്തംപുഷ്കരെ മധു
അവതസ്യ വിസർജനെ —
യാം തു ദേവഗണാഃസർവ്വെപൂജാമാദായ പാൎത്ഥിവാൽ
ഇഷ്ടകാമപ്രസിദ്ധ്യർത്ഥംപുനരാഗമനായ ച'

എന്നു് ആവാഹിച്ചു് ദേവതാദ്യുത്ഥാപനം (വിസർജനം). ശം– ശുഭമെന്നർത്ഥം.

[ നാന്ദിയൂട്ടുന്നതു് ഇങ്ങിനെ ആകുന്നു – ചുരുക്കിട്ടാന മായിട്ടും ചില്ലറയ്ക്കു ചെയ്യാറുണ്ടു്. (സോമയാഗ) ഗർഭാധാനവും പുംസവനസീമന്താദികർമ്മാംഗമായിട്ടാകുമ്പോൾ അർഘ്യാദികൾക്കു് 'ക്രതുദക്ഷസംജ്ഞകാവിശ്വേദേവാ' എന്നു് ചേർക്കേണ്ടതാകുന്നു. ]

2. സപിണ്ഡി:

വത്സരദീക്ഷയാണെങ്കിൽ സപിണ്ഡി 365-ാംദിവസവും അന്നു ദുർദ്ദിനമായി വരുന്നതാങ്കിൽ 361-നമേൽ അഞ്ചിനകവും വേണ്ടതാകുന്നു. മുൻ തീയതികളിലാകിൽ ശേഷം ദിവസങ്ങളിലെ പിണ്ഡങ്ങൾക്കൂടി വയ്ക്കണം. 365-നാകുമ്പോൾ എടമാസ പിണ്ഡങ്ങൾ കഴിഞ്ഞുപോയതിനാൽ ദീക്ഷവീടുന്ന പിണ്ഡവും ബലി നിർത്തുന്ന പിണ്ഡവും ഉൾപ്പെടെ രണ്ടു മതിയാകുന്നു. 41-ാംദിവസമായിരുന്നാൽ 30-ാം (മാസ)പിണ്ഡംവച്ചതു് കഴിച്ചുള്ള രണ്ടെട മാസപിണ്ഡവും (ഒരു) ബലി നിർത്തുന്ന പിണ്ഡവും ചേർന്നു് 15 പിണ്ഡം വേണ്ടിവരുന്നു.

'ആനന്ത്യാൽ' എന്നാശൌചപദ്ധതിയിൽ കാണിച്ച പ്രകാരം പന്ത്രണ്ടാം ദിവസംതന്നെ വീടുന്നതായാൽ,

(1) ആദ്യമാസിക (2) ഊനമാസിക (3) ദ്വിതീയമാസിക (4) ത്രൈപക്ഷിക (5) തൃതീയമാസിക (6) ചതുർത്ഥമാസിക (7) പഞ്ചമമാസിക (8) ഷഷ്ഠമാസിക (9) ഊനഷണ്മാസിക (10) സപ്തമമാസിക (11) അഷ്ടമമാസിക (12) നവമമാസിക (13) ദശമമാസിക (14) ഏകാദശമാസിക (15) ദ്വാദശമാസിക (16) ഊനാബ്ദികങ്ങൾ എന്നിങ്ങനെ 16 പിണ്ഡങ്ങൾ വേണ്ടതാകുന്നു.

ഈ ക്രമത്തിനു തന്നെ കാൽ കഴുകിപ്പാൻ ആളും വേണ്ടിവരും. ഇതു കൂടാതെ സപിണ്ഡിക്കുതന്നെ, നാലു പിതൃക്കൾക്കും രണ്ടു വിശ്വദേവന്മാർക്കുമായിട്ടു് കാൽ കഴുകിപ്പാൻ ആറാൾ വേറെ വേണ്ടതാകുന്നു. (ഊട്ടിവീടുന്നതല്ലെങ്കിൽ ഇത്രയുംപേർക്കു് സങ്കല്പപൂർവ്വം ദാനം മാത്രമുണ്ടായിരിക്കുന്നതാണു്.)

ബലിക്കു് കുളിച്ചുവന്നു് സ്ഥലശുദ്ധി വരുത്തി കൈകഴുകി

''പവിത്രം തെ വിതതം ബ്രഹ്മണസ്പതെ
പ്രഭുർഗാത്രാണി പര്യേഷി വിശ്വതഃ
അതപ്തതനൂർന്നതദാമോ അശ്നുതെ
ശൃതാ സ ഇദ്വഹം തസ്സമാശത''

എന്നു് പവിത്രമിട്ടു് നിലത്തുതളിച്ചു മെഴകി ദർഭയിട്ടു് കിണ്ടി വച്ചു് കിണ്ടിയിൽ അരിയും പൂവും ചന്ദനവുമിട്ടു് മൂന്നുവാരം പകന്നു വീഴ്ത്തി 'ശ്രീഃ' എന്നു് കിണ്ടിയ്ക്കകത്തു വരച്ചു് പൊത്തിപ്പിടിച്ചു്,

'ത്വം രാജാ സർവതീർത്ഥാനാം ത്വമേവ ജഗതഃപിതാ
യാചിതം ദേഹി മേ തീർത്ഥം തീർത്ഥരാജ, നമോസ്തുതെ'–

ഓം നമഃശിവായ—എന്നിത്രയും ജപിച്ചു് തീർത്ഥമുണ്ടാക്കി 'ബ്രഹ്മപൂതോऽസ്മി' എന്നു് ദേഹത്തിന്മേൽ പ്രോക്ഷിച്ചു് ശുദ്ധി ചെയ്തു് വിഘ്നരാജനെ ആരാധിച്ചു് മുമ്പിൽ തളിച്ചുമെഴകി പുല്ലെടുത്തു് കഴകിനിരത്തി ഈരണ്ടു പുല്ലു് വേറെ വച്ചു് അർച്ചിച്ചു് കൂർച്ചമെടുത്തു് കഴകി എള്ളുതൊട്ടു് തലോടി കുളിപ്പിച്ചു് നൂൽചുററി ചന്ദനവും പൂവും ചാർത്തി നാളും പേരും ഗോത്രവും ചൊല്ലി ആവാഹിച്ചു് കൂർച്ചം വച്ചു് പൂവും ചന്ദനവുംകൂടി എടുത്തു് കൈകൂട്ടി ആവാഹിച്ചു് തലയ്ക്കലിട്ടു് മൂന്നു്, അഞ്ചു്, ഏഴു്, ഒൻപതു്, പതിനൊന്നു് ഇങ്ങിനെ ജലഗന്ധപുഷ്പങ്ങൾ കൊടുത്തു് തലയ്ക്കൽ അരിയും പൂവും നനച്ചിടുക. പിന്നെ, പിണ്ഡത്തിനു് പക്കൊന്നം കോരിയിട്ടുപസ്തരിച്ചു് എള്ളിട്ടു് പിണ്ഡമുരുട്ടി മൂടിവച്ചു് അർഘ്യം കൊടുക്കുക. അതിനുശേഷം മാസപിണ്ഡവും എടമാസപിണ്ഡവുംവച്ചു് പിന്നീടു് ബലിനിർത്തുന്ന പിണ്ഡം വച്ചുകൊൾക. അതിന്റെ ശേഷമായി (‡)തൈരു (പിണ്ഡത്തേൽ) കൊടുത്തു് ഹവിസ്സുവാരി ഇരുപുറവും തൂകി എല്ലാ ഉപകരണങ്ങളും (തേൻ, നെയ്യു്, എണ്ണ, അഞ്ജനം മുതലായതും) കൊടുത്തു് പതിനൊന്നുമുതൽ 9, 7, 5, 3 ഈ കണക്കിനു് ജലഗന്ധപുഷ്പങ്ങളെക്കൊണ്ടർച്ചിച്ചു് ഒരു പിണ്ഡമിരിക്കുന്നതെടുത്തു 'അദ്യ കാശ്യപസഗോത്രസ്യ (എന്നു തുടങ്ങി വേണ്ടതു ചേർത്തു്) കേരള ക്ഷത്രിയാന്വയ(ാമുക) നാമകപ്രേതസ്യ പിണ്ഡാവസാനമിദം'

---

(‡) ശ്രാദ്ധത്തിനാണെങ്കിൽ പിണ്ഡമുരുട്ടിവച്ചു്, അർഘ്യം കൊടുത്തു് പിണ്ഡം വയ്ക്കുക. പിന്നീടു് മേൽ പറഞ്ഞപോലെ പിണ്ഡത്തേൽ തൈരുമുതലായതു് കൊടുത്തു് പതിനൊന്നുമുതൽ കീഴോട്ടു് ജലഗന്ധപുഷ്പാർച്ചന ചെയ്തു് അന്നം വിളമ്പിയിരുന്ന ഇലകോട്ടി മേൽ പറഞ്ഞപോൽ തന്നെയെല്ലാം, ശ്രാദ്ധത്തിനാകുമ്പോൾ ദീക്ഷാസമാപ്ത്യൈ എന്നുള്ളതുവിട്ടു്, മറെറല്ലാം മേൽ പറഞ്ഞപോൽ ചെയ്യുക.

എന്നു് സമർപ്പിച്ചു് മുമ്പോലർച്ചിച്ചു് അന്നം വിളമ്പിയിരുന്ന ഇല കോട്ടി തൈരുമെള്ളും ജലവും ചേർത്തു് മേളിച്ചു് ഇടത്തുടെ ഉരുകി ഇലയിട്ടടച്ചുവച്ചു് പവിത്രമൂരി കിണ്ടിവാലിന്മേലിട്ടു് വെള്ളം തളിച്ചു് അടയില എടുത്തു് ഒരു വറെറടുത്താഘ്രാണിച്ചു കളഞ്ഞു് കൈകഴുകി പവിത്രം ധരിച്ചു് ജലഗന്ധപുഷ്പാർച്ചന ചെയ്തു് എള്ളും പൂവും ചന്ദനവുംകൂടി കയ്യിലെടുത്തു് സങ്കല്പം (മുമ്പോൽ) ചൊല്ലി 'ദീക്ഷാസമാപ്തൌ പിതൃലോകം പ്രാപയാമി' എന്നു് നിരൂപിച്ചു് തലയ്ക്കലിട്ടു് കൂർച്ചമഴിച്ചുവച്ചു് നീരുകൊടുത്തു് പുഷ്പമർച്ചിച്ചു് തൊഴുതു പിണ്ഡമെടുത്തു കൊണ്ടുപോയിവച്ചു് കൈകൊട്ടിപ്പോന്നു് (മാസക്രമ)ദക്ഷിണ ചെയ്തുകൊൾക.

ശ്രാദ്ധക്കാരുള്ളപക്ഷം പകപാന്ന പരിവേഷണത്തിനു് (ഹവിസ്സു വിളമ്പുന്നതിനു്) മുമ്പായി അവരെ കാൽ കഴകിച്ചും വടക്കോട്ടിരുത്തി ജലഗന്ധപുഷ്പാർച്ചന കഴിച്ചു് എള്ളുവാരി തലയിലും നെററിയിലും ചാർത്തിച്ചുകഴിഞ്ഞു് ഇലയ്ക്കു ജലംതളിച്ചു് കോരിയിട്ടു് പിണ്ഡമുരുട്ടേണ്ടതാണു്. പിന്നെ, എല്ലാം കൂട്ടിത്തുകി അടച്ചുവച്ച ശേഷം ഒരാൾക്കു് കുടിക്കുനീർ കൊടുത്തു് എഴുന്നേൽപ്പിച്ചു് കൈകഴുകിവന്നു് പവിത്രമൂരി അടയില എടുത്തു് ഒരിക്കൽ ജലഗന്ധപുഷ്പാഭ്യർച്ചനചെയ്തു് ശേഷമെല്ലാവർക്കും കുടിക്കുനീർ കൊടുക്കുക. പിന്നീടു് ദക്ഷിണ കഴിച്ചുകൊൾക. ഒരാൾ ദക്ഷിണ വാങ്ങാതെ (ഊണുകഴിഞ്ഞു്) വന്നു് ബലിനിർത്തിന്റെ ദക്ഷിണവാങ്ങി ബലി അവസാനിപ്പിക്കണം.

[(സംവത്സരത്തിനു മുമ്പായി സപിണ്ഡി വീടുന്നപക്ഷം, പ്രാപ്തകാലമല്ലാതെ മുൻകൂട്ടി ഉള്ള പിണ്ഡസമർപ്പണം അധികാരത്തിൽ പെട്ടതല്ലാത്തതിനാൽ, സപിണ്ഡി മുൻ ക്രമത്തിൽ വീടിക്കൊണ്ടു് മാസികപിണ്ഡങ്ങൾ വാർഷികശ്രാദ്ധക്രമം അനുസരിച്ചു് അല്ലെങ്കിൽ പാർവ്വണവിധിപ്രകാരം *തത്തന്മാസങ്ങളിൽതന്നെ വച്ചുകൊള്ളുന്നതു് മുഖ്യകല്പമെന്നും ഏകോദ്ദിഷ്ടരീതിയിൽ ശേഷമുള്ള പിണ്ഡങ്ങൾ മുൻകൂട്ടി വച്ചുകഴിഞ്ഞു് സപിണ്ഡി ചെയ്യുന്നതു് ആപൽഗതവിഷയമാകയാൽ അനുകല്പം (ആമുഖ്യം) എന്നും ചില ആചാര്യന്മാർ പറയുന്നു. രണ്ടുവിധവും നടപ്പുള്ളതാകയാൽ Ψ കർത്രഭിപ്രായം നിയാമകമാകുന്നു എന്നറിഞ്ഞുകൊൾക. (പ്രവൃത്തികൾ

*തത്തന്മാസങ്ങളിൽ = അതാതു മാസങ്ങളിൽ. Ψ കർത്രഭിപ്രായം = ചെയ്യുന്ന ആളുടെ മനസ്സുപോലെ (ചെയ്യുന്നയാളുടെ താല്പര്യം).

ഒട്ടൊഴിയാതെ ഒക്കെ § നിഷ്പാദകശക്തിസാപേക്ഷങ്ങളാകയാൽ പക്ഷാന്തരങ്ങൾ യഥാവകാശം ഗ്രാഹ്യങ്ങളാകുന്നു.)]

പിന്നീടു് സപിണ്ഡിക്കായി കുളിച്ചുവരണം. അതിന്റെ ശേഷം മുൻവശത്തു് വലത്തുമാറി നിലം മെഴുകി രണ്ടര നെല്ലിട്ടു് മീതെ കോടിവിരിച്ചു് അതിന്മേൽ ഒന്നേകാൽ അരിയിട്ടു് അതിന്റെ മുകളിൽ തേങ്ങയും കൂർച്ചവുംവച്ചു് പിന്നെ ഒരു തളികയിൽ അഞ്ഞാഴി അരിയിട്ടു് മലരും പൂവും കൂർച്ചവും ചെപ്പും കണ്ണാടിയും അപ്പവും അടയും നാളീകേരഖണ്ഡവും വച്ചു് ആ തേങ്ങാമുറിക്കു് നേരായി വാൽവരുംപടി ഒൻപതു വെററിലവച്ചു് ഒൻപതു തിരിയും വച്ചൊരുക്കിക്കൊള്ളുക. പിന്നീടതിനടുത്തു് വിളക്കും ഗണപതിയുംവച്ചു് കിഴക്കുനോക്കിയിരുന്നു് മുൻപിൽ തളിച്ചുമെഴുകി പൂവിട്ടു് കിണ്ടി വച്ചു് അരിയും ചന്ദനവും തുളസിയും അതിലിട്ടു് മൂന്നുവട്ടം പകർന്നു വീഴ്ത്തി അടച്ചുപിടിച്ചു് 'സമസ്തഗംഗാവാഹനം' എന്നു് സങ്കൽപ്പിച്ചു് പൊക്കിത്താഴ്ത്തി അജ്ജലംകൊണ്ടു് സകലവും പ്രോക്ഷിച്ചു് വിളക്കും ഗണപതിയും ആരാധിച്ചു് ഗന്ധപുഷ്പങ്ങൾ ചാർത്തി ഗണപതിക്കു് (പഞ്ചോപചാരംകൊണ്ടു്) നിവേദിക്കുക. [ഈ ഒരുക്ക മുതലായതു് പുരാണാദിസമ്മതിയനുസരിച്ചു് മേൽ വിവരിക്കപ്പെടുന്ന സപിണ്ഡിക്രിയയ്ക്കും വേണ്ടതാകുന്നു]................. അനന്തരം ഒരുക്കിയ സ്ഥലത്തു് ജലഗന്ധപുഷ്പധൂപദീപങ്ങളെക്കൊണ്ടർച്ചിച്ചു് അതിനു പിന്മാറി പടിഞ്ഞാറു മുഖമായി മൂന്നുപേരെ കാൽകഴകിച്ചിരുത്തി ഇടത്തിരിക്കുന്ന ആളെ പുഷ്പമിട്ടു വന്ദിച്ചു് കൈക്കു് ജലം കൊടുത്തു് ചന്ദനവും പൂവും കൊടുത്തു് തന്റെ കയ്യിൽ (തിര്യ്ക്) ജലമേററുംകൊണ്ടു് അയാളുടെ കയ്യിന്മേൽ തലോടി ജലഗന്ധപുഷ്പങ്ങളും വെററില, പാക്കു്, നാളീകേരം, അപ്പമെന്നിവയും ദ്രവ്യവും കൊടുത്തു് കയ്യിൽ നീരേററുകൊണ്ടു് 'അദ്യ ...... (ഇന്ന) ഗോത്രസ്യ —(ഇന്ന) പ്രേതസ്യ സപിണ്ഡീകരണെ സപിണ്ഡീ ശ്രാദ്ധെ സർവ്വ പ്രായശ്ചിത്തമിദം' എന്നു് ദക്ഷിണചെയ്തു് പിന്നീടു് വലത്തിരിക്കുന്ന ആളിനെ മുമ്പോലാരാധിച്ചു് അക്ഷതവും ജലവും ദ്രവ്യവും എല്ലാം ചേർത്തു് ഗോത്രാദികൂട്ടി 'സപിണ്ഡീകരണ ക്രിയായാംസപിണ്ഡീ ശ്രാദ്ധെ വിശേദേഭ്യോ ദേവേഭ്യ ഇദം' എന്നു ദാനംചെയ്തു് പൂവും നീരും കയ്യിലേററുകൊള്ളുക. പിന്നെ നടുവിലിരിക്കുന്ന ആളെ

§ നിഷ്പാദകൻ = കർത്താവു്.

പൂജിച്ചർച്ചിച്ച എള്ളുവാരി Ψശിരോ ℵ ലലാടപ്രദേശങ്ങളിലിട്ടുതൊടീ (ച്ചലങ്കരി)പ്പിച്ച് ചെറുപൂള *ഭൃംഗരാജദളമെന്നിവ മാലകെട്ടിച്ചാർത്തി പുഷ്പാക്ഷതങ്ങളും ദ്രവ്യവുമെല്ലാം കൂട്ടി കയ്യിലെടുത്ത് 'സപിണ്ഡീക രണ ക്രിയായാം സപിണ്ഡീശ്രാദ്ധെ അഷ്ടകശ്രാദ്ധമിദം' എന്ന് സങ്കല്പം ചൊല്ലി ദക്ഷിണചെയ്ത് വെററില, അടയ്ക്കാ, തേങ്ങാ, അപ്പം, പലക, കുട(ഛത്രം), വസ്ത്രം, ശസ്ത്രം, പാദുക (പാദത്രാണം) എന്നിവ കൊടുത്ത് പുഷ്പമർച്ചിച്ച് പ്രദക്ഷിണംചെയ്ത് പിതൃക്കളോട ചേർത്തു എന്ന് സങ്കല്പിച്ച് നമസ്കരിക്കുക. അനന്തരം മൂന്നുപേരെ ഇരുത്തി കൈക്ക് ജലംകൊടുത്ത് ചന്ദനവും പൂവും കൊടുത്ത് മുൻ പ്രകാരം അർച്ചിച്ച് തിലമുഷ്ടി ശിരസ്സിലും നെററിയിലുമിട്ട് മാല ചൂടിച്ച് നെല്ലുമലരിയും പൂവും നീരുംകൂടി തലയിലിട്ട് അടുപ്പമുള്ള പിതൃക്കളോട് ചേർത്തതായി നിരൂപിച്ച് പിതൃവാക്കി, ജലഗന്ധ പുഷ്പാഭ്യർച്ചന ചെയ്ത് യഥാശക്തി ധനവും വെററില, അടയ്ക്കാ, തേങ്ങ, അപ്പം, പാദത്രാണം, വസ്ത്രം, ശസ്ത്രം, ഛത്രം, വിശറി മുതലായതുംകൂടി ദാനംചെയ്ത് സപിണ്ഡി കഴിച്ചു എന്ന് നിരൂപിച്ചു റയ്ക്കുക. പിന്നെ, സർവ്വപ്രായശ്ചിത്തദക്ഷിണ വാങ്ങിയ ആളെ ഒഴിച്ച് മററുള്ളവർക്ക്

''സുപ്രകാശൊ മഹാദീപഃ സർവ്വതസ്തിമിരാപഹഃ
ആത്മാനഃസർവ്വദേവാനാം നീരാജനം പ്രഗൃഹ്യതാം''

എന്ന് തളികയിലെ കിഴിയും മററും കൊളുത്തി മൂന്നുവട്ടം കേശാന്തം പൊക്കിത്താഴ്ത്തി നീരാജനചെയ്ത് പിന്നീട് തുളസി യെടുത്ത് അവർക്ക് പ്രദക്ഷിണംവച്ച് 'പിതൃഭ്യസ്തു മഹോദയം പ്രേതായ ച മഹോദയം' എന്ന് നമസ്കരിച്ച്,

''മാതൃവംശെ മൃതാ യെ ച പിതൃവംശെ തഥൈവ ച
ഗുരുശ്വശുരബന്ധൂനാം യെ ചാന്യെ ബാന്ധവാ മൃതാഃ'
'യെ മെ കുലെ ലുപ്തപിണ്ഡാഃപുത്രദാരവിവർജ്ജിതാഃ
തേഷാംപിണ്ഡംമയാ ദത്തമക്ഷയ്യമുപതിഷ്ഠതു''

എന്നുചൊല്ലി വീണ്ടും നമസ്കരിക്കുക.

പിന്നീട്, 'അക്രിയാതിക്രിയായാ ച അശ്രുതംശ്രുതവിഭ്രമം
കർമ്മഹീനംക്രിയാഹീനംകാര്യാകാര്യമഥൈവ ച=

---

Ψശിരസ്സ്=മൂർദ്ധാവ്. ℵ ലലാടം=നെററി. *ഭൃംഗരാജദളം—കയ്യുണ്ണി (കയ്യോന്നി)യില

ക്ഷന്തുമർഹന്തി പിതരസ്തസ്മാന്നാസ്തി വ്യതിക്രമഃ,
അയോജനാൽപ്രമാദാദ്വാജ്ഞകല്പാൽസാധനസ്യ വാ
അന്യൂനമതിരിക്തം ച തത്സർവ്വം ക്ഷന്തുമർഹതി'

എന്നുച്ചരിക്കുക—അനന്തരം അവരുടെ കയ്യിലെ നെല്ലുമരിയും തലയിലേററുകൊള്ളുക—

പിന്നീട്, 'യസ്യ സ്മൃത്യാ ച നാമോക്ത്യാ തപോയജ്ഞക്രിയാദിഷു
ന്യൂനം സംപൂർണ്ണതാം യാതി സദ്യോ വന്ദെ തമച്യുതം,
ഓംതത്സദ് ബ്രഹ്മാർപ്പണമസ്തു' എന്ന് ജപിക്കുക.

[(അടുപ്പമുള്ള പിതൃക്കളോടു ചേർക്കുന്നതിങ്ങിനെ വേണ്ടതാകുന്നു—

'അപുത്രായാം മൃതായാം തു പതിഃകുര്യാൽ സപിണ്ഡതാം
ശ്വശ്രാദിഭിഃസഹൈവാസ്യാഃ സപിണ്ഡീകരണം ഭവേത്'.

പുത്രനില്ലാതെ മരിച്ചാൽ ഭർത്താവു് സപിണ്ഡിചെയ്തു് തൽപ്രസൂവോടു് (മാമിയോടു്) ചേർക്കണമെന്നൊരാചാര്യൻ പറയുന്നു.

'പിതാമഹ്യാദിഭിഃസാദ്ധം സപിണ്ഡീകരണംസ്ത്രിയാഃ'

സ്ത്രീക്കു്, ആൺവഴി മുത്തിയമ്മയോടു് സപിണ്ഡീകരണം ചെയ്യുന്നതു് യുക്തമെന്നു് വേറൊരു സ്മൃതി പറയുന്നു.

'പിതാ പിതാമഹെ യോജ്യഃ പൂർണ്ണെസംവത്സരെ സുതൈഃ
മാതാ മാതാമഹെ തദ്വദിത്യാഹ ഭഗവാഞ്ശിവഃ'

പിതാവിനെ സപിണ്ഡികഴിച്ചു് Ψ പിതാമഹനോടും മാതാവിനെ ‡മാതാമഹ (അമ്മവഴി മുത്തച്ഛ) നോടും ചേർക്കണമെന്നു് മറെറാരിടത്തു് പറഞ്ഞിരിക്കുന്നു. എന്നാൽ, ആസുരഗാന്ധർവ്വാദി വിവാഹസംബന്ധത്താൽ ജാതനായ പുത്രൻ മാതൃവഴി മുത്തച്ഛനോടു (ജനനിയെ) സപിണ്ഡിചെയ്തു് ചേർക്കണമെന്നും ബ്രാഹ്മാദിവിവാഹസമുല്പന്നനെങ്കിൽ അച്ഛനോടോ മുത്തച്ഛനോടൊ അമ്മവഴിയമ്മൂമ്മയോടോ ചേർക്കണമെന്നും പുറമെ പ്രത്യേക കുലാചാരം ഏർപ്പെട്ടിട്ടില്ലാത്തപക്ഷം "ആത്മനസ്തുഷ്ടിരേവ വാ" എന്നപ്രകാരം പിണ്ഡകർത്താവിൻെറ അഭിരുചിപോലെ ആകാമെന്നുംകൂടി മിതാക്ഷരിയിൽ പറയുന്നു.)

---

Ψ പിതാമഹൻ = മുത്തച്ഛൻ. ‡ മാതാമഹൻ = അമ്മയുടെ അച്ഛൻ.

(മേൽ പറഞ്ഞപ്രകാരം 22 പേരെ കാൽകഴകിച്ച് സപിണ്ഡി ചെയ്യുന്നതിന്ന് ശക്തിയില്ലാത്തവക്ക് ചുരുക്കി ക്രിയകഴിക്കുന്നതിന്ന് ശ്രാദ്ധത്തിൻെറ ഒന്നും, വൈശ്വദേവത്തിൻേറയും പ്രേതത്തിൻേറയും പാർവ്വണത്തിൻേറയുമൂറ്റപ്പെടെ സപിണ്ഡിയുടെ മൂന്നും ഇങ്ങിനെ നാലുപേർ മതിയാകുമെന്ന് 'ഏകൈകമേവ വാ' എന്ന സ്മൃതിവചനാദികളാൽ സിദ്ധമാകുന്നു. അങ്ങനെ നടപ്പുമുണ്ട്. എന്നാൽ, പലവിധ കാരണങ്ങളാൽ ഇണങ്ങില്ലാതെ ആയവരും*തത്സ്ഥാനാഭിഷിക്താഗന്തു (ക്ഷമാസുര) പുരോഹിതഭോജനമില്ലാതായവരും ഒന്നും കൂടാതെതന്നെ

'ദിഷ്ട്യാ മുക്തസ്ത്വവാത്മജഃ ദേഹി ദാനംദ്വിജാതീനാം'

എന്നു പറഞ്ഞതുപോലെ പുരോഹിതന്ന് ദാനങ്ങറ്റകൊണ്ടു മാത്രമാണ് കഴിക്കാറെന്നുള്ളതു് വാച്യതയെ അർഹിക്കുന്നതുതന്നെ. ആകയാൽΨദ്വികഗതിപോലെ ആയി എന്ന് പറയേണ്ടിരിക്കുന്നു.)]

മേൽ കാണിച്ച സപിണ്ഡിക്രമം പ്രാചീനഗ്രന്ഥാനുരോധേന സംഗ്രഹിക്കപ്പെട്ടതാകുന്നു. അടിയിൽ പ്രതിപാദിക്കാൻ പോകുന്നതു് ശാസ്ത്രാനുസാരമുള്ളതാകുന്നു. സപിണ്ഡീകരണമെന്നതു് പിതൃ(ക്കളുടെ) പിണ്ഡങ്ങളോടുള്ള പ്രേതപിണ്ഡത്തിൻെറ സമ്മേളനം (യോജിപ്പ്) ആകുന്നു. ആയതു് ഇപ്രകാരം വേണ്ടതാകുന്നു എന്ന്

"നിരൂപ്യ ചതുരഃപിണ്ഡാൻ പിണ്ഡദഃപ്രതിനാമതഃ
യെ സമാനാ ഇത ദ്വാഭ്യാമാദ്യന്തു വിഭജേത്ത്രിധാ =
ഏഷഏവവിധിഃപൂർവ്വമർഘ്യപാത്രചതുഷ്ടയെ
ഗന്ധോദകതിലൈര്യുക്തം കുര്യാൽപാത്രചതുഷ്ടയം
അർഘ്യാർത്ഥംപിതൃപാത്രേഷു പ്രേതപാത്രംപ്രസേചയേത് =
യേ സമാനാ ഇതി ദ്വാഭ്യാമേതജ്ജ്ഞേയം സപിണ്ഡനം
നിത്യേന യുക്തം ശേഷം സ്യാദ്"

ഇത്യാദിയായി സ്മൃതിയിലും ഭവിഷ്യാദി പുരാണങ്ങളിലും നിരൂപിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, ഇതിന്നുമുമ്പ് പറയപ്പെട്ട സപിണ്ഡിക്രിയയിലെപ്പോലെ എല്ലാമൊരുക്കി വിളക്കും ഗണപതിയും ആരാധിച്ചുകഴിഞ്ഞു്, 'നിശി സ്യുർ ബ്രഹ്മചാരിണഃ' എന്ന സ്മൃതിപ്രകാരം തലേന്നാറ ക്ഷണിക്കപ്പെട്ടവരായി അന്നു് ബ്രഹ്മ

* തൽസ്ഥാനാഭിഷിക്തർ = ആ സ്ഥാനത്തു് വലിച്ചവയ്ക്കപ്പെട്ടവർ.
Ψ ദ്വികഗതി = കാക്കയുടെ നടപ്പ്. 'ദ്വികഃ കാകഃ' എന്നു് ക്ഷീരതരാഗിണീ.

ചയ്യനിയമസ്ഥന്മാരായിട്ടുള്ള ശ്രാദ്ധക്കാരോട് 'സ്വാഗതം ഭഗവദ്ഭിഃ' എന്നു് സ്വാഗതപ്രശ്നവും 'സുസ്വാഗതം' എന്നു് പ്രതിവചനവും (മറു പടിയും) കിട്ടിയാൽ സപിണ്ഡിക്കായി * ആചമിച്ചു്

'പവിത്രം തെ വിതതം ബ്രഹ്മണസ്പതെ
പ്രഭുർഗ്ഗാത്രാണി പര്യേഷി വിശ്വതഃ
അതപ്തതനൂർന്നതദാമോ അശ്നുതെ
ശൃതാ സ ഇദ്വഹംതത്സമാശത'

എന്നു് പവിത്രം ധരിച്ചു് പ്രാണനെ അടക്കി ദേശകാലങ്ങളെ കീർത്തിച്ചു് 'കാശ്യപ (ഇല്ലെങ്കിൽ ഇന്ന) ഗോത്രസ്യകേരളക്ഷത്രിയാ ന്വയജഭദ്രരാമ നായകസ്യ (ഇന്നവന്റെ) പ്രേതസ്യ പ്രേതത്വ നിവൃത്യാ പിതൃലോകപ്രാപ്ത്യർത്ഥം അമുക (ഇന്ന) ഗോത്രൈഃ ത്രിവി ക്രമ, കേരള, മഹാദേവനാമ (യ) കൈഃ, വസുരുദ്രാദിത്യസ്വരൂ പൈഃ പ്രേതപിതൃപിതാമഹ പ്രപിതാമഹൈഃ സഹസപിണ്ഡീ കരണംമൃതാഹാദ്ദ്വാദശാഹ (എന്നോമറ്റോ.) പാർവ്വണൈകൊ ദ്ദിഷ്ടേന വിധിനാകരിഷ്യേ' എന്നു് സങ്കല്പം ചൊല്ലുക. അമ്മയെ ങ്കിൽ, 'അമുക ഗോത്രായാ അമുകദായാഃ, കശ്യപഗോത്രാഭിഃ, അസ്മ ല്പിതാമഹി പ്രപിതാമഹി വൃദ്ധപ്രപിതാമഹീഭിഃ' (എന്നോമറ്റോ ചേർത്തു്) വസുരുദ്രാദിത്യസ്വരൂപാഭിഃ സഹസപിണ്ഡീക.......... ഷ്യേ)–എന്നു് ചൊല്ലുക.

പിന്നീടു് 'ഓം വിശ്വേഭ്യോ ദേവേഭ്യ ഏതൽ പാദൊദകമർഘ്യം സ്വാഹാ' എന്നു് സാധാരണപോലെ ഉപവീതമിട്ടു് പവിത്ര പാണി കളായവിശ്വദേവന്മാർക്കു് ദർഭ നിവർത്തിപ്പിടിച്ചു് ദേവതീർത്ഥക്രമ ത്തിൽ പാദോദകംകൊടുത്തു് പുഷ്പമച്ചിച്ചു് ഇരട്ട കൂട്ടിയ ദർഭാസനം ദാനം ചെയ്യിരുത്തി കിഴക്കോട്ടിരുന്നു്, 'വിശ്വാൻദേവാനാവാഹ യിഷ്യേ' എന്നാവാഹനസ്സനജ്ഞവാങ്ങി

'ഓംവിശ്വേദേവാ സ ആഗത
ശൃണുതാമ ഇമംഹവം
ഏദംബർഹിർന്നിഷീദതഃ ||
ഓം വിശ്വേദേവാഃശൃണുതെമം ഹവം

---

* ആചമിക്കുക = മാഷമജ്ജനയോഗ്യമായ എള്ളിട്ടാൽ മുങ്ങിക്കിടക്കുന്ന അല്പം ജലം കോരിയെടുത്തു് തീർത്ഥം പോൽ കുടിക്കുക. (പന്ത്രണ്ടാം ദിനമല്ലെങ്കിൽ നാല്പത്തിയൊന്നിനോ മറ്റോ ചേർക്കണം)

യേ മേന്തരിക്ഷെ യ ഉപദ്ര്യവിഷ്ഷെ
യെ അഗ്നിജിഹ്വാ ഉത വാ യജത്രാ
ആസദ്യാസ്മിൻ ബർഹിഷിമാദയദ്ധ്വം =
ഓം ആഗച്ഛന്തു മഹാഭാഗാ വിശ്വേദേവാ മഹാബലാഃ
യെ യത്ര വിഹിതാഃ ശ്രാദ്ധെ സാവധാനാ ഭവന്തു തെ'

എന്നാവാഹിച്ച് യവം വലത്തുട്ടവട്ടത്തിലിട്ട് ഒരു പാത്രവും (അതിന്മേൽ) കൂർച്ചവുംവച്ച്

'ശം നൊ ദേവീരഭിഷ്ടയ
ആപൊ ഭവന്തു പീതയെ
ശം യൊരഭിസ്രവന്തു നഃ'

എന്ന് ജലം കൂർച്ചത്തിലരിച്ച് പാത്രത്തിലൊഴിച്ച്

യവോസി ധാന്യരാജെ വാ വാരുണൊ മധുസംയുതഃ
നിർണോദഃസർവ്വപാപാനാം പവിത്രമൃഷിഭിഃസ്മൃതം'

എന്ന് (പാത്രത്തിൽ) ഗന്ധപുഷ്പങ്ങളും തുളസിയും 'ഗന്ധപുഷ്പം തുളസീപത്രംനമഃ' എന്നുചൊല്ലി നിക്ഷേപിച്ച്

'യാ ദിവ്യാ ആപഃപയസാസംബഭൂവു-ര്യ്യാഅന്തരിക്ഷാ ഉത
പാർത്ഥിവീര്യ്യാഃ ഹിരണ്യവർണായജ്ഞിയാസ്താ-നആപഃ
ശിവാഃസംശ്യോനാഃസുവഹാ ഭവന്തു;

എന്ന മന്ത്രിച്ച് 'വിശ്വേദേവാവഇദമർഘ്യം' എന്നവരുടെ കയ്യിൽ അർഘ്യജലം ദാനംചെയ്യണം—പിന്നീട്, ഗന്ധപുഷ്പധൂപദീപവസ്ത്ര ദാനം കഴിച്ചുകൊള്ളുക—അനന്തരം തെക്കതിരിഞ്ഞു് ഉപവീതം പിതൃകൃത്യക്രമത്തിലിട്ട് 'ചത്വാര്യുദകപാത്രാണി സതിലഗന്ധ പുഷ്പോദകാനി പൂരയിത്വാ' എന്ന ഗോഭിലസൂത്രപ്രകാരം എള്ളും പൂവും ചന്ദനവുമിട്ട് മൂന്നു ജലപാത്രങ്ങൾ പിതാമഹ, പ്രപിതാമഹ, വൃദ്ധപ്രപിതാമഹന്മാർക്കായി കല്പിച്ച് മുമ്മൂന്ന് ദർഭകളിട്ട് വയ്ക്കണം. അതിന്നുമുകളിൽ ദർഭവച്ച് വേറെ പാത്രങ്ങൾകൊണ്ടടച്ച് പിതാമഹാദി പാത്രംതൊട്ട് 'അഛിദ്രമസ്തു' എന്ന് സങ്കല്പിച്ച്

പിന്നീട്, 'അമുക ഗോത്രസ്യ അമുക നാമകപ്രേതസ്യ
സപിണ്ഡീശ്രാദ്ധമഹം കരിഷ്യെ'

എന്ന് പ്രേതപ്രതിനിധിയോട് പ്രാർത്ഥിച്ചനുജ്ഞവാങ്ങി മുമ്പോലെ ഒരു പാത്രം പ്രേതത്തിന്നും നിറച്ച് നാലു ദർഭകൾ നിക്ഷേ

പിച്ചവച്ച് 'അച്ഛിദ്രമസ്തു' മുതലായത്ത് കഴിച്ചുകൊള്ളുക. പിന്നീട് പിതാമഹ പ്രപിതാമഹ വൃദ്ധപ്രപിതാമഹന്മാരുടെ പാത്രങ്ങളേയും പ്രേതപാത്രങ്ങളേയും സ്പർശിച്ചിളക്കി വയ്ക്കുക. അതിൻെറ ശേഷം പാത്രങ്ങൾ തുറന്ന് പിതൃപാത്രങ്ങൾ ഓരോന്നും 'സ്വധാനമഃ' എന്ന് ഉച്ചരിച്ചും പ്രേതപാത്രം മൗനത്തോടും നിവേദിച്ചുകൊള്ളുക.

പിന്നീട്, അമുകഗോത്രാമുക പ്രേതപാത്രോദകം
വസുരുദ്രാദിത്യ സ്വരൂപാണാം
പ്രേത പിതൃ പിതാമഹ പ്രപിതാമഹാനാമർഘ്യ-
പാത്രൊദകൈഃ സംയോജയിഷ്യേ'-

എന്നുപറഞ്ഞു് 'സംയോജയ' എന്ന് പ്രതിനിധിയോടനുമതി വാങ്ങി പ്രേതപാത്രത്തിലെ ദർഭകൾ മൂന്നും പിതാമഹാദികളുടെ പാത്രത്തിൽ സ്ഥാപിച്ച് പ്രേതപാത്രത്തിലെ ജലം

''യെ സമാനാഃ സമനസഃ
പിതരോ യമരാജ്യേ
തെഷാം ലോകഃസ്വധാ നമൊ
യജ്ഞൊ യജ്ഞേഷു കല്പതാം=
യെ സജാതാഃസമനസൊ
ജീവാ ജീവേഷു മാമകാഃ
തേഷാം ശ്രീർമ്മയി കല്പതാ-
മസ്മിംല്ലോകെ ശതംസമാഃ
സംഗച്ഛദ്ധ്വം സംവദദ്ധ്വം
സംവൊ മനാംസി ജാനതാം
ദേവാഭാഗം യഥാപൂർവ്വെ
സംജാനാനാ ഉപാസതെ=
സമാനൊ മന്ത്രഃസമിതിഃസമാനീ
സമാനം മനഃസഹചിത്തമേഷാം
സമാനം മന്ത്രമഭിമന്ത്രയെ വഃ
സമാനേനവൊ-ഹാവിഷാജുഹോമി=
സമാനീവ അകൂതിഃ
സമാനാ ഹൃദയാനി വഃ
സമാനമസ്തു വൊ മനൊ
യഥാ വസുസഹാസതി= ''

ഈ മന്ത്രങ്ങൾ പ്രത്യേകം ഓരോന്നി(ൻെറ സംയോജനത്തി)ലും ചേർത്തു് ഗോത്രനാമാദി കൂട്ടി ['അമുക (ഇന്ന) നാമകേന സ്വപി

ത്രാസഹസായുജ്യം ഗച്ഛ']എന്നും 'പിതാമഹേന സഹസായുജ്യംഗച്ഛ' എന്നും 'സ്വപിതാമഹേന സഹസായുജ്യം ഗച്ഛ' എന്നും ക്രമേണ ചൊല്ലി അതാതു പാത്രങ്ങളിലേക്ക് പകർന്നുചേർക്കണം–പിന്നീട് വൃദ്ധപ്രപിതാമഹൻെറ പാത്രമൊഴിച്ച് പിതാമഹ പ്രപിതാമഹന്മാരുടെ പാത്രങ്ങളിലെ ജലവും പവിത്രവും പ്രേതപാത്രത്തിലാക്കണം. തദനന്തരം പ്രേതപുരുഷൻെറ കയ്യിൽ പവിത്രം കൊടുത്തു്, പാത്രത്തിൽനിന്നും പുഷ്പമെടുത്തു് ശിരഃകരപാദാർച്ചനം കഴിച്ച്, കൈക്ക ജലം ദാനംചെയ്യുകൊാക. പിന്നീട്, പാത്രം കൈകാംകൊണ്ടെടുത്തു്

'യാ ദിവ്യാ ആപഃ പയസാ സം ബഭ്രുവുർ്യ്വാ
അന്തരിക്ഷാ ഉത പാർത്ഥവീര്യ്വാഃ
ഹിരണ്യവർണാ യജ്ഞിയാസ്താ–ന–ആപഃ
ശിവാഃസംശ്യോനാഃസുഹവാ ഭവന്തു'

എന്ന മന്ത്രമുച്ചരിച്ച്

'അദ്യാമുക ഗോത്ര മൽപിതഃ, അമുകപ്രേത ഏഷ തെƒെല്യാ
യെ ചതപാമന്യാംശ്ചതപമന തസ്മൈ തെ സ്വധാ'–

എന്നുചൊല്ലി പ്രേതപ്രതിനിധിയുടെ കയ്യിൽ അല്പമർഘ്യജലം പിതൃതീർത്ഥക്രമത്തിൽ കൊടുത്തുകൊണ്ടു് പിതാമഹശ്രാദ്ധക്കാരൻ പക്കൽ പവിത്രംകൊടുത്തു് മുൻപോൽ പാത്രത്തിലെ പുഷ്പംകൊണ്ടു് ശിരസ്സുമുതൽ പാദംവരെ അർച്ചിച്ച്, കൈക്ക് ജലം കൊടുക്കുക. പിന്നീട്, പിതാമഹ പാത്രമെടുത്തു്

'യാ ദിവ്യാ ആപഃ പയസാ സംബഭ്രുവുർ്യ്വാ
അന്തരിക്ഷാ ഉതപാർത്ഥ വീര്യ്വാഃ
ഹിരണ്യവർണാ യജ്ഞിയാസ്താ–ന–ആപഃ
ശിവാഃസംശ്യോനാഃസഹവാ ഭവന്തു'

എന്നഭിമന്ത്രിച്ച്

'ആദ്യാമുക ഗോത്ര മൽപിത്രാമഹാമുകനാമക
സപിണ്ഡീക ഏഷ തെർഘ്യഃ സ്വധാഃ'–

എന്നു് പ്രേതപാത്രംകൊണ്ടുതന്നെ പിതാമഹ പ്രതിനിധിക്ക് അർഘ്യംകൊടുത്തു് അവശിഷ്ടം (മിച്ചം) ജലം പിണ്ഡത്തേൽ കൊടുപ്പാനായി മറ്റൊരു പാത്രത്തിലാക്കി വയ്ക്കണം. പിന്നീട്, ആ (പ്രേത) പാത്രത്തിൽ പ്രതിനിധികളുടെ കയ്യിലെ നീരും പവിത്രവും

സംഗ്രഹിച്ച് (ഇട്ട്) പ്രേതപുരുഷൻെറ ഇടത്തുമാററി തെക്കോട്ട് തലയായി വച്ചിരിക്കുന്ന ദർഭയിൽ 'പിതൃഭ്യഃസ്ഥാനമസി' എന്നുച്ചരിച്ച് ആയത്ത് കമിഴ്ത്തിയിടണം.- പിന്നീട്, പിതാമഹാദികൾക്ക് ഗന്ധാദിദാനം, അച്ഛിദ്രവാചനമെന്നിവ കഴിക്കുക. അതിനുശേഷം

'അഗ്നയേ കവ്യവാഹനായ സ്വാഹാ-
സോമായ പിതൃമതെ സ്വാഹാ'-

എന്ന് രണ്ടാഹുതി (ഹോമം) കഴിച്ച് ശിഷ്ടമുള്ള അന്നം പിതാമഹാദി പാത്രത്തിലിടണം.

പിന്നീട്, 'ഓം പൃഥിവീ തെ പാത്രം ദ്യൗഃപിധാനം
ബ്രാഹ്മണസ്യമുഖെ അമൃതെ അമൃതം ജുഹോമി സ്വാഹാ'-

എന്ന് പിതാമഹാദികളുടെ പാത്രാമന്ത്രണം മുറയ്ക്ക് കഴിച്ച് അവരുടെ പാത്രസ്പർശനാദി ചെയ്തുവച്ച്, പ്രേതാന്നപാത്രം തൊട്ട് മുമ്പോൽ ആമന്ത്രണവും

'ഇദം വിഷ്ണുർവ്വിചക്രമെ ത്രേധാ നിദധെ പദം
സമൂഢമസ്യപാംസുലെ വിഷ്ണോ കവ്യം രക്ഷസ്വ'

എന്ന് പാത്രത്തിൽ പ്രതിനിധിയുടെ അംഗുഷ്ഠനിവേശനവും (പെരുവിരലൂന്നലും) കഴിക്കണം.—പിന്നെ

''തിലോസി സോമദൈവത്യോ
ഗൊസവെ ദേവനിർമ്മിതഃ
പ്രത്നവദ്ഭിഃപൃക്തഃസ്വധയാ
പിതൄൻലോകാൻ പ്രീണാഹി നഃസ്വാഹാ''

എന്നുചൊല്ലി തിലംകൊണ്ട് നീരുകൊടുത്ത് അന്നം തുകി തിലംകുട്ടി നീരുവീഴ്ത്തുക. തദനന്തരം 'അമുക ഗോത്രമൽപിതഃ (അല്ലെങ്കിൽ മാതഃ) അമുക നാമക പ്രേത ഏതത്തേന്നം സഘൃതം സപാനീയം സവ്യഞ്ജനം പ്രതിഷിദ്ധവർജിതം യെ ചാത്രത്വാമനു യാംശ്ചത്വമനുതസ്മൈതെസ്വധാ' എന്ന് സങ്കല്പിച്ച് §ഭുക്താവശിഷ്ടമന്നം വിതറണം.-അതിനുശേഷം വിശ്വദേവപ്രതിനിധികൾക്ക് കുടിക്കുനീർ കൊടുക്കുക. പിന്നീട്, പിതാമഹാദികളോട് തൃപ്തിപ്രശ്നംചെയ്തിട്ട് പ്രേതപ്രതിനിധിയോട് 'ഓം സ്വദിതം ഭവദ്ഭിഃ'

---

§ ഭുക്തിവശിഷ്ടം = വിളമ്പിയതിൻെറ ശേഷം.

എന്നു് ചോദിക്കുക. 'സ്വദിതം' എന്നു പറഞ്ഞുകഴിഞ്ഞാൽ 'അമുക (വസിഷ്ഠ) ഗോത്രമൽപിതാമഹാമുകനാമക സപത്നീക ഏഷ തെ പിണ്ഡോ യെ ചാത്രത്വാമനുയാംശ്ചത്വാമനുതസ്മൈ തെ സ്വധാ'എന്നു പിണ്ഡംവച്ചു് 'പിണ്ഡാദിദാനമച്ഛിദ്രമസ്തു സങ്കല്പസിദ്ധിരസ്തു' എന്നു പറഞ്ഞിട്ടു് ശേഷംപേർക്കുമിതുപോലെതന്നെ ചെയ്യുക. പിന്നീടി പ്രകാരം സങ്കല്പം ചൊല്ലി പ്രേതപിണ്ഡംവച്ചു് അച്ഛിദ്രവാചനാദി കഴിച്ചുകൊാക. ഇത്രയുംകഴിഞ്ഞു് പ്രേതപിണ്ഡം മൂന്നാക്കിഭാഗിച്ചു് 'യെ സമാനാഃ' എന്നു് ജലമിശ്രണത്തിനുപറഞ്ഞ മന്ത്രങ്ങൾ ചൊല്ലി പിതൃപിതാമഹാദി പിണ്ഡങ്ങളോടു കൂട്ടിയോജിപ്പിക്കുക. പിന്നീടു് പിണ്ഡത്തേൽ ‡ഗന്ധാദിദാനംചെയ്തു് പിണ്ഡമനക്കിവയ്ക്കുക. 'സു സുപ്രോക്ഷിതമസ്തു—ശിവാആപഃസന്തു' മുതുമുത്തച്ഛൻ തുടങ്ങി ഇങ്ങോട്ടു് പ്രതിനിധികളുടെ കയ്യിൽ ജലം കൊടുക്കണം.-(അനന്തരം സ്വസ്തിവചനം വേണമെന്നു പക്ഷം)-പിന്നെ ഗോത്രസ്യാക്ഷയ്യമസ്തു' എന്നുച്ചരിപ്പിക്കുക-പിന്നീടു്, പ്രേതപുരുഷൻെറ ഹസ്തത്തിൽ 'ഓം ഉപതിഷ്ഠതാം' എന്നു് തിലസമേതം ജലം ദാനംചയ്ക. 'സനാമ ഗോത്രമുപതിഷ്ഠതാം' എന്നയാൾ പറഞ്ഞാൽ,

> അഘോരാഃപിതരഃസന്തു ഗോത്രം നൊ അഭിവർദ്ധതാം
> ദാതാരൊ നോഭിവർദ്ധന്താം വേദഃസന്തതിരേവച'

എന്നു് ഗോത്രാദി കൂട്ടി ജപിക്കുക. 'സ്വധാംവാചയിഷ്യെ' എന്നു് പിതാമഹാദികളോടപേക്ഷിച്ചു് 'വാച്യതാം' എന്നനുജ്ഞ കിട്ടിയാൽ 'പിതാമഹാദിഭ്യഃസ്വധാ' എന്നുച്ചാരണം ചെയ്യണം. 'അസ്തു സ്വധാ' എന്നു് പ്രതിനിധികളും പറയുക. പിന്നെ പിതൃപ്രതിപുരുഷനോടു് 'പിതൃഭ്യഃസ്വധോച്യതാം' എന്നതിനു് 'അസ്തുസ്വധാ' എന്നു പറയുമ്പോൾ 'ഊർജ്ജംവഹന്തീരമൃതം ഘൃതം പയഃകീലാലം പരിശ്രുതം സ്വധാസ്ഥതർപ്പയത മെ പിതൄൻ' എന്നു് തെക്കോട്ടു് ജലംവീഴ്ത്തുക—ഇത്രയുമായാൽ 'വിശ്വേദേവാഅസ്മിൻയജ്ഞെ പ്രീയന്താം' എന്നു് വിശ്വദേവപ്രതിനിധികളുടെ കയ്യിൽ യവൊദകം കൊടുക്കുകയും

> 'ദേവതാഭ്യഃപിതൃഭ്യശ്ച മഹായോഗിഭ്യ ഏവ ച
> നമഃസ്വധായൈ സ്വാഹായൈ നിത്യമേവ നമൊനമഃ'

എന്നു് മൂന്നുരു ജപിക്കുകയും ചെയ്യണം.—പിന്നീടു്, പിണ്ഡം പാത്ര

‡ ഗന്ധാദി = ചന്ദനം, എള്ളു്, പൂവു് മുതലായതു്.

ത്തിലിളക്കിവച്ച് ആചമനംകഴിച്ച് പിതാമഹാദികാംക്ക് ദക്ഷിണ ചെയ്തശേഷം പ്രേതപ്രതിനിധിക്ക് ദക്ഷിണകഴിച്ചുകൊള്ളുക. 'ആശിഷൊ ദീയന്താം' എന്നനുഗ്രഹപ്രാർത്ഥന ചെയ്ത് 'ആശിഷഃ പ്രതിഗൃഹ്യന്താം' എന്ന് അവർ പറഞ്ഞാൽ

'ദാതാരൊ നോഭിവർദ്ധന്താം വേദഃസന്തതിരേവച
ശ്രദ്ധാ ച നൊ മാ-വിഗമദ് ബഹുദേയംച നോസ്ത്വിതി'

എന്നുചൊല്ലി മുമ്പ് കമിഴ്ത്തിവച്ചിട്ടുള്ള പാത്രം മലർത്തിവച്ച്

'വാജെ വാജെ ബത വാജിനൊ നൊ
ധനേഷു വിപ്രാ അമൃതാ ഋതജ്ഞാഃ
അസ്യ മദ്ധ്വഃപിബത മാദയദ്ധ്വം
തൃപ്താ യാത പഥിഭിർദേവയാനൈഃ'

എന്നുചൊല്ലി പിതാമഹാദികളെ അയയ്ക്കുകയും 'അഭിരമ്യതാം' എന്ന് പ്രേതപ്രതിനിധിയെ വിടുകയും വേണം.—ശുഭം.

*

## 5. സംസ്കാര പദ്ധതി

i. വിവാഹം :

a) ആചാരഭേദം

ഈ പദ്ധതിയിൽ പ്രഥമമായി വിവാഹരൂപസംസ്കാരം വിവരിക്കപ്പെടുന്നു-മരുമക്കത്തായം നിലനിൽക്കുംവരെ കേരളത്തിലെ (മലയാളത്തിലെ) പ്രാചീനനവീന ക്ഷത്രിയന്മാരിരുവരുടേയും ആചാരമനുസരിച്ചായാലും (പ്രാചീന ക്ഷത്രിന്മാരായ) നായന്മാരുടെ വിവാഹപ്രകൃതിയെ തല്ക്കാലം വളരെ ഭേദപ്പെടുത്തി പറയാനില്ലാതെ ഇരിക്കുന്നു–'അസമാനഗോത്രപ്രവരെ വിവാഹഃ' സമാനഗോത്രനാമങ്ങളില്ലാത്തവരുമായി വിവാഹം വേണ്ടതെന്ന് ഗൌതമൻ പറയുന്നു-ഇതൊരു നല്ലകാര്യംതന്നെ ആകുന്നു–'അസപിണ്ഡാ ച യാമാതുരസപിണ്ഡാ ച യാ പിതുഃ' എന്നതിലെ രണ്ടാമത്തെ പിതൃസപിണ്ഡരെ വിവാഹത്തിൽ പരിവർജിക്കുന്ന പതിവ് ഇവിടെയില്ല. ഉത്തരദേശക്കാർ ഇതിനെ അനാചാരമായിട്ട് 'ഉദ്വഹ്യേത ദാക്ഷിണാത്യൈർമ്മാതുലസ്യ സുതാം തഥാ' എന്നാദിയായി പറയുന്ന എങ്കിലും 'പ്രാതരന്നം തു ദ്രാവിഡെ' എന്ന സ്കാന്ദാദിവചനംപോലെ Ψതത്തദ്ദേശവ്യതിരിക്തദേശങ്ങളിൽ അതനാചാരമെന്നല്ലാതെ,

> '*യസ്മിൻ ദേശെ യ ആചാരഃ പാരംപര്യക്രമാഗതഃ
> വർണാനാം സാന്തരാളാനാം സ സദാചാര ഉച്യതെ'

എന്നപ്രകാരം ശിഷ്ടാനുകരണബലത്താൽ അനാചാരമായി ഗണിപ്പാനില്ലാത്തതാകുന്നു.

---

Ψ തത്തദ്ദേശവ്യതിരിക്ത ദേശങ്ങൾ = അതാതു ദേശങ്ങളൊഴിച്ചുള്ള ദേശങ്ങൾ.
* പരംപരയാ ഏതാചാരം ഏതു് ദേശത്തു് നടപ്പുണ്ടോ ചതുർവർണത്തിലും അതതിൻ വിഭാഗങ്ങളിലും അതിനും താഴെയും ഉള്ളവരിൽ നടപ്പുള്ള ആവക ആചാരങ്ങളെയാണ് സദാചാരം എന്നുപറയുന്നതു്.

b) വർജ്ജ്യ സ്ത്രീലക്ഷണം :

'യവീയസീം തു വയസാ' എന്ന പ്രമാണപ്പടി കന്യക പുരുഷനെക്കാൾ കുറഞ്ഞ വയസ്സിൽ വേണ്ടതാകുന്നു–

*'നിസർഗതൊധികാംഗീം വാ ന്യൂനാംഗീമപി നോദ്വഹേത
സ്ഥിതാദപി ന സഞ്ചാരീ രോഗദോഷസമന്വിതാം =
ന ശ്മശ്രുവ്യഞ്ജനവതീം ന ചൈവ പുരുഷാകൃതിം
ക്ലപൌ യസ്യാഹസന്ത്യാസ്താം നോദ്വഹേൽ സംഹതഭ്രുവം' =

അധികാംഗിയേയും ന്യൂനാംഗിയേയും മഹാകുല സമുദ്ഭൂതയാകിലും പകരുന്ന Ψവ്യാധിയാൽ സമുപസൃഷ്ടയേയും ശ്മശ്രുസംയുക്തയേയും പുരുഷപ്രകൃതിയേയും ചിരിക്കുന്ന സമയം കവിൾത്തടത്തിൽ (നൊണ) കുഴിയുള്ള യോഷയേയും കൂട്ടുപുരികമുള്ള ചട്ടലാംഗിയേയും വിവാഹം ചെയ്യരുതു.-'അചികിത്സ്യം' എന്നുള്ളതിനാൽ മാറാവ്യാധിയുള്ളവരേയും പരിഹരിക്കേണ്ടതാകുന്നു–എന്നാൽ, വോഢാവിന്റെ (വരന്റെ) നിഷ്കാരണം മനോനയനാനന്ദകാരിണിയായി വന്നാൽ, അചികിത്സ്യവ്യാധിസമാക്രാന്തയല്ലെങ്കിൽ, പരിണയമാവാം– 'യസ്യാം മനശ്ചക്ഷുഷൊർന്നിബന്ധസ്തസ്യാമൃദ്ധിഃ' എന്നു ആപസ്തംബൻ ഈ അഭിപ്രായത്തെ സ്മരിക്കുന്നു. വരനും സവർണ്ണനായിരിക്കണമെന്നു ശാസ്ത്രം പറയുന്നു. ആകയാൽ, ഉത്തമന്മാരെന്നുള്ള ഭ്രമത്താൽ മററുചിലരെക്കൊണ്ടു നടത്തിക്കുന്ന പരിണയവിധി ദ്രവിഡ (ശിരൊവേഷ്ട) പ്രാണായാമത്തോടൊക്കുന്നതാകയാൽ ത്യാജ്യമാകുന്നു– വർണ്ണവിഭാഗം ഗുണധർമ്മസാപേക്ഷമെന്നതു നിരാക്ഷേപവും പ്രാജ്ഞസമ്മതവുംതന്നെ ആകുന്നതിനാൽ സമാനസ്വഭാവവും ധർമ്മവുമുള്ളവർ സവർണ്ണന്മാരാകുന്നു എന്നപക്ഷം തല്ക്കർത്തുവേധസ്സുകൾക്കും സമ്മതമാകാനാണു ∝പ്രത്നകാലത്തെ നടപ്പുനോക്കുമ്പോൾ ന്യായമുള്ളതെന്നതിനാൽ ഇങ്ങിനെ തിരിഞ്ഞുചേർക്കുന്നതും നല്ലതു തന്നെ-ഇനിയും ‖ പിത്ര്യസംബന്ധികളായ ബാഹ്യാഭ്യന്തര കഠിന മൃദുഭാഗങ്ങൾ ക്രമേണ പിതൃജനങ്ങളും മാതൃജനങ്ങളുമാകകൊണ്ടും ഇതു യുക്തമാകുന്നു.

'യതാൽ പരീക്ഷിതഃപുംസ്ത്വേ യുവാ, ധീമാ, ജ്ജന പ്രിയഃ'-

---

* ജനനാൽതന്നെ വിരൽ, സ്തനം മുതലായ അവയവങ്ങൾ കൂടുതലോ കുറവോ ഉള്ളവരെ വിവാഹം ചെയ്യരുതു. Ψ വ്യാധിയാൽ സമുപസൃഷ്ട = രോഗം പിടിപെട്ട. ∝ പ്രത്നം = പുരാതനം. ‖ പിത്ര്യം = പിതാക്കളെ ചേർന്ന.

ഷണ്ഡാദിനിവൃത്തിക്കായി പുംസ്ത്വവിഷയത്തിൽ പരീക്ഷിക്കപ്പെട്ട വനായും ധീമാനായും ജനപ്രിയനായുമിരിക്കണം വരൻ എന്നുള്ള തിനാൽ പരീക്ഷിക്കേണ്ടതും തന്നെ.

'ഹ്രാദി, ഫേനില, മൂത്രശ്ച, ഗുരുശുക്രർഷഭസ്വരഃ
പുമാൻസ്യാദന്യഥാ പാണ്ഡു ദുശ്ചികിത്സ്യോ മുഖൈ ഭഗഃ' =

എന്നു തുടങ്ങിയതും ഗ്രഹിക്കത്തക്കതാകുന്നു.

ആരംഭക്രിയകൾ :

വിവാഹമുഹൂർത്താരംഭത്തിൽ ഗ്രഹശാന്തിഹോമം കഴിക്കേണ്ടതും സ്വർണ്ണവസ്ത്രാദികളെ പാത്രത്തിൽ (വിദ്യാതപോധനന്മാരിൽ; ƒഅല്ലാതെ, സാധുക്കളിൽ) യഥാശക്തി നിക്ഷേപിക്കേണ്ടതുമാകുന്നു. പിന്നീട്, നാന്ദീമുഖ(ശ്രാദ്ധ)മൂട്ടണം. മുഹൂർത്തമായി, മാപ്പിളയെന്നു പറയുന്ന, വരന്റെ വരവുകഴിഞ്ഞാൽ, സ്വസ്തിവാചനം കഴിച്ച് വിവാഹം (*താലികെട്ടു നടത്തണം). ഇതിനിടയിൽ സ്ത്ര്യാചാരാദി (അമ്മച്ചടങ്ങുകൾ) പുറമേ ഉള്ളതാകുന്നു.

പാണിപീഡനവിധി-വിസ്തരിച്ച്

c) വരസ്വീകരണം

മാപ്പിളയുടെ വരവിനുപയുക്തമായി പുരന്ധ്രികളാൽ വഹിക്കപ്പെടുന്ന ദീപികാവലി, പൂർണകലശ, ദർപ്പണ, പുഷ്പാക്ഷത, മാലാ ധ്വജാദി, Ψലാജവിതരണ, ‡ലൂലുദ്ധ്വനി, മംഗലവാദ്യാനുഗതമായിട്ടും, അഭിജ്ഞജനങ്ങളാൽ

'ഓം കനിക്രദജ്ജനുഷം പ്രബ്രുവാണ
ഇയർത്തിവാചമരിതെവനാവം
സുമംഗലശ്ച ശകുനെ ഭവാസി
മാതാകാചിദഭിഭാവിശ്യാവിദത്' =

---

ƒ വിദ്യാതപോധനൻമാരെ കിട്ടുന്നില്ലെങ്കിൽ സജ്ജനങ്ങൾക്ക് നൽകണം.
* വരൻ ''മംഗല്യതന്തുനാനേനമമജീവനഹേതുനാ കണ്ഠേ ബധ്നാമി സുഭഗേ, ജീവേമ ശരദശ്ശതം'' എന്ന മന്ത്രംചൊല്ലി വധുവിന്റെ കഴുത്തിൽ മഞ്ഞളിൻ ചാറിൽ മുക്കി ഉണക്കിയ, നൂലിൽ കൊരുത്ത സ്വർണ്ണത്താലി കെട്ടുന്നു. വസ്ത്രദാനം വധുവിനു് പിന്നെ ചെയ്യുന്നു. സപ്തപദിക്കുമുമ്പാണ് ഇവ നടത്തുക.
Ψ ലാജവിതരണം = മലരു തൂകുക. ‡ ലൂലുധ്വനി = കുരവ.

മാതാശ്യേന ഉദധീന്മാ സുപർണൊ
മാതാവിദദിഷ്യമാനപീരൊഅസ്ഥാ
പിത്ര്യാമനുപ്രദിശം കനിക്രദ-
ത്സുമംഗലൊ, ഭദ്രവാദീ, വദേഹ =
അവക്രന്ദദക്ഷിണതൊ ഗൃഹാണാം
സുമംഗലോ ഭദ്രവാദീ ശകുന്തെ
മാനസ്തേനഈശതമാഘശംസൊ
ബൃഹദ്വദേമ വിദഥെ സുവീരാഃ' =

ഇത്യാദി Ψസൂക്തജപാനപിതമായിട്ടും ചെന്നു്, Tസുമംഗലികളാൽ നീരാജിതനായിട്ടു വേണ്ടതാണു്. (ഇതു് മുമ്പുപറഞ്ഞതിലുമുപയോഗപ്പെടുത്താവുന്നതാകുന്നു).

d) കന്യാദാനം :

അനന്തരം വിവാഹാർത്ഥം കല്പിക്കപ്പെട്ടിരിക്കുന്ന വേദിയിൽ വരൻ *f* പ്രാങ്മുഖനായിരുന്നുകൊണ്ടു് ദക്ഷിണഭാഗത്തു് വധുവിനെ ഇരുത്തി രണ്ടുവട്ടമാചമിച്ചു്, പ്രാണായാമംചെയ്തു്, ദേശകാലങ്ങളെ കീർത്തിച്ചു്, സ്ഥലശുദ്ധി, അഗ്നിസ്ഥാപനമെന്നിവ കഴിച്ചു്, അഗ്നിയുടെ പൃഷ്ഠ (പടിഞ്ഞാറെ) ഭാഗത്തു് കല്ലുസ്ഥാപിച്ചു്, വടക്കുകിഴക്കായി *ധാന്യപുഞ്ജോപരി പൂർണ്ണകുംഭം പല്ലവാച്ഛാദിതമായി വച്ചു്, ഗന്ധപുഷ്പം ചാർത്തി, അഗ്നിയുടെ മുമ്പിലായി ഏഴിടത്തു് ഉണക്കലരി കൂട്ടിവച്ചു്, സമിത്തെടുത്തു് ഹോമിക്കണം. പിന്നെ, 'ഓം അഗ്നആയൂംഷി—നാം സ്വാഹാ'- ഓം അഗ്നിരൃഷിഃ-സ്വാഹാ'- 'ഓം അഗ്നെപവസ്വ-സ്വാഹാ'- 'ഓം ത്വമര്യ്യമാഭവസിയല്കനീനാം-സ്വാഹാ'- 'ഓം പ്രജാപതെന-സ്വാഹാ'- എന്നാദിയായ മന്ത്രങ്ങളെക്കൊണ്ടു് ആജ്യാഹുതി കഴിച്ചു് പടിഞ്ഞാറുനോക്കി സ്ഥിതിചെയ്തുകൊണ്ടു് പൂർവ്വാഭിമുഖയായ വധുവിൻെറ അംഗുഷ്ഠത്തോടെ ദക്ഷിണഹസ്തത്തെ (വലംകയ്യു്)

'ഓം ഗൃഭ്ണാമി തെ സൌഭഗത്വായ ഹസ്തം
മയാപത്യാജരദഷ്ടിര്യ്യഥാ സഃ

Ψ ജപാന്വിതം = ജപത്തോടുകൂടി. T സുമംഗലികൾ = വിവാഹിതകൾ. നീരാജിതൻ = ദീപം ഉഴിയപ്പെട്ടവൻ. *f* പ്രാങ്മുഖൻ—കിഴക്കുനോക്കി ഇരിക്കുന്നവൻ. *ധാന്യപുഞ്ജോപരി—ധാന്യമിട്ടതിൻെറ മേൽ.

ഭഗൊ അര്യ്യമാ സവിതാ പുരംധിർ മഹ്യം ത്വാ ദുർഗാർഹ-
പത്യായ ദേവാഃ'

എന്നുചൊല്ലി ദക്ഷിണഹസ്തംകൊണ്ടു് ഗ്രഹിക്കേണ്ടതാകുന്നു. പി
ന്നീടു്, വധുവിനെ എഴുന്നേല്പിച്ചു് (അവരെക്കൊണ്ടു്) കൈകഴുകിച്ചു്
അഗ്ന്യുദകുംഭങ്ങൾക്കു് വലംവച്ചു് താൻ മുമ്പിൽ നടന്നുകൊണ്ടു്

'ഓം അമോഹമസ്മി സാ ത്വമസ്യമോഹം ദ്യൌരഹം പൃഥിവീ
ത്വം സാമാഹമൃക്ത്വം താവേഹ വിവഹാവഹൈ=
പ്രജാംപ്രജനയാവഹൈ സംപ്രിയൌ രൊചിഷ്ണൂ സുമനസ്യ
മാനൌ ജീവേവ ശരദഃശതം'=

എന്നുള്ള മന്ത്രം ജപിക്കണം. അതിന്റെ ശേഷം

'ഓം ഇമമശ്മാനമാരോഹാശ്മേവ ത്വം സ്ഥിരാഭവ
സഹസ്വപൃതനായതൊഭിതിഷ്ഠപൃതന്യതഃ'

ഈ മന്ത്രംചൊല്ലി കിഴക്കുനോക്കി രണ്ടുകാലും ചവിട്ടിച്ചു്, (സ്ത്രീയെ)
ശിലയിൽ കരേററണം. പിന്നീടു്, ലാജഹോമം.

e. സപ്തപദി

പിന്നീടു്, തണ്ഡുലരാശികളെ വലത്തുകാൽകൊ*ണ്ടുല്ക്രമി
പ്പിക്കണം. അതിനോരോന്നിനും

'ഓം ഇഷ ഏകപദീ ഭവസാമാമനുവ്രതാ ഭവ-
പുത്രാൻ വിന്ദാവഹൈ ബഹൂംസ്തെ സംതു ജരദഷ്ടയഃ=2;
ഊരജെ ദ്വിപദീഭവ 3;
രായസ്പോഷായ ത്രിപദീ ഭവ- 4;
മായൊ ഭവ്യായ ചതുഷ്പദീ ഭവ- 5;
പ്രജാഭ്യഃപഞ്ചപദീ ഭവ- 6;
ഋതുഭ്യഃഷട്പദീ ഭവ-' 7

സഖാസപ്തപദീ ഭവ, ഇത്യാദി മന്ത്രമുച്ചരിക്കേണ്ടതാകുന്നു.
പിന്നീടു്, കുംഭസ്ഥജലംകൊണ്ടു് (യോജിപ്പിക്കപ്പെട്ട) ഇരുവരുടേ
യും ശിരസ്സിലഭിഷേകം ചെയ്ക. അനന്തരം ധ്രുവാരുന്ധതീപ്രദർ

§ ഉദം | ഉദകം. * ഉല്ക്രമിക്ക—അതിക്രമിക്ക (ചവിട്ടികടക്കുക).

ശനം-ഇതുവരെ വധുവിനു് മൌനം വിഹിതമാകുന്നു)].

വിവാഹക്രമം വിസ്തരിച്ചതു് സ്ഥിരപാണി ഗ്രഹണമാകുന്ന ഭാവിയെക്കുറിച്ചഭിമാനിക്ക നിമിത്തമാകുന്നു. വിവാഹത്തിനും പ്രായശ ഐകരൂപ്യം വേണ്ടതാകുന്നു. ആയതു് പ്രയോജനശൂന്യമായി പരകൃതമായിരിക്കുന്ന രീതിയെ ദൂരീകരിച്ചു് കുണപ്പവരനെക്കൊണ്ടു് നടത്തിക്കേണ്ടതും വരലാഭത്തിനു് കാലംചെന്നുപോകിലും കൂടി ആ അവസരത്തെ തന്നെ പ്രതീക്ഷിക്കേണ്ടതും ആകുന്നു. ഋതുശാന്തിക്കുശേഷം നടത്തപ്പെടുന്ന വിവാഹം സദോഷമല്ലെന്നു് മലയാളത്തെ മററുചില മാന്യന്മാരുടെ ആചാരത്തെക്കുറിച്ചു് പര്യാലോചിക്കുന്നതായാൽ മലയ ക്ഷത്രിയ നായന്മാർക്കു് സമാധാനമുണ്ടാകുന്നതാണല്ലൊ.

(മുൻപു പറഞ്ഞ അഭ്യുദയിക(വൃദ്ധി)ശ്രാദ്ധം സർവ്വസാധാരണയാകുന്നു. ഇതു് ശൂദ്രനുപോലും വേണ്ടതാണു്-

'ഏവം ശൂദ്രോപി സാമാന്യം വൃദ്ധിശ്രാദ്ധം ച സർവ്വദാ
നമസ്കാരേണമന്ത്രേണ കുര്യാദാമാന്നവാൻ ബുധഃ'-

എന്നു് പ്രമാണമുണ്ടു്.

'ഉത്സവാനന്ദസംഭാരെ യജ്ഞോദ്വാഹാദിമംഗലെ
മാതരഃപ്രഥമപൂജ്യാഃപിതരസ്തദനന്തരം'=

'കന്യാപുത്രവിവാഹേ ച പ്രവേശേ നവവേശ്മനഃ
നാമകർമ്മണി ബാലാനാം ചൂഡാകർമ്മാദികേ തഥാ=

സീമന്തോന്നയനേ ചൈവ പുത്രാദിമുഖദർശനെ
അന്നപ്രാശേ ച സീമന്തെ വൃദ്ധിശ്രാദ്ധം പ്രകീർത്തിതം'=

എന്നു തുടങ്ങി വിഷ്ണുമത്സ്യപുരാണാദിപ്രമാണബലത്താൽ ഈ അഭ്യുദയശ്രാദ്ധം ഗൃഹപ്രവേശനാന്നപ്രാശന വിവാഹസീമന്താദി ശുഭകാര്യാരംഭത്തിൽ സർവ്വത്ര വേണ്ടതാകുന്നു- ചുരുക്കി ചെയ്യുന്നതായാൽ സാധാരണ കർമ്മങ്ങളുടെ അംഗമായുള്ള നാന്ദിക്കു് ഒരു ദാനം മതിയാകും-

'മഹാഗുരൌ പ്രേതീഭൂതെ വൃദ്ധികർമ്മ ന യുജ്യതെ'

എന്ന പ്രമാണത്താൽ അമ്മയുമച്ഛനും മരിച്ചാൽ സംവത്സരത്തേക്കു് വൃദ്ധിശ്രാദ്ധം നിഷിദ്ധമാകുന്നു- അപ്പോഴം സീമന്താദിവരികിൽ

(വൃദ്ധി) നീട്ടാവുന്നതാണ്‌. ഈ കൃത്യത്തിൽ മാതൃക്കൾ പ്രഥമമാരാധ്യകളാകുന്നു. നാന്ദീശ്രാദ്ധക്രമം ശ്രാദ്ധപദ്ധതിയിൽ കണ്ടുകൊൾക).

ഇതുപോലെ സ്വസ്‌തിവചനവും (എല്ലാക്കും) വേണ്ടതാകുന്നു.

'സോംകാരം ബ്രാഹ്മണെ ബ്രൂയാ ന്നിരോംകാരം മഹീപതൌ
ഉപാംശു ച തഥാ വൈശ്യെ ശൂദ്രേ സ്വസ്‌തിവചൊ ഹിതം-

എന്ന്‌ പ്രമാണമുണ്ട്‌. ആയതു്‌ ഇപ്രകാരമാകുന്നു. 'അദ്യാമുകകർമ്മണി (ഇന്നകർമ്മത്തിൽ) പുണ്യാഹം ഭവന്തൊ ബ്രുവന്തു'- എന്ന്‌ യജമാനൻ (കർത്താവു്‌) പറയുമ്പോൾ ശേഷംപേർ 'പുണ്യാഹം'- എന്ന്‌ മൂന്നു വട്ടം പറയണം. പിന്നീട്‌, അമുകകർമ്മണി (ഇന്നവിധമുള്ള എന്നാൽ അന്നപ്രാശനെ എന്നോമറോ വേണ്ടതു്‌) 'ഋദ്ധിംഭവന്തൊ ബ്രുവന്തു'- എന്നുപറയുമ്പോൾ 'ഋദ്ധ്യതാം'- എന്ന്‌ മൂന്നുവട്ടം പറയണം- 'സ്വസ്തി ഭവന്തൊ ബ്രുവന്തു'- എന്നതിന്‌ 'സ്വസ്‌തി, സ്വസ്‌തി, സ്വസ്‌തി'- എന്നുച്ചരിക്കണം— പിന്നീട്‌, 'സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാഃ സ്വസ്തി നഃ പൂഷാ വിശ്വദേവാഃ-സ്വസ്‌തി ന സ്താർക്ഷ്യോടരിഷ്ടനേമിഃ സ്വസ്‌തി നൊ ബൃഹസ്പതിർദധാതു'- എന്നുചൊല്ലി നെല്ലുമരിയുമിടുക. ഇങ്ങിനെ സമാസേന സ്വസ്‌തി വാചനം—വിസ്‌തരഭയത്താൽ രൂപാന്തരത്തിലുള്ളതിനെ വിവരിക്കാത്തതാകുന്നു. അംഗമാകയാലിത്രയും മതിയാകും. അന്യവിധമായുള്ളതു വേണ്ടുകിൽ ഗ്രന്ഥാന്തരാദവസേയമാകുമെന്ന്‌ വിശ്വസിക്കുന്നു.

ഗർഭാധാനമെന്ന സംസ്കാരം സർവ്വത്ര Tപ്രചലിതമായിരിക്കുന്നില്ലാത്തതിനാൽ എഴുതുന്നില്ല.

## ii. സാമാന്യ *പുംസവനം (പുളികുടി):

ആയതു്‌ തൃതീയ മാസാരംഭത്തിൽ ശുഭദിവസംനോക്കി ഭർത്താവു്‌ കുളിച്ച്‌ കൃതനിത്യക്രിയനായിവന്ന്‌ അഗ്നിസ്ഥാപിച്ച്‌ അഗ്നിയുടെ പടിഞ്ഞാറുഭാഗത്തായിട്ടു്‌ Ψകൃതശൌചയായ പത്നിയെ കുശാസനത്തിന്മേൽ കിഴക്കുനോക്കി ഇരുത്തി ചാൺ നീളമുള്ള ചമത

T പ്രചലിതം=പ്രചാരമുള്ളതു്‌. (ഗർഭാധാനം എന്നതു്‌ ഇപ്പോൾ നടപ്പില്ലായ്‌കയാൽ) * പുരുഷപ്രജയാകാനുള്ളക്രിയ· Ψകൃതശൌച—സ്നാനാദിയാൽ ശുചിയായ.

നെയ്യിൽ മുക്കി തുഷ്ണീംഭൂതനായിട്ട് (മൌനവാനായി) അഗ്നിയിൽ ഹോമിക്കണം- പിന്നീട്, മഹാവ്യാഹൃതിഹോമം കഴിക്കണം.

'പ്രജാപതിഃ-ഗായത്രീ-അഗ്നിഃ- മഹാവ്യാഹൃതിഹോമേ വിനിയോഗഃ- ഓം ഭൂഃ സ്വാഹാ'- പിന്നെ 'പ്രജാപതിര്ഋഷിഃ- ഉഷ്ണിക്ഛന്ദഃ- 'വായുർദ്ദേവതാ, വിനിയോഗഃ [പൂർവ്വവത് (മുമ്പോൽ) 'ഓം ഭുവഃസ്വാഹാ'- പിന്നെ 'പ്രജാപതിഃ-അനുഷ്ടുപ്-സൂര്യഃ-ഓം സ്വഃസ്വാഹാ'- ഇങ്ങനെ ഹോമംകഴിച്ചെഴുന്നേററു് പത്നിയുടെ പൃഷ്ഠഭാഗത്തുനിന്നുകൊണ്ടു് അവരുടെ വലത്തെത്തോളിൽ സ്പർശിച്ചു് ആ ഹസ്തം കീഴിറക്കി (പൊക്കിൾ) മണിപൂരം, തൊട്ടു് ഇങ്ങിനെ ജപിക്കുക

'പ്രജാപതിഃ- അനുഷ്ടുപ്- മിത്രാവരുണാഗ്നിവായവഃ
പുംസവനെ വിനിയോഗഃ-
ഓം പുമാംസൌ മിത്രാവരുണൌ പുമാംസാവശ്വിനാവുഭൌ
പുമാനഗ്നിശ്ച വായുശ്ച പുമാൻ ഗർഭസ്തവോദരെ'-

എന്നു്-അതിനുശേഷം *സരൂപവത്സയായിരിക്കുന്ന ഗോവിൻെറ അർദ്ധാഞ്ജലി (പരിമിത) പ്രമാണക്ഷീരത്തിൽ ഈരണ്ടു് യവമാഷങ്ങളുംചേർത്തു് 'കിംപിബസി' എന്നുപതിയാൽ പൃഷ്ടയായ സ്ത്രീ 'പുംസവനം' എന്നു് മൂന്നുവട്ടമുച്ചരിച്ചു് സേവിക്കണമെന്നുകൂടി അന്യത്രപക്ഷം (കാണുന്നു)—

iii. *f*സീമന്തം :

സീമന്തോന്നയനത്തിനു് ‖ പ്രാഗ്രീവമായുള്ള Tചർമ്മാസ്തരണത്തിന്മേൽ പത്നിയോടുകൂടി അന്വാരബ്ധനായി (കുശംകൊണ്ടു് തൊടുക്കപ്പെട്ടവനായി) രണ്ടു് ആജ്യാഹുതി കഴിക്കണം.

'ധാതാ ദദാതു ദാശുഷ ഇതി മന്ത്രദ്വയസ്യ ഹിരണ്യഗർഭൊ ധാതാനുഷ്ടുപ്- ദ്വിതീയാ ത്രിഷ്ടുപ്- സീമന്തോന്നയനപ്രധാനാജ്യഹോമെ വിനിയോഗഃ-
ഓം ധാതാ ദദാതു ദാശുഷെ പ്രാചീം ജീവാതുമക്ഷിതാം

---

* സരൂപവത്സ—സമാനവർണ്ണാദി (നിറം തൊട്ടതു്) ഉള്ള കിടാവോടുകൂടിയ ഗോവ്! *f* വസ്ത്രമാല്യാഭരണങ്ങളാൽ വധുവിനെ പ്രീതിപ്പെടുത്തുന്ന സീമന്തം.
‖ പ്രാഗ്രീവമായ—കിഴക്കു തലയായ. T ചർമ്മാസ്തരണം—തോൽ (വിരിപ്പ്)

വയം ദേവസ്യധീമഹി സുമതിം വാജിനീവതഃസ്വാഹാ
(ധാത്രുഇദം നമമ)

ഓം ധാതാ പ്രജാനാമുതരായ ഈശെ
ധാതെദം വിശ്വം ഭുവനം ജജാന
ധാതാ കൃഷ്ടീരന മിഷാഭിചഷ്ടെ
ധാത്ര ഇദ്ധവ്യംഘൃതവജ്ജുഹോത സ്വാഹാ (ധാത്രുഇദംനമമ)
രാകാമഹമിതി ദ്വയോർ ഗൃത്സമദൊ രാകാജഗതീ- (മുമ്പോൽ)
വിനിയോഗഃ-

ഓം രാകാമഹം സുഹവാം സുഷ്ടുതീ ഹ്വെ
ശൃണോതു നഃസുഭഗാ ബോധതുത്മനാ-
സീവ്യത്വപഃസൂച്യാ ഛിദ്യമാനയാ
ദദാതു വിരംശതദായമുക്ഥം(1)സ്വാഹാ- (രാകായാ-
ഇദംനമമ)-

ഓം യാസ്തെരാകെ സുമതയഃസുപേശസൊ
യാഭിർ ദദാസി ദാശുഷെ വസൂനി
താഭിന്നൊ അദ്യ സുമനാ ഉപാഗഹി സഹസ്രപോഷം സുഭഗെ
രരാണാസ്വാഹാ (രാകായാഇദംനമമ)—
നേജമേഷേതി തിസൃണാം ത്വഷ്ടാവിഷ്ണുരനുഷ്ടപ്-
വിനിയോഗഃ പ്രാഗ്വൽ (മുമ്പോൽ)

ഓം നേജമേഷ പരാപത സുപുത്രഃ പുനരാപത
അസ്യൈ മെ പുത്രകാമായൈ ഗർഭമാധേഹി യഃപുമാൻ സ്വാ
ഹാ-(വിഷ്ണവഇദംനമമ)-

ഓം യഥെയം പൃഥിവീ മഹ്യുത്താനാഗർഭമാദധെ
ഏവം തം ഗർഭമാധേഹി ദശമെ മാസി സൂതവെ സ്വാഹാ-
(വിഷ്ണവഇദംനമമ-)

ഓം വിഷ്ണോഃ ശ്രേഷ്ഠേന രൂപേണാസ്യാം നാര്യാംഗവീന്യാം
പുമാംസം പുത്രാനാധേഹി ദശമെ മാസിസൂതവെ സ്വാഹാ-
(വിഷ്ണവ ഇദംനമമ)
പ്രജാപതെ ഹിരണ്യഗർഭഃ പ്രജാപതിസ്ത്രിഷ്ടപ്-വിനിയോ
ഗഃപ്രാഗ്വൽ (മുമ്പോൽ)

ഓം പ്രജാപതെ ന ത്വദേതാന്യന്യോ വിശ്വാജാതാനി പരിതാ
ബഭൂവ

യത്കാമാസ്തെജുഹുമസ്തന്നൊ അസ്തു വയംസ്യാമപതയൊര-
യീണാംസ്വാഹാ (പ്രജാപതയഇദംനമമ)=

എന്നു സ്രുവംകൊണ്ടു അഷ്ടാജ്യാഹുതിചെയ്തു പത്നിയുടെ *പശ്ചിമ
ഭാഗത്തു (ഇടത്തുഭാഗത്തു) കിഴക്കനോക്കിനിന്നു പാകപ്പെടാത്ത

ഈരണ്ടു ഫലങ്ങളുള്ള അത്തിക്കാക്കലകളെ മൂന്നു് *കുശമുഷ്ടികളോടെ ഗ്രഹിച്ചിട്ടു് സ്ത്രീയുടെ ലലാടകേശങ്ങളുടെ സന്ധി തുടങ്ങി ശിര സ്സോളം മൂന്നു (നാലു) വട്ടം 'ഭൂർഭുവസ്വരോം' എന്ന വ്യാഹൃതിമന്ത്രം ചൊല്ലി ഉയർത്തണം. അതിനുശേഷം ഗോതമ്പുമണിയും അത്തി ക്കായുമായുണ്ടാക്കപ്പെട്ട മാലകൾ കഴുത്തിലിടുവിക്കണം. അനന്തരം 'ഓം സോമൊ നൊ രാജാവതു മാനുഷീഃ പ്രജാനിവിഷ്ടചക്രാസൌ' എന്ന മന്ത്രം അസൌ എന്നേടത്തു് സമീപത്തുള്ള നദിയുടെ 'ഗംഗെ' എന്നുതുടങ്ങി സംബോധനാന്തനാമമുച്ചരിച്ചു് രണ്ടു വീണവായിപ്പി ക്കണം. അശക്യപക്ഷത്തിൽ മന്ത്രം മൂന്നുവട്ടം ചൊല്ലണം. പിന്നീ ടു്, ഹോമമവസാനിപ്പിച്ചും ദാനാദി ചെയ്തും മംഗലക്രിയയാചരി ക്കണം. ഈ ഓരോ സംസ്കാരത്തിനും മൂന്നിൽ കുറയാതെ കണ്ടാളു കൾക്കു് ഭോജനാദി വേണ്ടതാകുന്നു.

iv. ജാതകർമ്മം :

പുത്രൻ ജാതനായാലുടനെ പിതാവു് പുത്രമുഖം നിരീക്ഷിച്ചു് നദീതടാകാദികളിലൊന്നിൽ പോയി ഉത്തരാഭിമുഖനായി സ്നാനം കഴിച്ചു് ആചമിച്ചു് ചന്ദനമാല്യാദ്യല കൃതനായി വന്നു് ദേശാചാര പ്രകാരം നാളഛേദനത്തിനു് മുമ്പോ (പിമ്പോ) സൂതികാദികളെ ഒഴിച്ചുള്ളവർ സ്പർശിക്കുന്നതിനും സ്തന്യപാനം ചെയ്യുന്നതിനും മുമ്പു് കുളിപ്പിച്ചു മാതാവിന്റെ മടിയിൽ കിഴക്കു മുഖമായി കിടത്തി ദേശ കാലങ്ങളെയനുസ്മരിച്ചു് 'മമാസ്യ കുമാരസ്യ ഗർഭാംബുപാന ജനിത സകല ദോഷ നിബർഹണായുർമ്മേധാ വൃദ്ധിബീജഗർഭസമുത്ഭവൈ- നൊനിബർഹണദ്വാരാ ശ്രീപരമേശ്വര പ്രീത്യർത്ഥം ജാതകർമ്മാ- ഖ്യം കരിഷ്യെ' എന്നു് സങ്കല്പിച്ചു് സ്വസ്തിവാചനനാന്ദീ ശ്രാദ്ധാദി കഴിച്ചു് കൂടുതൽ കുറവായി നെയ്യും തേനുമെടുത്തു് ശിലയിൽ വീഴ്ത്തി സ്വർണ്ണമരച്ചു് സ്വർണ്ണപ്പാത്രത്തിലോ ഓട്ടുപാത്രത്തിലോ ആക്കി

'പ്രതെ ദദാമീതി ഹിരണ്യഗർഭഃ സവിതാ- ത്രിഷ്ടുപ് കുമാ
രേണ മധുസർപ്പിഃ പ്രാശനെ വിനിയോഗഃ
ഓം പ്രതെ ദദാമി മധുനൊ ഘൃതസ്യ വേദം സവിത്രാ പ്രസൂതം
മഘോനാം
ആയുഷ്മാൻ ഗുപ്തൊ ദേവതാഭിഃ ശതം ജീവ ശരദൊ ലോകെ
അസ്മിൻ'–

---

* കുശമുഷ്ടി = ദർഭകെട്ടു്.

എന്ന മന്ത്രംകൊണ്ടു് സേവിപ്പിച്ചു് സ്വർണ്ണം കഴകിയെടുത്തു് കുട്ടിയുടെ വലത്തേ കർണരന്ധ്രത്തിങ്കൽ വച്ചു് തന്മുഖസമീപം തന്റെ മുഖമണച്ചു്,

'മേധാം ത ഇതി മന്ത്രസ്യ ഹിരണ്യഗർഭഃ സവിതാ സരസ്വത്യ-
ശ്വിനാവനുഷ്ടുപ്-കുമാരദക്ഷിണകർണെ ജപെ വിനി
യോഗഃ

ഓം മേധാം തെ ദേവഃ സവിതാ മേധാം ദേവീസരസ്വതീ
മേധാം തെ അശ്വിനൌ ദേവാവാധത്താം പുഷ്കരസ്രജൌ'

എന്ന സൂക്തജപിച്ചു് പിന്നീടിടത്തെകണ്ണത്തിങ്കൽ ചേർത്തുപിടിച്ചു് അതേ സൂക്തജപിക്കുക. പിന്നെ,

'അശ്മാഭവ പരശുർഭവ ഹിരണ്യമസ്തൃതം ഭവ
വേദൊ വൈ പുത്രനാമാസി-സ ജീവ ശരദഃശതം'

എന്ന മന്ത്രംചൊല്ലി ഒരേസമയം ശിശുവിന്റെ രണ്ടു ചുമലുകളും സ്പർശിക്കണം.

'ഇന്ദ്രശ്രേഷ്ഠാനി ഗൃത്സമദ ഇന്ദ്രസ്ത്രിഷ്ടുപ്-ശിശൊരംസാഭി
മർശനെ വിനിയോഗഃ

ഓം ഇന്ദ്രശ്രേഷ്ഠാനി ദ്രവിണാനി ധേഹി
ചിത്തം ദക്ഷസ്യ സുഭഗത്വമസ്മെ
പോഷം രയീണാമരിഷ്ടിം തനൂനാം
സ്വാത്മാനം വാചഃസുദിനത്വമഹ്നാം'

അസ്മെ പ്രയംധി വിശ്വാമിത്ര ഇന്ദ്രസ്ത്രിഷ്ടുപ്-വിനിയോഗഃ
പ്രാഗ്വത് (മുമ്പോൽ)

'ഓം അസ്മെപ്രയംധി മഘവന്നൃജീഷിന്നിന്ദ്രരായൊവിശ്വവാ
രസ്യഭൂരെഃ

അസ്മെ ശതംശരദൊജീവ സേധാ അസ്മെ വീരാഞ്ഛശ്വതഇന്ദ്ര
ശിപ്രൻ

എന്ന മന്ത്രത്രയം ചൊല്ലി വീണ്ടും സ്പർശിക്കണം-അനന്തരം രക്ഷായുസ്സുക്കൾ വർദ്ധിക്കാനായിട്ടു്

'ഓം അംഗാദംഗാത്സംഭവസി ഹൃദയാദധിജായസെ
ആത്മാ വൈ പുത്രനാമാസി സ ജീവ ശരദഃശതം

എന്നു മൂന്നുവട്ടം മൂർദ്ധാവിൽ ആഘ്രാണിക്കണം-(മുത്തണം)-അതിന്റെ ശേഷം മേൽ ഇടാൻ പോകുന്ന നാമത്തെ മനസ്സുകൊണ്ടു് സ്മരിച്ചു

കൊാംക. പിന്നെ, മാതാവിന്റെ വലത്തുമുല കഴുകി

'ഓം ഇമാം കുമാരൊ ജരാംധയത്തു ദീർഘമായുഃപ്രജീവസെ
അസ്യൈ സ്തനംപ്രയുഞ്ജാനാആയുർവ്വർച്ചോ യശോ ബലം'

എന്നു് മുല കൊടുത്തു് ദക്ഷിണ കഴിച്ചനുഗ്രഹം വാങ്ങുക =

(ജാതകർമ്മാന്തമുള്ള സംസ്കാരങ്ങാം കഴിയാതെ വരികിൽ വ്യാഹൃതിഹോമം കഴിച്ചു് പ്രത്യേകം പ്രായശ്ചിത്ത(ാർത്ഥം)ദാനം ചെയ്തു് നാമകരണത്തോടൊരുമിച്ചു് അനുഷ്ഠിക്കേണ്ടതാകുന്നു.

## V. നാമകരണം (പേരിടീൽ):

നാമകരണത്തിനു് ആചമനപ്രാണസംയമാദിപൂർവ്വകം ദേശ കാലങ്ങളെ അനുസ്മരിച്ചു് 'മമാസ്യ ശിശൊർ ബീജഗർഭസമുത്ഭവൈ നൊ നിബർഹണായുരഭിവൃദ്ധിവ്യവഹാരസിദ്ധിദ്വാരാ ശ്രീപരമേ ശ്വരപ്രീത്യർത്ഥം നാമകരണം കരിഷ്യെ' = എന്നു് സങ്കല്പിച്ചു് 'ഏതദംഗതയാ' പുണ്യാഹവാചനനാന്ദീ ശ്രാദ്ധാദികം കഴിച്ചു കൊാംക. സ്വസ്തിവാചനത്തിൽ പുണ്യാഹം എന്ന മൂന്നരു ചൊല്ലീട്ടു് ഇടാൻ പോകുന്ന നാമം ചതുർത്ഥ്യന്തമാക്കി ഉച്ചരിച്ചു് 'രാമനാമ്നെ (എന്നോമറോ വേണ്ടതു ചേർത്തു്) സ്വസ്തി ഭവന്തൊ ബ്രുവന്തു' എന്നു് യജമാനൻ പറയുമ്പോാം *പുണ്യാഹവാചനനിയുക്തന്മാർ 'എതന്നാമ്നേ സ്വസ്തി' എന്നു് മൂന്നുവട്ടം പറയണം.—പിന്നെ ശേഷം സ്വസ്തിവാചനം സമാപ്തിചെയ്യണം.–'ഇദമാദ്യാഃകുമാരസ്യ നാമാഹം വിദധാമി' എന്നു് കർമ്മനിർവ്വർത്തകന്മാരോടറിയിച്ചു് 'വിധീയ താം' എന്നനുമോദിതനായിട്ടു് ഓട്ടുപാത്രത്തിൽ ഉണക്കലരിയിട്ടു് നിരത്തി സ്വർണ്ണക്കമ്പികൊണ്ടു് അതിൽ 'അമുക(ഇന്ന)കുലദേവതാ ഭക്തഃ' എന്നെഴുതണം.–പിന്നീടു് ജന്മമാസ(ത്തിന്റെ) നാമമെഴുത ണം.—ആയതു് കൃഷ്ണഃ–അനന്തഃ–അച്യുതഃ–ചക്രീ–വൈകുണ്ഠഃ–ജനാർ ദ്ദനഃ–ഉപേന്ദ്രഃ–യജ്ഞപുരുഷഃ–വാസുദേവഃ–ഹരിഃ–യോഗീശഃ-പുണ്ഡ രീകാക്ഷ'-ഈ ക്രമത്തിലാകുന്നു- (ചൈത്രമാസമാദിയായി ഗണിച്ചു കൊാംക) അതിനുശേഷം വിളിക്കാനുള്ള നാമധേയം 'ഉപാംശു'

---

* പുണ്യാഹവാചനനിയുക്തന്മാർ = പുണ്യാഹ(വചനത്തി)നായി നിയോഗി ക്കപ്പെട്ടവർ.

എന്നാൽ ആരും ശ്രവിക്കാതെയുള്ള മട്ടിലിടണം. *മൌഞ്ജീബന്ധന പൎയ്യന്തം ഈ നാമം പിതാക്കന്മാരേ ധരിക്കാവൂ. ഉപനയനവേളയിൽ ഈ നാമംചൊല്ലി അഭിവാദനം (വന്ദനം) ചെയ്യണമെന്നു് കുമാര നോടു് പറയണം.-പിന്നീടു്, ഇഷ്ടമുള്ള നാമമോ ദേവതാദിവാചക നാമമോ ഇരട്ടകൂടിയ അക്ഷരമൊത്തതു് ഇട്ടുകൊള്ളണം. പിന്നീടു്, 'നാമദേവതാഭ്യോ നമഃ' എന്നു് പൂജിച്ചു്; നീ, ഇന്നനാമകനാകുന്നു എന്നു് തന്റെ വലത്തിരിക്കുന്ന ഭാൎയ്യയുടെ അങ്കസ്ഥനായ ശിശു വിന്റെ ദക്ഷിണകൎണ്ണത്തിൽ പറയണം.—പിന്നെ,

> 'തദസ്തു മിത്രാവരുണാ തദഗ്നേ ശം യൊരസ്മഭ്യ മിദമസ്തുശസ്തം
> അശീമഹിഗാധമുത പ്രതിഷ്ഠാം നമൊദിവെ ബൃഹതെ
> സാദനായ
> ഗൃഹാ വൈ പ്രതിഷ്ഠാസൂക്തം തല്പ്രതിഷ്ഠിതതമയാവാചാ
> ശംസ്തവ്യം തസ്മാദ്യദ്യപിദൂര ഇവപാംശ്ശുംല്ലഭതെ ഗൃഹാനേ
> വൈനാനാജിഗമിഷതി ഗൃഹാഹിപശൂനാംപ്രതിഷ്ഠാ
> പ്രതിഷ്ഠാ'

എന്നു തുടങ്ങിയ മന്ത്രങ്ങളെ ഉച്ചരിച്ചുകഴിഞ്ഞു് 'നാമ സുപ്രതിഷ്ഠമസ്തു' എന്നു് ‡നിൎവ്വാഹകസംഘത്താൽ ഉക്തമായാൽ 'അമുകനാമായംഭവ തൊഭിവാദയേ' എന്നു് അവരെ വന്ദിപ്പിക്കണം. അവർ 'ആയുഷ്മാൻ ഭവതാമുകനാമാ' എന്നാശീൎവ്വദിക്കണം.-അനന്തരം കൎത്താവു് ദേവ ബ്രാഹ്മണപിതൃക്കൾക്കായി നമിച്ചു് ഭോജനംകൊടുത്തു് ദക്ഷിണ ചെയ്ക.

## vi. നിഷ്ക്രമണം (വാതിൽപുറപ്പാടു്):

പിന്നീടു്, 'ചതുൎത്ഥെമാസി നിഷ്ക്രമഃ'- എന്നു് സ്മൃതി പ്രകാരം, നാലാംമാസത്തിൽ ശുക്ലപക്ഷത്തിൽ ശുഭതിഥിദിവസം

---

> * ചതുരക്ഷരം ദ്വ്യക്ഷരംവാ-നാമകൎമാണിശസ്യതേ
> സ്ത്രീണാം ച സുഖമക്രൂരം-വിസ്പഷ്ടാൎത്ഥം മനോഹരം
> നാതിദീൎഘം ന കുത്സാൎത്ഥം-നാതിഗുൎവക്ഷരാന്വിതം
> സുഖോച്ചാരയുതം നാമ-കുൎയ്യാൽ വിപ്രവരോ ഗുരുഃ

പേരിനു് രണ്ടോ നാലോ അക്ഷരമേ ആകാവൂ. സ്ത്രീകൾക്കു് ഉച്ചാരണസുഖം, മൃദു, അൎത്ഥം വെളിവാകാത്തതു്, മനോഹരം, ചീത്ത അൎത്ഥം വരാത്തതു്, അതിദീൎഘാക്ഷരമില്ലാത്തതു് ഒക്കെ ആവണം എന്നു വിധി.

‡ നിൎവ്വാഹകസംഘം = നടത്തിപ്പുകാർ.

കുട്ടിയോടെ മാതാപിതാക്കന്മാർ അഭ്യംഗസ്നാനം കഴിച്ച് 'മമശിശൊരായുഃ ശ്രീവൃദ്ധിബീജഗർഭ സമുദ്ഭവൈനൊനിബർഹണദ്വാരാ ശ്രീ പരമേശ്വരപ്രീത്യർത്ഥം നിഷ്ക്രമണാഖ്യം കർമ്മ കരിഷ്യേ'- എന്ന് സങ്കല്പിച്ച് സ്വസ്തിവാചനാഭ്യുദയശ്രാദ്ധാദി നടത്തി ദിക്പാലപൂജാദിയനുഷ്ഠിച്ച് ശിശുവിനെ യഥായോഗ്യമലങ്കരിപ്പിച്ച് *സൂര്യാവലോകനാദി കഴിഞ്ഞിട്ടില്ലെങ്കിൽ സൂര്യാഗ്നിചന്ദ്രധേനുക്കളെ ദർശിപ്പിച്ച് അശ്വം, ശകടം (രഥം) മുതലായ വാഹനത്തിൽ കുട്ടിയെ വഹിച്ച് കളത്ര പുത്ര വിദ്വത്സുഹൃദ്ബാന്ധവപുരംധ്രീഗണങ്ങളാലും ദർപ്പണപൂർണ്ണകലശയുക്തകന്യാഗണങ്ങളാലും ചുററപ്പെട്ടും പുഷ്പഹരിദ്രാക്ഷത(പൂവും മഞ്ഞളും ഉണക്കലരിയും)ദീപമാലാ ദ്ധ്വജലാജ (മലര്) മംഗളവാദ്യഘോഷത്തോടുകൂടിയും (വിവാഹഘട്ടത്തിൽ വരൻെറ യാത്രയിൽ പറഞ്ഞ) 'കനിക്രദജ്ജനുഷം' എന്നു തുടങ്ങിയ മൂന്നു സൂക്തം

'ഓംപ്രദക്ഷിണിദഭിഗൃണംതികാരവൊവയൊവദം തല്ലുതുഥാ ശകുംതയഃ
ഉഭെവാചൌവദതി സാമഗാ ഇവ ഗായത്രംച ത്രൈഷ്ടുഭംചാനുരാജസി
ഓം ഉദ്ഗാതെവ ശകുനെ സാമഗായസി ബ്രഹ്മപുത്രഇവ സവനേഷു ശംസസി
വൃഷെവ വാജീ ശിശുമതീരപീത്യാസർവ്വതൊനംശകുനെ
ഭദ്രമാവദ വിശ്വതൊ നഃശകുനെ പുണ്യമാവദ =
ഓം ആവദംസ്ത്വം ശകുനെ ഭദ്രമാവദ തൂഷ്ണീമാസീന സുമതിംചികിദ്ധിനഃ- യദുല്പതൻ വദസി കക്കരിര്യ്യഥാ ബൃഹദ്വദെമ വിദഥെ സുവീരാഃ'-

ഈ സൂക്തങ്ങളും ചൊല്ലിക്കൊണ്ടും ഗൃഹത്തിൽനിന്നും നിർഗമിച്ച്

'ചന്ദ്രാർക്കയൊർ ദിഗീശാനാം ദിശാം ച ഭഗണസ്യ ച
നിക്ഷേപാർത്ഥമിമംദദ്മി തേമും രക്ഷതു സർവദാ =
അപ്രമത്തം പ്രമത്തംവാ ദിവാ രാത്രാവഥാപി വാ
രക്ഷന്തു സതതം സർവ്വേ ദേവാഃശക്രപുരോഗമാഃ'=

ഇങ്ങിനെ ശിശുസംരക്ഷണത്തിനായി ദേവന്മാരോട് പ്രാർത്ഥിച്ച് ശിവവിഷ്ണ്വാഗാരങ്ങളിലൊന്നിനേയോ ബന്ധുഗൃഹത്തേയോ പ്രാ

---

സൂര്യാവലോകനം നിഷ്ക്രമണത്തോടു കൂടിയും മുമ്പുമാകാം.
'ഓം തച്ചക്ഷുർദ്ദേവഹിതം മുച്ചരത്, പശ്യേമശരദഃശതം ജീവേമശരദഃശതം' എന്നു ചൊല്ലി സൂര്യാവലോകനം = സൂര്യനെ നോക്കുക.

പിച്ച് ഉപഹാരാദികളെക്കൊണ്ട് ദേവനെ പൂജിച്ച് നിലം മെഴുകി അലങ്കരിച്ച് കുട്ടിയെ ഇരുത്തി മന്ത്രരക്ഷ ചെയ്യണം.

'ത്ര്യംബകമിത്യസ്യവസിഷ്ഠോ മൃത്യുഞ്ജയസ്ത്ര്യംബകോനുഷ്ടുപ് ശിശോരക്ഷായാം വിനിയോഗഃ-ഓം ഹൌംജ്ഞം, സഃ-ഓം ഭ്ർഭുവഃ സ്വഃ ഓം, ത്ര്യംബകംയജാമഹെ, സുഗന്ധിം, പുഷ്ടി വർദ്ധനം-ഉർവ്വാരുകമിവബന്ധനാന്മൃത്യോർമുക്ഷീയ, മാമൃ-താൽ = ഓം സ്വഃഭുവഃഭൂഃ-ഓം സഃ ജ്ഞം ഹൌം ഓം.

എന്ന മൃതസംജീവനിമന്ത്രം ജപിച്ച് വിഭൂതികൊണ്ട് മൂർദ്ധാവിലും നെററിയിലും രക്ഷചെയ്ത് അപ്പം മുതലായതുകൊണ്ട് ഈശഗണേശ പൂജചെയ്ത് കുട്ടിക്ക് ഭക്ഷ്യാദിതൃപ്തിയാംവിധം കൊടുത്ത് ദേവനു പ്രദക്ഷിണനമസ്കാരാദി (കുട്ടിയെക്കൊണ്ട്) ചെയ്യിച്ച് അടുത്തുള്ള മാതുലാദിഗൃഹത്തെ പ്രാപിപ്പിച്ച് ദക്ഷിണാദിചെയ്ത് ക്രിയയവ സാനിപ്പിക്കുക—ശുഭം.

## vii. അന്നപ്രാശനം (ചോറുകൊടുപ്പ്):

ആറാമത്തു മാസത്തിൽ അന്നപ്രാശനമെന്ന സംസ്കാരം.

അതിനു ആചമനപ്രാണായാമദേശകാലസ്മൃത്യാദികൾ നടത്തി

മമാസ്യ ശിശോർമ്മാതൃ ഗർഭമലപ്രാശനശുദ്ധ്യന്നാദ്യ ബ്രഹ്മവർച്ചസഇന്ദ്രിയായുർല്ലക്ഷണഫലസിദ്ധിബീജഗർഭസമുദ്ഭവൈനൊനിബർഹണദ്വാരാ ശ്രീപരമേശ്വരപ്രീത്യർത്ഥം അന്നപ്രാശനാഖ്യംകർമ്മ കരിഷ്യേ'-

എന്നു സങ്കല്പിച്ച് ഗണപതി പൂജന സ്വസ്തിവാചനാഭ്യുദയശ്രാദ്ധാദി കഴിച്ച് ഉപഹാരാദികളെക്കൊണ്ട് ഇഷ്ടദേവതയെ സമർച്ചിച്ച് അതിന്റെ മുമ്പിലും തന്റെ വലത്തുഭാഗത്തുമായിട്ട് മാതാവിന്റെ മടിയിൽ ശിശുവിനെ അലങ്കരിച്ച് വെള്ള വസ്ത്രത്തിൽ കിഴക്കു മുഖമായികിടത്തി

'ദധിമധുഘൃതമിശ്രമന്നം പ്രാശയേൽ'

എന്ന സൂത്രപ്രകാരം തൈരും തേനും ഘൃതവും ചേർത്ത് അന്നം ഓട്ടു പാത്രത്തിലോ സ്വർണ്ണപ്പാത്രത്തിലോ യോഗ്യതപോലെ ആക്കി

'അന്നപത ഇത്യസ്യ നളക്കുബരോന്നപതിരുപരിഷ്ടാദ് ബൃഹതീ-അന്നപ്രാശനെ വിനിയോഗഃ-

ഓം അന്നപതേന്നസ്യ നൊ ദേഹ്യനമീവസ്യ ശുഷ്മിണഃ
പ്രപ്രദാതാരം താരിഷ ഊർജംനൊ ധേഹി ദ്വിപദെ ചതുഷ്പദെ'

എന്ന മന്ത്രംചൊല്ലി പവിത്ര(സുവർണ)ഹസ്തനായിട്ട് അന്നമെടുത്ത് ഒരു കബളം (ഉരുള) കൊടുത്ത് പിന്നെ, തൃപ്തിയാംവണ്ണം ഭുജിപ്പിച്ച് മുഖശുദ്ധി വരുത്തി നിലത്തുവിരിച്ചുകിടത്തി ശിശുവിൻെറ അടുക്കൽ ശസ്ത്രവസ്ത്ര*ലേഖനീപുസ്തകാദികളെ നിക്ഷേപിച്ച് ƒജീവികാപരീക്ഷ ചെയ്യുകൊാക. എന്നാൽ, സ്വർണ || രൌപ്യാദികളിൽ യാതൊന്നിനെ ശിശു കൈക്കൊള്ളുന്നുവോ ആയത് അതിൻെറ ജിവിക എന്നർത്ഥമാകുന്നു.

## viii. ചൗളം (കുടുമവയ്പ്):

'തൃതീയെ വർഷെ ചൌളം' എന്ന് അശ്വലായനസൂത്രത്തിൽ പറയുന്നു. 'ചൂഡാ കാര്യാ യഥാകുലം' എന്ന് സ്മൃതി പറയുന്നു. കുലാചാരംപോലെ ആകാമെന്നീ സ്മൃതിക്കർത്ഥമാണ്. ഇതിന് പിതാവ് (കർത്താ) കുട്ടിയെ മംഗലസ്നാനം കഴിപ്പിച്ച് തൻെറ വലത്തിരിക്കുന്ന മാതാവിൻെറ മടിയിലിരുത്തി ദേശകാലങ്ങളെ കീർത്തിച്ച്

'അസ്യ ശിശോർബീജഗർഭസമുദ്ഭവൈനൊനിബർഹണെന
ബലായുർവ്വർച്ചോഭിവൃദ്ധിദ്വാരാ ശ്രീ പരമേശ്വരപ്രീത്യർത്ഥം
ചൌളംനാമ കർമ്മ കരിഷ്യേ'

എന്ന് സങ്കല്പംചൊല്ലി ഏതദംഗമായി (ഗണപതിപൂജന) സ്വസ്തിവാചനനാന്ദീശ്രാദ്ധാദിചെയ്ത് ചൌളഹോമത്തിന് 'സഭ്യ' നാമാവായ അഗ്നി(യെ)സ്ഥാപിച്ച് അന്വാധാനസങ്കല്പംചെയ്ത് അഗ്നി പവമാനപ്രജാപതികളാകുന്ന പ്രധാന ദേവതകൾക്കാജ്യാഹുതി കഴിച്ച് അഗ്നിയുടെ ഉത്തരഭാഗത്ത് വിരിച്ചിരിക്കുന്ന ദർഭയിന്മേൽ നെല്ല്, യവം, ഉഴുന്ന്, എള്ള് എന്നിവകൊണ്ട് പൂരിച്ച പുത്തൻ കുടങ്ങൾ സ്ഥാപിക്കണം. മാതാവ് അഗ്നിയുടെ പശ്ചാൽഭാഗത്തിരിക്കുന്ന യജമാനൻെറ (പിതാവിൻെറ) വലത്തായിട്ട് കുട്ടിയെ മടിയിൽവച്ചുകൊണ്ടിരിക്കണം.–പിന്നീട്, കർത്താവ് മാതാവിൻെറ മുമ്പിലും, അഗ്നിയുടെ പിമ്പിലുമായി ഗോമയമിട്ടതും അത്തി

---

* ലേഖനീ = യാതൊന്നുകൊണ്ട് എഴുതുന്നുവോ അത്.
ƒജീവിക = ഉപജീവനമാർഗ്ഗം. || രൌപ്യം = വെള്ളി.

(ചമത)യില ഇട്ടതും ആയ രണ്ടു് മൺപാത്രങ്ങൾ സ്ഥാപിക്കണം.– അനന്തരം കർത്താ (ക്രിയാനിഷ്പാദകൻ) അല്ലെങ്കിൽ പിതാ ഇരുപത്തൊന്നു് കുശബന്ധങ്ങൾ ഗ്രഹിച്ചുകൊണ്ടു് മാതാവിന്റെ വലത്തുഭാഗത്തു് സ്ഥിതിചെയ്യണം. പിതാവിങ്ങനെ നിൽക്കുകിൽ ചൌളകർത്താവു് മറ്റൊരുത്തനായിരിക്കണം. പിന്നീടു്, ശിശുവിനോടുകൂടെ അന്നപ്രാരബ്ധനായ കർത്താവു് (പ്രജാപതിയെ) ധ്യാനിച്ചു് തൂഷ്ണീംഭൂതനായിട്ടു് അഗ്നിയുടെ വായുകോണിൽ തുടങ്ങി ആഗ്നേയ ദിക്കോളവും ഇന്ദ്രനെ ധ്യാനിച്ചു് അഗ്നിയുടെ നിരൃതികോണിൽ തുടങ്ങി ഈശാനകോണിലോളവും സ്രുവംകൊണ്ടു് അവിച്ഛിന്നധാരയായി ഘൃതം വീഴ്ത്തുന്ന ആഘാരാന്തകർമ്മംചെയ്തു് 'അഗ്ന ആയൂംഷീതി തിസൃണാംശതം വൈഖാനസാ ഋഷയഃ-അഗ്നിഃപവമാനോ ദേവതാ ഗായത്രീഛന്ദഃചൂഡാകർമ്മപ്രധാനാജ്യഹോമെ വിനിയോഗഃ

ഓം അഗ്ന ആയൂംഷി പവസ ആസുവോർജമിഷം ച നഃ
ആരെബാധസ്വദുച്ഛുനാം സ്വാഹാ'–
അഗ്നയെ പവമാനായേദം നമമ—(എന്നാഹുതിത്യാഗം)
'ഓം അഗ്നിർ്ഋഷിഃ പവമാനഃ പാഞ്ചജന്യഃ പുരോഹിതഃ
തമീമഹെ മഹാഗയം സ്വാഹാ'–
അഗ്നയെ പവമാനായേദം നമമ
'ഓം അഗ്നെ പവസ്വസ്വപാഅസ്മേ വർച്ചഃസുവീര്യം-
ദധദ്രയിം മയി പോഷം സ്വാഹാ
അഗ്നയെ പവമാനായേദം നമമ 'ഓം പ്രജാപതെന—',
പ്രജാപതയ ഇദം നമമ

പിന്നീടു്, ശീതജലവുമുഷ്ണജലവും ദക്ഷിണവാമകരങ്ങൾകൊണ്ടു് മുറയ്ക്കു ധരിച്ചു് ശിശുവിന്റെ പടിഞ്ഞാറുവശത്തുനിന്നു് ആ ജലങ്ങൾ വേറൊരു പാത്രത്തിൽ 'ഉഷ്ണേന വാ യ ഉദകേനേഹി' എന്ന മന്ത്രപൂർവ്വം കൈകൾകൊണ്ടു് പകർന്നാക്കി അതിൽ കുറേ എടുത്തു് തൈരിൻ വെള്ളമോ വെണ്ണയോ ചേർത്തുയോജിപ്പിച്ചു് ശിശുവിന്റെ ഇടത്തെച്ചെവി തുടങ്ങി

'ഓം അദിതികേശാൻ വപതാപ ഉന്ദന്തു വർച്ചസേ'

എന്ന മന്ത്രാവൃത്തിയോടെ മൂന്നുവട്ടം ശിരസ്സുനനയ്ക്കണം.– പിന്നെ കയ്യിലിരിക്കുന്ന ഇരുപത്തിയൊന്നു കുശവത്തിയിൽനിന്നും മൂന്നെണ്ണമെടുത്തു് 'ഓം ഓഷധേ ത്രായസ്വൈനം' എന്നു് മന്ത്രിച്ചു് പശ്ചിമാഗ്രങ്ങളായിട്ടു് വലത്തുള്ള കേശങ്ങളിൽ വച്ചിട്ടു് 'ഓം സ്വധിതെ

മൈനം ഹിംസീഃ' എന്നു് അവററിൽ താമ്രനിർമ്മിതമായ കത്തീ (കത്രിക)വച്ചു്

'ഓം യേനാവപത്സവിതാ ക്ഷുരേണ സോമസ്യ രാജ്ഞോ വരു
ണസ്യ വിദ്വാൻ
തേന ബ്രഹ്മാണൊ വപതെദമസ്യായുഷ്മാൻ ജരദഷ്ടിര്യ്യഥാസൽ'

എന്ന മന്ത്രംകൊണ്ടു് തലമുടിയോടുകൂടെ കുശവർത്തി ഖണ്ഡിച്ചു് പൂർവ്വാഗ്രമാക്കി മൺപാത്രത്തിൽ സ്ഥാപിച്ചിരിക്കുന്ന ചമത ഇല യോടു് യോജിപ്പിച്ചു് മാതാവിൻെറ പക്കൽ കൊടുക്കണം. അവർ പൂർവ്വാഗ്രമായി ഗോമയത്തിൽ നിക്ഷേപിക്കണം, ഇതുപോലെ ഓരോ ഖണ്ഡനത്തിനും കുശവർത്തിസ്ഥാപനാദി മന്ത്രപൂർവ്വം വേണ്ട താകുന്നു.

'ഓം യേന ധാതാ ബൃഹസ്പതെരഗ്നെരിന്ദ്രസ്യചായുഷെ വപൽ
തേന ത ആയുഷെ വപാമി സുശ്ലോക്യായ സ്വസ്തയെ'

എന്നു് ദ്വിതീയവാരം (രണ്ടാമത്തു) ഖണ്ഡിക്കുന്നതിനുള്ള മന്ത്രമാകുന്നു.

'ഓം യേന ഭൂയശ്ച രാത്ര്യാം ജ്യോക് ച പശ്യാതിസൂര്യ്യം
തേന ത ആയുഷെ വപാമി സുശ്ലോക്യായ സ്വസ്തയേ'

എന്നു് മൂന്നാമത്തേതിനു്—യേനാവപൽ 1—യേനധാതാ 2—യേന ഭൂയശ്ച 3—എന്നാദിയായി മേൽ പറഞ്ഞിട്ടുള്ള മന്ത്രങ്ങളും മൂന്നും ചേർത്തു് നാലാമത്തേതിനു് ഇതുപോലെതന്നെ മറുഭാഗത്തും ചെയ്ക—പിന്നീടു്,

'ഓം യൽ ക്ഷുരേണ മർച്ചയതാ സുപേശസാവപ്താവപസി—
കേശാൻ
ശുന്ധിശിരൊമാസ്യായുഃപ്രമോഷീഃ'

എന്ന മന്ത്രംകൊണ്ടു് തലയ്ക്കൽ തുടങ്ങി മൂടററം കത്തി വാത്തല തുടച്ചു് (തേച്ചു്) ക്ഷുരകനെ വിളിച്ചു്

'ശീതോഷ്ണാഭിരദ്ഭിരബർത്ഥം കുർവ്വാണൊ ക്ഷണ്വൻ കുശലീ
കുരു'

എന്നനുശാസനചെയ്തു് മുമ്പുവച്ചിരുന്ന ശീതോഷ്ണാംബുവിൽ മിച്ചമുള്ള ജലംകൊണ്ടു് ശിശുവിൻെറ ശിരസ്സുനനച്ചു് (ക്ഷുരകനെക്കൊണ്ടു്) ആചാരംപോലെ കുടുമനിറുത്തി തല(മുടി) കളയിച്ചു് കുളിപ്പിച്ചല

കാരാദികളെക്കൊണ്ടു് അണിയിച്ചു് മുമ്പോൽ മാതാവിന്റെ മടിയിലിരുത്തി ഹോമശേഷം മുഖിയാക്കി പാത്രത്തിലെ വ്രീഹ്യാദികൾ നാപിതനായിട്ടു് കൊടുക്കുക. സല്പാത്രങ്ങളിൽ പത്തുപേർക്കു് ദക്ഷിണചെയ്താശീർവാദവും ഗ്രഹിച്ചുകൊൾക.

ഈ പറഞ്ഞ സംസ്കാരങ്ങൾ സ്ത്രീകൾക്കും സാധാരണയാകുന്നു. 'തൂഷ്ണീമേതാഃക്രിയാ സ്ത്രീണാം വിവാഹസ്തു സമന്ത്രകഃ' എന്നു സ്മൃതിയുള്ളതിനാൽ സ്ത്രീകൾക്കു് ഇവ (തൂഷ്ണീം) അമന്ത്രകമായിട്ടും വിവാഹം മാത്രം സമന്ത്രകമായിട്ടും വേണ്ടതാകുന്നു.

## iX. ഉപനയനം (പൂണൂലിടൽ) :

ഉപനയനകർത്താവു് രണ്ടുവട്ടമാചമിച്ചു് പ്രാണസംയമംചെയ്തു് ദേശകാലങ്ങളെ കീർത്തിച്ചു്

'മമോപനേതൃത്വാധികാരസിദ്ധയെ കൃച്ഛ്രത്രയ
പ്രായശ്ചിത്തം ദ്വാദശസഹസ്രഗായത്രീജപം ച കരിഷ്യേ'

എന്നു് സങ്കല്പിക്കണം.

'മമ കാമചാരകാമവാദകാമഭക്ഷണാദിദോഷാപനോദാർത്ഥം
കൃച്ഛ്രത്രയപ്രായശ്ചിത്തം ദ്രവ്യദാനേനാഹമാചരിഷ്യേ'

എന്നു് കുമാരൻ സങ്കൽപ്പിക്കണം. മുമ്പു് പറയപ്പെട്ട സംസ്കാരങ്ങൾ ലോപിക്കിൽ

''പുംസവന, സീമന്തോന്നയന, ജാതകർമ്മ, നാമകരണ, നിഷ്ക്രമണാന്നപ്രാശന, ചൌളാനാംസംസ്കാരാണാം കാലാതിപത്തിപ്രത്യവായപരിഹാരദ്വാരാ ശ്രീപരമേശ്വരപ്രീത്യർത്ഥംപ്രതിസംസ്കാരം ഓംഭൂർഭുവഃസ്വാഹാ''

എന്നു് ഓരോന്നിനും ഓരോ ആജ്യാഹുതിചെയ്തു് പ്രായശ്ചിത്തദാനാദി കഴിച്ചു്

'അസ്യ കുമാരസ്യ ബീജഗർഭസമുദ്ഭവൈനോനിബർഹണ ബലായുർവ്വർച്ചോഭിവൃദ്ധിദ്വാരാ ശ്രീപരമേശ്വരപ്രീത്യർത്ഥം'

എന്നോരോന്നിനും സങ്കല്പം ചൊല്ലി ഉപനയനത്തിനു്

'അസ്യകുമാരസ്യ ദ്വിജത്വസിദ്ധ്യാ വേദാദ്ധ്യയനാധികാരസിദ്ധ്യർത്ഥം ശ്വഃ(സദ്യോവാ)ഉപനയനം കരിഷ്യേ'

എന്നു് സങ്കല്പിക്കുക. പിന്നീടു്, സ്വസ്തിവാചനനാന്ദീശ്രാദ്ധകുല ദേവതാപ്രതിഷ്ഠാദി നടത്തുക.

അതിനുശേഷം (പിറേറന്നു) നിത്യകർമ്മാദിയനുഷ്ഠിച്ചു് മംഗല സ്നാനംചെയ്യിച്ചു് കുമാരനെ മാതാവിൻെറ മടിയിലിരുത്തി ഭോജനം കഴിപ്പിച്ചു് യജമാനൻ ദേശകാലാദികളെ കീർത്തിച്ചു്,

'അസ്യകുമാരസ്യോപനയനംകർത്തുംതൽപ്രാച്യാംഗഭൂതം
വപനാദി കരിഷ്യേ'

എന്നു് സങ്കല്പിച്ചു് മുടിയിറക്കി സ്നാനം കഴിപ്പിച്ചു് മംഗലതിലകം ചാർത്തിക്കണം. ദൈവജ്ഞനെ പൂജിച്ചു് തല്ക്കല്പിത ശുഭമുഹൂർത്ത ത്തിൽ ആചാര്യൻ *വേദിയിൽ പ്രാങ്മുഖനായിരുന്നു് അവനെ (കുമാരനെ) തൻെറ സമീപത്തു് കൊണ്ടുവന്നു് തന്മുഖം നിരീക്ഷിച്ചു് നമസ്കരിപ്പിച്ചു് തൻെറ മടിയിലിരുത്തണം. പിന്നെ ആചാരമനു സരിച്ചു്

'യെ യജ്ഞേനന' എന്ന സൂക്തംകൊണ്ടും
'ബൃഹസ്പതെപ്രഥമം' എന്നതുകൊണ്ടും
'തദസ്തു ഗൃഹാ വൈ' എന്നിവകൊണ്ടും

രണ്ടുപേരുടേയും ശിരസ്സിൽ Ψനിർവ്വർത്തയിതാക്കൾ നെല്ലുമരിയു മിടണം.

പിന്നീടു്, തൻെറ ദക്ഷിണഭാഗത്തു് (കുമാരനെ) ഇരുത്തി സ്ഥലം മെഴുകി ശുചിയാക്കി അഗ്നിസ്ഥാപിച്ചു് സമിദ്ദ്വയമെ ടുത്തു്

'ക്രിയമാണെഉപനയനഹോമെ ദേവതാപരിഗ്രഹാർത്ഥ
മന്വാധാനം കരിഷ്യേ'

അസ്മിന്നന്വാഹിതേഗ്നാവിത്യാദ്യാഘാരാന്തമുക്ത്വാ
അഗ്നിംപവമാനംപ്രജാപതിംച'

എന്നിവരെ ഉദ്ദേശിച്ചു് മൂന്നുവട്ടം ആജ്യംകൊണ്ടു് ആഹുതിയും ശേഷം കൊണ്ടു് സ്വിഷ്ടകൃതവും കഴിച്ചു് മൂന്നായി മടക്കിയ നൂലുകൊണ്ടു് കൌപീനം ധരിപ്പിച്ചു്

---

* വേദി = കർമ്മത്തിനായി പരിഷ്കരിച്ചിടം. Ψ നിർവ്വർത്തിയിതാ= നടത്തിപ്പുകാർ.

'യുവീവസ്ത്രാണീത്യസ്യൌചഥ്യോദീർഥതമാമിത്രാവരുണൌ ത്രിഷ്ടപ് വാസൊധാരണെ വിനിയോഗഃ
ഓം യുവം വസ്ത്രാണിപീവസാവസാഥെയുവൊരച്ഛിദ്രാമംത വൊഹസർഗാഃ
അവാതിരതമനൃതാനിവിശ്വഋതെന മിത്രാവരുണാസചേഥെ'

ഈ മന്ത്രംകൊണ്ടു് ശുക്ലവസ്ത്രവും പുറമെ ടി മന്ത്രംചൊല്ലി ഒരു കാഷായവസനവും പരിധാനം ചെയ്യിക്കണം.

'മിത്രസ്യചക്ഷുരിത്യസ്യവാമദേവോജിനം ത്രിഷ്ടപ്അജിന ധാരണെവിനിയോഗഃ
ഓം മിത്രസ്യ ചക്ഷുർവ്വരുണംബലിയസ്തേജൊയശസ്വീ സ്ഥവിരംസമിദ്ധം
അനാഹനസ്യംവസനംജരിഷ്ണുപരീദംവാജ്യജിനംദധസ്വ'

എന്നു തോലിട്ടു് ഗായത്രികൊണ്ടു് പത്തുരു ജപിച്ചു് ജലം പ്രോക്ഷിച്ചുപവീതമെടുത്തു്

'യജ്ഞോപവീതമിതിമന്ത്രസ്യ പരബ്രഹ്മ, പരമാത്മാ, ത്രി-ഷ്ടപ്-ശ്രൌതസ്മാർത്തകർമ്മാനുഷ്ഠാനസിദ്ധ്യർത്ഥം യജ്ഞോപ-വീതധാരണെ വിനിയോഗഃ
ഓം യജ്ഞോപവീതം പരമംപവിത്രം പ്രജാപതെര്യത്സഹജം പുരസ്താൽ
ആയുഷ്യമഗ്ര്യംപ്രതിമുഞ്ച ശുഭ്രം യജ്ഞോപവീതം ബലമസ്തു തേജഃ'

ഈ മന്ത്രം ജപിച്ചു് വലത്തുകയ്യുയർത്തി ഉപവീതം ധരിപ്പിച്ചു് കുമാരനെ തൻേറയുമഗ്നിയുടേയുംനടുവേകൂടി യജ്ഞപാത്രോത്തരഭാഗം പ്രാപിപ്പിച്ചു് വിധിപ്രകാരമാചമിപ്പിച്ചു്; പിന്നീടു്, തീർത്ഥം കൊണ്ടുമിതുപോൽ ചെയ്തു് തൻെറ ദക്ഷിണഭാഗത്തു് വരുത്തിയിരുത്തി അഗ്ന്യാന്തരണാഘാരഹോമാന്ത ക്രിയചെയ്തുകൊണ്ടു. 'അഗ്ന ആയുംഷി' എന്നു തുടങ്ങിയ മൂന്നുകൊണ്ടും 'പ്രജാപതേനത്വ' എന്നതു കൊണ്ടും (ഉപനയപ്രധാനാജ്യഹോമേവിനിയോഗഃ' എന്ന വിനിയോഗപൂർവ്വം) ആജ്യാഹുതിചെയ്യണം. പിന്നെ ആചാര്യൻ അഗ്നിയുടെ ഉത്തരഭാഗത്തു് കിഴക്കുനോക്കിയിരിക്കണം. അഗ്ന്യാചാര്യന്മാരുടെ മദ്ധ്യേ കൂടിച്ചെന്നു് ആചാര്യാഭിമുഖമായിരിക്കണം. അനന്തരമാചാര്യൻ 'കുമാരസ്യ ശുചിത്വസിദ്ധയെ സവിതൃദേവതാതൃപ്ത്യയേ ചാഞ്ജലിക്ഷാരണം കരിഷ്യെ' എന്നുപറഞ്ഞു് ശുദ്ധോദകം

കൊണ്ടു് ശിഷ്യാഞ്ജലി(യെ) പൂരിച്ചു് തന്റെ (തനതു്) അഞ്ജലി അന്ന്യനെക്കൊണ്ടു് പൂരിപ്പിച്ചു്

'തത്സവിതുരിത്യസ്യ ശ്യാവാശ്വഃസവിതാനുഷ്ടുപ്–
അവക്ഷാരണെ വിനിയോഗഃ

ഓം തത്സവിതുർവൃണീമഹെവയം ദേവസ്യഭോജനം
ശ്രേഷ്ഠം സർവ്വധാതമംതുരംഭഗസ്യ ധീമഹി'

എന്ന മന്ത്രംകൊണ്ടു് തന്റെ ഉദകാഞ്ജലി ശിഷ്യാഞ്ജലിയോടുചേർത്തു ആയത്തു് കുമാരാഞ്ജലിജലത്തോടു് ചേർക്കുക.

പിന്നീടു്, ശിഷ്യത്വസിദ്ധിക്കായിട്ടു് മാണവകന്റെ (വടുവിന്റെ) ഹസ്തത്തെ 'ഓം ദേവസ്യ ത്വാ സവിതുഃപ്രസവേശ്വിനൊർ ബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാം ഹസ്തംഗൃഹ്ണാമി അമുക (ഇന്ന) ശർമ്മൻ' എന്നു് സംബോധനാന്തം നാമംകൂട്ടി പെരുവിരലടക്കി ഗ്രഹിക്കണം. പിന്നെയും ഇതുപോലെ ജലപൂരണാദി ചെയ്യുക. ദ്വിതീയവാരം ഹസ്തം ഗ്രഹിക്കുന്നതിനു് 'ഓം സവിതാ തെ ഹസ്തമഗ്രഭീൽ അമുക ശർമ്മൻ' എന്നു് മന്ത്രം ജപിക്കണം. പിന്നെയും ഉദകപൂരണാദികഴിച്ചു് 'ഓം അഗ്നിരാചാര്യ്യസ്തവ അമുക(ഇന്ന)ശർമ്മൻ [അഥവാ (അമുക) നാമക]' പിന്നീടാചാര്യ്യൻ ബ്രഹ്മചാരിയോടുകൂടി പുറപ്പെട്ടു് 'ഓം ദേവ സവിതരേഷ തെ ബ്രഹ്മചാരീ തം ഗോപായ സമാമൃതെ' എന്നുപറഞ്ഞു് സംരക്ഷണത്തിനായിട്ടു് 'വ്രതപതയെ ആദിത്യായ ബടും ദദാമി' എന്നു് ഭാവിച്ചു് വടുവിനെക്കൊണ്ടു് ആദിത്യനെ നോക്കിക്കണം. പിന്നീടു്, അന്യോന്യാഭിമുഖന്മാരായി സ്ഥിതിചെയ്യണം. പിന്നീടാചാര്യ്യൻ 'കസ്യബ്രഹ്മചാര്യ്യസി പ്രാണസ്യ ബ്രഹ്മചാര്യ്യസി കസ്ത്വാകമുപനയതെകായത്വാ പരിദദാമി' എന്നുള്ള മന്ത്രം ജപിച്ചുംകൊണ്ടു് വടുവിനെ പ്രജാപതിക്കായി മനസ്സുകൊണ്ടു് സമർപ്പിക്കണം.

'യുവാ സുവാസാ ഇത്യസ്യ കൌശികൊ വിശ്വാമിത്രൊ, യൂപസ്ത്രിഷ്ടുപ്-പൂർവ്വാർദ്ധ്വസ്യ പ്രദക്ഷിണാവർത്തനെ; ഉത്തരാർ-ദ്ധർച്ചസ്യ പാണിഭ്യാംബടുഹൃദയാലംഭനെ വിനിയോഗഃ
ഓം യുവാ സുവാസാഃപരിവീത ആഗാത്സ ഉശ്രേയാൻ ഭവതീ ജായമാനഃ'

എന്നു് വടുവിനെ പ്രദക്ഷിണം വയ്പിച്ചു് പൂർവ്വാഭിമുഖമായിരുത്തി (കുമാരന്റെ) ചുമലുകളിൽ തന്റെ കൈകരംവച്ചു്

'ഓം തം ധീരാ സഃകവയഉന്നയന്തി സ്വാധ്യ്യാ(3)മനസാ
വേദയംതഃ'

എന്നുചൊല്ലി കൈകളിറക്കി ഹൃദയം സ്പർശിക്കണം. പിന്നെ തന്റേയുമഗ്നിയുടേയും മദ്ധ്യേ ബടുവിനെ നടത്തി അഗ്നിയുടെ പടിഞ്ഞാറുവശത്തു് താനിരുന്നു് തന്റെ വലത്തുട് കുമാരനെ കിഴക്കോട്ടിരുത്തണം.

'അഗ്നയെ സമിധമിത്യസ്യ ഹിരണ്യഗർഭൊഗ്നിർബൃഹതീ
സമിദാധാനെ വിനിയോഗഃ
ഓം അഗ്നയെ സമിധമാഹാർഷം ബൃഹതെ ജാതവേദസെ
തയാ ത്വമഗ്നെ വദ്ധസ്വ സമിധാ ബ്രാഹ്മണാ വയം സ്വാഹാ'

ആഗ്നയ ഇദം ന മമ-എന്നു് സമിദാധാനംചെയ്തു് വലത്തു് കൈകഴകി അഗ്നിയിൽ കാട്ടിയുണക്കി 'ഓം തെജസാമാസമനജ്മി' എന്നു് മുഖം വിലങ്ങത്തിൽ നിമാർജ്ജിച്ചു് കൈകഴകണം. ഇങ്ങനെ മൂന്നു വട്ടം വേണം. പിന്നീടു്, പ്രണാമമുദ്രയോടുകൂടി നിന്നുകൊണ്ടു് 'മയിമേധാം' എന്ന മന്ത്രങ്ങരം ജപിക്കണം. പിന്നീടു്,

'ഓം ചമെ, സ്വരശ്ചമേ, യജ്ഞോപചതേനമശ്ച-യത്തെ
ന്യൂനം തസ്മൈതഉപയത്തേതിരിക്തംതസ്മൈ തെ നമഃ=
അഗ്നയെ നമഃ ഓം സ്വസ്തി
ശ്രദ്ധാംമേധാം യശഃ പ്രജ്ഞാംവിദ്യാംബുദ്ധിംശ്രിയംബലം
ആയുഷ്യംതേജആരോഗ്യം ദേഹി മെ ഹവ്യവാഹന'

എന്നഗ്ന്യുപസ്ഥാനംചെയ്യുക. പിന്നെ അഗ്നിയുടെ ഉത്തരഭാഗത്തുകൂടി ചെന്നു് പ്രത്യങ്മുഖനായു് ഭവിച്ചു് ആചാര്യന്റെ നേരേനിന്നു് വലത്തെ മുട്ടു് ഭൂമിയിലിട്ടു് ഹസ്തങ്ങരംകൊണ്ടു് വാമദക്ഷിണശ്രോത്രങ്ങളെ സ്പർശിച്ചു് വ്യസ്ത (വിട്ട) പാണിയായിട്ടു് പിന്നീടാചാര്യന്റെ ദക്ഷിണപാദം തന്റെ ദക്ഷിണഹസ്തംകൊണ്ടും സവ്യംവാമഹസ്തംകൊണ്ടും മുട്ടുമുതൽ പാദംവരെ തഴകി, 'അമുക (ഇന്ന) ഗോത്രാമുക നാമാഹം ഭോ അഭിവാദയെ' എന്നഭിവാദ്യംചെയ്യണം. 'ആയുഷ്മാൻ ഭവ സൌമ്യ ദേവദത്താ(3)' എന്നു് ആചാര്യനാൽ കൊടുക്കപ്പെട്ട ആശീർവ്വാദത്തോടുകൂടിയവനായിട്ടു് മാണവകൻ സാവിത്ര്യുപദേശാകാംക്ഷയോടെ 'അധീഹി ഭോഃ സാവിത്രീം ഭൊ അനുബ്രൂ(3)ഹി' എന്നാചാര്യനോടു് പറഞ്ഞിട്ടു് ബ്രഹ്മാഞ്ജലിബന്ധത്തോടെ (ഹസ്തം ദക്ഷിണാങ്കത്തിൽവച്ചുകൊണ്ടു്) ആചാര്യന്റെ അടുത്തുചെന്നിരിക്കണം. ആ അഞ്ജലിയെ ആചാര്യൻ തല്പരിധാനവസ്ത്രംകൊണ്ടു്

മറച്ച് തന്റെ കരങ്ങൾകൂട്ടി ആ അഞ്ജലിയെ ഗ്രഹിച്ച് 'പ്രണവസ്യ പരബ്രഹ്മഋഷിഃ — പരമാത്മാദേവതാ — ദൈവീഗായത്രീഛന്ദഃ— വ്യാഹൃതീനാംപരമേഷ്ഠീപ്രജാപതിഃ-പ്രജാപതിർബൃഹതീ ഗായത്ര്യാ വിശ്വാമിത്രഃസവിതാഗായത്രീ- ഉപനയനോപദേശേ വിനിയോഗഃ' പിന്നെ, *പ്രണവവ്യാഹൃതീപൂർവ്വികയായ ഗായത്രീപാദം പാദ മായൊ അർദ്ധർച്ചക്രമത്തിലോ മുഴവനോ യഥായോഗ്യം മൂന്നുവട്ടം പറഞ്ഞു(കൊടുത്തു)ചൊല്ലിക്കണം.

'തതൊ മമവ്രത ഇത്യസ്യ പ്രജാപതിർ്ബൃഹസ്പതിസ്ത്രിഷ്ടുപ്
വടൊർ്ഹൃദയേ ഊർദ്ധ്വാംഗുലിപാണിനിധാനെ വിനിയോഗഃ
ഓം മമവ്രതെഹൃദയം തെ ദധാമി മമചിത്തമനുചിത്തം തെ
അസ്തു
മമവാചമേകവ്രതൊജുഷസ്വ ബൃഹസ്പതിഷ്ട്വാനി യുനക്ത്
മഹ്യം

എന്ന് തന്റെ ഹസ്തത്തെ ഊർദ്ധ്വാംഗുലിയാക്കി വടുവിന്റെ ഹൃദയ ദേശത്തു് സ്ഥാപിക്കണം. രക്ഷാശുദ്ധികൾക്കായിട്ട്

'ഇയം ദുരുക്താദിതിദ്വയോർവ്വാമദേവോമേഖലാത്രിഷ്ടുപ്-
മേഖലാബന്ധനെ വിനിയോഗഃ
ഓം ഇയം ദുരുക്താല്പരിബാധമാനാച്ഛർമ്മവ രൂഥംപുനതീന
ആഗാൽ
പ്രാണാപാനാഭ്യാംബലമാഭാരംതീപ്രിയാദേവാനാ സുഭഗാ
മേഖലേയം —
ഋതസ്യ ഗോപ്ത്രീ തപസഃപരസ്വീഘ്നതീരക്ഷഃസഹമാനാ
അരാതീഃ
സാനഃ സമം തമനുപരേഹി ഭദ്രയാഭർത്താരസ്തെ മേഖലെ
മാരിഷാമ'

എന്നീ മന്ത്രങ്ങൾകൊണ്ടു് മൂന്നാവർത്തിച്ച് മേഖലയ്ക്ക് നാഭിപ്രദേ ശത്തു് മൂന്നു കെട്ടിടണം. ആ സമയം 'സരഹസ്യാംഗസഹിത വേദത്രയേണാവൃതോഹം' എന്ന് വടു വിചാരിക്കണം.

'സ്വസ്തി ന ഇത്യസ്യ സ്വസ്ത്യാത്രേയോ വിശ്വേദേവാ
സ്ത്രിഷ്ടുപ്-ദണ്ഡദാനെ വിനിയോഗഃ

---

*പ്രേ...വ്യ...ഗാ... = ഓം ഭൂർഭുവഃസ്വഃ, തൽസവിതുർവരേണ്യം ഭർഗ്ഗോദേവസ്യ ധീമഹി ധിയോ യോനഃ പ്രചോദയാത്.

ഓം സ്വസ്തി നൊമിമിതാമശ്വിനാഭഗഃ സ്വസ്തി ദേവ്യദിതിര
നർവ്വണഃ
സ്വസ്തി പൂഷാ അസുരൊ ദധാതു നഃ സ്വസ്തി ദ്യാവാപൃഥിവീ-
സുചേതുനാ'

എന്ന മന്ത്രംകൊണ്ടു് ആചാര്യൻ ദണ്ഡുകൊടുക്കണം.

'അദാന്തംദമയിത്വാ മാം മാർഗെ സംസ്ഥാപയത്സ്വയം
ദണ്ഡഃകരെ സ്ഥിതൊ യസ്മാത്തസ്മാദ്രക്ഷ യതോഭയം'

എന്ന മന്ത്രത്തെ (അപ്പോൾ) വടു ജപിക്കണം.

പിന്നീടു്, 'ബ്രഹ്മചാര്യസി—അപോശാന—ആചമനംകുരു കർമ്മ കുരു — ദിവാ മാ സ്വാപ്സീഃ—ആചാര്യാധീനൊ വേദ-മധീഷ്വ — സായംപ്രാതർഭിക്ഷേഥാഃ — സായംപ്രാതഃ സമിധമാധേഹി- അപ്രത്യാഖ്യായിനമഗ്രെഭിക്ഷേഥാഃ'

ഇത്യാദി വടുവിനോടാദേശിക്കണം.

പിന്നീടു്, സ്വിഷ്ടകൃദാദി ഹോമശേഷം മുടിച്ചു് മേധാജനനാന്തമഗ്നി രക്ഷചെയ്യണം. രണ്ടാംദിവസം മുതൽ ഗായത്രികൊണ്ടു് ബ്രഹ്മയജ്ഞം ചെയ്യണം—ശുഭം.

പിന്നീടു്, മഹാവ്രതൊപനിഷദ്വ്രതാദികളനുഷ്ഠിച്ചു് ഗോദാനവ്രതമനുഷ്ഠിക്കണം. ഗോദാനം ചൌളത്തിനു് യോഗ്യമായ തിഥ്യാദികാലങ്ങളിൽ അതുപോലെ വേണ്ടതാകുന്നു. 'അസ്യ ബ്രഹ്മചാരിണൊഗോദാനവ്രതം കരിഷ്യെ' എന്നു സങ്കല്പിച്ചു് നാന്ദീശ്രാദ്ധാദി നടത്തി സൂര്യാഗ്നി സ്ഥാപിച്ചു് മാതാവിന്റെ ഉത്തരഭാഗത്തു് വടുവിരുന്നു് തദുത്തരഭാഗത്തു് അന്വാരബ്ധനായിട്ടാചാര്യനിരുന്നു് ആജ്യഹോമാന്തം കർമ്മംകഴിച്ചു്, ശീതോഷ്ണജലാനയനാദി (വരുത്തൽ) സാധിച്ചു് 'അദിതിഃശ്മശ്രൂണി വപതു' എന്നിത്യാദ്യൃഹിതമന്ത്രംകൊണ്ടു് ഇടത്തുഭാഗം ശ്മശ്രുദേശം തുടങ്ങി പ്രദക്ഷിണക്രമത്തിൽ ശ്മശ്രുക്കൾ (മീശ) ത്രിവാരം നനച്ചു് ദക്ഷിണോത്തരശ്മശ്രുഭാഗങ്ങളിൽ കുശപത്രസ്ഥാപനാദി (യായി) സപ്തച്ഛേദനം, കുശയോടെ ശ്മശ്രുച്ഛേദനം, ഗോമയത്തിൽ നിക്ഷേപണം മുതലായതു് കഴിച്ചുകൊൾക. ക്ഷുരാവമാർജനമന്ത്രത്തിൽ 'വപ്താ വപസി ശ്മശ്രൂണി ശുന്ധിശിരൊമുഖമാസ്യായുഃ ഇത്യൂഹഃ'-നാപിതപ്രൈഷകാര്യത്തിൽ 'അക്ഷണ്വൻ കുശലീ കേശ

ശ്മശ്രുലോമനഖാന്യുദക് സംസ്ഥാനി കുരു' എന്നുവേണം.–നാപിതൻ തജ്ജലംകൊണ്ടു് ശ്മശ്രുകേശനഖനികൃന്തനം ചെയ്യണം. പിന്നീടു്, സ്നാനംചെയ്തു് വടുവിനെ ദക്ഷിണഭാഗത്തിരുത്തി ഹോമം മുടിച്ചു് ഗുരുപാത്രദാനാന്തം കഴിച്ചു് അന്നുള്ള പകൽ ശേഷം വടു മൌനമനുഷ്ഠിക്കണം. സന്ധ്യാവന്ദനം കഴിഞ്ഞു് ഗുരുവിൻെറ അടുക്കൽ ചെന്നു് 'വരം ദദാമി' എന്നു് മൌനം വിട്ടു് ഗോദ്വയം ദക്ഷിണ ചെയ്ക. (ഗോദാനമെന്നാൽ 'ഗാവഃ, ദീയന്തെ—ഖണ്ഡ്യന്തെ യത്ര' എന്ന അവയവാർത്ഥപ്രകാരം, കേശങ്ങൾ ഖണ്ഡിക്കപ്പെടുന്ന കർമ്മമെന്നർത്ഥമാകുന്നു.)

ഉപനയനം, ബ്രാഹ്മണനു് ഗർഭാഷ്ടമവർഷത്തിൽ വേണ്ടതാകുന്നു. 'ഗർഭാദേകാദശെ രാജ്ഞഃ' എന്ന സ്മൃതിപ്രകാരം ക്ഷത്രിയനു് പതിനൊന്നാം സംവത്സരത്തിൽ വേണ്ടതാണു്. 'ആഷോഡശാദ്ദ്വാവിംശാൽ' എന്ന വചനപ്രകാരം ഈ പറഞ്ഞ വത്സരം കഴിഞ്ഞുപോയാൽ സാവിത്രീപതിതന്മാരാകുമെന്നും പിന്നെ ഉപനയിക്കണമെങ്കിൽ വ്രാത്യസ്തോമയജ്ഞം ചെയ്യവേണമെന്നും സിദ്ധാന്തമാകുന്നു.

## 6. സന്ധ്യാനുഷ്ഠാനപദ്ധതി

i. സന്ധ്യാകർമ്മപ്രാധാന്യം :

ഹരിഃ—സന്ധ്യാനുഷ്ഠാനം ചെയ്യാതിരുന്നാൽ ശ്രുതി സ്മൃത്യാദികളിൽ ബഹുപ്രകാരം പ്രത്യവായം (ദോഷം) പ്രതിവാദിക്കപ്പെട്ടിരിക്കുന്നതിനാൽ തദനുഷ്ഠാനം നിത്യമാകുന്നു.

'സന്ധ്യാ യേന ന വിജ്ഞാതാ സന്ധ്യാ യേനാനുപാസിതാ
ജീവമാനോ ഭവേച്ഛൂദ്രോ മൃതഃശ്വാനോഽഭിജായതെ'

സന്ധ്യ യാതൊരുവനാൽ അറിയപ്പെടുന്നും ഉപാസിക്കപ്പെടുന്നും ഇല്ലയോ അവൻ ജീവദശയിലെ ശൂദ്രനും മരിച്ചു *സാരമേയവുമായി ഭവിക്കുന്നു എന്നു് വിഷ്ണു പുരാണത്തിൽ പറഞ്ഞിരിക്കുന്നു.

'സന്ധ്യാഹീനോഽശുചിർന്നിത്യമനർഹഃസർവ്വകർമ്മസു
യദ്യന്യത്കുരുതെ കർമ്മ ന തസ്യ ഫലഭാഗ്ഭവേത്''—

സന്ധ്യാനുഷ്ഠാനരഹിതനായിട്ടുള്ളവൻ സർവ്വദാ അശുചിയും സർവ്വകർമ്മങ്ങളിലുമനധികൃതനുമാകുന്നു. എന്നല്ല, അവൻ മറ്റെന്തുതന്നെ ചെയ്താലും അതിന്റെ ഫലം ശരിയായി പ്രാപിക്കയുമില്ല എന്നു് ദക്ഷസ്മൃതി പറയുന്നു.

'സായം പ്രാതഃ സദാ സന്ധ്യാം യെ വിപ്രാ നാനുപാസതെ
താനേവ ധാർമ്മികൊ രാജാ ശൂദ്രകർമ്മസു യോജയേത്''

സായം പ്രാതഃസന്ധ്യകളെ ഉപാസിക്കാത്ത വിപ്രന്മാർ യാവരോ

---

* സാരമേയം = ശ്വാവു.

ധർമ്മതല്പരനായ രാജാവു് അവരെ ശൂദ്രകൃത്യത്തിൽതന്നെ നിയമിക്കണമെന്നു പറയുന്നു.

'സന്ധ്യാതിക്രമണം യസ്യ സപ്തരാത്രമവിച്യുതം
ഉന്മത്തദോഷയുക്തോ വാ പുനഃസംസ്കാരമർഹതി'

ഏഴുദിവസം അവിച്ഛേദേന സന്ധ്യ മുട്ടിയാലും ഉന്മത്തദോഷയുക്തനായാലും പുനഃസംസ്കാരം വേണ്ടതാകുന്നു എന്നു് ശൌനകൻ പറയുന്നു. പ്രമാദത്താലേ ഒരുദിവസമതിക്രമിച്ചുപോയാൽ അഹോരാത്രമുപവസിച്ചു് പതിനായിരം ഗായത്രി ജപിക്കണമെന്നു് ജമദഗ്നി 'ഏകാഹം സമതിക്രമ്യ' എന്നാദിയായി പറഞ്ഞിരിക്കുന്നു. എന്നാൽ, ഉപവാസാനന്തരം അഷ്ടോത്തര സഹസ്രജപമാണു് മനു വിധിച്ചിരിക്കുന്നതു്. ഇങ്ങനെയുള്ള അനുഷ്ഠാനം അർത്ഥാവബോധപൂർവ്വകം വേണ്ടതെന്നു് 'യദേവ വിദ്യയാ കരോതി' എന്നു തുടങ്ങി ഛാന്ദോഗ്യശ്രുതിയിൽ പറയപ്പെട്ടിരിക്കുന്നു. വിപര്യയവിഷയത്തിൽ ദോഷവും യാസ്കമഹർഷി പറഞ്ഞിട്ടുണ്ടു്.

'സ്ഥാണുരയം ഭാരഹരഃകിലാഭൂ-
ദധീത്യവേദം ന വിജാനാതി യോർത്ഥം'

വേദം പഠിച്ചർത്ഥമറിയാത്തവൻ *ഭാരവഹനദണ്ഡാകുന്നു എന്നർത്ഥം.

'വേദഭാരഭരാർത്തോ യഃ സ വൈ ബ്രാഹ്മണഗർദഭഃ'

എന്നു് ഭരദ്വാജസ്മൃതിയിലും പറഞ്ഞിട്ടുണ്ടു്. ഉപനയിക്കുന്ന ആളും വിദ്വാനായിരിക്കണം. അല്ലായ്കിൽ–

'തമസൊ വാ ഏഷ തമഃപ്രവിശതി യമവിദ്വാനുപനയതെ'

(ഒരുവൻ) തമസ്സിൽനിന്നും തമസ്സിനെ പ്രാപിച്ചു് യാതൊന്നുമറിയാത്തതുപോലെതന്നെ ഏവനെ അവിദ്വാനുപനയിക്കുന്നുവോ അവനുമാകുന്നു എന്നു് ഭഗവാൻ ആപസ്തംബൻ ദോഷം പറഞ്ഞിരിക്കുന്നു.

'യജ്ഞോപവീതീ നിത്യോദകഃസന്ധ്യാമുപാസീത'

എന്നു് ആശ്വലായനൻ പറഞ്ഞിട്ടുള്ളതിനാൽ യജ്ഞോപവീതമുടയവനായി സ്നാനമന്ത്രപ്രോക്ഷണാദികൾ ചെയ്യുവനായിട്ടു് സന്ധ്യ അനു

---

* ഭാരവഹനദണ്ഡം = കാവു കോലു് [വട്ടവു് (നടുഭാഗം) തോളിൽവച്ചു് അററങ്ങളിൽ ഭാരം ചുമക്കുന്ന കോൽ].

ഷ്ഠിക്കണമെന്നു് സിദ്ധിക്കുന്നു. ശ്രൌതപരിഭാഷയിൽ ആപസ്തംബ (മഹ)ർഷിയാൽ

'യജ്ഞോപവീതീ പ്രദക്ഷിണം ദൈവാദികർമ്മാണി കരോതി'

എന്നു് പറയപ്പെട്ടിരിക്കുന്നു. ആകയാൽ, യജ്ഞോപവീതധാരണ മാവശ്യമാകുന്നു. ഇങ്ങനെ, യജ്ഞോപവീത ധാരണം നിത്യമായി വിചാരിക്കപ്പെടുന്നു എങ്കിലും ആദികാലങ്ങളിൽ കർമ്മാംഗം (തൽക്കാല നിബന്ധന) ആയിരുന്നു.

ii. സന്ധ്യാപ്പൊരുൾ, അനുഷ്ഠാനം :

'യാ സന്ധ്യാ സാ ജഗത്സൂതിർ മ്മായാതീതാ ഹി നിഷ്കലാ'

എന്നുതുടങ്ങി വസിഷ്ഠരാൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ചിച്ഛക്തി രൂപ(യായ) പരദേവതയാകുന്നു സന്ധ്യയെന്നു് നിർണ്ണയകല്പവല്ലീ കാരൻ പറയുന്നു. ഇങ്ങനെ സന്ധ്യാപദം മുഖ്യവൃത്ത്യാ ചിച്ഛക്തിപര മായിരുന്നാലും സന്ധിയിൽ ഭവിച്ചതെന്നു് യൌഗികവൃത്ത്യാ ക്രിയാ പരമായിട്ടുകൂടി ഉള്ളതാകയാൽ സന്ധ്യാസ്നാനാദികൾക്കും ചേർച്ച യുള്ളതാകുന്നു.

'സന്ധൌ സന്ധ്യാമുപസീത നാസ്തഗെ നൊദ്ഗതെ രവൌ'

സൂര്യ്യനസ്തമിച്ചിട്ടും ഉദിച്ചിട്ടുമല്ലാതെ ഉള്ള സന്ധിക്ഷതന്നെ സന്ധ്യയുപാസിക്കണമെന്നു് മേൽ പറഞ്ഞ പ്രമാണം പറയുന്നു.

'ഉപാസ്യേ സന്ധിവേലായാം നിശായാ ദിവസസ്യ ച
താമേവ സന്ധ്യാം തസ്മാത്തു പ്രവദന്തി മനീഷിണഃ'

ദിവസത്തിൻെറയും നിശയുടെയും സന്ധിവേളയിലുപാസി ക്കുന്നതുകൊണ്ടു് അതിനെ സന്ധ്യയെന്നു് മനീഷികൾ പറയുന്നു എന്നു് ലഘുവ്യാസസ്മൃതിയിൽ പറഞ്ഞിരിക്കുന്നു. അർഘ്യ പ്രക്ഷേപണവും ഗായത്രീജപവും സൂര്യ്യോപസ്ഥാനവും സന്ധ്യാനു ഷ്ഠാനത്തിൽ പ്രധാനവും (അംഗിയും) മാർജനാദികൾ അംഗവുമാ കുന്നു.

'രാഷ്ട്രഭംഗെ നൃപക്ഷോഭെ രോഗാർത്തെ സൂതകേപി ച
സന്ധ്യാവന്ദനവിഛിത്തിർ ന ദോഷായ കദാചന'

ദേശഭംഗം, നൃപക്ഷോഭം, രോഗപീഡ, ആശൌചമെന്നി ത്യാദികളിൽ സന്ധ്യാലോപം ദോഷാവഹമല്ലെന്നുണ്ടെങ്കിലും

തൽക്കാലങ്ങളിൽ മനസ്സുകൊണ്ടു് ഉച്ചാരണം സാധിക്കാവുന്നതി
നാൽ സർവ്വാത്മനാലോപം ഇതിനഭിപ്രായമ(ാകുന്നി)ല്ലെന്നറിയേ
ണ്ടതാകുന്നു. മുഖ്യസന്ധ്യ സിദ്ധിക്കാത്തപക്ഷം ഗൌണകാലമെ
ങ്കിലും ഗ്രാഹ്യമാകുന്നു. 'മുഹൂർത്തത്രിതയംപ്രാതഃ' എന്ന പ്രമാണ
ത്താൽ ആറു നാഴികവരെ പ്രാതഃസന്ധ്യയും, 'ചതസ്രോഘടികാഃ
സായം' എന്ന വചനത്താൽ നാലുനാഴിക ചെൽവോളം സായം
സന്ധ്യയും കൊള്ളാവുന്നതാണു്. ''തസ്മാദുത്തിഷ്ഠന്തംഹവാ, താനി
രക്ഷാംസ്യാദിത്യം യോധയന്തി'' ഉദിച്ചുയരുന്ന സൂര്യനോടു് ആ
രക്ഷസ്സുകൾ യുദ്ധംചെയ്യുന്നു എന്നു് വേദം ഘോഷിക്കുന്നതിനാൽ
തന്നിവാരണാർത്ഥം സന്ധ്യാനുഷ്ഠാനം അപരിത്യാജ്യമാകുന്നു.
ഇക്കാലങ്ങൾ തെററുകിൽ, ഗായത്രീജപപൂർവ്വകം അർഘ്യദാനം
പ്രാണായാമമെന്നിപ്രകാരം രണ്ടുവിധം പ്രായശ്ചിത്തം വിധിക്കപ്പെ
ട്ടിരിക്കുന്നതാകയാൽ പ്രായശ്ചിത്തംചെയ്തു് സന്ധ്യയുപാസിക്കേണ്ട
താകുന്നു. പ്രാതഃസന്ധ്യ മുട്ടുകിൽ കാലപ്രാപ്തയായ സായംസന്ധ്യ
യെ വന്ദിച്ചു് പ്രാതഃസന്ധ്യ വേണ്ടതെന്നു് ചിലരും ക്രമംപോലെ
വേണ്ടതാകുന്നു എന്നു് മററുചില ആചാര്യന്മാരും പറയുന്നു. എന്നാൽ
പ്രാതഃസന്ധ്യ തെററി സായം(തന)സന്ധ്യ കിട്ടുന്നതായാൽ സായം
സന്ധ്യയനുഷ്ഠിച്ചു് അതിപന്ന(യായ) പ്രാതഃസന്ധ്യ ഉപാസിക്ക
ണമെന്നും രണ്ടും തെററുകിൽ രാത്രി പ്രഥമയാമത്തിൽ ആദിമുതൽ
ക്രമപ്രകാരമനുഷ്ഠിക്കണമെന്നും ശ്രീകൃഷ്ണപണ്ഡിതരുടെ സന്ധ്യാ
ഭാഷ്യം പറയുന്നു. അസ്തമനവേളയിൽ സായംസന്ധ്യ ഉപാസി
ക്കാതെ ബുദ്ധിമോശത്താൽ പ്രാതഃസന്ധ്യ ഉപാസിക്കുന്നതായാൽ
ദോഷമുണ്ടെന്നുള്ളതിനു്

'സ്വകാലെ യദകുർവ്വംസ്തു
കരോത്യന്യദചേതനഃ
പ്രത്യവായസ്തു തേനൈവ'

എന്നാദിയായ ഭട്ടാചാര്യവചനവുമുണ്ടു്. ഇങ്ങനെ അനുഷ്ഠാനം
ചെയ്‌വാനായി ഉദയത്തിനു് രണ്ടു നാഴിക മിച്ചമുള്ളപ്പോൾ,

'ബ്രാഹ്മേ മുഹൂർത്തേചോത്ഥായ ചിന്തയേദാത്മനൊ ഹിതം
സ്മരണം വാസുദേവസ്യ കുർയ്യാത്കലിമലാപഹം'

എന്നു് സ്മൃതി പറയുന്നതായ ബ്രാഹ്മമുഹൂർത്തത്തിലെഴുന്നേററു്
ആത്മാവിനു് (തനിക്കു്) ഹിതമായിട്ടുള്ള ധർമ്മാദികളെ ചിന്തിച്ചു്
കലികല്മഷഹരമായ വാസുദേവസ്മരണം കർത്തവ്യമാകുന്നു.
പിന്നീടു്, ജനനീജനകഗുരുദേവതാദികളെ മനസ്സുകൊണ്ടു് സ്മരിക്കു

കയും തദ്ദിനകൃത്യത്തെ നിരൂപിക്കുകയും ചെയ്യണം. അനന്തരം

'പുനഃപുനർജായമാനാ പുരാണീ
സമാനംവർണ്ണമഭിശുംഭമാനാ
ശ്വഘ്നീവകൃത്വ്നർവ്വിജആമിനാനാ
മർത്ത്യസ്യ ദേവി ജരയന്ത്യായുഃ'

എന്നപോലെയുള്ള ഋങ്മന്ത്രങ്ങളേയും

ബ്രഹ്മാ, മുരാരി, സ്ത്രിപുരാന്തകാരീ
ഭാനുഃ, ശശീ, ഭൂമിസുതോ ബുധശ്ച
ഗുരുശ്ച ശുക്രഃ, ശനിരാഹുകേതവഃ
കുർവ്വന്തു സർവ്വേ മമ സുപ്രഭാതം = 1

ഭൃഗുർവ്വസിഷ്ഠഃ, ക്രതുരംഗിരാശ്ച
മനുഃപുലസ്ത്യഃപുലഹശ്ചഗൌതമഃ
രൈഭ്യോ, മരീചിശ്ച്യവനശ്ച ദക്ഷഃ
കുർവ്വന്തു സർവ്വേ മമ സുപ്രഭാതം = 2

സനൽകുമാരഃ സനകഃസനന്ദഃ
സനാതനോപ്യാസുരിപിംഗലൌച
സപ്തസ്വരാഃ സപ്തരസാതലാനി
കുർവ്വന്തു...3

സപ്താർണവാഃസപ്തകുലാചലാശ്ച
സപ്തർഷയൊ, ദ്വീപവനാനി, സപ്ത
ഭൂരാദികൃത്വാഭുവനാനിസപ്ത
കുർവ്വ,...4

പൃത്ഥ്വീസഗന്ധാ, സരസാസ്തഥാപഃ,
സ്പർശീ ച വായുർ ജ്വലനഃസതേജാഃ
നഭഃസശബ്ദം മഹതാ സഹൈവ
കുർവ്വന്തു....5

വൈന്യം, പൃഥും, ഹൈഹയമർജ്ജുനം ച
ശാകുന്തളേയം ഭരതം, നളംച
രാമം ച യോ വൈസ്മരതി പ്രഭാതെ
തസ്യാത്ഥസിദ്ധിർവ്വിജയശ്ചഹസ്തെ = 6

ബലിർ,വ്വിഭീഷണൊ, ഭീഷ്മഃ പ്രഹ്ലാദോ നാരദോ ധ്രുവഃ,
ഷഡേതെ വൈഷ്ണവാഃ പ്രോക്താഃ സ്മരണം പാപനാശനം = 7

അശ്വത്ഥാമാ, ബലിർ, വ്യാസോ, ഹനുമാംശ്ച, വിഭീഷണഃ
കൃപഃ, പരശുരാമശ്ച സപ്തൈതേ ചിരജീവിനഃ = 8
സപ്തൈതാൻ സംസ്മരെന്നിത്യം മാർക്കണ്ഡേയമഥാഷ്ടമം
ജീവേദ്വർഷശതം സാഗ്രമപമൃത്യുവിവർജ്ജിതഃ = 9
പുണ്യശ്ലോകോ നളോ രാജാ, പുണ്യശ്ലോകോ യുധിഷ്ഠിരഃ
പുണ്യശ്ലോകാ ച വൈദേഹീ പുണ്യശ്ലോകൊ ജനാർദ്ദനഃ' = 10

എന്ന പുരാണമന്ത്രങ്ങളേയും ജപിക്കുക. അനന്തരം പ്രജ്ഞാവിവർദ്ധനസ്തോത്രം ചൊല്ലുക.

'സ്കന്ദ ഉവാച–

''യോഗീശ്വരൊ, മഹാസേനഃ, കാർത്തികേയോഽഗ്നിനന്ദനഃ
സ്കന്ദഃ, കുമാരഃ, സേനാനീ സ്വാമീശംകരസംഭവഃ = 1
ഗാംഗേയ സ്താമ്രചൂഡശ്ച ബ്രഹ്മചാരീ, ശിഖിദ്ധ്വജഃ
താരകാരീ, ഉമാപുത്രഃ ക്രൌഞ്ചാരി,ശ്ച ഷഡാനനഃ = 2
ശബ്ദബ്രഹ്മസമുദ്രശ്ച സിദ്ധസാരസ്വതോഗുഹഃ
സനൽക്കുമാരോ ഭഗവാൻ ഭോഗമോക്ഷഫലപ്രദഃ = 3
ശരജന്മാ ഗണാധീശപൂർവ്വജോ മുക്തിമാർഗകൃത്
സർവ്വാഗമപ്രണേതാ ച വാഞ്ഛിതാർത്ഥപ്രദർശനഃ = 4
അഷ്ടാവിംശതിനാമാനി മദീയാനീതി യഃപഠേൽ
പ്രത്യൂഷെ ശ്രദ്ധയായുക്തൊ മൂകൊ വാചസ്പതിർഭവേത് = 5
മഹാമന്ത്രമയാനീതി മമനാമാനുകീർത്തനം
മഹാപ്രജ്ഞാമവാപ്നോതി നാത്രകാര്യാ വിചാരണാ'' = 6

ഇത്രയും കഴിഞ്ഞു്

'സമുദ്രവസനെ! ദേവി! പർവതസ്തനമണ്ഡിതെ!
വിഷ്ണുപത്നി! നമസ്തുഭ്യം പാദസ്പർശം ക്ഷമസ്വ മെ'

എന്നു് സർവ്വംസഹയോടു് പ്രാർത്ഥിച്ചു് *ബാഹ്യാർത്ഥം പുറപ്പെട്ടു് 'അന്തർജലാദാവസഥാദ്വല്മീകാന്മൂഷകസ്ഥലാൽ' എന്നുതുടങ്ങിയ സ്മൃതിപ്രകാരം നിഷിദ്ധമായ ദേവതാസ്ഥാനം, പുററു് മൂഷികബിലം, മാർഗ്ഗം, ശ്മശാനം, നദീതീരം, വാപീ, കൂപം, വൃക്ഷമൂലം എന്നിത്യാദി സ്ഥലങ്ങളിലെ മണ്ണും, ശൌചാവശിഷ്ടമായും കൃമി

---

* ബാഹ്യാർത്ഥം = വെളിക്കിറങ്ങുവാൻ. Ψ മൃത്തു് = മണ്ണു്.

മുതലായതു ചേർന്നതായുമിരിക്കുന്ന മണ്ണും, ഒഴിച്ചുള്ള ശുദ്ധമൃത്തും ജലപാത്രവും വിശുദ്ധദേശത്തു സ്ഥാപിച്ച് ശിരസ്സ് വസ്ത്രംകൊണ്ട് മറച്ച് ഉപവീതം പുറകോട്ടിട്ട്, ഏകവസ്ത്രനായിരുന്നാൽ ഉപവീതം ദക്ഷിണകർണാഗ്രത്തിങ്കൽവച്ച് സോമസൂര്യാഗ്നി*f*സ്ത്ര്യാദ്യഭിമുഖമല്ലാതെ, പകലും സന്ധ്യകളിലും വടക്കോട്ടും രാത്രിയിൽ തെക്കോട്ടുമിരുന്ന്, പുരീഷാദിവിസർജനം കഴിച്ച്,

'അമേദ്ധ്യലിപ്തം യദ്യേന ഗന്ധം ലേപം വ്യപോഹതി
ഭജതെ പ്രകൃതിം യാവത്തച്ഛൌചം താവദിഷ്യതെ'

എന്ന പ്രമാണപ്രകാരം മൃജ്ജലങ്ങളെക്കൊണ്ട് യോഗ്യമാംവിധം ബാഹ്യശൌചം കഴിച്ച് കുക്കളിച്ച് (കുലുക്കഴിഞ്ഞു്) മുഖശുദ്ധി വരുത്തി രണ്ടുവട്ടമാചമിക്കണം. ഈ സ്മൃതിപ്രകാരം ചെയ്യുന്ന ശൌചം കാലോപയുക്തമെന്നു കണ്ട് അന്യോക്ത സംഖ്യയെ ആദരിക്കാതെ വിട്ടിരിക്കുന്നു.

### iii. ആചമനം :

ആചമനം ശ്രൌത, സ്മാർത്ത, പൌരാണികഭേദത്താൽ മൂന്നു വിധമാകുന്നു. ശ്രൌതം(എന്നാൽ) പ്രത്യക്ഷശ്രുത്യുക്തമായ ദർശപൌർണ്ണമാസാദിയജ്ഞാംഗവും (സൂത്രോക്തമായ) സ്മാർത്തം, സന്ധ്യാദി നിത്യകർമ്മാംഗവും, പൌരാണികം, ഗണ്ഡൂഷാദി തുടങ്ങിയ ശൌചാംഗവുമാകുന്നു. ആചമനാർത്ഥം വിശുദ്ധ പ്രദേശത്ത്, ഭൂമിയിൽതന്നെ കാലൂന്നി കാലുകൾക്കുള്ളിലൂടെ കൈകളിട്ട് കിഴക്കോ വടക്കോ നോക്കിയിരുന്നും, തടാകാദികളിലെങ്കിൽ ദക്ഷിണപാദം ജലത്തിൽ നീട്ടി ഇരുന്നുംകൊണ്ട് നുരയും കലക്കലും ദുർഗന്ധവുമില്ലാത്ത ശുദ്ധജലം ഗോകർണ്ണാകൃതിയിൽ കൈകോട്ടിക്കോരി അംഗുഷ്ഠകനിഷ്ഠിക(പെരുചെറുവിരൽ)കളെ വിട്ടുകളഞ്ഞു് മാഷമജ്ജനത്തിനു തക്കവണ്ണമുള്ള ജലം 'മൂലെഹ്യംഗുഷ്ഠസ്യ ബ്രാഹ്മം' എന്ന വചനപ്രകാരം അംഗുഷ്ഠമൂലസ്ഥബ്രഹ്മതീർത്ഥക്രമത്തിൽ 'ഓം കേശവായ സ്വാഹാ—ഓം നാരായണായ സ്വാഹാ—ഓം മാധവായ സ്വാഹാ' എന്ന് മൂന്നുവട്ടം പാനം ചെയ്യുക.

'ഗോകർണ്ണാകൃതിഹസ്തേന മാഷമാത്രം ജലം പിബേൽ
തന്ന്യൂനമധികം വാപി സുരാപാനസമം ഭവേൽ'

---

*f* സ്ത്ര്യാദ്യഭിമുഖം = സ്ത്രീ മുതലായവർക്കുനേരേ (അല്ലാതെ).

എന്നു് പ്രമാണമുള്ളതിനാൽ മാഷമജ്ജനയോഗ്യജലമേ ആകാവൂ. നമോന്തമായും സംബുധ്യന്തം (ഓം കേശവ–എന്നപോൽ) ആയും ഇരിക്കണം മന്ത്രങ്ങളെന്നു് പക്ഷാന്തരങ്ങളുണ്ടു്. എന്നാൽ, ശിഷ്ട സമ്മതി സ്വാഹാന്തത്തിലാകുന്നു. പിന്നീടു്, 'ഓം ഗോവിന്ദായ നമഃ-ഓം വിഷ്ണവെ നമഃ' എന്നു് മുറയ്ക്കു് വലത്തെ കയ്യും ഇടത്തെ കയ്യും കഴുകി 'ഓം മധുസൂദനായ നമഃ-ഓം ത്രിവിക്രമായ നമഃ' എന്നു് പെരുവിരൽ മൂലംകൊണ്ടു് ചുണ്ടുകഠം തുടച്ചു് (കഴുകി) 'ഓം വാമനായ നമഃ-ഓം ശ്രീധരായ നമഃ' എന്നു് മുഖം കീഴോട്ടു് തുടച്ചു് 'ഓം ഹൃഷീകേശായ നമഃ' എന്നിടംകൈ പ്രോക്ഷിച്ചു്, 'ഓം പത്മനാഭായ നമഃ' എന്നു പാദങ്ങഠം കഴുകി, 'ഓം ദാമോദരായ നമഃ' എന്നു ശിരസ്സിലും 'ഓം സങ്കർഷണായ നമഃ' എന്നു് നടുവിരലുകഠം മൂന്നും മടക്കിയതിനഗ്രംകൊണ്ടു് ഊർദ്ധ്വോഷ്ഠവും (മേൽചുണ്ടും) സ്പർശിച്ചു് 'ഓം വാസുദേവായ നമഃ' എന്നു് പെരുവിരലും ചൂണ്ടാണിയും കൂട്ടി വലത്തെ നാസാദ്വാരം സ്പർശിച്ചു് 'ഓം പ്രദ്യുമ്നായ നമഃ' എന്നിതുപോലെ ഇടത്തെ നാസികാഛിദ്രം തൊടുക. 'ഓം അനിരുദ്ധായ നമഃ' എന്നു് പെരുവിരൽചെറുവിരലുകഠംകൊണ്ടു് വലത്തുകണ്ണും സ്പർശിച്ചു്, ഓം പുരുഷോത്തമായ നമഃ' എന്നു് ഇതുപോലെ ഇടത്തുകണ്ണിൽ സ്പർശിക്കുക. 'ഓം അധോക്ഷജായ നമഃ' എന്നു് ഇതുപോലെതന്നെ ദക്ഷിണകർണ്ണവും 'ഓം നരസിംഹായ നമഃ' എന്നു് വാമ (ഇടത്തെ) കർണ്ണവും സ്പൃശിക്കുക. 'ഓം അച്യുതായ നമഃ' എന്നു് ചെറുവിരലും പെരുവിരലും കൂട്ടി നാഭിദേശം (മണിപൂരം) തൊടുക. 'ഓം ജനാർദ്ദനായ നമഃ' എന്നു് കൈകൊണ്ടു് ഹൃദയം സ്പൃശിക്കുക. 'ഓം ഉപേന്ദ്രായ നമഃ' എന്നു് വിരലുകഠംകൊണ്ടു് മൂർദ്ധാവിൽ സ്പർശിക്കുക. 'ഓം ഹരയെ നമഃ' എന്നു് വലത്തുകയ്യുടെ മൂലവും 'ഓം ശ്രീകൃഷ്ണായ നമഃ' എന്നു് വാമബാഹുമൂലവും സ്പർശിക്കണം. ഈ ആംഗസ്പൃശങ്ങഠം ജലസ്പൃശപൂർവ്വം വേണ്ടതാകുന്നു. പൌരാണാചമനം ഇത്ര വിസ്തരിക്കാതെ ചെയ്യേണ്ടപക്ഷം മുമ്പുപറഞ്ഞതുപോലെ ത്രിവാരം ബ്രഹ്മതീർത്ഥക്രമത്തിൽ പാനംചെയ്തു് കൈകഠം കഴുകി കർണ്ണസ്പർശം ചെയ്തുകൊള്ളേണ്ടതാകുന്നു. ഇതിനെക്കുറിച്ചു്

> 'ശൌചാന്തെ ച തഥാ പാനെ സ്പൃഷ്ടാസ്പൃഷ്ടെ ച കർമ്മണി
> പൌരാണാചമനം കുര്യാ ന്നാമഭിഃകേശവാദിഭിഃ'

എന്നു് സ്മൃതിയിൽ പറഞ്ഞിരിക്കുന്നു. ആചമനകാലത്തു് താഴെ പറയുന്ന നിയമങ്ങഠം അംഗീകാര്യങ്ങളാകുന്നു.

> 'ആചമേന്നാസനസ്ഥാം [ഘ്രി ന്നബദ്ധാസന ഏവ വാ-
> ന പ്രസാരിതപാദൊ വാ ബഹിർജാനുകരോപി വാ
> പവിത്രകര ആചാമേ ഛുചിഃ കർമ്മാർത്ഥമാദരാൽ'

ആസനത്തിന്മേൽ പാദംവച്ചും ആസനങ്ങാം ബന്ധിച്ചും കാലു നീട്ടിയും കാലുകറാക്കപുറമേ കൈവച്ചും ഇരുന്നുകൊണ്ടു് ആചമിച്ചു കൂടാ. പവിത്രപാണിയായി ആചമിക്കണം. ''പവിത്രം ഹിരണ്യം'' എന്നു് ശ്രുതിയുള്ളതിനാൽ പവിത്രശബ്ദംകൊണ്ടു് സ്വർണത്തെ ഗ്രഹിക്കേണ്ടതാകുന്നു. പക്ഷെ, കുശാദിപവിത്രമാ കിലും കൊള്ളാവുന്നതാണു്.

സ്നാനെ, ദാനെ, ജപെ, യജ്ഞെ
സ്വാദ്ധ്യായെ, നിത്യകർമ്മണി
സപവിത്രൌ, സദർഭൌ, വാ
കരൌ കുർവ്വീത നാന്യഥാ'

എന്നു് പ്രമാണമുള്ളതാകയാൽ ഈ അവസരങ്ങളിൽ ഹിരണ്യം, ദർഭ എന്നിവകളിൽ ഒന്നുകൊണ്ടുള്ള പവിത്രം വേണ്ടതാകുന്നു—'പവിത്രം ഗ്രന്ഥിതം ന വാ' എന്നു് പ്രമാണമുണ്ടാകയാൽ, പവിത്രം കെട്ടിയ ല്ലാതേയും ഉപയോഗിക്കാമെന്നു് സിദ്ധിക്കുന്നു.

പിന്നീട്ടു്, പ്രതിപദം, ഷഷ്ഠി, അഷ്ടമി, ഏകാദശി, പൌർണ മാസി, ജന്മനക്ഷത്രം, അമാവാസി, വ്യതീപാതം, സംക്രാന്തി, യുഗാദിമന്വാദി ദിവസം, വ്രതോപവാസശ്രാദ്ധ ദിവസം എന്നിങ്ങ നെയുള്ള ദിനങ്ങളെ ഒഴിച്ചു(മററു)ള്ള ദിവസങ്ങളിൽ (മന്ത്രപൂർവ്വകം) പന്ത്രണ്ടംഗുലം നീളത്തിൽ ചെറുവിരൽപ്രമാണത്തിലുള്ള അത്തി, താന്നി, അശോകം, മുള-മാവു്, കരിങ്ങാലി, കടലാടി, മുതലായ തിൽ ഒന്നുകൊണ്ടു് മൌനമായിരുന്നു്

'ആയുർ, ബലം, യശോ, വർച്ചഃ, പ്രജാഃ, പശ്ശുവസൂനിച
ബ്രഹ്മപ്രജ്ഞാം, ച മേധാം ച ത്വം നൊ ദേഹി വനസ്പതെ'—

എന്നു മന്ത്രിച്ചു്

'മുഖദുർഗന്ധനാശായ ദന്താനാം ച വിശുദ്ധയെ
ഷ്ഠീവനായ ച ഗാത്രാണാം കുർവ്വേƒഹംദന്തധാവനം'

എന്ന മന്ത്രംകൊണ്ടു് ദന്തധാവനം ചെയ്യേണ്ടതാകുന്നു. പിന്നീട്ടു്, നാവുവടിച്ചു് പന്ത്രണ്ടുവാരം *ഗണ്ഡൂഷംചെയ്തു് രണ്ടുവട്ടമാചമി ക്കണം. നിഷിദ്ധദിവസങ്ങളിൽ അംഗുലി (വിരൽ) തൃണപർണാദി

* പന്ത്രണ്ടുതവണ കുലുക്കഴിഞ്ഞു് തുപ്പിക്കളയണം. ഇതാകുന്നു ഗണ്ഡൂഷക്രമം.

കളെക്കൊണ്ടു് അമന്ത്രകമായി ശോധന ചെയ്യേണ്ടതാകുന്നു എന്നു് സ്മൃത്യർത്ഥസാരാദി പ്രമാണം പറയുന്നു. ശൌചദന്തധാവനാദി കൾക്കു് ജലമുദ്ധരിച്ചല്ലാതെ ചെയ്യുന്നതിനു് ശാസ്ത്രാനുമതി ഇല്ലാത്ത താകുന്നു. (എന്നാൽ,

''നാപോ മൂത്രപുരീഷാഭ്യാം നാഗ്നിജ്വലനകർമ്മണാ
ന സ്ത്രീദുഷ്യതി ജാരേണ''

എന്നൊന്നു പിടിച്ചെന്നപോലെ മലയാളത്തു ജേഷ്ഠാദ്യനുഷ്ഠാനം മാറിയിരിക്കുന്നില്ലാതെയില്ല-പക്ഷെ, ശിഷ്ടസമ്മതി ആ സ്മൃതി യെക്കുറിച്ചുമുണ്ടാകുന്നില്ല) പിന്നീടു്, നദിയിലോ തടാകാദിക ളിലോചെന്നു് ജലമെടുത്തു് മുഖപാണിപാദങ്ങൾ ശോധിച്ചു് കച്ഛ ശിഖകളെ ബന്ധിച്ചു്, ആചമിച്ചു് പ്രാണനെ അടക്കി, ദേശകാല കീർത്തനപൂർവ്വകം ''മമാത്മനഃ കായവാങ്ങ്മനഃ കൃതകർമ്മദോഷ പരിഹാരദ്വാരാ ശ്രീപരമേശ്വരപ്രസാദസിദ്ധ്യർത്ഥം പ്രാതഃ സ്നാന മഹം കരിഷ്യെ'' എന്നു് സങ്കൽപ്പിച്ചു്

'ത്വം രാജാ സർവ്വതീർത്ഥാനാം ത്വമേവ ജഗതഃപിതാ
യാചിതം ദേഹി മേ തീർത്ഥം തീർത്ഥരാജ നമൊസ്തുതേ
സിതാസിതെ യത്ര തരംഗചാമരെ
നദ്യൌ വിഭാതെ മുനിഭാനുകന്യകെ
ലീലാതപത്രം വട ഏവ സാക്ഷാൽ
സ തീർത്ഥരാജോ ജയതി പ്രയാഗഃ
ഓം ഹിരണ്യശൃംഗം വരുണം പ്രപദ്യേ
തീർത്ഥം മേ ദേഹി യാചിതഃ
യന്മയാ ഭുക്തമസാധൂനാം പാപേഭ്യശ്ച പ്രതിഗ്രഹഃ
യന്മെ മനസാ, വാചാ, കർമ്മണാ, വാ ദുഷ്കൃതംകൃതം
തന്ന ഇന്ദ്രോ, വരുണൊ, ബൃഹസ്പതിഃ, സവിതാ, ച പുനന്തു
പുനഃ പുനഃ

എന്ന മന്ത്രങ്ങൾ ചൊല്ലി

'നളിനീ, നന്ദിനീ, സീതാ, മാലതീ, ച മലാപഹാ
വിഷ്ണുപാദാബ്ജസംഭൂതാ ഗംഗാ, ത്രിപഥഗാമിനീ
ഭാഗീരഥീ ഭോഗവതീ ജാഹ്നവീ ത്രിദശേശ്വരീ
ദ്വാദശൈതാനി നാമാനി യത്ര യത്ര ജലാശയെ
സ്നാനയുക്തഃസ്മരേന്നിത്യം തത്ര തത്ര വസേദ്ധി സാ'

എന്നു് ഗംഗയെ സ്മരിച്ചു് (നദിയിലൊഴുക്കിനുനേരേയും മറ്റു സ്ഥല

ങ്ങളിൽ ആദിത്യാഭിമുഖമായും രാത്രിയിൽ അഗ്നിക്കു നേരേയും) മൂന്നു മുങ്ങണം.

'മുക്തകേശൈര്ന്നകര്ത്തവ്യം പ്രേതസ്നാനംവിനാ കചചിത്'

എന്നു പ്രമാണമുള്ളതിനാൽ പ്രേതസ്നാനമൊഴിച്ചുള്ളതിനു് കുടുമകെട്ടിക്കൊണ്ടുതന്നെ സ്നാനംചെയ്യണം. പിന്നീട്, ദേഹശോധനചെയ്തു് നാഭിദഘ്ന(പരിമാണ)ജലത്തിൽനിന്നു് രണ്ടാചമിച്ചു്

'ആപോഹിഷ്ഠേതിതൃചസ്യാംബരീഷഃസിന്ധുദ്വീപഃ-
ആപഃ (ദേവതാ) ഗായത്രീ(ഛന്ദഃ)മാർജനെ വിനിയോഗഃ—
ഓം ആപൊഹി-ഷ്ഠാ-മയൊഭുവ-
സ്താ-ന ഊർജേദധാതന
മഹേരണായ ചക്ഷസെ
ഓം യോ വഃശിവതമൊ രസ-
സ്തസ്യഭാജയതെ ഹന
ഉശതീരിവ മാതരഃ
ഓം തസ്മാ അരം-ഗമാമ-വോ
യസ്യ ക്ഷയാ യജിന്വഥ
ആപൊജനയഥാചനഃ'

എന്നു് കുശജലംകൊണ്ടു് (പാദാന്തെ) ശിരസ്സിൽ പ്രോക്ഷിച്ചു്

''പ്രൈയമേധഃസിന്ധുഃ-നദ്യഃ-ജഗതീ-ജലാലോഡനെ
വിനിയോഗഃ-
ഓം ഇമം മെ ഗംഗെ, യമുനെ, സരസ്വതി, ശുതുദ്രി, സ്തോമം
സചതാപരുഷ്ണ്യാ
അസിക്ന്യാ, മരുദ്വൃധെ, വിതസ്തയാർജീകീയെശൃണുഹ്യാ
സുഷോമയാ''

എന്നു് പെരുവിരൽകൊണ്ടു് മൂന്നുവട്ടം ജലം ചുററിച്ചിളക്കി പെരുവിരലുകൾകൊണ്ടു് കർണങ്ങളും തർജനീ (ചൂണ്ടാണി) മദ്ധ്യമകൾ കൊണ്ടു് നേത്രങ്ങളും അണിവിരലുകൾകൊണ്ടു് മൂക്കും ചെറുവിരലുകൾകൊണ്ടു് വായുമടച്ചുപിടിച്ചു് മൂന്നു മുങ്ങണം-പിന്നീടു് തോത്തി പൌരാണാചമനപ്രകാരം അമന്ത്രകം (നാമമന്ത്രംകൂടാതെ) ശരിയായി ആചമിച്ചു് ജലത്തിൽതന്നെനിന്നു് കിഴക്കുമുഖമായി

ബ്രഹ്മാദയൊ യെ ദേവാസ്താന്ദേവാംസ്തർപയാമി
ഭൂർദ്ദേവാംസ്തർപയാമി

ഭുവർദ്ദേവാം സ്തർപയാമി–
സ്വർദ്ദേവാംസ്തർപയാമി
ഭൂർഭുവഃസ്വർദ്ദേവാംസ്തർപയാമി'

എന്നു് ഉപവീതിയായി (യജ്ഞസൂത്രം ശരിയായിട്ടു്) തർപ്പിക്കണം,

'കൃഷ്ണദ്വൈപായനാദയൊ ഋഷയസ്താംസ്തർപയാമി
ഭൂർഋഷീം സ്തർപയാമി
ഭുവർഋഷീംസ്തർപയാമി
സ്വർഋഷീംസ്തർപയാമി
ഭൂർഭുവഃസ്വർഋഷീംസ്തർപയാമി'

എന്നു് ഋഷിതീർത്ഥക്രമത്തിൽ നിവീതിയായിട്ടു് (ഉപവീതം കീഴോട്ടിട്ടു്) ഈരണ്ടഞ്ജലി തർപ്പിക്കുക.

'ഉപവീതം ഭവെന്നിത്യം,
നിവീതം കണ്ഠസജ്ജനം'

എന്ന പ്രമാണത്താൽ ഉപവീതം സാധാരണയായിട്ടുള്ള രീതിയിലിടുന്നതും, നിവീതം കണ്ഠലംബിതമായിടുന്നതുമാകുന്നു എന്നറിഞ്ഞു കൊൾക. പിന്നീടിടത്തുടുപവീതമിട്ടു്

'സോമഃപിതൃമാന്യമോംഗിരസ്വാനഗ്നിഷ്വാത്താഃകവ്യവാഹ–
നാദയൊ യെ പിതരസ്താംസ്തർപയാമി
ഭൂഃപിതൄംസ്തർപയാമി
ഭുവഃപിതൄംസ്തർപയാമി
സ്വഃപിതൄംസ്തർപയാമി
ഭൂർഭുവഃസ്വഃപിതൄംസ്തർപയാമി'

എന്നു് തിലംകൂട്ടി പിതൃതീർത്ഥക്രമത്തിൽ തെക്കോട്ടു് മുമ്മൂന്നഞ്ജലി ജലംകൊടുത്തു് കരേറി

'അഗ്നിദഗ്ദ്ധാശ്ച യെ ജീവാ യെപ്യദഗ്ദ്ധാഃ കുലെ മമ
ഭൂമൌ ദത്തേന തോയേന തൃപ്താ യാന്തു പരാംഗതിം'

എന്നു് ജലാഞ്ജലി ഭൂമിയിൽ വീഴ്ത്തി ഉപവീതം വലത്തുടിട്ടു്

'യന്മയാ ദൂഷിതം തോയം ശാരീരമലസംഭവാൽ
തദ്ദോഷപരിഹാരാർത്ഥം യക്ഷ്മാണംതർപയാമ്യഹം'

എന്നു് യക്ഷ്മതർപ്പണം കഴിച്ചു് ശുഷ്കവസ്ത്രമുള്ളപക്ഷം ഈറൻ പകർന്നു കൊള്ളുകയും അല്ലാത്തപക്ഷം ഏഴുവട്ടം വീശി ഉണക്കി ധരിക്കുകയും ചെയ്ക.

'അവഗാഹ്യ തു വാരുണം'

എന്നപ്രകാരം മുങ്ങിക്കളിക്കാൻ പാടില്ലാതെ വരികിൽ ഉഷ്ണോദക കണ്ഠസ്നാനമോ ആർദ്രവസ്ത്രംകൊണ്ടു് മാർജ്ജനമോ കഴിച്ചു് ആപോഹി ഷ്ഠേതി മന്ത്രപ്രോക്ഷണ രൂപമായ ബ്രാഹ്മസ്നാനം ചെയ്തു് സന്ധ്യ വന്ദിക്കണം. പിന്നീടു്, യഥാവിധി സംസ്കൃതമായ ഗോമയ ഭസ്മമിടത്തുകയ്യിലിട്ടു് ദക്ഷിണഹസ്തംകൊണ്ടു് മൂടിപ്പിച്ചു്,

'അഗ്നിരിതിഭസ്മ—വായുരിതിഭസ്മ—ജലമിതിഭസ്മ—
സ്ഥലമിതിഭസ്മ—വ്യോമേതിഭസ്മ—സർവ്വംഹവാഇദംഭസ്മ
മന ഏതാനി ചക്ഷൂംഷി ഭസ്മാനി'—എന്നതുടങ്ങി
'ഓം സദ്യോജാതം പ്രപദ്യാമി സദ്യോജാതസ്യ വൈ നമൊ നമഃ
ഭവെ, ഭവെ, നാതിഭവെ ഭവസ്വമാം ഭവോദ്ഭവായനമഃ
വാമദേവായ നമൊ, ജ്യേഷ്ഠായ നമഃ ശ്രേഷ്ഠായ നമൊ, രുദ്രായ നമഃ
കാലായ നമഃ കലവികരണായ നമോ ബലവികരണായ നമോ
ബലായ നമോ ബലപ്രമഥനായ നമഃ സർവ്വഭൂതദമനായ നമോ മനോന്മനായ നമഃ
അഘോരേഭ്യോഥ ഘോരേഭ്യോ ഘോരഘോരതരേഭ്യഃ
സർവേഭ്യഃ സർവശർവേഭ്യോ നമസ്തെ അസ്തു രുദ്രരൂപേഭ്യഃ
തൽപുരുഷായ വിദ്മഹെ മഹാദേവായ ധീമഹി
തന്നോ രുദ്രഃപ്രചോദയാൽ
ഈശാനഃസർവവിദ്യാനാ-
മീശ്വരഃസർവഭൂതാനാം ബ്രഹ്മാധിപതിർബ്രഹ്മണൊധി-
പതിർബ്രഹ്മാശിവൊമെഅസ്തു സദാശിവോം'

ഈ മന്ത്രങ്ങൾകൊണ്ടഭിമന്ത്രിച്ചു്

വസിഷ്ഠോ മൃത്യംജയോനുഷ്ടുപ്-ജലമിശ്രണെ വിനിയോഗഃ
ഓം *ത്ര്യംബകംയജാമഹെ-Ψസുഗന്ധിം പുഷ്ടിവർദ്ധനം
ഉർവ്വാരുകമിവബന്ധനാന്മൃത്യോർമ്മുക്ഷീയ മാ§മൃതാൽ'

എന്നു് ജലംചേർത്തു് മധ്യാംഗുലികൾ മൂന്നുംകൂട്ടി || പ്രണവവ്യാഹൃ

* ത്ര്യംബകം = ബ്രഹ്മവിഷ്ണുരുദ്രാണാം, പിതരം. Ψ സുഗന്ധിം = പ്രസാരിത പുണ്യകീർത്തിം. § മാ = മാം. ആമൃതാൽ = മോക്ഷപര്യന്തം. || പ്രണവ വ്യാഹൃതികൾ = ഓം ഭൂർഭുവഃ സ്വഃ—ഗായത്രീ. ''തത്സവിതുർവരേണ്യം ഭർഗോ ദേവസ്യധീമഹി ധിയോ യോ നഃ പ്രചോദയാത്.

തികാംചേർത്തു് ഗായത്രീസഹിതം നെററിമേൽ മുതലായി (സ്ഥാന ങ്ങളിൽ) തിര്യക് (വിലങ്ങത്തിൽ) ത്രിപുണ്ഡ്രം ധരിക്കുക. (പക്ഷാന്തരത്തിൽ

'ഓം മാ-നസ്തോകെ തനയെ മാ-നആയൌമാ-നൊഗോഷു-
മാ^നൊഅശേഷുരീരിഷഃ
വീരന്മാ-നൊരുദ്രഭാമിതൊവധീർഹവിഷ്മന്തഃസദമിത്ത്വാ
ഹവാമഹെ'

എന്നു് ഭസ്മമെടുത്തു് ജലസമ്മിശ്രമാക്കി സവ്യാഹൃതിഗായത്രീശിരോ മന്ത്രങ്ങളംകൊണ്ടു് ധരിക്കാവുന്നതാണു്) ഗോപികൊണ്ടു് ഊർദ്ധ്വ പുണ്ഡ്രം ധരിക്കുന്ന ഭഗവദ്ഭക്തന്മാർ തദനന്തരം ഭസ്മധാരണം ചെയ്യേണ്ടതാകുന്നു. ഭസ്മംകൊണ്ടു് ഗോപിയും ഗോപിമണ്ണുകൊണ്ടു് തിര്യക്പുണ്ഡ്രവും ധരിച്ചുകൂടെന്നു്

'ഭസ്മനാ നോർദ്ധ്വപുണ്ഡ്രം തു മൃദ്ഭിർന്നൈവ ത്രിപുണ്ഡ്രകം'

ഈ വചനത്താൽ നിഷേധിക്കപ്പെട്ടിരിക്കുന്നു.

പിന്നീടു്, പ്രാണായാമത്തിനു് പെരുവിരൽ, അണിവിരൽ (അതിനടുത്ത) ചെറുവിരൽ എന്നീ മൂന്നുംകൂട്ടി മൂക്കുപിടിച്ചു് വാമ നാസാദ്വാരത്തിൽകൂടി വായുവിനെ ആകർഷിച്ചു് കുംഭിച്ചു് വല ത്തുടെ രേചകം ചെയ്യുക. ഇങ്ങിനെ മൂന്നുവട്ടം ചെയ്തിട്ടു് ''പ്രണ വസ്യ ബ്രഹ്മാ ഋഷിഃ-ഗായത്രീ ഛന്ദഃ-പരമാത്മാ ദേവതാ, സപ്താനാം വ്യാഹൃതീനാം വിശ്വാമിത്ര, ജമദഗ്നി, ഭരദ്വാജ, ഗൌതമ,മാത്രി, വസിഷ്ഠ, കശ്യപാ ഋഷയഃ-അഗ്നി, വാ,യ്വാദിത്യ, ബൃഹസ്പതി, വരുണേന്ദ്ര, വിശ്വേദേവാ ദേവതാഃ ഗായ,ത്ര്യുഷ്ണിഗനുഷ്ടു, ബ്ബൃഹതീ, പംക്തി, ത്രിഷ്ടുബ്, ജഗത്യഃ, ഛന്ദാംസി, ഗായത്ര്യാ വിശ്വാമിത്ര ഋഷിഃ-സവിതാ ദേവതാ-ഗായത്രീ ഛന്ദഃഗായത്രീ ശിരസഃപ്രജാപതിർ ഋഷിഃ-ബ്രഹ്മാഗ്നിവായ്വാദിത്യാദേവതാഃ-യജു ശ്ഛന്ദഃ-പ്രാണായാമെ വിനിയോഗഃ-ഓം ഭൂഃ-ഓം ഭുവഃ-ഓം സ്വഃ-ഓംമഹഃ-ഓം ജനഃ-ഓം തപഃ-ഓം സത്യം-ഓം തത്സവിതുർവരേണ്യം ഭർഗോ ദേവസ്യ ധീമഹി ധിയോ യോ നഃ പ്രചോദയാത്-ഓം ആപോ ജ്യോതീ, രസോ, മൃതംബ്രഹ്മ, ഭൂർ, ഭുവഃസ്വരോം'' എന്ന മന്ത്രങ്ങളോടും നാഭി, ഹൃത്, ലലാടങ്ങളിൽ ബ്രഹ്മ, വിഷ്ണുരുദ്രധ്യാന ത്തോടും മൂന്നു് പ്രാണായാമം ചെയ്യണം.

'സ വ്യാഹൃതിം സപ്രണവാം ഗായത്രീം ശിരസാസഹ
ത്രിഃപഠേദായതപ്രാണഃ പ്രാണായാമ സ ഉച്യതെ'

എന്നു് പ്രാണസംയമനത്തെക്കുറിച്ചു് മനു പറഞ്ഞിരിക്കുന്നു.

അനന്തരം, 'മമോപാത്തദുരിതക്ഷയദ്വാരാ ശ്രീപരമേശ്വര പ്രീത്യർത്ഥം പ്രാതഃസന്ധ്യാമുപാസിഷ്യേ'

എന്നു് സങ്കല്പിച്ചു് ജലാശയത്തിലോ മറേറാ നിന്നു് ശുദ്ധജലത്തെ
'സ്പൃഷ്ട്വാചാഭിഷ്ടുതം തോയം മൂർദ്ധ്നാ ബ്രഹ്മമുഖേന ച
ആപൊഹിഷ്ഠാദിഭിർമ്മന്ത്രൈർദ്ദർഭൈഃശിരസി മാർജയേൽ'

എന്ന(ഗോഭില)വചനപ്രകാരം, പ്രാണായാമത്തിനുപറഞ്ഞ പ്രണവ വ്യാഹൃതി ഗായത്രീശിരോമന്ത്രങ്ങളെക്കൊണ്ടു് അഭിമന്ത്രിച്ചു്, മുമ്പു് പ്രോക്ഷണത്തിനു പറഞ്ഞിട്ടുള്ള ആപോഹിഷ്ഠാദി മൂന്നിന്റെ ഒൻപതു പാദങ്ങൾചൊല്ലി ദർഭകൊണ്ടു് മൂർദ്ധാവിൽ പ്രോക്ഷിക്കണം. എന്നാൽ,

'യസ്യക്ഷയായെതിജലം സകൃശം പ്രക്ഷിപേദധഃ'

എന്നു് ശൌനകവചനമുള്ളതിനാൽ

'ഓം യസ്യ ക്ഷയായജിന്വഥ'

എന്നു് എട്ടാമത്തു കൈവെള്ളം കുശസഹിതം ത്യജിക്കണം. ശേഷം മൂർദ്ധാവിൽ–ഇങ്ങിനെ പ്രോക്ഷിക്കുന്നതു് പ്രതിപാദാന്തങ്ങളിൽ (ഓരോന്നിനുമുള്ള മുമ്മൂന്നു് പാദങ്ങളിൽ, അതാതുപാദം തീരുന്ന സ്ഥലങ്ങളിൽ) അല്ലാതെ ചെയ്തുകൂടാ.

'അപദാന്തെ തു യദ്വാരി തദ്വാരി രുധിരം ഭവേൽ'

എന്നു നിഷേധമുണ്ടു്-ഇതിനു് ജലം, മൃണ്മയ, ദാരവ, സൌവർണ്ണാദി പാത്രങ്ങളിലെടുത്തുമാവാമെന്നു് പരാശരമാധവീയത്തിൽ പറഞ്ഞിരിക്കുന്നു. ഇങ്ങിനെ പ്രോക്ഷിച്ചുകഴിഞ്ഞാൽ കൈകോട്ടിൽജലം കോരിപ്പിടിച്ചു് 'സൂര്യശ്ചേത്യസ്യാനുവാകസ്യ യാജ്ഞവല്ക്യ ഉപനിഷദഃ – സൂര്യമന്യമന്യുപതിരാത്രയഃ – പ്രകൃതിഃ – മന്ത്രാചമനെ വിനിയോഗഃ–ഓം സൂര്യശ്ച മാമന്യുശ്ചമന്യുപതയശ്ചമന്യുകൃതേഭ്യഃപാപേഭ്യോ രക്ഷന്താം യദ്രാത്ര്യാ പാപമകാർഷം മനസാവാചാ ഹസ്താഭ്യാം പദ്ഭ്യാം ഉദരേണശിശ്നാരാത്രിസ്തദവലുമ്പതു – യല്ക്കിഞ്ചദുരിതംമയി, ഇദമഹംമാമമൃതയൊനൌ സൂര്യെ ജ്യോതിഷി ജുഹോമി സ്വാഹാ'

എന്നു് മന്ത്രിച്ചു് സേവിച്ചാചമിക്കുക. പിന്നീടു്, പ്രണവ വ്യാഹൃതി ഗായത്രികളെക്കൊണ്ടും ആപോഹിഷ്ഠാദി സൂക്തങ്ങളെക്കൊണ്ടും പ്രോക്ഷിക്കുക.

'ഗായത്ര്യാ വിശ്വാമിത്രഃ–സവിതാ-ഗായത്രീ-പ്രാതഃ സന്ധ്യാർഘ്യദാനേ വിനിയോഗഃ' എന്നുച്ചരിച്ച്, ഗോകർണ്ണാകൃതിഹസ്തദ്വയത്തിൽ നിറച്ച് ജലമെടുത്ത് കിഴക്കോട്ട നിന്നുകൊണ്ട്, 'ഓം തൽസവിതുർ......യാൽ' എന്ന് ജലത്തിൽതന്നെ അർഘ്യജലം വീഴ്ത്തി 'ശ്രീ സൂര്യായ നമഃ, ഇദമർഘ്യം സമർപയാമി' എന്ന് മൂന്നുവട്ടം അർഘ്യം കൊടുക്കുക. പിന്നെ സ്വല്പം ജലമെടുത്ത് 'അസാവാദിത്യോ ബ്രഹ്മ' എന്നുമന്ത്രിച്ച് വട്ടംതിരിഞ്ഞു് ചുററിവീഴ്ത്തി ജലം തൊട്ട് രണ്ടാചമിച്ച് മുമ്പോൽ പ്രാണസംയമംചെയ്ത് ഗായത്രീജപം കഴിച്ചുകൊൾക–ഗായത്ര്യാ വിശ്വാമിത്രഃ–സവിതാ–ഗായത്രീ–ജപെ വിനിയോഗഃ ഓം തൽ......യാൽ' എന്ന് 108 അല്ലെങ്കിൽ 28 ഉരു ജപിക്കുക. ഋഷ്യാദികൾ ഒടുക്കവും വേണം.

'ആർഷംഛന്ദൊ ദൈവതം ച വിനിയോഗം തഥൈവ ച
വേദിതവ്യം പ്രയത്നേന ബ്രാഹ്മണേന വിശേഷതഃ'

എന്ന പ്രയോഗപാരിജാതീയവചനാനുസാരേണ ഇത്രയും മതിയെന്നു വച്ചും അംഗന്യാസാദികം അവൈദികമെന്ന ഗൃഹ്യപരിശിഷ്ടവചനമനുകരിച്ചും ന്യാസാദി വിട്ടിരിക്കുന്നു. സത്യജ്ഞാനാനന്താദിലക്ഷണനായ യാതൊരുവൻ (ദേവൻ) നമ്മുടെ കർമ്മധർമ്മാദിബുദ്ധികളെ (അന്തര്യാമിസ്വരൂപനായിട്ടു) പ്രേരിക്കുന്നുവോ ആ സർവ്വവേദപ്രസിദ്ധനായ സവിതാവിൻെറ (സകലചരാചരപ്രപഞ്ചസൃഷ്ടിസ്ഥിത്യന്തകാരിയുടെ) (ഉപാസ്യമായിട്ടും ജ്ഞേയമായിട്ടും) ഭജിക്കപ്പെടാൻ യോഗ്യമായി സകലാവിദ്യാതല്ക്കാര്യനാശകമായിരിക്കുന്ന തേജസ്സിനെ ഞങ്ങൾ (അഹംഗ്രഹമായി—താനെന്നു) ധ്യാനിക്കുന്നു എന്നുള്ള അർത്ഥഭാവനയോടെ ഗായത്രീ ജപിക്കേണ്ടതാകുന്നു എന്നറിഞ്ഞുകൊള്ളണം.

പിന്നീട്, 'ജാതവേദസെ, മാരീചഃകശ്യപൊ-ജാതവേദാഃ അഗ്നിസ്ത്രിഷ്ടുപ്–സന്ധ്യോപസ്ഥാനെ വിനിയോഗഃ–ഓം ജാതവേദസെ സുനവാമസൊമമരാതീയതൊനിദഹാതിവേദഃ സനഃപർഷദതിദുർഗ്ഗാണിവിശ്വാനാവേവസിന്ധുംദുരിതാത്യഗ്നിഃ = ത്ര്യംബകം മൈത്രാവരുണിർവ്വസിഷ്ഠോമൃത്യംജയൊരുദ്രോനുഷ്ടുപ്— സന്ധ്യോപസ്ഥാനെ വിനിയോഗഃ–ഓം ത്ര്യംബകം യജാമഹെ സുഗന്ധിം പുഷ്ടിവർദ്ധനം–ഉർവ്വാരുകമിവബന്ധനാന്മൃത്യൊർമ്മുക്ഷീയമാമൃതാൽ = തച്ഛംയോ ശംയുർവ്വിശ്വേദേവാഃശക്വരീ–സന്ധ്യോപസ്ഥാനേവി,,—ഓം തച്ഛംയൊരവൃണീമഹെ ഗാതുംയജ്ഞായ ഗാതുംയജ്ഞപതയെദൈവീസ്വസ്തിരസ്തുനഃ-സ്വസ്തിർമ്മാനുഷേഭ്യഃ- ഊർദ്ധ്വം

ജിഗാതുഭേഷജംശം നൊ' അസ്തു ദ്വിപദേശം ചതുഷ്പദെ'—നമൊ ബ്രഹ്മണേവാമദേവ്യഃ പ്രജാപതിർവ്വാലിംഗോക്താദേവതാ—ത്രിഷ്ടുപ് സന്ധ്യോപസ്ഥാനെ വിനി,,—ഓം നമോ ബ്രഹ്മണെ, നമൊ അസ്ത്വഗ്നയെ, നമഃ പൃഥിവ്യൈ, നമഃ ഓഷധീഭ്യഃ-നമൊ വാചെ നമൊ വാചസ്പതയെ, നമൊ വിഷ്ണവെ മഹതെ കരോമി' എന്നിത്രയും കൊണ്ടുപസ്ഥാനംചെയ്തിട്ട് ''വ്യാഹൃതീനാംപരമേഷ്ഠി പ്രജാപതിർ ബൃഹതീ-ജപദോഷാപനത്തയെ പ്രദക്ഷിണാവർത്തനെ വിനിയോഗഃ-ഓം ഭൂഃ-ഓം ഭുവഃ-ഓംസ്വഃ-ഓം ഭൂർ,ഭുവഃ,സ്വഃ'' എന്ന നാലു കൊണ്ട് വട്ടംതിരിയുക—അതിനുശേഷം 'നമഃ പ്രാച്യൈ ദിശെ യാശ്ച ദേവതാ ഏതസ്യാം പ്രതിവസന്തി ഏതാഭ്യശ്ച നമഃ-നമൊ ദക്ഷിണായൈ ദിശെ യാശ്ച ദേവതാ ഏതസ്യാം പ്രതിവസന്തി ഏതാഭ്യശ്ച നമഃ-നമഃ പ്രതീച്യൈദിശെ യാശ്ച ദേവതാ ഏതസ്യാം പ്രതിവസന്തിഏതാഭ്യശ്ച നമഃ-ഉദീച്യൈദിശേയാശ്ച ദേവതാ ഏതസ്യാം പ്രതിവസന്തി ഏതാഭ്യശ്ച നമഃ നമ ഊർദ്ധ്വായൈ ദിശെ യാശ്ച ദേവതാ ഏതസ്യാം പ്രതിവസന്തി ഏതാഭ്യശ്ച നമഃ' എന്നു വലത്തുട്ട് ദിശോപസ്ഥാനം ചെയ്യുക. നമോ ഗംഗാ, യമുനയൊർമ്മ ദ്ധ്യെ യെ വസന്തി തെമെ പ്രസന്നാത്മാനശ്ചിരംജീവിതം വദ്ധയന്തു നമൊ ഗംഗാ,യമുനയൊർമ്മുനിഭ്യശ്ച-സന്ധ്യായൈനമഃ-ഗായത്ര്യൈ നമഃ-സാവിത്ര്യൈ നമഃ സരസ്വത്യൈ നമഃ-സർവ്വാഭ്യോ ദേവതാഭ്യോ നമഃ-കാമോകാർഷീന്മന്യുരകാർഷീന്നമൊ നമഃ=

'യാംസദാസർവ്വഭൂതാനി സ്ഥാവരാണി ചരാണി ച
സായം പ്രാതന്നമസ്യന്തി സാ മാ സന്ധ്യാഭിരക്ഷതു
ആകാശാൽപതിതംതോയം യഥാ ഗച്ഛതി സാഗരം
സർവ്വദേവനമസ്കാരഃ കേശവം പ്രതിഗച്ഛതി

നമോസ്ത്വനന്തായ സഹസ്രമൂർത്തയേ
സഹസ്രപാദാക്ഷിശിരോരുബാഹവെ
സഹസ്രനാമ്നെ പുരുഷായ ശാശ്വതെ
സഹസ്രകോടീയുഗധാരിണെ നമഃ'

എന്നു് പ്രണമിക്കുക. പിന്നീടിടത്തുകാലും (പാദവും) വലത്തു മുട്ടും തലയും നിലത്തുചേർത്തു് കൈകരം സ്വസ്തികാകൃതിയാക്കി ക്കൊണ്ടു് കർണ്ണങ്ങളിൽ സ്പർശിച്ച് ഗോത്രനാമങ്ങരം ചൊല്ലി പിത്രാദിഗുർവ്വഭിവാദനം ചെയ്യുക. 'ഓം അനേന പ്രാതഃസന്ധ്യാ വന്ദനെന ശ്രീപരമേശ്വരഃപ്രീയതാം-ഓം തത്സദ്ബ്രഹ്മാർപ്പണമസ്തു' രണ്ടാചമിച്ച്,

പ്രായശ്ചിത്താന്യശേഷാണി തപഃകർമ്മാത്മകാനി വൈ
യാനി തേഷാമശേഷാണാം കൃഷ്ണാനുസ്മരണം പരം.
വിഷ്ണവെ നമൊ, വിഷ്ണവെ നമൊ, വിഷ്ണവെ നമഃ'

എന്നു് ജപിച്ചു് സമർപ്പിക്കുക.

കാരണങ്ങളാൽ സന്ധ്യാനുഷ്ഠാനം ഇങ്ങനെ വിസ്തരിക്കാൻ സാധിക്കാത്തവർക്കു് സ്നാനാചമനതർപ്പണാർഘ്യദാനാദി കഴിച്ചു് പ്രണവപഞ്ചാക്ഷരഗായത്ര്യാദി ജപമനുഷ്ഠിച്ചു് ജപദോഷനിവൃത്തിക്കു് പ്രദക്ഷിണപരിക്രമാദി, അവസാനിപ്പിച്ചു് സമാസമായി സന്ധ്യയെ വന്ദിക്കാവുന്നതാണു്.

ഇത്രയുംകഴിഞ്ഞു് ഭസ്മംധരിക്കുന്ന സമ്പ്രദായമാകുന്നു മലയാളത്തു് സാധാരണ നടപ്പുള്ളതു്. എന്നാൽ,

'ശ്രാദ്ധേ, യജ്ഞേ, ജപേ ഹോമേ വൈശ്വദേവേ, സുരാർച്ചനേ,
ഭസ്മത്രിപുണ്ഡ്രൈഃ പൂതാത്മാമൃത്യുംജയതി മാനവഃ'–

എന്നുതുടങ്ങിയ പ്രമാണങ്ങളെ അവലംബിച്ചും ആചാരഗ്രന്ഥോക്തികളെ ആശ്രയിച്ചും മററുവിധം ഭസ്മധാരണം എഴുതപ്പെട്ടതാകുന്നു.

ഓം—ശുഭം—ശാന്തിഃ

''ആചാരവർത്മ 'മലയാചലജന്മി' നാക-
വാചാ വിചാര്യ രചിതം ത്വിദമീയതുഷ്യൈ,
മോചാഫല പ്രകൃതി സന്നയനാഞ്ചലൈശ്വോ-
ദാചാന്തമേതദനിശംഫലിനംഹിജാതം''

ഇതി തീർത്ഥപാദസംപ്രദായ പ്രവർത്തക
ഷണ്മുഖദാസാപരനാമക
ശ്രീ വിദ്യാധിരാജ തീർത്ഥപാദ പരമഭട്ടാരസ്വാമി
ശ്രീ ചരണദാസസ്യആത്മാശ്രമസ്വാമ്യപരാഭിധാനസ്യ
ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമിനഃകൃതിഷു
മലയക്ഷത്രിയനായകസമയപദ്ധതി

''സജ്ജനവിഹംഗകല്പ-
ദ്രുമസപ്രസവേന യേന വർത്മേദം
നാധിത 'മധരവനീഗൃഹ-
നാഥൊ'ജീയാത്സ'ശക്തിഹസ്താ'ഖ്യഃ''

ശുഭം, ശാന്തി

അനുബന്ധം

i

## 12-ാംദിവസത്തെ സപിണ്ഡിക്രിയാ പ്രാധാന്യം

ആശൌചനിർണ്ണയം :

''ശ്രീ കമലാകരഭട്ടൻെറ 'നിർണ്ണയസിന്ധു' എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ 366-ാംവശത്തു്

'ശൂദ്രേ ത്രിവഷാന്യൂനേ തു മൃതേ ശുദ്ധിസ്തുപഞ്ചഭിഃ,
അതഊർദ്ധ്വം മൃതേ ശൂദ്രേ ദ്വാദശാഹോ വിധീയതേ''

എന്നുപറയുന്നു. ഈ മഹാനിബന്ധത്തിലെ അംഗിരഃ സ്മൃതി, വ്യാഘ്രപാദസ്മൃതി ഈരണ്ടുപ്രമാണങ്ങളനുസരിച്ചു് വിചിന്തനം ചെയ്യുമ്പോരം ശൂദ്രനു് പന്ത്രണ്ടുദിവസംകൊണ്ടു് ആശൌചം പര്യവസാനിക്കുമെന്നു് സിദ്ധമായിരിക്കുന്നു. അംഗിരസ്മൃതികരം രണ്ടുണ്ടാകയാൽ മററൊന്നിൽ എല്ലാ ജാതിക്കാർക്കും (അതായതു് മുമ്പുണ്ടായിരുന്ന ജാതി നാലിനും) പത്തുദിവസംകൊണ്ടു് ആശൌചശുദ്ധിവരുമെന്നു് നിർണ്ണയിച്ചിരിക്കുന്നു. ദേവലസ്മൃതിയുടെ സിദ്ധാന്തപ്രകാരവും എല്ലാ ജാതിക്കാർക്കും പുല പത്തുദിവസംതന്നെയെന്നു കാണാം.

''ശൂദ്രസ്യ ദ്വിജശുശ്രൂഷാ പരമോധർമ്മ ഉച്യതേ''

എന്നപോലെയുള്ള ബ്രാഹ്മണപക്ഷപ്രമാണത്താലും നടപ്പുകൊണ്ടും ശൂദ്രൻ ദ്വിജദാസനാണെന്നിരിക്കയാൽ ''വിപ്രപരിചര്യാ പരശ്ശൂദ്രസ്യ'' എന്ന ദേവലസ്മൃതിപ്രകാരവും ശൂദ്രർക്കു് പത്തുപുലയേ ഉള്ളു എന്നുവരുന്നു. ഈ അഭിപ്രായത്തെ ബൃഹദ്യമസ്മൃതിയും പിൻതാങ്ങിയിട്ടുണ്ടു്. ഉശനഃസ്മൃതി 6-ാം അദ്ധ്യായം 35-ാം ശ്ലോകവും ഈ പക്ഷത്തെ ദൃഢീകരിക്കുന്നു. അതിനുംപുറമേ അനുലോമജാതിയിലുള്ള വിപ്രപത്നികരംക്കും ദാസികരംക്കും തങ്ങളുടെ സ്വാമി (പതി അല്ലെങ്കിൽ പ്രഭു) ആയ വിപ്രർക്കുള്ളിടത്തോളം ദിവസമെ ആശൌചമുള്ളുവെന്നു് അത്രിസ്മൃതി 87-ാം ശ്ലോകവും

ബൃഹദ്വിഷ്ണുസ്മൃതി 22-ാം അദ്ധ്യായം 18-ാം ശ്ലോകവും തെളിയിക്കുന്നു. മേൽ കാണിച്ച സ്മൃതികൾ പ്രകാരം സകല ജാതിക്കാക്കും പത്തു ദിവസത്തെ പുലയേയുള്ളുവെന്നതു് സിദ്ധാന്തപക്ഷവും വിപ്രദാസന്മാർക്കു് പത്തെന്നും ശൂദ്രർക്കു് പന്ത്രണ്ടെന്നും വികല്പപക്ഷവും ആയിരിക്കുന്നു. ശൂദ്രനു് ദാസ്യപുടപാകംകൊണ്ടു് ശ്രേഷ്ഠതയും തദ്വാരാ ആശൌചം കുറഞ്ഞു് പത്തുദിവസമാകയെന്നതും വരത്തക്കതാണു്. വേദവേദാംഗാദിപാരഗനും സാഗ്നികനുമായ വിപ്രൻ, ജാതിബ്രാഹ്മണനുവേണ്ടതായ പത്തുപുല കൂടാതെ ഒരുദിവസം കൊണ്ടു് ശുദ്ധമാകുമെന്നു് ദക്ഷസ്മൃതി പറയുന്ന സ്ഥിതിക്കു് നമ്പിക്കുറുകൊണ്ടെങ്കിലും 'ദർഭേകേശേ' എന്നതുപോലെ ദാസ്യം കയ്യേററവർക്കു് ശ്രൈഷ്ഠ്യം നിരൂഢമാകകൊണ്ടും ഇതിനു് ന്യായമുണ്ടു്.

ഇനി, ഗാരുഡത്തിൽ മരണദിവസം തുടങ്ങി പതിനൊന്നാം ദിനം വൃഷോത്സർഗ്ഗം എന്ന ക്രിയയെ അവതരിപ്പിച്ചു് വൃഷത്തിന്റെ ഗുണദോഷചിന്തചെയ്തു് അതതു ജാതിക്കായി തരംതിരിച്ചിട്ടു് ''കൃഷ്ണാശ്ശൂദ്രസ്യ ശസ്യതേ'' എന്നു് പ്രത്യേകം നിഷ്കർഷിച്ചുകാണിക്കയാൽ ഈ ക്രിയ നാലുജാതിക്കും സമാനമെന്നു തെളിയുന്നു. വൃഷോത്സർഗ്ഗം നടത്തുന്നതു് ആശൌചത്തിലല്ല. ആകയാൽ, ആക്കും ആശൌചം പത്തുദിവസമേ ഉള്ളവെന്നു് ഈ പക്ഷംകൊണ്ടു് തീർച്ചയായി. സപിണ്ഡി മുതലായ ക്രിയാകലാപവും അതിന്റെ മാഹാത്മ്യങ്ങളും അറിവാനായി ശ്രീഗരുഡൻ ചോദിച്ചപ്പോൾ ഊർദ്ധ്വലോകപ്രാപ്തിക്കു കാരണമായിരിക്കുന്ന സപിണ്ഡി മുമ്പായ ക്രിയകളെ പറയാമെന്നുപക്രമിച്ചു് ബ്രഹ്മാവു്, ശിവൻ മുതലായവരോടു് സപിണ്ഡിചെയ്തു് പിതൃക്കളെ ചേർക്കാത്തവരുടെ ദാനധർമ്മാദികൾ വിഫലങ്ങളെന്നും, അവർ എപ്പോഴും അശുദ്ധന്മാരായിരിക്കുമെന്നും സപിണ്ഡി ചെയ്യുന്നതുവരെ വാലായ്മ പോകയില്ലെന്നും ശ്രീഭഗവാൻ സ്ഥാപിച്ചിരിക്കുന്നു.

അനന്തരം പുലയെ സംബന്ധിച്ചുള്ള പക്ഷാന്തരങ്ങളെ എല്ലാം വിമർശനംചെയ്തിട്ടു് എല്ലാ ജാതിക്കാർക്കും ചാവിലും പേറിലും ഉള്ള പുലയും വാലായ്മയും പത്തുദിവസംകൊണ്ടു് പോകുമെന്നു് കലികാലത്തിലെ നിശ്ചയമായിട്ടു ഭഗവാൻ സിദ്ധാന്തസ്ഥാപനം ചെയ്തിരിക്കുന്നു. ഇതുതന്നെ സിദ്ധാന്തപക്ഷമെന്നു ഗാരുഡത്തിന്റെ വ്യാഖ്യാതൃപണ്ഡിതനും സമ്മതിച്ചിട്ടുണ്ടു്. ഇതു് മററുള്ളപക്ഷങ്ങൾക്കു് അപവാദമാകയാൽ, പത്തുദിവസത്തിൽ കൂടുതൽ വേണമെന്നു പറയുന്ന പ്രമാണങ്ങൾ അസാധുകരിക്കപ്പെട്ടിരിക്കുന്നു.

സപിണ്ഡീകരണമെന്ന ക്രിയ പന്ത്രണ്ടാം ദിവസമോ ത്രിപക്ഷത്തിലോ ആറാം മാസത്തിലോ സംവത്സരാവസാനത്തിലോ ചെയ്യാമെന്ന് തത്വജ്ഞന്മാരായ മഹർഷികൾ സമ്മതിച്ചിരിക്കുന്നു എന്നു പറഞ്ഞിട്ട്, ശാസ്ത്രധർമ്മമനുസരിച്ച് നാലു ജാതിക്കാർക്കും പന്ത്രണ്ടാം ദിവസം സപിണ്ഡികഴിക്കുന്നതു് ഉത്തമമെന്നു് സ്വപക്ഷത്തെ ഭഗവാൻ സ്ഥാപിച്ചിരിക്കുന്നു. എന്നുമാത്രമല്ല കലിയുഗധർമ്മങ്ങളുടെ ബാഹുല്യംകൊണ്ടും പുരുഷായുസ്സിന്റെ കുറവുകൊണ്ടും ശരീരത്തിന്റെ അസ്ഥിരത്വംനിമിത്തവും പന്ത്രണ്ടാം ദിവസംതന്നെ സപിണ്ഡിചെയ്യുന്നതു് ഏററവും വിശേഷമെന്നു പറയുന്നു. ഈ ഭാഗത്തെ വ്യാഘ്രപാദമഹർഷിയും സമ്മതിക്കുന്നുണ്ടു്. ''സംവത്സരാന്തേദ്വാദശാഹേ വാ'' എന്നു് ഗൃഹ്യസൂത്രകാരൻ പറഞ്ഞതിനെ ഉദ്ധരിച്ചു് ''മിതാക്ഷരയും'' ഈ പക്ഷത്തെ താങ്ങുന്നു. ആശൌചത്തിലല്ല സപിണ്ഡി നടത്തുന്നതെന്നു് പറയേണ്ടതില്ല. സപിണ്ഡീകരണം കഴിഞ്ഞാൽ വാലായ്മപോലും ഇല്ലെന്നതിനു്—, ''വാലായ്മപോകണമെങ്കിൽ സപിണ്ഡി വീടണം'' എന്ന അർത്ഥത്തിൽ ഗാരുഡം പറയുന്നതുതന്നെ തെളിവാണു്. നാലുജാതിക്കാർക്കും ഇങ്ങനെ സപിണ്ഡീകരണം പറഞ്ഞതിനുപുറമേ 'മിതാക്ഷരി'യിൽ ശൂദ്രനുപോലും പന്ത്രണ്ടാംദിവസം സപിണ്ഡിചെയ്‌വാൻ, ''ഏവം സപിണ്ഡീകരണം മന്ത്രവജ്ജ്യംഹി ശൂദ്രാണാം ദ്വാദശേഹനി'' എന്നു ഇതു് വിഷ്ണുസ്മൃതിയെ ഉദ്ധരിച്ചു് പറഞ്ഞിട്ടുമുണ്ടു്. ഇങ്ങനെ പത്തുദിവസത്തെ ആശൌചവും പന്തിരണ്ടിലെ സപിണ്ഡിക്രിയയും സർവ്വസാധാരണമായും പ്രമാണങ്ങളുടെ പരസ്പര സംവാദത്തോടുകൂടിയും വന്നിരിക്കയാൽ നായന്മാരുടെ ഏതാദൃശനടപടികളിൽ യാതൊരു വികല്പത്തിനും അവസരമില്ല. ഒരു പ്രത്യേക വർഗ്ഗക്കാരായ നായന്മാരെ സംബന്ധിച്ചിടത്തോളം സർവ്വജാതിസമാനമായി വിധിക്കപ്പെട്ടിരിക്കുന്ന വളരെ സ്മൃതികളിലേയും ഭഗവത്സിദ്ധാന്തത്തിലേയും നിശ്ചയപ്രകാരം പത്തുദിവസത്തെ പുലയ്ക്കേ ന്യായമായി അവകാശമുണ്ടാകുന്നുള്ളു. അതുമല്ലാതെ, പ്രമാണങ്ങൾക്കും രാജനിയമത്തിനും വിരുദ്ധമായുള്ള അന്യന്മാരുടെ ആരോപണത്തെ ആശ്രയിച്ചു് നായന്മാരിൽ അന്യായമായവിധം ശൂദ്രത്വം കെട്ടിത്തൂക്കിയാൽപോലും മേൽ കാണിച്ച ബഹുസ്മൃതി, സൂത്രപുരാണങ്ങളാൽ സമ്മതിക്കപ്പെട്ട നടപ്പിലിരിക്കുന്ന പത്തു പുലയും ദ്വാദശാഹസപിണ്ഡിയും അയോഗ്യമെന്നു പറവാനോ തീരാ അശുദ്ധി കല്പിക്കാനോ ആർക്കും മാഗ്ഗം നല്കുന്നില്ലാത്തവിധം എല്ലാം അവർക്കനുകൂലമായി വന്നിരിക്കുന്നു''.

(ശ്രീ നീ: തീ: പാ: സ്വ: ച: സ:)
പുറം 549—553)

## ii

## ഒരുക്കുകൾ

1. ശവസ്നാനത്തിന് :

പിണ്ഡാർത്ഥം അന്നം, പച്ചമൺകുടം, നെടുംതൂശനില, എണ്ണ (നെയ്യ്), ചെറുപൂള, മഞ്ഞൾ സ്വർണ്ണഖണ്ഡം (ഓട്ടുശകലം)–7, പവിത്രം–ചെമ്പരത്തിമാല (രാമച്ചമാല), അരി, പൂവ്, ചന്ദനം, നെയ്യ്, തൈര്, നെല്ല്.

2. ശവസംസ്കാരത്തിന് :

ശവക്കട്ടിൽ, അന്നം, അഗ്രമുള്ള വേർതിരിഞ്ഞ രണ്ടോ നാലോ ദർഭ (പവിത്രത്തിന്), ദീപം, എള്ള്, ദർഭ, ജലം, ചാണകപ്പാൽ, പട്ട്, എണ്ണ, ചന്ദനമുട്ടി, ചാൺ നീളമുള്ള കമ്പ്–7, കുടം–1.

3. ബലി തുടങ്ങലിന് :

നാഴി, അരി, പച്ചവാഴയ്ക്ക, വെററില, പാക്ക്, ദർഭപ്പുല്ല് നൂല്, പൂവ്, പച്ചമഞ്ഞൾ, വെള്ളം, എള്ള്, ഇരുമ്പുകഷണം കരിക്കട്ട, കരിക്ക്, കിണ്ടി, ഇല, തൈര്, പാല്, തേൻ അഞ്ജനക്കല്ല്, കുമ്പിൾ കുത്തിയത്.

4. പതിനൊന്നാം ദിവസം :

പഞ്ചഗവ്യം (പാല്, തൈര്, നെയ്യ്, ഗോമൂത്രം, ചാണകപ്പാൽ ഒരു–പശുവിന്റേത്), കിണ്ണം, കോടി.

5. സഞ്ചയനത്തിന് :

വറപ്പൊടി, കുത്തിയ പച്ചപ്പാള–3, പച്ചക്കുടം, ചട്ടി, ഇടിഞ്ഞിൽ, വിളക്ക്, കൂർച്ചം വലുതും ചെറുതും, അസ്ഥിമൂടാൻ മുണ്ട്, നവധാന്യങ്ങൾ, ഗോമൂത്രം, കരിക്ക്–3, പാല്, അസ്ഥി അരിപ്പാൻ മുണ്ട്, നെല്ല്, അരി, ഉണക്കലരി ഇ: 1¼, നാളികേരം, വെററില, പാക്ക്, വാഴക്കാ, ചന്ദനം, വിളക്ക്, ഒരുകെട്ട് ചൂട്ട്, ഇരുമ്പിൻകഷണം, എരിതേങ്ങാ, ജലം, ഇല, കോൽത്തിരി–2, പാളച്ചെരുപ്പ്, വെള്ളച്ചുണ്ടയ്ക്കാ, അത്തിച്ചമതക്കമ്പു 6, കുത്തുപാള–3 പാളച്ചട്ടുകം–3, വാഴ, തെങ്ങ്, മഞ്ഞൾ, മാറാമ്പ്, കരിക്ക്.

# ഈ ഗ്രന്ഥത്തിൽ പരാമർശിക്കപ്പെട്ട പുസ്തകങ്ങൾ

1. അംഗിരസ്മൃതി
2. ജാംബാലസ്മൃതി
3. വ്യാഘ്രപാദസ്മൃതി
4. ശാതാതപസ്മൃതി
5. യാജ്ഞവല്ക്യസ്മൃതി
6. ഭരദ്വാജസ്മൃതി
7. ഉശനസ്മൃതി
8. വിഷ്ണുസ്മൃതി
9. അത്രിസ്മൃതി
10. ദേവലസ്മൃതി
11. ബൃഹദ്യമസ്മൃതി
12. മനുസ്മൃതി
13. ദക്ഷസ്മൃതി
14. ആപസ്തംബസ്മൃതി
15. പ്രചേതസ്മൃതി
16. വിഷ്ണുധർമ്മോത്തരം
17. കൌഷീതകീബ്രാഹ്മണം
18. ഐതരേയോപനിഷത്
19. ഉത്തരമീമാംസ
20. ഔശനസധർമ്മശാസ്ത്രം
21. വിജ്ഞാനേശ്വരീയം
22. ശ്രുതിതത്വം
23. ത്രിംശശ്ലോകീ
24. നന്ദീശ്വരസംഹിത
25. ആശ്വലായനസൂത്രം
26. ആശൌചനിർണ്ണയം
27. പ്രായോഗപാരിജാതം
28. മിതാക്ഷരി
29. ഗോഭിലസൂത്രം
30. പരാശരമാധവീയം
31. ഗരുഡപുരാണം
32. ഭവിഷ്യപുരാണം
33. മത്സ്യപുരാണം
34. സ്കന്ദപുരാണം
35. വിഷ്ണുപുരാണം
36. വായുപുരാണം
37. സൂതസംഹിത
38. ഗൌതമൻ
39. സംവർത്തവചനം
40. നിർണയസിന്ധു
41. കുലദീപിക
42. സ്മൃത്യർത്ഥസാരം
43. ശ്രൌതപരിഭാഷ
44. സന്ധ്യാഭാഷ്യം
45. ലഘുവ്യാസസ്മൃതി
46. ഗായത്രീതന്ത്രം
47. ശൈവതന്ത്രം
48. ഋഗ്വേദം
49. അഥർവവേദം
50. ഹസ്ത്യായുർവേദം
51. നാഗോത്പത്തി
52. ദക്ഷിണേതിഹാസം
53. കേരളമാഹാത്മ്യം
54. കാപ്യസംഹിത
55. ഭാരതം

## ടിപ്പണി

50

അസ്മാദൃശന്മാർ = ഞങ്ങളെപ്പോലുള്ളവർ

അദ്ധ്യാരോപാപവാദന്യായം = ഒന്നിൽ മറ്റൊന്നിനെ വച്ചു കെട്ടുകയും നിരസിക്കുകയും ചെയ്യുന്ന രീതി

വ്യാവഹാരികദൃഗ്വൃത്തികൾ = ലോകരീതിയിൽ കണ്ണുവച്ചു പ്രവർത്തിക്കുന്നവർ

വിമുഗ്ദ്ധന്മാർ = മഹാമൂഢന്മാർ

സമിദ്ധാഗ്നി = കത്തിക്കാളുന്ന തീയ്

52

പൂർവദേഹാസ്ഥ = മുജ്ജന്മത്തിലെ ദേഹത്തിലുള്ള താത്പര്യം

തൃണജളൂകാദി = പുല്ലട്ട മുതലായ

ജന്മഗ്രഹണം = പിറവിയെടുപ്പ്

മനുഷ്യവ്യതിരിക്തങ്ങൾ = മനുഷ്യരിൽനിന്നും വ്യത്യസ്തമായവ

ദാരാദ്യന്മാർ = ഭാര്യ, മക്കൾ മുതലായവർ

53

അപ്പ് = വെള്ളം

ശുനി = പെൺപട്ടി

സൂകരം = പന്നി

54

ദൈവാദിനങ്ങൾ = ദേവന്മാരുടെ ദിവസം പകൽ, രാത്രി മുതലായത്

ദ്വൈതപ്രപഞ്ചം = ഞാൻ, നീ, അത്, ഇത് എന്നിങ്ങനെ രണ്ടായി അനുഭവപ്പെടുന്ന പ്രപഞ്ചം

പാതഞ്ജലവിവൃതി = യോഗവിവരണം

55

സ്ഥൂലകൃതം = രക്താസ്ഥിമജ്ജാദികളായി കണ്ണിനു കാണാവുന്ന വസ്തുക്കളാൽ നിർമ്മിക്കപ്പെടുന്ന

ദൃഗ്ഗോചരമാക്കുക = കാണുമാറാക്കുക

| | | |
|---|---|---|
| നാസ്തികനിരാകരണഘട്ടം | = | നാസ്തിക–ഈശ്വരവേദാദികൾ വിശ്വസിക്കാത്ത–വരെ ഖണ്ഡിക്കുന്ന ഘട്ടം |
| നൈയായിക ചക്രവർത്തി | = | ന്യായശാസ്ത്രത്തെ അടക്കി ഭരിക്കുന്നയാൾ–ന്യായശാസ്ത്രം പ്രമാണമാക്കിയവരുടെ നേതാവ് |
| ദാഹോദപിണ്ഡശ്രാദ്ധാദികൾ | = | ദഹനം, ഉദകക്രിയ, പിണ്ഡം വയ്പ്, ബലി മുതലായത് |
| 56 | | |
| ഊർദ്ധ്വപുണ്ഡ്രം | = | ഗോപി |
| ത്രിപുണ്ഡ്രം | = | വിലങ്ങത്തിൽ ഇടുന്ന മൂന്ന് ഭസ്മക്കുറി |
| ഗോമയം | = | ചാണകം |
| 59 | | |
| പ്രൈഷോച്ചാരണം | = | സന്ന്യസിച്ചുപോകുമ്പോൾ ചൊല്ലുന്ന മന്ത്രം |
| ദണ്ഡാദി | = | യോഗദണ്ഡ്, കാവിമുണ്ട് മുതലായവ |
| 60 | | |
| ദക്ഷിണകർണ്ണം | = | വലത്തെ ചെവി |
| ചന്ദ്രവൃദ്ധിക്രമം | = | കറുത്തവാവുകഴിഞ്ഞ് ക്രമേണ ചന്ദ്രൻ വളരുന്ന ദിവസം അനുസരിച്ച് |
| കബളം | = | ഉരുള |
| പൗർണ്ണമാസി | = | വെളുത്തവാവ് |
| ഭ്രാതൃസ്വസ്രീയാദികൾ | = | സോദരൻ, അനന്തരവൻ |
| ഘൃതം | = | നെയ്യ് |
| ഉത്സാരണം | = | ഓടിക്കൽ |
| 61 | | |
| അഭ്യംഗസ്നാനം | = | തേച്ചുകുളി |
| സുവർണ്ണഖണ്ഡം | | സ്വർണ്ണക്കഷണം |
| 62 | | |
| വൃദ്ധപുരസ്സരന്മാർ | = | വൃദ്ധരെ മുൻ നടത്തുന്നവർ |
| 63 | | |
| ഷോഡശഭാഗം | = | പതിനാറിലൊരംശം |
| സാധർമ്മ്യം | = | സാമ്യം |
| ദൂരനിരസ്തം | = | ദൂരെത്തള്ളപ്പെട്ടത് |
| ഉപവീതം | = | പൂണൂൽ |

മുട്ടമാട്ടി = മുട്ടകത്തി

ആചമിച്ച് = കൈക്കുമ്പിളിൽ അല്പം വെള്ളം മന്ത്രത്തോടെ കുടിക്കുക

65

കനിഷ്ഠാദികൾ = വയസ്സിന്നിളയവർ തുടങ്ങിയവർ

68

തൃഷാദിശമനം = ദാഹം മുതലായവ മാററൽ

ഹവിശ്ശേഷവസ്ത്രം = അഗ്നിക്കസമപ്പിച്ച ശവത്തിൽ നിന്നും കീറിയ വസ്ത്രം

അർഘ്യജലം = കൈനനയ്ക്കാൻ വെള്ളം

71

നിരൃതിക്കോണ് = തെക്കുപടിഞ്ഞാറേ മൂല

73

ഉപസ്തരിക്കുക = നെയ്യു തൊട്ടുതെറിക്കുക

78

അഗ്നികോണം = തെക്കുകിഴക്കേ കോണ്

79

തിലോദകം = എള്ളിട്ട വെള്ളം

83

ആദ്യത്രികം = ആദ്യത്തെ മൂന്നു മന്ത്രം

പ്രതികൃതി = രൂപം

ഷണ്ഡസ്തേനാദികൾ = ആണും പെണ്ണും കെട്ടവർ കള്ളന്മാർ തുടങ്ങിയവർ

ഭ്രൂണഹത്യാദികർത്താക്കൾ = ഗർഭമലസിക്കുക മുതലായതു് ചെയ്യുന്നവർ

84

ശൂലപരശ്വാദിതപ്തമുദ്രാധാരണം = ശൂലം, മഴു മുതലായവ പഴുപ്പിച്ചുവച്ച് ദേഹത്തു് അടയാളപ്പെടുത്തിയവർ

നൃമുണ്ഡാദിധാരികൾ = മനുഷ്യത്തലയോടു മുതലായതു ധരിക്കുന്നവർ

പ്രത്യക്ഷസുരാപാനം = പ്രത്യക്ഷമായി മദ്യം കുടിക്കുക

പ്രമാദം = അബദ്ധം

അശ്യുദകാദിസംബന്ധം = തീയ്, വെള്ളം മുതലായവയോടുള്ള സമ്പർക്കം

വ്യാഘ്രവൃകാദി-ഹിംസ്രപശുക്കൾ = പുലി, ചെന്നായ് മുതലായ ദുഷ്ട ജന്തുക്കൾ

87

| | | |
|---|---|---|
| അയാചിതോപനതം | = | യാചിക്കാതെ കിട്ടുന്ന |
| ശാസ്ത്രമാത്രഗോചരങ്ങൾ | = | ശാസ്ത്രത്തിൽമാത്രം കാണുന്നവ |
| ശുക്ര | = | കോങ്കണ്ണൻ, ഒററക്കണ്ണൻ |
| മുഖേഭഗ | = | മുഖം വിണ്ടവൻ |
| ഋഷഭസ്വരം | | കാളത്തല |
| ആര്യസമകക്ഷന്മാർ | = | ആര്യന്മാർക്കു തുല്യർ |
| ഏതൽക്കാലാവച്ഛേദം | = | ഇന്നും നിലനിൽക്കുന്ന |

90

| | | |
|---|---|---|
| ദുർഭേദം | = | ഖണ്ഡിക്കാൻ പ്രയാസമുള്ളതു് |
| ആഗന്തുദ്വിജൻ | = | വന്നുകേറിയ ബ്രാഹ്മണൻ (പരദേശി) |
| തദനുരോധേന | = | അതിനു സമയമായി അതനുസരിച്ചു് |
| നിരൂഢ......ഷ്ടംഭം | = | ഏററവും ഉറച്ച യുക്തിയുടെ സഹായബലത്താൽ |
| അന്യദീയവ്യവസ്ഥ | = | മററുള്ളവരുടെ വ്യവസ്ഥ |
| കൂടസ്ഥനില | = | അനങ്ങാപ്പാറ രീതി |
| താദൃഗ്ജനാചാരം | = | അത്തരം ജനങ്ങളുടെ നടപ്പു് |

91

| | | |
|---|---|---|
| ദുസ്സമ്പാദം | = | പ്രയാസം |
| ആയുർഹ്രാസാവഗതി | = | ആയുസ്സിന്റെ അല്പതയത്തിലുള്ള ബോധം |
| ദ്വാദശദിനനിർവർത്യം | = | പന്ത്രണ്ടുനാൾകൊണ്ടു് ചെയ്തുതീർക്കേണ്ടതു് |
| മൂഢാപജ്ഞമാർഗ്ഗം | = | മൂഢന്മാർ ഉണ്ടാക്കിയ വഴി |

92

| | | |
|---|---|---|
| പരേതനാകുക | = | മരിക്കുക |
| തത്സപിണ്ഡർ | = | അദ്ദേഹത്തെ സംബന്ധിച്ച പുല സമമായുള്ളവർ |

95

| | | |
|---|---|---|
| ശൃംഗിദംഷ്ട്രാദി | = | കൊമ്പുള്ളതും കോമ്പല്ലുള്ളതുമായ കാള, പട്ടി മുതലായവ |

97

| | | |
|---|---|---|
| രജോനിവൃത്ത്യുപലക്ഷണം | = | ആർത്തവം (രക്തം) നില്ക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിയുള്ള |
| [illegible]ൽപ്പിതവർഷം | = | സംശയനില |

119

ശ്മശ്രുസംയുക്ത = മേൽമീശയുള്ളവൾ
ദ്രവിഡപ്രാണായാമം = വളഞ്ഞവഴി
ഗുണധർമ്മസാപേക്ഷം = ഗുണധർമ്മങ്ങളോടുകൂടിയതു്
തത്കർത്തൃവേധസ്സുകൾ = അതു നിർമ്മിച്ച ബ്രഹ്മാക്കൾ
പിതൃജങ്ങൾ = പിതാക്കന്മാരിൽനിന്നും സിദ്ധിച്ചവ
മാതൃജങ്ങൾ = മാതാക്കന്മാരിൽനിന്നും സിദ്ധിച്ചവ

120

ഷണ്ഡാദിനിവൃത്തി = ആണും പെണ്ണും കെട്ടവരെ സ്വീകരിക്കാതിരിക്കൽ
പുംസ്ത്വവിഷയം = പുരുഷനെ സംബന്ധിച്ചതു് (പുരുഷലക്ഷണവാനോ എന്നു്)
ഹ്രാദി = ചിലയ്ക്കുന്നവൾ
ഫേനിലമൂത്രാ = മൂത്രം പതയുന്നവൾ
ഗുരു = മൂത്തവൾ
പൂർണ്ണകലശം = പൂർണ്ണകുംഭം
ദർപ്പണം = കണ്ണാടി
പുഷ്പാക്ഷതം = പൂവും തൊലിച്ചെടുത്ത ഉണക്കലരിയും

123

പ്രായശ = മിക്കവാറും

124

ഗ്രന്ഥാ...നേയം = വേറെ ഗ്രന്ഥങ്ങളിൽനിന്നും മനസ്സിലാ(നിശ്ചയി)ക്കാവുന്നതാണെന്നു്

125

തൂഷ്ണീംഭൂതൻ = മൗനി
അർദ്ധാഞ്ജലി...ത്താൽ = പകുതി കൈവെള്ളയിൽ കൊള്ളുന്ന

127

ലലാടകേശങ്ങൾ = നെററി, തലമുടി മുതലായവ
അശക്യപക്ഷം = സാധിക്കാത്തനില
നാളച്ഛേദനം = പൊക്കിൾക്കൊടി മുറിക്കുക
സ്തന്യപാനം = മുലകുടി
കർണ്ണരന്ധ്രം = ചെവിക്കുഴി

129

| | | |
|---|---|---|
| ജന്മമാസത്തിൻെറ നാമം | = | ചൈത്രമാസംതൊട്ട് കൃഷ്ണാ, അനന്ത മുതലായി പന്ത്രണ്ട നാമങ്ങൾ ജന്മമാസംതൊട്ട് സ്വീകരിക്കുന്നു |

130

| | | |
|---|---|---|
| മൗഞ്ജീബന്ധനം | = | മുഞ്ഞച്ചരടുകെട്ട് |

131

| | | |
|---|---|---|
| ശിവവിഷ്ണ്വാഗാരങ്ങൾ | = | ശിവ, വിഷ്ണുക്ഷേത്രങ്ങൾ |
| സൂര്യാവലോകനം | = | സൂര്യനെ കാണൽ |
| നിർഗ്ഗമിക്കുക | = | പുറപ്പെടുക |

134

| | | |
|---|---|---|
| അവിച്ഛിന്നധാര | = | ധാരമുറിയാതെ |
| വായുകോണ് | = | വടക്കുപടിഞ്ഞാറേ മൂല |
| നിരൃതികോണ് | = | തെക്കുപടിഞ്ഞാറേ മൂല |

136

| | | |
|---|---|---|
| നാപിതൻ | = | ക്ഷൗരക്കാരൻ |

139

| | | |
|---|---|---|
| ദ്വിതീയവാരം | = | രണ്ടാംതവണ |

140

| | | |
|---|---|---|
| നിർമ്മാർജ്ജിക്കുക | = | തുടക്കുക |
| പ്രത്യങ്മുഖൻ | = | തിരിഞ്ഞിരിക്കുന്നവൻ |

141

| | | |
|---|---|---|
| അനധികൃതൻ | = | അധികാരമില്ലാത്തവൻ |

145

| | | |
|---|---|---|
| അവിച്ഛേദേന | = | തുടരെ |
| വിപര്യവിഷയം | = | വിപരീതകാര്യം |

146

| | | |
|---|---|---|
| ചിച്ഛക്തിരൂപ | = | ജ്ഞാനസ്വരൂപ |
| സൂര്യോപസ്ഥാനം | = | സൂര്യവന്ദനം |
| മാർജനാദി | = | തുടച്ചുകളയൽ മുതലായവ |

147

| | | |
|---|---|---|
| സർവാത്മനാ....താകുന്നു | = | ഒരുവിധത്തിലും കുറവില്ലെന്ന താണിതിൻെറ സാരം |
| തന്നിവാരണാർത്ഥം | = | അതു തടയുന്നതിനു് |
| കാലപ്രാപ്ത | = | അടുത്തുവരുന്ന |
| അതിപടന്ന | = | കഴിഞ്ഞുപോയ |

149

| | | |
|---|---|---|
| മൂഷികബിലം | = | എലിപ്പനം |
| വാപി | = | കുളം |
| കൂപം | = | കിണറ് |

| | | |
|---|---|---|
| പുരീഷാദിവിസർജനം | = | മലം, മൂത്രം ഇവ വെളിക്കുതള്ളുക |
| 150 | | |
| മൃജ്ജലങ്ങൾ | = | മണ്ണും വെള്ളവും |
| കാലോപയുക്തം | = | കാലത്തിനുചേർന്നതു് |
| ഗണ്ഡൂഷം | = | വായിൽ വെള്ളംകൊണ്ടു തുപ്പുക |
| മാഷമജ്ജനം | = | ഴുള്ള മുങ്ങിക്കിടക്കുക |
| 151 | | |
| സ്വാഹാന്തം | = | സ്വാഹാ എന്നു് ഒടുവിൽ ചേർത്തു് |
| ദന്തധാവനം | = | പല്ലുതേപ്പു് |
| 152 | | |
| ഹിരണ്യം | = | സ്വർണ്ണം |
| 153 | | |
| ജലമുദ്ധരിക്കുക | = | വെള്ളമെടുത്തുവയ്ക്കുക |
| കഛശിഖകൾ | = | കുടുമ |
| 154 | | |
| നാഭിദഘ്നം | = | പൊക്കിളോളം |
| 157 | | |
| കുംഭിച്ചു് | = | ഉള്ളിൽ നിർത്തി |
| രേചിക്ക | = | വെളിക്കുവിടുക |
| 159 | | |
| മൃണ്മയദാരവസൗവർണാദി | = | മൺപാത്രം, മരയോടു്, പൊൻപാത്രം മുതലായവ |
| സകലാവിദ്യാതൽകാര്യ-നാശകം | = | ദേഹം ഞാനെന്നും ഭാര്യാപുത്രാദി എന്റേതെന്നും അജ്ഞാനത്താൽ ഉണ്ടാകുന്ന തോന്നലിനേയും അതിൽനിന്നും പൊന്തുന്ന പ്രപഞ്ചത്തേയും ഇല്ലാതാക്കുന്ന |
| 160 | | |
| പിത്രാദിഗുർവ്വഭിവാദനം | = | അച്ഛൻ, അമ്മ, ജ്യേഷ്ഠൻ മുതലായ ഗുരുക്കന്മാരെ വന്ദിക്കുക |
| 161 | | |
| സമാസമായി | = | ചുരുക്കി |

മലയാചലഖണ്ഡാദി ഗ്രന്ഥങ്ങൾ പരിശോധിച്ചു രചിച്ച ആചാരപദ്ധതി എന്ന ഈ ഗ്രന്ഥം സന്തോഷമരുളട്ടെ. വാഴപ്പഴം പോലെ സ്വാദുള്ള ഇതു് സജ്ജനങ്ങളുടെ കടാക്ഷത്തിനു പാത്രീഭവിച്ചാൽ അവർ (വായിച്ചറിഞ്ഞാൽ) സഫലമായി.

സജ്ജനപ്പറവകൾക്കു് കല്പവൃക്ഷസമാനമായ ഇതു് അച്ചടിപ്പിച്ച താഴത്തോട്ടത്തു വേലുപ്പിള്ള ജയിക്കട്ടെ.

# ശ്രീ നീലകണ്ഠ തീർത്ഥപാദ സ്വാമികളുടെ മററ് കൃതികൾ

സംസ്കൃതം

1) അദ്വൈതപാരിജാതം
2) ശ്രീകണ്ഠാമൃതലഹരി
3) സ്വാരാജ്യസർവസ്വം
4) സങ്കല്പകല്പലതിക
5) സ്തവരത്നഹാരം
   i) ഗുഹാഷ്ടകം   ii) വാഗീശ്വര്യഷ്ടകം
   iii) രമേശാഷ്ടകം   iv) ദ്വാദശാക്ഷരസ്തോത്രം
   v) ശ്രീരാമഷഡക്ഷരസ്തോത്രം
   vi) നൃസിംഹപദ്വഞ്ജലി
   vii) ആരാധ്യപാദപഞ്ചകം
   viii) പഞ്ചരത്നമാലിക
6) ചിൽസുധാശ്ച്യാശതകം
7) ഹരിനവകം
8) ഹരിഭക്തിമരന്ദം
9) ആത്മാദർശം
10) യോഗാമൃതതരംഗിണി
   i) യോഗരഹസ്യകൗമുദി   ii) ഹരിഭജനാമൃതം
   iii) വിധുനവസുധാത്ധരി   iv) വിധുസ്തവമധുസ്രവം
   v) ശ്രീഹരിപഞ്ചകം   vi) സ്വാസ്ഥ്യസുധാകരം
   vii) കാളീപഞ്ചകം   viii) ഘണ്ടാകർണ്ണപഞ്ചകം
   ix) ആരാദ്ധ്യപാദസപ്തകം   x) അമൃതലത
11) കണ്ഠാമൃതാർണ്ണവം
12) ആത്മാമൃതം
   i) പഞ്ചാക്ഷരസ്തോത്രം   ii) നവഗ്രഹസ്തോത്രം
13) ശിവാമൃതം
14) പ്രശ്നോത്തരമ
15) സൗഭാഗ്യലഹരി
16) ശിവപഞ്ചാക്ഷരസ്തോത്രം

17) ദക്ഷിണാമൂർത്തിഭുജംഗം

18) അച്യുതാനന്ദലഹരി

മലയാളകൃതികൾ

1) *വേദാന്തമണിവിളക്ക്

2) *ഹംയോഗപ്രദീപിക

3) *വേദാന്തമാലിക

4) *കണ്ണാമൃതം

5) ഭാഷാ ആര്യാശതകം

6) അദ്വൈതസ്തംബകം

- i) രാമഗീതം
- ii) ഹസ്താമലകം
- iii) ഹരികീർത്തനം
- iv) രാമഹൃദയം
- v) ആത്മപഞ്ചകം
- vi) ആനന്ദമന്ദാരം
- vii) കൈവല്യകന്ദളി

7) *ദേവാർച്ചാപദ്ധതി

- i) ദേവപ്രതിഷ്ഠ
- ii) പ്രതിമാസാധനം
- iii) ചലപ്രതിഷ്ഠ
- iv) ദേവപൂജനം
- v) മുദ്രാവിധി
- vi) ലക്ഷ്മീപൂജ
- vii) സരസ്വതീപൂജ
- viii) നാഗപൂജ
- ix) സർപ്പബലി
- x) ഹോമകുണ്ഡവിധി
- xi) ഹോമക്രമം
- xii) മൃത്യുഞ്ജയഹോമം
- xiii) തിലഹോമം
- xiv) ഗണപതിഹോമം
- xv) മന്ത്രകോഷം
- xvi) ശ്രീ ദ്വാദശാക്ഷരി
- xvii) ഭുവനേശ്വരീബീജം
- xviii) ഗണപതി
- xix) നാരായണാഷ്ടകം
- xx) സുദർശനം
- xxi) ശിവപഞ്ചാക്ഷരം
- xxii) വാമനതന്ത്രം
- xxiii) നൃസിംഹഷഡക്ഷരം
- xxiv) ചിന്താമണിബീജം
- xxv) വാഗ്ദേവതാമന്ത്രം
- xxvi) പഞ്ചപൂജാ
- xxvii) ഭിന്നഭൈരവി
- xxviii) പ്രേതബാധാകർഷണ യന്ത്രം
- xxix) സ്വസ്തികപഞ്ചലേഖനക്രമം
- xxx) പുണ്യാഹം

8) *വിജ്ഞാന തരംഗിണി—ഒന്നാംഭാഗം

- i) പുരുഷാർത്ഥം
- ii) മുക്തിവിചാരം
- iii) സ്വരൂപനിരൂപണം
- iv) സന്ന്യാസം
- v) ഈശ്വരഭക്തി
- vi) പരമാചാര്യവിചാരം

vii) ഭസ്മവും ഭസ്മധാരണവും viii) സ്വപ്നനിരൂപണം
ix) പ്രാരബ്ധചിന്ത x) പുനർവിവാഹം
xi) പറച്ചിപെററ പന്തിരുകുലം
xii) ശ്രീശംകരഭഗവത്പാദാദികളുടെ കാലം
xiii) മാമങ്കവൃത്താന്തം
xiv) ആദിമലയക്ഷത്രിയനായക കേസരി
xv) തച്ചുടയകൈമൾ
xvi) കവളപ്പാറമൂപ്പിൽ നായർ

9) *ബ്രഹ്മാഞ്ജലി—1-ാം ഖണ്ഡം

i) ബ്രഹ്മപഞ്ചകം
ii) വാജസനേയകബൃഹദാരണ്യകോപനിഷത്ത്
iii) സുബ്രഹ്മണ്യസ്തവം
iv) പ്രാണായാമം
v) സഗുണധ്യാനം
vi) തത്ത്വമസിനവകം

രണ്ടാം ഖണ്ഡം

i) ധർമ്മചിന്ത
ii) ആത്മൈക്യഭാവന
iii) ശ്രീ ദക്ഷിണാമൂർത്തിഭാവന
iv) ഉമാമഹേശ്വരഭാവന
v) ഉഷഃകാലശക്തിസ്മരണ
vi) കർമ്മസാക്ഷിസ്മരണ
vii) ഭഗവൽസ്തോത്രാഷ്ടകം
viii) സൃഷ്ടിവിചാരപദ്യ
ix) ശ്രീ ശിവനവകം
x) ശ്രവണവിചാരപദ്യ
xi) ശ്രീ പരദേവതാഷ്ടകം
xii) ആത്മവിചാരപദ്യ
xiii) ജീവന്മുക്തിവിചാരപദ്യ

മൂന്നാം ഖണ്ഡം

i) ശ്രീകൃഷ്ണഭുജംഗസ്തോത്രം
ii) പരമശിവസ്തവം
iii) ബ്രഹ്മസ്തവം
iv) ശുദ്ധബ്രഹ്മചിന്താപദ്യ

---

* ഈ അടയാളം ചെയ്ത പുസ്തകങ്ങൾക്ക് ശ്രീ വിദ്യാധിരാജാ പബ്ലിക്കേഷൻസ് പെരുമൺ എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടും.

# തിരുത്തുകൾ

| പുറം | വരി | തിരുത്ത് |
|---|---|---|
| 25 | 7 | ഭോജിനോ ( *f* ) വരജാം |
| 39 | 19—20 | ‘സ്വാമികരം’ എന്നതു വേണ്ട ‘വീതം നിർഗ്ഗുണ’ |
| 45 | 14 | കണ്ടു ‘പ്പ’ |
| 46 | 8 | എന്നു ‘ം’ |
| 57 | 10 | ‘സ്യ’ത |
| 62 | 14 | ചതുര‘ക്ഷൗ’ |
| 74 | 30 | തുല്പ‘രീ’മം |
| 77 | 22 | അപയ‘ാ’ന്തു |
| 81 | അടിക്കുറിപ്പ് | ഭർഗ്ഗേ‘ാ’ |
| 82 | 23 | ശം‘നോദേ’വീ |
| 84 | 15 | ‘മ്രി’യേതാ |
| 86 | 8 | മേ‘വൗ’ഢ്വ |
| 87 | 4 | ലവണാശി‘ന’ഃ |
| 102 | 26 | മഛരിദ്ര‘മ’സ്തു |
| 112 | 12 | ധാന്യരാജേ‘ാ’വാ |
| 113 | 28 | ‘ഹ’വിഷാ |
| ,, | 32 | വ‘ഃ’സുമ്നഹ |
| 114 | 24 | ‘സ്യ’വാവാ |
| ,, | 26 | മത്പി‘ത’ാ മഹ |
| 115 | 10 | സ്വ‘ാ’ഹാ |
| 116 | 20 | വാർ‘ച്യ’താം |
| 119 | 4 | നോദ്വഹേ‘ത്’ |
| ,, | 27 | പിതൃ‘ജങ്ങ’ളും മാതൃ‘ജങ്ങ’ളും |
| 123 | 12 | ‘ആ’ഭ്യുദയിക |
| ,, | 18 | പ്രഥ‘മം’പൂജ്യാ |
| 124 | 3 | സ്വസ്തി‘വാ’ചന |
| ,, | 15 | സ്താർക്ഷ്യോ‘*f*’രിഷ്ട |

| | | |
|---|---|---|
| 126 | 18 | തി‘സ്ര’ണാം |
| 128 | 2 | കർണ്ണ‘ര’ന്ധ്ര |
| 131 | 22 | ഭദ്രമാവ‘ദംസ്’ത്ര’ഷ്ണീം |
| 133 | 22 | ‘ആ’ശ്വലായന |
| 134 | 29 | അദിതി‘ഃ’ |
| 135 | 13 | സുശ്ലോ‘ക്യാ’യ |
| ,, | 16 | ,, |
| 136 | 22 | ഭൂർഭുവഃ ‘സ്വഃ’ സ്വാഹാ |
| 138 | 1 | യുവ‘ം’വസ്ത്രാണീത്യസ്യ |
| ,, | 1 | ഛന്ദോദ്യാദീ‘ഷ്’ |
| ,, | 12 | ജരി‘ഷ്ണു’ |
| 141 | 18 | ബൃഹസ്പ‘തി’സ്ത്രിഷ്ടുപ്പ് |
| 149 | അടിക്കുറിപ്പ് Ψ | മുത്തു് = മണ്ണു്. ഇതു് വെട്ടിക്കളയണം. 50-ാം പുറത്തു് അടിക്കുറിപ്പായി ചേർക്കണം. |
| 154 | 13 | ഹ‘–’ന |
| 156 | 6 | മൂടിപ്പി‘ടി’ച്ചു് |
| ,, | 34 | പ്രചോ‘ദ’യാത് |
| 159 | 33 | യോര‘വ്വ’ണീമഹേ |
| ,, | 34 | പതയേ‘ദൈ’വീ |
| 160 | 4 | പൃഥി‘വൈ്യ’ |
| ,, | 6 | പരമേ‘ഷ്ഠീ’ |

# ആചാരപദ്ധതി

## ശ്രീ. നീലകണ്ഠതീർത്ഥപാദസ്വാമികൾ

*"ജീവിതഗതിയിലെ ഓരോ താവളങ്ങളായ
ആചാരങ്ങൾ അർത്ഥോദ്ദേശബോധത്തോടുകൂടി
അനുവർത്തിക്കാൻ ഈ ഗ്രന്ഥം സഹായിക്കുമെന്നുള്ളതിനാൽ
അതു ബഹുജനങ്ങൾക്കു മഹത്തായ ഉപകാരപ്രദമായിത്തീരുന്നതാണ്."*

*സി. എസ്. സുബ്രഹ്മണ്യൻ പോറ്റി-*

*നാല്പത്തിയെട്ടു സംസ്കാരങ്ങളാണു മനുഷ്യനു വിധിച്ചിട്ടുള്ളത്.
അവയിൽ സുപ്രധാനങ്ങൾ മുപ്പത്തിരണ്ട്.
സദ്ഗുണസമ്പന്നനായ മകനെ ജാതകർമ്മാദി പതിനാറു സംസ്കാരങ്ങൾ
കൊണ്ട്, പതിനാറുകലകളുള്ള ചന്ദ്രനൊപ്പം, സംപൂർണ്ണനാക്കുന്നു
അച്ഛനമ്മമാർ. ആ കടം വീട്ടാൻ പുത്രൻ മാതാപിതാക്കൾക്ക്
അവരുടെ മരണശേഷം വേണ്ട ഉദയക്രിയതൊട്ട പതിനാറു കർമ്മങ്ങൾ
കൊണ്ട് പ്രേതനിവൃത്തിവരുത്തി അവരെ പിതൃക്കളാക്കി ശുദ്ധിചെയ്തു
ജനനമരണ നിവൃത്തിരുപമായ സായുജ്യം നല്കുന്നു.
ആ മുപ്പത്തിരണ്ടാചാരങ്ങളും സന്ധ്യാനുഷ്ഠാനപദ്ധതിയും,
പത്തു നാല്പതു ശാസ്ത്രഗ്രന്ഥങ്ങളെ ഉപജീവിച്ചു,
'സഞ്ചരിക്കുന്ന ഗ്രന്ഥശാല' എന്നു പ്രകീർത്തിതനായ
മഹാപണ്ഡിതയോഗിവര്യൻ ശ്രീ. നീലകണ്ഠതീർത്ഥപാദസ്വാമി
തയ്യാറാക്കിയ വിശിഷ്ടഗ്രന്ഥമാണ് ഈ 'ആചാരപദ്ധതി'
-ധാർമ്മിക ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ആർക്കും
ഒഴിച്ചു കൂടാൻപാടില്ലാത്ത ഒരേ ഒരു ഉത്തമഗ്രന്ഥം.*

ശ്രീനീലകണ്ഠതീർത്ഥപാദാശ്രമം | വില രൂ. - 30/-

